بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

*വിശുദ്ധ ഖുർആൻ സ്പെഷ്യൽപ്പതിപ്പ്*

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലീ ഖാദിയാൻ


ലക്കം 51-52

വാർഷിക വരിസംഖ്യ 600 രൂപ

Weekly
**BADAR** Qadian

വാല്യം.8

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 ഡിസംബർ 21-28 /ഹിജ്രി ശംസി 1402 ഫതഹ് 21-28/ ഹിജ്രി ഖമരി 1445 ജമാദുൽ ആഖർ 7-14    Postal Reg.No. GDP/001/2023-25


## അല്ലാഹുവിന്റെ വചനം

اِنَّ هٰذَا الْقُرْاٰنَ يَهْدِيْ لِلَّتِيْ هِيَ اَقْوَمُ وَيُبَشِّرُ الْمُؤْمِنِيْنَ الَّذِيْنَ
يَعْمَلُوْنَ الصّٰلِحٰتِ اَنَّ لَهُمْ اَجْرًا كَبِيْرًا ۝١٠


തീർച്ചയായും ഈ ഖുർആൻ ഏറ്റവും നേരായ മാർഗത്തിലേക്ക് വഴികാട്ടുകയും സൽക്കർമം ചെയ്യുന്ന വിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു(17:10)

## തിരുനബിയുടെ തിരുമൊഴി

عَنْ عُثْمَانَ بْنِ عَفَّانَ رَضِيَ اللّٰهُ عَنْهُ قَالَ
قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ خَيْرُكُمْ مَنْ تَعَلَّمَ الْقُرْاٰنَ وَعَلَّمَهٗ

ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)പറയുന്നു: നബി(സ)തിരുമേനി പറഞ്ഞു:വിശുദ്ധ ഖുർആൻ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവനാണ് നിങ്ങളിലുത്തമൻ(*ബുഖാരി കിതാബുൽ ഫളാഇലുൽ ഖുർആൻ, ബാബു ഖയ്റുക്കും മൻ തഅല്ലമൽ ഖുർആൻ*)


## അൽഖയ്റു കുല്ലുഹു ഫിൽ ഖുർആനി
## എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്



**വാഗ്ദത്ത മഹ്ദിയും മസീഹുമായ സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)** പറയുന്നു:

അല്ലാഹു എന്നെ സംബോധന ചെയ്തു കൊണ്ടു പറഞ്ഞു:അൽഖയ്റു കുല്ലുഹു ഫിൽ ഖുർആനി എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്. സത്യവും ഇതു തന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെസത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ല......... അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 26)

## ലോകാന്ത്യംവരെ ആവശ്യമുള്ള മതപരമായ സുപ്രധാന സംഭവങ്ങളുടെ വിവരം ഇതിലുണ്ട്



**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഒന്നാമൻ അല്ലാമ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ)**പറയുന്നു:

അൽഹംദുലില്ലാഹി റബ്ബിൽആലമീൻ(സകല സ്തുതിയും സർവലോകപരിപാലകനായ -റബ്ബ്-അല്ലാഹുവിനാകുന്നു). എന്നതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ആരംഭിക്കുന്നത്. എല്ലാ മതങ്ങളും ഖണ്ഡിക്കപ്പെടുന്ന വചനമാണിത്. ക്രിസ്ത്യാനികളുടെ ദൈവത്തിന് ത്രിത്വമായിരിക്കാൻ പറ്റുകയില്ല. തന്ത്രംമെനഞ്ഞ് നിരാപരാധിയായ പകരക്കാരനെ ദയയില്ലാതെ കുരിശിലേറ്റേണ്ടിയും വരികയില്ല. ആര്യമതക്കാരുടെ ശരീരവും ആത്മാവും, അനാദിയും അനശ്വരവുമായിത്തീരുകയുമില്ല. പുനർജന്മ സിദ്ധാന്തക്കാരുടെ ഒരു തെളിവും അവശേഷിക്കുകയില്ല. സൂഫിസ്ത്വാഇകൾക്ക് കയറി വരുന്നതിനിടവുമില്ല.(തത്ത്വചിന്തകന്മാരുടെ ഒരു സംഘം. ഇവരുടെ തത്ത്വങ്ങളുടെ അടിത്തറ സംശയത്തിന്മേലാണ്. ഇവർ യാഥാർഥ്യങ്ങളെ നിഷേധിക്കുന്നവരാണ്). ബ്രഹ്മസമാജക്കാർക്ക് ഇൽഹാമിന്റെ വിഷയത്തിൽ സംശയംഅവശേഷിക്കുകയില്ല. ശിയാക്കൾക്ക് ആദരണീയരായ സ്വഹാബാക്കളുടെമേൽ ആക്ഷേപം ഉന്നയിക്കാൻ കഴിയുകയില്ല. വ്യക്തമായ തെളിവിന്റെ അടിസ്ഥാനത്തിൽ നാസ്തികർക്ക് ദൈവാസ്തികൃത്തിന്റെ നിഷേധികളാകയിരിക്കാനും സാധിക്കുകയില്ല. ഇപ്പറഞ്ഞത് ഈയൊരു ആയത്തിനെ സംബന്ധിച്ചാണ്. അപ്പോൾപ്പിന്നെ ഏഴ് ആയത്തുകളും ഓതുകയാണെങ്കിൽ എല്ലാ മതങ്ങളുടേയും സത്യസാക്ഷ്യങ്ങളുടെ മൊത്തമായ സൗരഭ്യം അതിൽനിന്ന് ലഭിക്കുന്നതാണ്. ലോകാന്ത്യംവരെ ആവശ്യമുള്ള മതപരമായ സുപ്രധാന സംഭവങ്ങളുടെ വിവരം ഇതിലുണ്ട്. ലോകത്തുണ്ടായിട്ടുള്ളതും അല്ലെങ്കിൽ ഉണ്ടാകാനിടയുള്ളതുമായ എല്ലാ ഫിത്നകളുടേയും ചീത്തയായ വിശ്വാസങ്ങളുടേയും അസാധൂകരണവും ഇതിലുണ്ട്.

## ഒരു ഗ്രന്ഥത്തിനും മാതൃക സമർപ്പിക്കാൻ കഴിയാത്തത്ര തത്ത്വജ്ഞാനങ്ങൾ ഖുർആനിലുണ്ട്



**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് രണ്ടാമൻ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)**പറയുന്നു:

വിശുദ്ധ ഖുർആനിലെ ഒരു ഭാഗവും കാലഹരണപ്പെട്ടിട്ടില്ലെന്നതാണ് വസ്തുത. അതിലെ ഓരോരോ വാക്കും പ്രവർത്തനാർഹമാണ്. ഇത് അന്ത്യനാൾവരെ നിലനിൽക്കുന്ന ശരീഅത്താണ്. വിശുദ്ധ ഖുർആനിന്റെ ഓരോ വാക്കും ഓരോ അകാരവും ഓരോ ഇകാരവും അർഥമുൾക്കുള്ളുന്നതാണെന്ന് ഞാൻ ആരോടോ പറയുന്നത് ഒരിക്കൽ സ്വപ്നത്തിൽ കണ്ടു. വിശുദ്ധ ഖുർആനിലെ ചെറിയ ചെറിയ വ്യത്യാസംകൊണ്ട് അതിന്റെ അർഥം മാറിക്കൊണ്ടിരിക്കുന്നു. ഒരു ഗ്രന്ഥത്തിനും മാതൃക സമർപിക്കാൻ കഴിയാത്തത്ര തത്ത്വജ്ഞാനങ്ങൾ ഖുർആനിലുണ്ട്. എന്നാൽ, എല്ലാ തത്ത്വജ്ഞാനങ്ങളും എല്ലാവരിലും തുറക്കപ്പെടുക നിർബന്ധമല്ല. അതേ! എല്ലാ കാലത്തും വിശുദ്ധ ഖുർആനിന്റെ കുറച്ച് പുതിയ അർഥങ്ങൾ തുറക്കുന്നു. അവയ്ക്കു പുറമെ അല്ലാഹു പിന്നീടു വരുന്നവർക്ക് വെച്ചിട്ടുള്ള കുറച്ച് കൂടുതൽ അർഥങ്ങളുമുണ്ട്. അന്ത്യനാൾ വരുന്നതുവരെ ഈ പരമ്പര നടന്നുകൊണ്ടിരിക്കും.(തഫ്സീറെ കബീർ വാല്യം 2, പേജ് 98)

**ഇതാണ് സഹാബാക്കളുടെ മേലുണ്ടായ വിശുദ്ധ ഖുർആനിന്റെ സ്വാധീനം. അവർ ഭൂമിയിൽനിന്നെഴുന്നേല്ക്കുകയും ആകാശത്തിലെ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളാകുകയും ചെയ്തു. അവരെക്കുറിച്ച് നബി(സ)തിരുമേനി പറഞ്ഞു: അവരിൽ എല്ലാ ഓരോരുത്തരും നിങ്ങൾക്ക് മാർഗദർശികളാണ്.പരിശുദ്ധരായ ആളുകളിലാണ് വിശുദ്ധഖുർആന്റെ രഹസ്യങ്ങൾ അതിന്റെ ആഴം തുറക്കപ്പെടുന്നത്. അതിനുവേണ്ടി പരിശുദ്ധരായ ആളുകളുടെ സഹവാസത്തിൽനിന്ന് ഉപകാരം തേടേണ്ടതും അനിവാര്യമാണ്. ഇക്കാലഘട്ടത്തിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണ്; അല്ലാഹു നല്കിയ അറിവിൽനിന്ന് സമൃദ്ധി പ്രാപിച്ച് അവിടന്ന് എന്തൊന്നാണോ വിവരിച്ചത്, അത് നമ്മൾ നോക്കേണ്ടതാണ്. ചിന്തിക്കേണ്ടതാണ്.അല്ലാഹു എല്ലാ വായനക്കാർക്കും വിശുദ്ധ ഖുർആൻ പഠിക്കുന്നതിനും അതിന്റെ അർഥം ഗ്രഹിക്കുന്നതിനും അതിലെ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുന്നതിനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ**

## സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് ബദർ വായനക്കാർക്ക് നല്കുന്ന സന്ദേശം

ഇസ്‌ലാമാബാദ്,യു.കെ
MA 28-10-2023

എന്റെ പ്രിയപ്പെട്ട ബദ്ർ വായനക്കാരേ,

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തഹു. അൽഹംദുലില്ലാഹി! വിശുദ്ധഖുർആൻ സ്പെഷ്യൽ പ്രസിദ്ധീകരിക്കാൻ ബദ്ർ ആഴ്ചപ്പതിപ്പിന് തൗഫീഖ് കിട്ടുകയാണ്. അല്ലാഹു ഇതിന്റെ പ്രസിദ്ധീകരണം എല്ലാവിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. ആമീൻ.

ഈ അവസരത്തിൽ എന്നോട് സന്ദേശമയക്കാൻ അപേക്ഷിച്ചിരിക്കുകയാണ്. എന്റെ സന്ദേശമിതാണ്. ഇക്കാലഘട്ടത്തിൽ അല്ലാഹു നബി(സ)തിരുമേനിയുടെ സത്യവാനായ സേവകനെ വിശുദ്ധഖുർആന്റെ പ്രചാരണത്തിനായി അയച്ചു. വിശുദ്ധഖുർആന്റെ സംരക്ഷണത്തിനായി അയച്ചു. ജനങ്ങളിൽനിന്ന് മറഞ്ഞുകിടന്ന ഈശ്വരീയജ്ഞാനങ്ങൾ അദ്ദേഹത്തെ പഠിപ്പിച്ചു. ആ മഹാത്മാവ് മുഖേന വിശുദ്ധ ഖുർആന്റെ ദാനശീലതയുടെ ഒരു അരുവി ഒഴുക്കുകയും ചെയ്തു.

വിശുദ്ധഖുർആന്റെ വാഗ്‌വിലാസത്തെ സംബന്ധിച്ച് അവിടന്ന് പറഞ്ഞു: ഇത് വിശുദ്ധഖുർആന്റെ അത്ഭുത ദൃഷ്ടാന്തമാണ്. അതായത് അതിലുള്ള മുഴുവൻ വാക്കുകളും എങ്ങനെയുള്ള മുത്തുകളെപോലെ കൊരുക്കപ്പെട്ടിരിക്കുന്നുവെന്നാൽ ഒന്നിനേയും ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്ത് മാറ്റിവെക്കാൻ പറ്റുകയില്ല. ഒന്നിനേയും മറ്റൊരു വാക്കുകൊണ്ട് മാറ്റാനും സാധ്യമല്ല. പക്ഷേ, എന്നിട്ടും അതിന്റെ പ്രാസമൊപ്പിക്കലും വാക്ക് വൈഭവത്തിന്റേയും അർഥഗാംഭീര്യത്തിന്റേയും എല്ലാ നിർബന്ധകാര്യങ്ങളും അതിലുണ്ട്. (മൽഫൂദാത്ത്, വാള്യം 10, പേജ് 173)

വിശുദ്ധഖുർആൻ ലോകത്തുള്ള ജനതകളെ ഒന്നാക്കുന്നതിനുവേണ്ടി വന്നിരിക്കുവെന്ന് വിവരിച്ചുകൊണ്ട് പറയുന്നു: അല്ലാഹു ആദ്യം വിവിധ നിലയിൽ എല്ലാ ഓരോ സമുദായത്തിനും വെവ്വേറെ പ്രവർത്തനരൂപരേഖഅയച്ചു. പിന്നീട് അവനാഗ്രഹിച്ചത് അല്ലാഹു ഏകനെന്നപോലെ അവരും ഒന്നാകണമെന്നാണ്. അപ്പോൾ എല്ലാവരേയും ഒന്നിപ്പിക്കുന്നതിനുവേണ്ടി വിശുദ്ധഖുർആൻ അയക്കുകയും വിവരം അറിയിക്കുകയും ചെയ്തു. ഒരു കാലം വരാൻ പോകുന്നു, അല്ലാഹു ജനതകളെ ഒരൊറ്റ ജനതയാക്കും! എല്ലാ രാജ്യങ്ങളേയും ഒരൊറ്റ രാജ്യമാക്കും! എല്ലാ ഭാഷകളേയും ഒരൊറ്റ ഭാഷയുമാക്കും! (നസീമെ ദഅ്‌വത്ത്, റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 428)


മതങ്ങളെന്തിനാണ് വന്നതെന്ന് ആളുകൾ ചോദിക്കുന്നു. അക്കാലംവരെ അവരുടെ ബുദ്ധിയും ഗ്രാഹ്യവും പ്രവർത്തന മാധ്യമങ്ങളും പരിമിതമായിരുന്നു. ആദ്യകാലങ്ങളിൽ പ്രത്യേകം പ്രത്യേകം നിയമങ്ങളയച്ചു. ഇപ്പോൾ എല്ലാവർക്കും സംഘടിക്കാൻ കഴിയുന്ന ഒരു കാലം വന്നിരിക്കുന്നു. അപ്പോൾ ഒരു സമ്പൂർണ്ണ ന്യായപ്രമാണം വിശുദ്ധഖുർആന്റെ രൂപത്തിൽ നമുക്ക് അയച്ചുതന്നു. എന്നിട്ട് പറഞ്ഞു. എല്ലാ രാജ്യങ്ങളേയും ഒരൊറ്റ രാജ്യമാക്കും. എല്ലാ ഭാഷകളേയും ഒരൊറ്റ ഭാഷയാക്കും. ഇന്ന് ലോകത്ത് ഗ്ലോബൽ വില്ലേജിന്റെ ഒരു ടേം ഉപയോഗിക്കപ്പെടുന്നു. ലോകം ഒന്നായി കഴിഞ്ഞിരിക്കുന്നു. ഒരു നഗരമായി കഴിഞ്ഞിരിക്കുന്നു. എന്തായാലും വിശുദ്ധഖുർആൻ തന്നെയാണ് ആ ഗ്രന്ഥം. അത് ലോകത്ത് വിവിധ ഭാഷകൾ സംസാരിക്കുന്നവരായിട്ടും ലോകത്തെവിടെയൊക്കെ മുസ്‌ലിമീങ്ങളുണ്ടോ ഏതു സമൂഹത്തിലെ മുസൽമാനാണെങ്കിലും വേണ്ടില്ല അറബിഭാഷയിൽ വായിക്കുന്നു. ഇപ്രകാരംതന്നെ 5 നമസ്കാരങ്ങളിലും അത് ഉപയോഗിക്കപ്പെടുന്നു.

പരിശുദ്ധരായ ആളുകളിലാണ് വിശുദ്ധഖുർആന്റെ രഹസ്യങ്ങൾ അതിന്റെ ആഴം തുറക്കപ്പെടുന്നത്. അതിനുവേണ്ടി പരിശുദ്ധരായ ആളുകളുടെ സഹവാസത്തിൽനിന്ന് ഉപകാരം തേടേണ്ടതും അനിവാര്യമാണ്. ഇക്കാലഘട്ടത്തിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണ്; അല്ലാഹു നല്കിയ അറിവിൽനിന്ന് സമൃദ്ധി പ്രാപിച്ച് അവിടന്ന് എന്തൊന്നാണോ വിവരിച്ചത്, അത് നമ്മൾ നോക്കേണ്ടതാണ്. ചിന്തിക്കേണ്ടതാണ്. അവിടത്തെ ജ്ഞാനമനുസരിച്ചുള്ള ആ തഫ്സീർ തന്നെയാണ് മുന്നോട്ടു അഹ്മദിയ്യാ ജമാഅത്തിന്റെ സാഹിത്യങ്ങളിലും വിവരിക്കപ്പെടുന്നത്. ഒരുപാട് മാതാപിതാക്കളും ചോദിക്കാറുണ്ട്, സ്കൂളിൽനിന്ന് കുട്ടികൾ പഠിച്ചുകൊണ്ടുവരുന്ന കാര്യങ്ങൾക്ക് എങ്ങനെ മറുപടി നൽകുമെന്ന്? നമ്മൾ ചിന്തിച്ച് വായിക്കുകയാണെങ്കിൽ, തഫ്സീർ വായിക്കുകയാണെങ്കിൽ ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിക്കുകയാണെങ്കിൽ, വിശുദ്ധഖുർആന്റെ കല്പനകളുടെ വെളിച്ചത്തിൽത്തന്നെയുള്ള മറുപടിയും അപ്പോൾ അവർക്ക്, മാതാപിതാക്കൾക്ക് കൊടുക്കാൻ കഴിയും. ആദരണീയരായ സ്വഹാബാക്കളുടെമേലുണ്ടായ വിശുദ്ധഖുർആന്റെ അധ്യാപനത്തിന്റെ സ്വാധീനത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഏതൊരു അവസ്ഥയിലാണോ അവർ ജീവിച്ചിരുന്നത് അത്, ഒരു മൃഗീയമായ ജീവിതമായിരുന്നുവെന്ന് നബി (സ)തിരുമേനിയുടെ പരിശുദ്ധമായ സഹവാസങ്ങളും സ്തുത്യർഹമായ സത്യാസത്യ വിവേചന ഗ്രന്ഥത്തിന്റെ മനോഹരമായ സ്വാധീനവുംകൊണ്ട് അവർക്ക് തോന്നിതുടങ്ങി. അവർ അടിമുടി ദുഷ്കർമങ്ങളിൽ അകപ്പെട്ടിരുന്നു. അങ്ങനെ അവർ റൂഹുൽ ഖുദ്ദൂസിൽനിന്ന് ശക്തി സംഭരിച്ച് സൽകർമത്തിലേക്ക് ചിന്തിച്ചു. അല്ലാഹു അവരെക്കുറിച്ച് വ അയ്യദഹും ബിറൂഹിൻമ്മിൻഹു അവന്റെ പക്കൽനിന്നുള്ള വചനംകൊണ്ട് അവൻ അവരെ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (58:23) (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാള്യം 23, പേജ് 424-425) ഇതാണ് അവരുടെമേലുണ്ടായ വിശുദ്ധ ഖുർആനിന്റെ സ്വാധീനം. അവർ ഭൂമിയിൽനിന്നെഴുന്നേല്ക്കുകയും ആകാശത്തിലെ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളാകുകയും ചെയ്തു. അവരെക്കുറിച്ച് നബി(സ)തിരുമേനി പറഞ്ഞു: അവരിൽ എല്ലാ ഓരോരുത്തരും നിങ്ങൾക്ക് മാർഗദർശികളാണ്.(അൽമിശ്ക്കാത്തുൽ മസ്വാബീഹ് വാള്യം 3, പേജ് 1696)

ഞാൻ ദുആചെയ്യുന്നു, അല്ലാഹു എല്ലാ വായനക്കാർക്കും വിശുദ്ധ ഖുർആൻ പഠിക്കുന്നതിനും അതിന്റെ അർഥം ഗ്രഹിക്കുന്നതിനും അതിലെ അധ്യാപനങ്ങളനുസരിച്ച് ജീവിക്കുന്നതിനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ വസ്സലാം

വിനീതൻ

خليفة المسيح الخامس




ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ്
അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്

لا إله إلا الله محمد رسول الله

ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam

## ഉള്ളടക്കം

പത്രാധിപക്കുറിപ്പ്

വിശുദ്ധ ഖുർആനും സ്ത്രീകളുടെ
അവകാശങ്ങളും

നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതം:
അമുസ്‌ലിമീങ്ങളോടുള്ള സൗഹാർദത്തിന്റേയും
സൽപെരുമാറ്റത്തിന്റേയും ഖുർആനികാധ്യാപനങ്ങൾ

നബി(സ)തിരുമേനിയുടെ വിശുദ്ധ ജീവിതം:
വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ

വിശുദ്ധ ഖുർആൻ: ഹദ്റത്ത് മസീഹ്
മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ

മലക്കുകൾ:
വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ

## വിശുദ്ധ ഖുർആൻ സ്പെഷ്യൽപ്പതിപ്പ്

# പത്രാധിപക്കുറിപ്പ്

ഇസ്‌ലാമിന്റെ അടിസ്ഥാനപരവും സുപ്രധാനവുമായ അധ്യാപനം തൗഹീദാണ്. അതായത് ലാ ഇലാഹ ഇല്ലല്ലാഹ്. ആരാധനയ്ക്കർഹൻ ഏകനായ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നാണ് ഇതിന്റെ അർത്ഥം. തന്നെപോലുള്ള ഏതെങ്കിലും മനുഷ്യനെ പൂജിക്കുക എന്നത് മനുഷ്യന് അനുവദനീയമല്ല. അല്ലെങ്കിൽ മറ്റേതെങ്കിലും സൃഷ്ടിയെ ആരാധിക്കുക; അതുമല്ലെങ്കിൽ നദികളേയും, പുഴകളേയും, പർവതങ്ങളേയും മരങ്ങളേയും കല്ലുകളേയും ആരാധിക്കുക. മുഴുവൻ പ്രപഞ്ചത്തിനും ഒരേയൊരു റബ്ബ് അഥവാ പരിപാലകനേയുള്ളൂ. ഒരേയൊരു ദൈവമേയുള്ളൂ. ഒരേയൊരു സ്രഷ്ടാവും ഉടമസ്ഥനുമേയുള്ളൂ. അവൻ എന്നെന്നുമുള്ളവനാണ്. എന്നെന്നും നിലനില്ക്കുന്നവനുമാണ്. എല്ലാ വസ്തുവിനും നാശമുണ്ട്. പക്ഷേ, അവന് നാശമില്ല. തൗഹീദിന്റെ അധ്യാപനംകൊണ്ട് നിറഞ്ഞുനിൽക്കുന്ന ഒരേയൊരു ഗ്രന്ഥം വിശുദ്ധഖുർആനാണ്.

അല്ലാഹു ലോകത്ത് നബിമാരെ അയക്കുന്ന പരമ്പര തുടങ്ങി. അത് തുടങ്ങിയത് ജനങ്ങളെ തൗഹീദിൽ നിലനിറുത്തുകയും അന്യാരാധനയെ ഇല്ലാതാക്കുകയും ചെയ്യുന്നതിനാണ്. അല്ലാഹുവിന് തന്റെ തൗഹീദിനെ സംബന്ധിച്ച് വളരെ അഭിമാനമാണ്. മുഴുവൻ പ്രപഞ്ചത്തിന്റേയും സൃഷ്ടിപ്പ് അവൻ നടത്തിയത് മനുഷ്യകുലത്തിനുവേണ്ടിയാണ്. അവന്റെ ആത്മീയപരവും ഭൗതികപരവുമായ അഭിവൃദ്ധി പൂർണമായും അവൻ ശ്രദ്ധിച്ചു. അപ്പോൾ അവനെ വിട്ടുകൊണ്ട് മറ്റേതെങ്കിലും ഒന്നിനെ ആരാധിക്കുകയെന്നത് അവന് അനുവദനീയമാകുന്നതെങ്ങനെ? സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മനുഷ്യൻ, എന്നിത്യാദികളെ ആരാധിക്കുന്നതും തന്നെ സൃഷ്ടിച്ചവനെ മറക്കുന്നതും എത്രമാത്രം അക്രമപരമായ കാര്യമാണ്. ചായയുടെ ഔദാര്യം അംഗീകരിക്കുകയും അത് കുടിപ്പിച്ചവനെ മറക്കുകയും അതായത് ഔദാര്യവാനെ മറക്കുകയും അവൻ നൽകിയിരിക്കുന്ന വസ്തുക്കളെ ഓർക്കുകയും ചെയ്യുകയെന്നത് എത്രമാത്രം വിഡ്ഢിത്തമാണ്.

മാതാപിതാക്കളെ അനുധാവനം ചെയ്യാനും അനുസരിക്കാനും അല്ലാഹു വിശുദ്ധഖുർആനിൽ താക്കീതു ചെയ്തുപറഞ്ഞു. പക്ഷേ, ശിർക്കിന്റെ കാര്യത്തിൽ അവരെ അനുസരിക്കുന്നത് തടയുകയും ചെയ്തു. അല്ലാഹു പറയുന്നു:

وَإِنْ جَاهَدَاكَ عَلَىٰ أَنْ تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا
وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا ۖ وَاتَّبِعْ سَبِيلَ مَنْ أَنَابَ إِلَيَّ ۚ
ثُمَّ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُمْ بِمَا كُنْتُمْ تَعْمَلُونَ ⑯

നിനക്ക് അറിവില്ലാത്ത വല്ലതിനേയും എന്നോട് കൂട്ടുചേർത്ത് ആരാധിക്കാൻ അവരിരുവരും നിന്നോട് ശഠിക്കുന്നതായാൽ അപ്പോൾ നീ അവരെ അനുസരിക്കരുത്. എന്നാൽ, ഐഹികകാര്യങ്ങളിൽ നല്ലനിലയിൽ നീ അവരുമായി ബന്ധംപുലർത്തുക. എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിൻപറ്റുക. പിന്നീട് നിങ്ങളുടെ മടക്കം എന്റെയടുക്കലേക്ക് തന്നെയായിരിക്കും. നിങ്ങളെന്തു പ്രവർത്തിക്കുന്നവരായിരുന്നുവോ അതിനെക്കുറിച്ച് അപ്പോൾ ഞാൻ നിങ്ങൾക്ക് വിവരം പറഞ്ഞുതരുന്നതാണ്. (31:16)

പിന്നീട് സൂറ അൻകബൂത്തിലും അല്ലാഹു അപ്രകാരം പറഞ്ഞു:

وَوَصَّيْنَا الْإِنْسَانَ بِوَالِدَيْهِ حُسْنًا ۖ وَإِنْ جَاهَدَاكَ لِتُشْرِكَ بِي مَا
لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا ۚ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُمْ
بِمَا كُنْتُمْ تَعْمَلُونَ ⑨

തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് മനുഷ്യനോടു നാം അനുശാസിച്ചിരിക്കുന്നു. ഇനി നിനക്ക് അറിവില്ലാത്ത വസ്തുക്കളെ പങ്കുകാരാക്കിവെക്കണമെന്ന് അവരിരുവരും നിന്നെ നിർബന്ധിക്കുന്നതായാൽ നീ അവരെ അനുസരിക്കരുത്. നിങ്ങളുടെ മടക്കം എന്റെയരികിലേക്ക് തന്നെയാണ്. നിങ്ങൾ പ്രവർത്തിച്ചിരിക്കുന്നതിനെ സംബന്ധിച്ച് അപ്പോൾ നിങ്ങൾക്ക് ഞാൻ പറഞ്ഞുതരും. (29:9)

അല്ലാഹു ശിർക്ക് അഥവാ അന്യാരാധനയെ ഗുരുതരമായ അക്രമമായി പറഞ്ഞിരിക്കുന്നു. ഇത് പൊറുക്കപ്പെടാത്ത അക്രമമാണ്. ഇതിനു പുറമെയുള്ള പാപങ്ങളെല്ലാം അത് എത്രത്തോളമാണെങ്കിലും അല്ലാഹു മാപ്പാക്കുന്നതാണ്. പക്ഷേ, ബഹുദൈവാരാധനയുടെ പാപം പൊറുക്കപ്പെടുകയില്ല. കാരണം ജീവിതം മുഴുവൻ അന്യാരാധന നടത്തിക്കൊണ്ടിരുന്നവന് എങ്ങനെയാണ് അല്ലാഹുവിനോട് ചോദിക്കാൻ കഴിയുക. ഇനി ചോദിക്കുകയാണെങ്കിൽത്തന്നെ അവൻ എങ്ങനെയാണ് കൊടുക്കുക. അന്യാരാധന ഗുരുതരമായ അക്രമമാണെന്നതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

وَإِذْ قَالَ لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ
يَا بُنَيَّ لَا تُشْرِكْ بِاللَّهِ ۖ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ ⑭

തന്റെ മകനെ ഉപദേശിച്ചുകൊണ്ട് ലുഖ്മാൻ പറഞ്ഞ സംഭവം ഓർക്കുക: എന്റെ പ്രിയപ്പെട്ട മകനേ, നീ അല്ലാഹുവിനോട് ഒന്നിനേയും പങ്കുചേർക്കരുത്. അല്ലാഹുവിനോട് (മറ്റെന്തിനേയെങ്കിലും) പങ്കുചേർക്കുന്നത് തീർച്ചയായും ഗുരുതരമായ അക്രമമാണ്. (31:14)

അന്യാരാധനയുടെ പാപം പൊറുക്കുകയില്ലെന്ന് അല്ലാഹു സൂറഃനിസായിൽ രണ്ടിടത്ത് പറഞ്ഞിരിക്കുന്നു:

اِنَّ اللّٰهَ لَا يَغْفِرُ اَنْ يُّشْرَكَ بِهٖ وَيَغْفِرُ مَا دُوْنَ ذٰلِكَ لِمَنْ يَّشَآءُ ۚ وَمَنْ
يُّشْرِكْ بِاللّٰهِ فَقَدِ افْتَرٰٓى اِثْمًا عَظِيْمًا ﴿۴۹﴾

തീർച്ചയായും അല്ലാഹു തന്നോട് (മറ്റൊന്നിനേയും) പങ്കുചേർക്കുന്നത് പൊറുത്തുകൊടുക്കുകയില്ല. അതിനു പുറമെയുള്ളതിനെ താനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ഏതൊരാൾ അല്ലാഹുവിനോട് പങ്കുചേർക്കുന്നുവോ നിശ്ചയമായും കടുത്ത പാപമാണ് അവൻ കെട്ടിച്ചമയ്ക്കുന്നത്. (4:49)

പിന്നീട് 117-ാമത്തെ വചനത്തിൽ പറയുന്നു:

اِنَّ اللّٰهَ لَا يَغْفِرُ اَنْ يُّشْرَكَ بِهٖ وَيَغْفِرُ مَا دُوْنَ ذٰلِكَ لِمَنْ يَّشَآءُ ۚ وَ
مَنْ يُّشْرِكْ بِاللّٰهِ فَقَدْ ضَلَّ ضَلٰلًا ۢ بَعِيْدًا ﴿۱۱۷﴾

തീർച്ചയായും തന്നോടു കൂട്ടുകാരെ നിശ്ചയിക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ള (പാപങ്ങൾ) അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുക്കുന്നതാണ്. ആര് അല്ലാഹുവിന് കൂട്ടുകാരനെ നിശ്ചയിക്കുന്നുവോ തീർച്ചയായും അവൻ വഴികേടിൽ ബഹുദൂരം അകന്നുപോയിരിക്കുന്നു. (4:117)

മുശ്‌രിക്കീംകളുടെ വാസസ്ഥാനം ജഹന്നമാണെന്ന് മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു:

اِنَّهٗ مَنْ يُّشْرِكْ بِاللّٰهِ فَقَدْ حَرَّمَ اللّٰهُ عَلَيْهِ الْجَنَّةَ وَمَاْوٰىهُ
النَّارُ ؕ وَمَا لِلظّٰلِمِيْنَ مِنْ اَنْصَارٍ ﴿۷۳﴾

ആരെങ്കിലും അല്ലാഹുവിനോടൊപ്പം വല്ലതിനേയും പങ്കുചേർക്കുന്നതായാൽ (അവൻ മനസ്സിലാക്കട്ടെ) അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. അവന്റെ സങ്കേതം നരകമായിരിക്കും. അധർമകാരികൾക്ക് സഹായികളാരും ഉണ്ടായിരിക്കുകയില്ല. (5:73)

ശിർക്കും പ്രത്യേകിച്ച് അല്ലാഹുവിന് പുത്രനുണ്ടെന്നുള്ള വിശ്വാസം അസഭ്യവും മോശവുമാണ്. അല്ലാഹു ഈ വിശ്വാസത്തെ സംബന്ധിച്ച് കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചിരിക്കുന്നു. അവൻ പറയുന്നു:

وَقَالُوا اتَّخَذَ الرَّحْمٰنُ وَلَدًا ﴿۸۹﴾ لَقَدْ جِئْتُمْ شَيْـًٔا اِدًّا ﴿۹۰﴾ تَكَادُ
السَّمٰوٰتُ يَتَفَطَّرْنَ مِنْهُ وَتَنْشَقُّ الْاَرْضُ وَتَخِرُّ الْجِبَالُ هَدًّا ﴿۹۱﴾ اَنْ
دَعَوْا لِلرَّحْمٰنِ وَلَدًا ﴿۹۲﴾ وَمَا يَنْۢبَغِيْ لِلرَّحْمٰنِ اَنْ يَّتَّخِذَ وَلَدًا ﴿۹۳﴾ اِنْ
كُلُّ مَنْ فِي السَّمٰوٰتِ وَالْاَرْضِ اِلَّآ اٰتِي الرَّحْمٰنِ عَبْدًا ﴿۹۴﴾

പരമകാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കര നിഷിദ്ധകൃത്യം ചെയ്തിരിക്കുന്നു. അതിനാൽ, ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നുപോകുകയും പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം; പരമകാരുണികന് ഒരു പുത്രനുണ്ടെന്ന് അവർ വാദിച്ചത് കാരണത്താൽ! ഒരു പുത്രനെ സ്വീകരിക്കുക എന്നത് പരമകാരുണികനായ അല്ലാഹുവിന് ഒട്ടും ഭൂഷണമല്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം പരമകാരുണികനായ അല്ലാഹുവിന്റെ സന്നിധിയിൽ അടിമകളായി ഹാജരാകുന്നവർ തന്നെയാണ്.(19:89-94)

മനുഷ്യൻ പുത്രന്മാരെ ആഗ്രഹിക്കുന്നത് സന്താനങ്ങളുടേയും കുടുംബത്തിന്റേയും സംരക്ഷണത്തിനാണ്. കാരണം എല്ലാ പിതാക്കന്മാരും ഒരു ദിവസം ഈ ലോകത്തോടു വിടപറയും. അതുകൊണ്ട് തന്റെ പ്രതിനിധിയെ അവനാഗ്രഹിക്കുന്നു. പിതാവിന്റെ ജോലി മകൻ സംരക്ഷിക്കുന്നതിനാണിത്. സ്വത്ത് വകകൾ നോക്കിനടത്തുക അദ്ദേഹത്തെ സഹായിച്ച് അദ്ദേഹത്തിന്റെ ജോലി എളുപ്പമാക്കുക. വാർധക്യത്തിൽ അദ്ദേഹത്തെ സഹായിക്കുക. പക്ഷേ, അല്ലാഹു ഇക്കാര്യത്തിൽനിന്നെല്ലാം പരിശുദ്ധനും സ്വതന്ത്രനുമാണ്. അല്ലാഹു സ്സമദ്. അല്ലാഹു സർവ്വാധിനാഥനാണ്. സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്. (112:3)

എല്ലാ വസ്തുക്കളും അല്ലാഹുവിന്റെ അടിമയായിരിക്കുമ്പോൾ പിന്നെ അവന് പുത്രനെ ഉണ്ടാക്കേണ്ട ആവശ്യമെന്താണ്? അല്ലാഹു നശിക്കുന്നവനല്ല; അവന് പുത്രനുണ്ടാകേണ്ട ആവശ്യമുണ്ടാകാൻ, അല്ലാഹു അനാദ്യനാണ്. അനശ്വരനുമാണ്.

രണ്ടാം അധ്യായം 117-ൽ അല്ലാഹു പറയുന്നു:

وَقَالُوا اتَّخَذَ اللّٰهُ وَلَدًا ۙ سُبْحٰنَهٗ ؕ بَلْ لَّهٗ مَا فِي السَّمٰوٰتِ
وَالْاَرْضِ ؕ كُلٌّ لَّهٗ قٰنِتُوْنَ ﴿۱۱۷﴾

അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറയുന്നു. (ബലഹീനതകളിൽനിന്നൊക്കെ) അവൻ എത്രയും പരിശുദ്ധൻ! മാത്രമല്ല ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. സർവ്വവും അവന് കീഴടങ്ങിയിരിക്കുന്നു. (2:117)

പ്രപഞ്ചത്തിന്റെ ഓരോ തരിയുടേയും ഉടമസ്ഥൻ അവനായിരിക്കുകയും എല്ലാം അവനെ അനുസരിക്കുകയും ചെയ്യുമ്പോൾ പിന്നീട് അവന് പുത്രനുണ്ടാകേണ്ട ആവശ്യംതന്നെയില്ല. അന്യാരാധനക്ക് പുറമേയുള്ള പാപങ്ങൾ അത് എത്രത്തോളമായാലും അല്ലാഹു ഉദ്ദേശിച്ചാൽ പൊറുക്കുന്നതാണ്. *സുമർ* എന്ന അധ്യായത്തിൽ തന്റെ ഈ മഹത്തായ കാരുണ്യവും പൊറുക്കലും അവൻ വിളംബരം ചെയ്യുന്നു.

قُلْ يٰعِبَادِيَ الَّذِيْنَ اَسْرَفُوْا عَلٰٓى اَنْفُسِهِمْ لَا تَقْنَطُوْا مِنْ رَّحْمَةِ
اللّٰهِ ؕ اِنَّ اللّٰهَ يَغْفِرُ الذُّنُوْبَ جَمِيْعًا ؕ اِنَّهٗ هُوَ الْغَفُوْرُ الرَّحِيْمُ ﴿۵۴﴾

(എന്റെ സന്ദേശമെന്ന നിലയിൽ പറയുക). തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരേ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (39:54)

*കുല്ലുശയ്യിൻ ഹാലികുൻ ഇല്ലാ വജ്ഹഹു.* അല്ലാഹുവല്ലാതെ മറ്റുള്ളതെല്ലാം നശിക്കുന്നതാണ്. അപ്പോൾ അല്ലാഹു നശിക്കുന്നവനല്ലാതാകുമ്പോൾ മകന്റെ ആവശ്യംതന്നെയില്ല. അല്ലാഹു അനാദിയാണ്. അനശ്വരനാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

തൗഹീദിന്റെ രണ്ടാമത്തെ ഭാഗം ഇതാണ്. അല്ലാഹുവല്ലാതെ മറ്റൊരു വസ്തുവും സ്വയമേവ ഉണ്ടായിട്ടുള്ളതായി ഇല്ലെന്നു വരുമ്പോൾ എല്ലാ വസ്തുക്കളും നശിക്കുന്നതാണെന്ന് വരുമ്പോൾ, കുല്ലുശയ്യിൻ ഹാലികുൻ ഇല്ലാ വജ്ഹഹൂ എന്ന് ഖുർആനിൽ അല്ലാഹു പറഞ്ഞതുപോലെ അതായത് സർവവസ്തുക്കളും നശിക്കുന്നതാണ്, മരിക്കുന്നതാണ്; അല്ലാഹുവിന്റെ അസ്തിത്വമൊഴികെ. അവൻ മരണത്തിൽനിന്ന് പരിശുദ്ധനാണ്. ഇപ്രകാരംതന്നെ മറ്റൊരു വചനമുണ്ട്. വഖലഖ കുല്ലുശയ്ഇൻ. ഇവിടെ കുല്ല എന്ന പദത്തിനോടൊപ്പം അത് വരുന്നത് പരിപൂർണമായും വലയം ചെയ്യുന്നതിനാണ്. അവന് പുറമേയുള്ള എല്ലാ വസ്തുക്കളേയും സൃഷ്ടികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അപ്രകാരംതന്നെ ഈ പദമായ കുല്ലിനോടൊപ്പം കുല്ലുശയ്യിൻ ഹാലികുൻ ഇല്ലാ വജ്ഹഹൂ അപ്രകാരംതന്നെ കല്ലുമൻ അലയ്ഹാ ഫാൻ എന്നതുമുണ്ട്.

ബദർ
വീക്കിലി ഖാദിയാൻ
The weekly BADAR Qadian Malayalam

The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

എല്ലാ വസ്തുക്കൾക്കും മരണം സുനിശ്ചിതമാക്കി. (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ വാള്യം 22, പേജ് 165)

വിശുദ്ധ ഖുർആൻ തൗഹീദിന്റെ വിഷയത്താൽ ഭരിതമാണ്. ഒരു സ്ഥലത്ത് അത് പറയുന്നു:

وَمِنْ اٰيٰتِهِ الَّيْلُ وَالنَّهَارُ وَالشَّمْسُ وَالْقَمَرُ ؕ لَا تَسْجُدُوْا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوْا لِلّٰهِ الَّذِيْ خَلَقَهُنَّ اِنْ كُنْتُمْ اِيَّاهُ تَعْبُدُوْنَ ﴿۳۸﴾

രാവും പകലും സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്. സൂര്യനേയോ ചന്ദ്രനേയോ നിങ്ങൾ സാഷ്ടാംഗം പ്രണമിക്കരുത്. അവയെ സൃഷ്ടിച്ച അല്ലാഹുവിനെ നിങ്ങൾ പ്രണമിക്കുക. നിങ്ങൾ അവനെതന്നെയാണ് ആരാധിക്കുന്നതെങ്കിൽ!(41:38)

എല്ലാ നബിമാരും താന്താങ്ങളുട ജനതയ്ക്ക് ഒന്നാമതായി നല്കിയ അധ്യാപനം അല്ലാഹുവിനെക്കൂടാതെ മറ്റൊന്നിനേയും ആരാധിക്കരുതെന്നാണ്. അല്ലാഹു തന്നെക്കൂടാതെ മറ്റേതെങ്കിലും വസ്തുവിനെ ആരാധിക്കുന്നതിൽ ആശ്ചര്യവും ഖേദവും പ്രകടിച്ചിരിക്കുന്നു. അവൻ പറയുന്നു:

ഇബ്റാഹീം(അ)തന്റെ ജനതയോടു പറഞ്ഞു:അപ്പോൾ അല്ലാഹുവിനു പുറമെ നിങ്ങൾക്ക് ഒരു ഉപകാരവും ഉപദ്രവും ചെയ്യാത്ത വസ്തുക്കളെയാണോ നിങ്ങളാരാധിക്കുന്നത്? അഹോകഷ്ടം! നിങ്ങൾക്കും അല്ലാഹുവിനെ വിട്ട് നിങ്ങളാരാധിക്കുന്ന വസ്തുക്കൾക്കും. അപ്പോൾ നിങ്ങൾ ബുദ്ധിയുപയോഗിച്ച് കാര്യം മനസ്സിലാക്കുന്നില്ലേ?(21:67-68)

സൂറത്തു സ്വാഫാത്തിൽ ഹദ്റത്ത് ഇബ്റാഹീം(അ)തന്റെ ജനതയോടു ചോദിച്ചു:നിങ്ങൾത്തന്നെ കൊത്തിയുണ്ടാക്കുന്ന വസ്തുക്കളെയാണോ നിങ്ങൾ ആരാധിക്കുന്നത്? അന്യാരാധകരുടെ ഈ പ്രവൃത്തി വലിയ ആശ്ചര്യകരവും പരിഹാസ്യവും ഖേദകരവുമാണ്. ഒരു വസ്തു സ്വന്തം കൈകൊണ്ടുണ്ടാക്കുന്നു, പിന്നീട് അതിന്റെ മുമ്പിൽ കുമ്പിടുന്നു. പിന്നീട് അതിനെ എടുത്ത് വെള്ളത്തിൽകൊണ്ടുപോയി മുക്കുന്നു.

സൂറ മർയമിൽ ഹദ്റത്ത് ഇബ്റാഹീം(അ)തന്റെ പിതാവിനോടു ചോദിച്ചു:എന്റെ പിതാവേ!കേൾക്കുകയോ കാണുകയോ ചെയ്യാത്തതും താങ്കൾക്ക് ഒരു പ്രയോജനവും ചെയ്യാത്തതുമായ വസ്തുക്കളെ താങ്കളെന്തിനാണ് ആരാധിക്കുന്നത്? ഒരു അന്യാരാധകൻ അല്ലാഹുവിനെക്കൂടാതെ ആരെ വിളിച്ചാലും, എത്രമാത്രം വിളിച്ചാലും അവന്റെ വിളി അവന് ഒരു പ്രയോജനവും ചെയ്യുകയില്ല. കാരണം അവനാരെയാണോ വിളിക്കുന്നത് അത് ഒന്നും കാണുന്നില്ല, കേൾക്കുന്നില്ല, ഒന്നും പ്രയോജനപ്പെടുന്നതുമില്ല. അതുകൊണ്ട് അന്യാരാധകരുടെ എല്ലാ വിളിയും, എല്ലാ ആരാധനയും, എല്ലാ പ്രാർഥനയും പാഴായിപ്പോകുന്നു. വമാ ദുആഉൽകാഫിരീന ഇല്ലാ ഫീ ഉലാൽ( സത്യനിഷേധികളുടെ പ്രാർഥന നിഷ്ഫലമായിപ്പോകുന്നതല്ലാതെ മറ്റൊന്നുമല്ല(13:15)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

നമ്മുടെ ദൈവത്തിൽ അസംഖ്യം അത്ഭുതങ്ങളുണ്ട്. സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി അവന്റേതായിത്തീർന്നവൻ മാത്രമാണ് അത് കാണുന്നത്. അവന്റെ ശക്തിപ്രഭാവങ്ങളിൽ വിശ്വസിക്കാത്തവരുടേയും അവനോട് സത്യസന്ധതയും വിശ്വസ്തതയും കാണിക്കാത്തവരുടെയുംമേൽ അവൻ അത്ഭുതങ്ങൾ വെളിപ്പെടുത്തുകയില്ല. സർവ്വശക്തനായൊരു ദൈവമുണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലവൻ എത്രമാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നു വന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അവൻ. അല്ലയോ ഹതഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ സംതൃപ്തിയുള്ളതാക്കിത്തീർക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യുവാനാണ്. ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാനെന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്? ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്? നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങളുടേതായിത്തീരുന്നതാണ്. നിങ്ങൾ ഉറങ്ങുമ്പോൾ അവൻ നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കുമെന്നു തീർച്ചയായും മനസ്സിലാക്കുക. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെല്ലാം അത്ഭുതങ്ങളാണുള്ളതെന്ന് നിങ്ങൾ അറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുൻയാവിനെച്ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായിരിക്കെ ചില്ലിക്കാശ് നഷ്ടപ്പെട്ടതിനെച്ചൊല്ലി ആരെങ്കിലും കരയുകയും അലമുറകൂട്ടുകയും നശിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ഈ നിധിയെക്കുറിച്ചറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ സഹായത്തിനായി ദൈവം ഉണ്ടെന്നറിഞ്ഞെങ്കിൽ, നിങ്ങൾ ദുൻയാവിനുവേണ്ടി അവനെ മറക്കുന്നതെങ്ങനെ? അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെക്കൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 21)(മൻസ്വൂർ അഹ്മദ് മസ്റൂർ)

**വിവർത്തനം: പി. എം. വസീം അഹ്മദ് ചേലക്കര**


# നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

## 1800 3010 2131

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## വിശുദ്ധ ഖുർആന്റെ സ്ഥാനമഹിമ വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ

وَ قُلْ رَّبِّ اَدْخِلْنِيْ مُدْخَلَ صِدْقٍ وَّ اَخْرِجْنِيْ مُخْرَجَ صِدْقٍ وَّ اجْعَلْ لِّيْ مِنْ لَّدُنْكَ سُلْطٰنًا نَّصِيْرًا ﴿٨١﴾

**പറയുക, ഈ ഖുർആനിന് തുല്യമായ മറ്റൊന്ന് കൊണ്ടു വരുന്നതിന് ഇൻസും ജിന്നുമെല്ലാം സംഘടിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ- അവർ പരസ്പരം സഹായിച്ചിരുന്നാൽ പോലും-അവർക്ക് അതിന് തുല്യമായതു കൊണ്ടുവരാൻ സാധ്യമല്ല.(17:89)**

**ഉന്നതമായ മാർഗദർശനം നല്കുന്ന ഗ്രന്ഥം:**

اِنَّ هٰذَا الْقُرْاٰنَ يَهْدِيْ لِلَّتِيْ هِيَ اَقْوَمُ وَيُبَشِّرُ الْمُؤْمِنِيْنَ الَّذِيْنَ يَعْمَلُوْنَ الصّٰلِحٰتِ اَنَّ لَهُمْ اَجْرًا كَبِيْرًا ﴿١٠﴾

**തീർച്ചയായും ഈ ഖുർആൻ ഏറ്റവും നേരായ മാർഗത്തിലേക്ക് വഴികാട്ടുകയും സൽക്കർമം ചെയ്യുന്ന വിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.(17:10)**

**സത്യവിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവും:**

وَ نُنَزِّلُ مِنَ الْقُرْاٰنِ مَا هُوَ شِفَآءٌ وَّ رَحْمَةٌ لِّلْمُؤْمِنِيْنَ وَلَا يَزِيْدُ الظّٰلِمِيْنَ اِلَّا خَسَارًا ﴿٨٣﴾

**വിശ്വാസികൾക്ക് ശമനൗഷധവും കാരുണ്യവുമായിട്ടുള്ള(അധ്യാപനം)നാം ഖുർആനിൽനിന്ന് ഇറക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ, അക്രമികൾക്ക് അത് നഷ്ടം മാത്രമെ വർധിപ്പിക്കുന്നുള്ളു.(17:83)**

**ഖുർആൻ പാരായണത്തിനുമുമ്പേ അഭയം തേടുക:**

فَاِذَا قَرَاْتَ الْقُرْاٰنَ فَاسْتَعِذْ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ﴿٩٩﴾

**അതുകൊണ്ടു നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവിൽ അഭയം പ്രാപിക്കുക.(16:99)**

**ഖുർആൻ പാരായണം ശ്രദ്ധിച്ചു കേൾക്കുക:**

وَاِذَا قُرِئَ الْقُرْاٰنُ فَاسْتَمِعُوْا لَهٗ وَاَنْصِتُوْا لَعَلَّكُمْ تُرْحَمُوْنَ ﴿٢٠٥﴾

**ഖുർആൻ പാരായണം ചെയ്യപ്പെടുമ്പോൾ അത് ശ്രദ്ധിച്ചു കേൾക്കുകയും നിശബ്ദരായിരിക്കുകയും ചെയ്യുക; നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന്.(7:205)**

**വുളുവോടുകൂടി ഖുർആൻ പാരായണം ചെയ്യുക:**

اِنَّهٗ لَقُرْاٰنٌ كَرِيْمٌ ﴿٧٨﴾ فِيْ كِتٰبٍ مَّكْنُوْنٍ ﴿٧٩﴾ لَّا يَمَسُّهٗٓ اِلَّا الْمُطَهَّرُوْنَ ﴿٨٠﴾

**തീർച്ചയായും ഇതു ആദരണീയ ഗ്രന്ഥമാകുന്നു. ഭദ്രമായി അടച്ചു സൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ(ഇതു സ്ഥിതിചെയ്യുന്നു). പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇതു സ്പർശിക്കുകയില്ല.(56:78-80)**

## വിശുദ്ധ ഖുർആന്റെ സ്ഥാനമഹിമ തിരുഹദീഥുകളുടെ അടിസ്ഥാനത്തിൽ

عن عثمان بن عفان رضی الله عنه قال قال رسول الله صلی الله علیه و سلم خیر کم من تعلم القرا آن و علمه

**ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു:നിങ്ങളിലേറ്റവും ഉത്തമൻ വിശുദ്ധ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്.(ബുഖാരി, കിതാബു ഫളാഇലുൽ ഖുർആൻ ബാബു ഖയ്റുക്കും മൻ തഅല്ലമൽഖുർആൻ)**

**ഖുർആൻ മുഖേന സ്വർഗത്തിൽ സ്ഥാനക്കയറ്റം:**

قال رسول الله صلی الله علیه و سلم یقال لصاحب القر آن اذا دخل الجنة اقرا و اصعد فیقرا ویصعد بکل آیة درجة حتی یقرا اخر شیء معه

**ഹദ്റത്ത് നബി(സ)തിരുമേനി പറഞ്ഞു:ഖുർആൻ ഹൃദിസ്തമാക്കിയവൻ സ്വർഗത്തിൽ പ്രവേശിക്കുമ്പോൾ അവനോടു പറയപ്പെടും, നീ വിശുദ്ധ ഖുർആൻ ഓതിക്കൊണ്ടുപോകുകയും ഉന്നത പദവി കരസ്ഥമാക്കിക്കൊണ്ടുപോകുകയും ചെയ്യുക. അവൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്തുകൊണ്ടു പോകുകയും പദവികളുടെ നിലകൾ താണ്ടിക്കൊണ്ടുപോകുകയും ചെയ്യും. അവനു മനഃപ്പാഠമുള്ള അവസാനത്തെ ആയത്തുവരെ അവൻ ഉയർന്ന പദവികൾ കരസ്ഥമാക്കിക്കൊണ്ട് പോകും.(സുനൻ ഇബ്നുമാജ, കിതാബുൽഅദബ്, ബാബു ഥവാബുൽഖുർആൻ)**

**വിശുദ്ധ ഖുർആൻ അതുല്യഗ്രന്ഥം:**

عن ابن عباس رضی الله عنهما قال قال رسول الله صلی الله علیه و سلم ان الذی لیس فی جوفه شیء من القر آن کالبیت الخرب

**ഹദ്റത്ത് ഇബ്നുഅബ്ബാസ്(റ.മാ)വിവരിക്കുന്നു.നബി(സ)തിരുമേനി പറഞ്ഞു:വിശുദ്ധ ഖുർആനിന്റെ അൽപഭാഗംപോലും മനഃപ്പാഠമായിട്ടാല്ലാത്തവൻ ആളൊഴിഞ്ഞ വീടുപോലെയാണ്.(തുർമുദി ഫളാഇലുൽ ഖുർആൻ, ബാബു മൻ ഖറഅ ഹർഫൻ).**

**ഖുർആൻ ധാരാളമായി ഓതുന്നവൻ അസൂയാർഹനാണ്:**

لا حسد الا فی اثنتین رجل اتاه الله القر آن فهو یتلوه اناء اللیل و اناء النهار و رجل اتاه الله مالاً فهو ینفقه اناء اللیل اناء النهار

**രണ്ടു വ്യക്തികൾ അസൂയാർഹരാണ്. ഒന്ന്, അല്ലാഹു വിശുദ്ധ ഖുർആനിന്റെ നിഅ്മത്ത് പ്രദാനം ചെയ്യുകയും രാപ്പകൽ വിവിധ സമയങ്ങളിൽ അത് ഓതുകയും ചെയ്തവൻ. രണ്ട് അല്ലാഹു ധനപരമായ വിശാലത പ്രദാനം ചെയ്യുകയും രാപ്പകൽ അത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുകയും ചെയ്തവൻ.(ബുഖാരി കിതാബുത്തൗഹീദ്, ബാബു ഖൗലന്നബിയ്യി(സ) റജ്ലുൻ ആത്താഹുല്ലാഹുൽഖുർആന ഫഹുവ യഖൂമു ബിഹി)**

# മറ്റു ഗ്രന്ഥങ്ങളുടെമേൽ വിശുദ്ധ ഖുർആനിന്റെ മഹത്ത്വം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് വ മഹ്ദിയെ മഅ്ഹൂദ്(അ)ന്റെ പരിശുദ്ധ വചനങ്ങളുടെ വെളിച്ചത്തിൽ

* വിശുദ്ധഖുർആനിൽ നിങ്ങൾക്ക് ധാരാളം പരിശുദ്ധമായ കല്പനകൾ എഴുതിയിരിക്കുന്നു. അവയിലൊന്ന് ശിർക്കിൽനിന്ന് പരിപൂർണമായും മുക്തമായിരിക്കുക എന്നതാണ്. കാരണം ബഹുദൈവാരാധകർ മോക്ഷത്തിന്റെ നീരുറവിൽനിന്ന് നിർഭാഗ്യരാണ്. നിങ്ങൾ നുണ പറയരുത്. കാരണം നുണയും ബഹുദൈവാരാധനയുടെ ഒരു ഭാഗമാകുന്നു.

ഇഞ്ചീലിനെപ്പോലെ നിങ്ങൾ ദുർന്നോട്ടത്തോടും കാമവികാരത്തോടുംകൂടി അന്യസ്ത്രീകളെ നോക്കരുതെന്നും ആ വീക്ഷണത്തോടെയല്ലാതെ നോക്കുന്നത് അനുവദനീയമാണെന്നുമല്ല വിശുദ്ധഖുർആൻ പറയുന്നത്. നിങ്ങൾ സദുദ്ദേശ്യത്തോടെയോ അല്ലാതെയോ അന്യസ്ത്രീകളെ നോക്കാനേ പാടില്ല എന്നാണത് പറയുന്നത്. ഇതെല്ലാം വഴിതെറ്റുന്നതിനുള്ള സന്ദർഭങ്ങളാണ്. അന്യസ്ത്രീകളെ അഭിമുഖീകരിക്കുന്ന നേരത്ത് നിന്റെ കണ്ണുകൾ സുപ്തമായിരിക്കേണ്ടതാണ്. ഒരു മങ്ങിയ ദൃഷ്ടികൊണ്ട് കടുംജലദോഷത്തിന്റെ തുടക്കത്തിൽ മനുഷ്യൻ നോക്കുന്നത്രയല്ലാതെ നിനക്ക് അവളുടെ രൂപത്തിന്റെ ഒരറിവുമുണ്ടാകരുത്. ഇഞ്ചീൽ പ്രബോധിക്കുന്നതുപോലെ സുബോധം നശിക്കുമാറ് മദ്യപാനം തീരെ പാടില്ലെന്നാണ്. അല്ലാത്തപക്ഷം നിങ്ങൾക്ക് ദൈവപാത സ്വായത്തമാക്കുവാനോ ദൈവികഭാഷണം ലഭിക്കുവാനോ തീയ്യകാര്യങ്ങളിൽനിന്ന് പരിശുദ്ധിയാർജിക്കുവാനോ സാധിക്കുന്നതല്ല. മദ്യപാനം സാത്താന്റെ കണ്ടുപിടിത്തമാണെന്ന് അവൻ പറയുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്രാപിക്കുക.

ഇഞ്ചീലിനെപ്പോലെ നിങ്ങൾ അകാരണമായി നിങ്ങളുടെ സഹോദരന്റെമേൽ കോപിക്കരുതെന്നല്ല വിശുദ്ധഖുർആൻ പറയുന്നത്. മറിച്ച് നിങ്ങൾ കോപത്തെ സ്വയം നിയന്ത്രിക്കുക. എന്നല്ല തവാസ്വൗ ബിൽമർഹമ അനുസരിച്ച് പ്രവർത്തിക്കുകയും അങ്ങനെ ചെയ്യാൻ മറ്റുള്ളവരോട് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുകയെന്നതാണത് പറുയുന്നത്. സ്വയം കരുണ കാണിച്ചാൽ മാത്രംപോരാ കരുണ ചെയ്യാൻ തന്റെ എല്ലാ സഹോദരന്മാരോടും വസ്വിയ്യത്തും ചെയ്യുക.

ഇഞ്ചീലിനെപ്പോലെ വ്യഭിചാരമല്ലാത്ത തന്റെ ഭാര്യയുടെ എല്ലാ അവിശുദ്ധ പ്രവർത്തികളും സഹിക്കാനും വിവാഹമോചനം നല്കാതിരിക്കാനും വിശുദ്ധഖുർആൻ കല്പിക്കുന്നില്ല. മറിച്ച് അത് പറയുന്നത് അത്വയ്യിബാത്തു ലിത്വയ്യിബീന എന്നാണ്. അശുദ്ധരായവർക്ക് പരിശുദ്ധരോടൊപ്പം താമസിക്കുവാൻ പറ്റുകയില്ല. അതുകൊണ്ട് നിന്റെ ഭാര്യ വ്യഭിചരിക്കുന്നില്ലെങ്കിലും കാമദൃഷ്ടിയോടെ അന്യരെ നോക്കുകയും അവരെ കെട്ടിപ്പിടിക്കുകയും വ്യഭിചരിച്ചില്ലെങ്കിലും അതിന്റെ മുന്നൊരുക്കം അവളിൽ നിന്നുണ്ടാവുകയും അന്യർക്ക് തന്റെ നഗ്നത പ്രദർശിപ്പിക്കുകയും ബഹുദൈവാരാധന നടത്തുകയും കുഴപ്പങ്ങളുണ്ടാക്കുകയും ചെയ്യുന്നവളും ഏതൊരു പരിശുദ്ധ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ ആ ദൈവത്തിൽനിന്ന് അവൾ വിദൂരസ്ഥയും ഇത്തരം ദുഷ്പ്രവണതകളിൽനിന്ന് വിരമിക്കാത്തവളുമാണെങ്കിൽ നിനക്ക് അവളെ വിവാഹമോചനം ചെയ്യാവുന്നതാണ്. കാരണം അവൾ തന്റെ അനാശാസ്യപ്രവർത്തികളാൽ നിന്നിൽനിന്ന് വേർപ്പെട്ടവളാണ്. ഇപ്പോൾ നിന്റെ ശരീരത്തിന്റെ ഭാഗമല്ല. അതുകൊണ്ട് ലജ്ജയില്ലാതെ അവളോടൊപ്പം വസിക്കുന്നതിന് നിനക്കനുവാദമില്ല. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ അവൾ നിന്റെ ശരീരത്തിന്റെ ഭാഗമല്ല; നാറിയതും അഴുകിയതുമായ ഒരവയവമാണ്. അത് മുറിച്ചുമാറ്റത്തക്കതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ അത് നിന്റെ ശരീരത്തിന്റെ ഇതരഭാഗങ്ങളേയും കേടുവരുത്തുകയും നീ മരിക്കുകയും ചെയ്യും. ഇഞ്ചീലിനെപ്പോലെ, നീ ഒരിക്കലും ആണയിടരുതെന്ന് നിങ്ങളോടു ഖുർആൻ പറയുന്നില്ല. മറിച്ച്, വ്യർഥമായ ആണയിടലിനെയാണ് ഖുർആൻ വിരോധിക്കുനനത്. കാരണം ചില രീതികളിൽ ആണയിടുക എന്നത് തീരുമാനമെടുക്കുന്നതിനുള്ള ഒരു മാർഗമാണ്. അല്ലാഹു ഒരുപ്രകാരവും തെളിവിനെ പാഴാക്കാനാഗ്രഹിക്കുന്നില്ല. കാരണം അതുമുഖേന അവന്റെ യുക്തിക്ക് ഭംഗമുണ്ടാകുന്നു. ഒരാൾ ഏതെങ്കിലും ഒരു തർക്കവിഷയത്തെക്കുറിച്ച് സാക്ഷി പറയുന്നില്ലെങ്കിൽ തീരുമാനത്തിന് ദൈവസാക്ഷ്യത്തിന്റെ ആവശ്യം വരിക എന്നത് സ്വാഭാവികമാണ്. സത്യം ചെയ്യൽ ദൈവത്തെ സാക്ഷിയാക്കി നിറുത്തലാണ്. ഇഞ്ചീലിനെപ്പോലെ അക്രമിയെ ഒരിടത്തും എതിർക്കാൻ പാടില്ലെന്ന് ഖുർആൻ പറയുന്നില്ല. മറിച്ച് ഖുർആനിന്റെ അധ്യാപനം ഇതാണ്. *ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫ അജ്റുഹൂ അലല്ലാഹ്* തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും പാപം പൊറുക്കുകയും മാപ്പു കൊടുക്കുന്നതുകൊണ്ട് സൽമാറ്റമുണ്ടാകുകയും ഏതെങ്കിലും ദോഷം ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ അല്ലാഹു അതിനെ ഇഷ്ടപ്പെടുന്നു. അവന് അതിന്റെ പ്രതിഫലം നല്കുകയും ചെയ്യും.

വിശുദ്ധഖുർആനിന്റെ അധ്യാപനമനുസരിച്ച് എല്ലാ സ്ഥലങ്ങളിലും പ്രതികാരം ഉചിതമല്ല. അതേപ്രകാരം എല്ലാ സന്ദർഭങ്ങളിലും പൊറുത്തുകൊടുക്കലും അഭിലഷണീയമല്ല. മറിച്ച് സന്ദർഭവും സാഹചര്യവുമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. പ്രതികാരമോ പൊറുത്തുകൊടുക്കലോ പ്രതിയോഗിയുടെ സംസ്കരണത്തിനും പരിവർത്തനത്തിനും സഹായകമായിരിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ ഉദ്ദേശ്യം ഇതുതന്നെയാണ്.

ശത്രുക്കളോട് എപ്പോഴും സ്നേഹം കാണിക്കണമെന്ന് ഇഞ്ചീലിനെപ്പോലെ ഖുർആൻ പറയുന്നില്ല. മറിച്ച് നിനക്ക് വ്യക്തിപരമായി ഒരു ശത്രുവും ഉണ്ടായിരിക്കരുതെന്നും നീ സർവ്വരോടും അനുകമ്പയും ആർദ്രതയും കാണിക്കണമെന്നും വിശുദ്ധഖുർആൻ നിർദ്ദേശിക്കുന്നു. എന്നാൽ, നീ വിശ്വസിക്കുന്ന ദൈവത്തോടും ദൂതനോടും വേദഗ്രന്ഥത്തോടും ശത്രുതവെച്ചു പുലർത്തുന്നവൻ നിന്റെ ശത്രുവാണ്. അങ്ങനെയുള്ളവർക്ക് വേണ്ടിയും നീ പ്രാർഥിക്കേണ്ടതാണ്. അവരുടെ കർമങ്ങളോടായിരിക്കണം ശത്രുത പുലർത്തേണ്ടത്. വ്യക്തിത്വത്തോടല്ല. അവർ നന്നായിത്തീരുവാൻ നീ പരിശ്രമിക്കുക. ഇത് സംബന്ധിച്ച് അല്ലാഹു പറയുന്നു.

*ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി വ ഈതാഇദിൽ ഖുർബാ* അതായത് അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ഇച്ഛിക്കുന്നത്? നിങ്ങൾ എല്ലാ മനുഷ്യരോടും നീതിയും ന്യായവും വെച്ചു പുലർത്തുക. അതിലുപരി നിങ്ങളോട് നന്മ കാണിക്കാത്തവരോടും നിങ്ങൾ നന്മയും ഔദാര്യവും കാണിക്കുക. അതിലുമുപരി നിങ്ങൾ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും സ്വന്തം ബന്ധുക്കളോടെന്നപോലെ, മാതാക്കൾ മക്കളോടു കാണിക്കുന്ന രീതിയിൽ ഔദാര്യം കാണിക്കുക. കാരണം ചിലപ്പോൾ ഔദാര്യം കാണിക്കുന്നതുകൊണ്ട് ഒരുവിധത്തിലുള്ള അഹങ്കാരം ഗുപ്തമായ നിലയിൽ ഉണ്ടാകാനിടയുണ്ട്. എന്നാൽ, ഒരു മാതാവിനെപ്പോലെ സ്വാഭാവിക വികാരഭാവത്തോടെ നന്മ ചെയ്യുന്നയാൾ ഒരിക്കലും അഹങ്കാരം കാണിക്കുന്നില്ല. നന്മ ചെയ്യുന്നതിനുള്ള അവസാനത്തെ ശ്രേണി ഒരു മാതാവിന് തന്റെ മക്കളോട് പ്രകൃത്യായുള്ള വികാരഭാവമാകുന്നു.

ഈ വചനം സൃഷ്ടികളുമായി മാത്രം ബന്ധപ്പെട്ടതല്ല. സ്രഷ്ടാവായ അല്ലാഹുവുമായും ബന്ധപ്പെട്ടതാണ്. അല്ലാഹുവിനോട് നീതി എന്നു പറയുന്നത്, അവന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുകയാണ്. അല്ലാഹുവിനോടുള്ള ഔദാര്യം എന്നുപറയുന്നത് അവനെ കാണുന്നുവെന്ന നിലയിൽ അവനിൽ ദൃഢമായും വിശ്വസിക്കുക എന്നാണ്. അല്ലാഹുവിനോട് ബന്ധുസ്നേഹപരമായ ഉപകാരം എന്നത് അവനെ ആരാധിക്കുന്നത് സ്വർഗം ലഭിക്കണമെന്ന അഭിവാഞ്ചകൊണ്ടോ നരകത്തെക്കുറിച്ചുള്ള ഭയംകൊണ്ടോ അല്ലാതെ സ്വർഗമോ  നരകമോ ഇല്ലെന്ന് സങ്കല്പിക്കപ്പെട്ടാലും ദൈവസ്നേഹത്തിനും അനുസരണത്തിനും ഒരു കോട്ടവും ഉണ്ടാകാൻ പാടില്ല എന്നതാകുന്നു.

നിങ്ങളുടെമേൽ ശാപം ചൊരിയുന്നവർക്ക് ദൈവാനുഗ്രഹം തേടണമെന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ, നിങ്ങൾ സ്വയമായി ഒന്നും ചെയ്യരുതെന്നും മറിച്ച് ദൈവപ്രഭാവത്തിന്റെ ആസ്ഥാനമായ ഹൃദയത്തോടു, എങ്ങനെ അത്തരക്കാരോട് പെരുമാറണമെന്ന ഫത്‌വ ചോദിക്കുകയെന്നും വിശുദ്ധഖുർആൻ അരുൾചെയ്യുന്നു. നിങ്ങളെ ശപിക്കുന്നയാൾ അനുകമ്പാർഹനാണെന്നും ഉപരിലോകത്തുനിന്ന് അയാളുടെമേൽ ശാപം ഇടപ്പെടുന്നില്ലെന്നും നിന്റെ ഹൃദയത്തിൽ തോന്നിപ്പിച്ചാൽ ദൈവഹിതത്തിന്നെതിരാകാതിരിക്കാൻ നീയും ശാപം ചൊരിയരുത്. എന്നാൽ, നിന്റെ മനഃസാക്ഷി അയാൾക്ക് മാപ്പ് കൊടുക്കുന്നില്ലെങ്കിലും ഉപരിലോകത്ത് അയാളുടെമേൽ ശാപമിടുന്നുവെന്ന് നിന്റെ ഹൃദയത്തിൽ തോന്നിപ്പിക്കുന്നുവെങ്കിൽ നീ അവനായി അനുഗ്രഹം കാംക്ഷിക്കരുത്. സാത്താനുവേണ്ടി ഒരു പ്രവാചകനും അനുഗ്രഹം കാംക്ഷിക്കുകയോ അവനെ ശാപമുക്തനാക്കുകയോ

ചെയ്തിട്ടില്ല. എന്നാൽ, ആരേയും ശപിക്കുന്നതിൽ തിടുക്കം കാണിക്കരുത്. ദുർധാരണകളിൽ അധികവും അസത്യമാണ്. പല ശാപങ്ങളും ശപിക്കുന്നയാളിൽത്തന്നെ പതിക്കുന്നു. വളരെ സൂക്ഷിച്ചു പദമൂന്നുക. ഏതെങ്കിലും പ്രവർത്തി ചെയ്യുന്നതിനുമുമ്പേ പുനർചിന്തനം ചെയ്യുക. എപ്പോഴും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക. കാരണം നിങ്ങൾ അന്ധരാണ്. ഒരു നീതിമാനെ അന്യായം ചെയ്യുന്നവനായോ, സാത്ത്വികനെ വ്യാജനായോ കരുതിയാൽ നിങ്ങൾ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമായിത്തീരുകയും തദ്വാരാ നിങ്ങളുടെ എല്ലാ സൽകർമങ്ങളും വ്യർഥമായിത്തീരുകയും ചെയ്യുന്നതാണ്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 26-28)

## മറ്റു ഗ്രന്ഥങ്ങളുടെമേൽ വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠത സയ്യിദുന്നാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖലീഫമാരുടെ വചനങ്ങളുടെ വെളിച്ചത്തിൽ

### വിശുദ്ധ ഖുർആൻ എത്രത്തോളം പാരായണം ചെയ്യുമോ അത്രത്തോളം സന്തോഷവും സൗഖ്യവും വർധിച്ചുകൊണ്ടിരിക്കും.

●**ഹദ്റത്ത് ഖലീഫത്തുൽ ഒന്നാമൻ** ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ)പറയുന്നു:

ഞാൻ ലോകത്തുള്ള ഒരുപാട് ഗ്രന്ഥങ്ങൾ വായിച്ചു. ഒരുപാട് വായിച്ചു. എന്നാൽ, മനസ്സിനിഷ്ടപ്പെടുന്നതും സന്തോഷം പകരുന്നതും രുചി നല്കുന്നതും ഒരിക്കലും വിഷമിപ്പിക്കാത്ത തരത്തിലുള്ളതുമായ ഗ്രന്ഥം കണ്ടിട്ടില്ല. അത് ആവർത്തിച്ചാവർത്തിച്ച് വായിക്കുമ്പോഴും പാരായണം ചെയ്യുമ്പോഴും അതിൽ ചിന്തിക്കുമ്പോഴും മനസ്സിന് മുഷിപ്പുതോന്നുന്നില്ല. അല്ലെങ്കിൽ മനസ്സിന് മടുപ്പു തോന്നി ഉപേക്ഷിക്കേണ്ടിയും വന്നിട്ടില്ല. ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുകയാണ്; എന്റെ പ്രായം, വായന ഇഷ്ടപ്പെടുന്ന എന്റെ മനസ്സ്, ഗ്രന്ഥങ്ങളോടുള്ള ആസക്തി, ഒരു ഉൾക്കാഴ്ചയോടും ധാരാളം അനുഭവങ്ങളുടെ അടിസ്ഥാനത്തിലും ഇത്തരത്തിലുള്ള ഒരു ഗ്രന്ഥവും ഒരിക്കലുമൊരിക്കലും നിലവില്ലെന്ന കാര്യം പറയാൻ എനിക്ക് ധൈര്യം നല്കുന്നു. നിലവിലുണ്ടെങ്കിൽ അത് ഒരേയൊരു ഗ്രന്ഥമാണ്, അതു ഏതു ഗ്രന്ഥമാണ്? ദാലിക്കൽ കിതാബു ലാ റയ്ബ ഫീഹി. എത്രമാത്രം പ്രിയപ്പെട്ട നാമം! ഞാൻ സത്യമായും പറയുന്നു, വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല, അത് എത്രവട്ടം വായിച്ചാലും എത്രത്തോളം വായിച്ചാലും എത്രകണ്ട് അതിൽ ചിന്തിച്ചാലും അത്രകണ്ട് അനുഗ്രഹവും സന്തോഷവും വർധിച്ചുകൊണ്ടു പോകുന്നതായിരിക്കും. മനസ്സ് നിരാശപ്പെടുന്നതിനുപകരം കൂടുതൽ സമയം അതിൽ ചെലവഴിക്കാനാഗ്രഹിക്കുന്നതായിരിക്കും. കർമം ചെയ്യുന്നതിന് കുറഞ്ഞപക്ഷം ഉത്സാഹമുണ്ടാകുകയും മനസ്സിൽ ഈമാനിന്റേയും യഖീനിന്റേയും ഇർഫാനിന്റേയും തിരമാലകൾ അടിച്ചുയരുകയും ചെയ്യുന്നു.(ഹഖാഇഖുൽ ഫുർഖാൻ വാള്യം 1, പേജ് 34)

●**ഹദ്റത്ത് ഖലീഫത്തുൽമസീഹ് രണ്ടാമൻ(റ)**പറയുന്നു:

വിശുദ്ധ ഖുർആൻ മുഴുവനും പ്രവർത്തനക്ഷമമാണ്. നബി(സ)തിരുമേനി തന്റെ വഫാത്തിന്റെ ദിവസംവരെ വിശുദ്ധ ഖുർആനിന്റെ എല്ലാ കൽപനകളുടേയും പ്രവർത്തകനായിരുന്നു. അതനുസരിച്ച് പ്രവർത്തിപ്പിച്ചുകൊണ്ടുമിരുന്നു. വിശുദ്ധഖുർആനും വ്യക്തമായ വാക്കുകളിൽ അതു സുരക്ഷിതമാണെന്നതിനുള്ള സാക്ഷ്യം നല്കിക്കൊണ്ടിരിക്കുന്നു; ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ല ഹാഫിളൂൻ എന്ന ആയത്തിൽ പ്രകടമാകുന്നതുപോലെ. ഈ സംഭവങ്ങളുടെ സാന്നിധ്യത്തിൽ വിശുദ്ധ ഖുർആനിലെ ചില ആയത്തുകൾ കാലഹരണപ്പെട്ടതാണെന്ന് ചിന്തിക്കാനെ സാധിക്കുകയില്ല. ഇക്കാലത്ത് ലോകത്തുള്ള വിശുദ്ധ ഖുർആനിൽനിന്ന് ഒരു ആയത്തുപോലും കാലഹരണപ്പെട്ടിട്ടില്ല. ഇതിൽ ഒരുതരത്തിലുള്ള അഭിപ്രായ വ്യത്യാസവുമില്ല. അതു മായിക്കുന്നതിന് നമുക്ക് ഏതെങ്കിലും കാലഹരണപ്പെട്ടതിന്റെ അനുമതിയുടെ ഫത്വാ നല്കേണ്ട ആവശ്യവുമില്ല. അത് അതിന്റെ നിലവിലുള്ള അവസ്ഥയിൽ പരിപൂർണവും അന്യൂനവുമാണ്. ഇസ്ലാമിന്റെ സകലമാന എതിരാളികളും കൂടിച്ചേർന്ന് അതിലെന്തെങ്കിലും ഭിന്നത സ്ഥാപിക്കാൻ ആഗ്രഹിച്ചാലും അവർക്കതിനു കഴിയുകയില്ല. നാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ വാദത്തോടെ പറയുകയാണ്, അറിവുള്ള ഏതെങ്കിലും വ്യക്തി അല്ലെങ്കിൽ ഏതെങ്കിലും എതിരാളിയായ ജമാഅത്ത് വിശുദ്ധഖുർആനിൽ വൈരുദ്ധ്യമുണ്ടെന്ന് സ്ഥാപിക്കാനാഗ്രഹിച്ചാൽ നമുക്ക് വിശുദ്ധ ഖുർആൻകൊണ്ടുതന്നെ അതിനെ ഖണ്ഡിക്കാൻ കഴിയുന്നതാണ്.(തഫ്സീറെ കബീർ, വാള്യം 2, പേജ് 101)

●**ഹദ്റത്ത് ഖലീഫത്തുൽമസീഹ് മൂന്നാമൻ(റഹ്)**പറയുന്നു:

അല്ലാഹു സൂറത്ത് അൻആമിൽ പറയുന്നു: വ ഹാദാ കിതാബുൻ അൻസൽനാഹു മുബാറക്കുൻ ഫത്തബിഊഹു വത്തഖൂ ലഅല്ലക്കും തുർഹമൂൻ(6:156)നാം ഇറക്കിയ അനുഗൃഹീത ഗ്രന്ഥമാണിത്. അതുകൊണ്ട് നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന് നിങ്ങളതിനെ പിൻപറ്റുകയും ദോഷബാധയെ സൂക്ഷിച്ചുകൊള്ളുകയും ചെയ്യുക. (ഇത്തബിഊഹു) ഇതിൽനിന്ന് നിങ്ങൾക്ക് നേട്ടങ്ങളുണ്ടാകുന്നതാണ്. ഒന്നാമതായി നിങ്ങൾ അല്ലാഹുവിന്റെ അഭയത്തിൽ വരുന്നതായിരിക്കും. അല്ലാഹു നിങ്ങളുടെ പരിചയായിത്തീരുകയും ചെയ്യും. സാത്താനികമായ എല്ലാ ദുർബോധനങ്ങളിൽനിന്നും അവൻ നിങ്ങളെ രക്ഷിക്കുന്നതാണ്. കാരണം ഈ അനുഗൃഹീതമായ ഗ്രന്ഥത്തെ പിൻപറ്റാതെ തഖ്വായുടെ ശരിയായ വഴികളുടെ തിരിച്ചറിവും കരസ്ഥമാകുകയില്ല. അവയിലൂടെ നടന്ന് അല്ലാഹുവിന്റെ സമ്പൂർണമായ സംരക്ഷണത്തിന്റെ ഉള്ളിലും മനുഷ്യന് വരാൻ സാധിക്കുകയില്ല. രണ്ടാമത്തെ നേട്ടമെന്ന് പറയുന്നത് തുർഹമൂൻ അതായത് അല്ലാഹുവിന്റെ കാരുണ്യത്തിന് നിങ്ങൾ അർഹരാകും. അവന്റെ അനശ്വരമായ സമ്മാനങ്ങളുടെ ഫലമായി ശാരീരകവും ആത്മീയപരവുമായ ഐശ്വര്യവും കരസ്ഥമാകുന്നതായിരിക്കും.(ഖുത്ബ ജുമുഅ 5-5-1967)

●**ഹദ്റത്ത് ഖലീഫത്തുൽമസീഹ് നാലാമൻ അർറാബിഅ്(റഹ്)** പറയുന്നു:

വിശുദ്ധ ഖുർആൻ സന്മാർഗത്തിന്റെ എങ്ങനെയുള്ള ഗ്രന്ഥമാണെന്നാൽ, അത് അതിനോടു സന്മാർഗം തേടുന്നവർക്ക് ആദ്യ ചുവടുമുതൽ അതിന്റെ പാരമ്യതവരെയുള്ള സന്മാർഗത്തിന്റെ സകല രീതികളും പഠിപ്പിച്ചുകൊണ്ടേപോകുന്നു. ഓരോ ചുവടിലും സഹായിക്കുന്നു. ഇതെങ്ങനെയുള്ള മാർഗദർശിയായ ഗ്രന്ഥമാണെന്നാൽ, അത് ഉദ്ദിഷ്ടസ്ഥാനങ്ങളുടെ എല്ലാ അപകടങ്ങളെ കുറിച്ചും അറിയുന്നു. ഓരോ ചുവടിലും ഏതുതരത്തിലുള്ള പരീക്ഷണമാണോ യാത്രക്കാരന് അല്ലെങ്കിൽ ദൈവമാർഗത്തിൽ പ്രയാണം ചെയ്യുന്നവന് അഭിമുഖീകരിക്കേണ്ടിവരുന്നത് അവ നല്ലവണ്ണം അറിയുന്നു. സന്മാർഗത്തിന്റെ വഴിയിൽ യാത്രചെയ്യുന്നവന്, വിശുദ്ധ ഖുർആനിൽനിന്ന് മാർഗദർശനം തേടുന്നവന് ഓരോ അപകടത്തെ കുറിച്ചും കൃത്യനേരത്ത് അറിയിപ്പുനല്കിക്കൊണ്ടുപോകുന്നു. അതിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗം പഠിപ്പിച്ചുകൊണ്ടുപോകുന്നു. പുതിയ ധൈര്യം പ്രദാനം ചെയ്തുകൊണ്ടുപോകുന്നു. ചുരുക്കത്തിൽ ഒരു നിമിഷനേരംപോലും ദൈവമാർഗത്തിൽ സഞ്ചരിക്കുന്നവന്റെ കൂടെനിന്ന് അതു വിട്ടുമാറുന്നില്ല.ഈ വശത്തൂടെ നമ്മൾ വിശുദ്ധ ഖുർആനിൽ ചിന്തിക്കുമ്പോൾ ഹസ്ബുനാ കിതാബുല്ലാഹി(അല്ലാഹുവിന്റെ ഗ്രന്ഥം ഞങ്ങൾക്കുമതിയായതാണ്)എന്നതിന്റെ അർഥം നല്ലവണ്ണം മനസ്സിലാകുന്നു. ഈ ഗ്രന്ഥത്തിൽനിന്ന് മാർഗദർശനം കരസ്ഥമാക്കുന്നവർക്ക്, പൂർണമായ ആത്മാർഥതയോടും, ദൈവഭയത്തോടും ദൃഢനിശ്ചയത്തോടുംകൂടി അതു പറഞ്ഞിട്ടുള്ള വഴികളിൽ തങ്ങൾ നടക്കുന്നവരായിരിക്കും എന്നു പറയുന്നവർക്ക്, മുഖ്‌ലിസീനലഹുദ്ദീൻ, നിഷ്കളങ്കമാക്കുന്നവരായ നിലയിൽ അവന് കീഴ്‌വണങ്ങുന്നവർക്ക് എല്ലാ വിധത്തിലും അതു മതിയായതാണ്. അതിനുശേഷം മറ്റൊന്നിന്റേയും ആവശ്യം വരുന്നില്ല.(ഖുത്ബാത്തെ ത്വാഹിർ വാള്യം 2 പേജ് 579)

●**ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഞ്ചാമൻ(അയ്യദഹുല്ലാഹ്)** പറയുന്നു:

വിശുദ്ധ ഖുർആനിന്റെ അധ്യാപനം എല്ലാ തരത്തിലുള്ള അധ്യാപനങ്ങളുടേയും ജീവിത നിയമത്തിന്റേയും സമാഹാരമാണ്. ആത്മീയതയുടെ ഉന്നതനിലവാരത്തിന്റെ പാഠം അതു നല്കുന്നു. സൽസ്വഭാവങ്ങളുടെ ഉന്നതനിലവാരങ്ങളുടെ പാഠം നല്കുന്നു. എല്ലാ ഓരോ

(ശേഷം പേജ് 10ൽ)

- **കുട്ടികളിൽ വിശുദ്ധഖുർആനോടുള്ള സ്നേഹമുണ്ടാകുന്നത് മാതാപിതാക്കൾ വിശുദ്ധഖുർആൻ പാരായണം ചെയ്യുകയും അതിൽ ചിന്തിക്കുയും ആലോചിക്കുകയും ചെയ്യുന്ന ശീലമുണ്ടാക്കുമ്പോഴാണ്. അത് പാരായണം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധിക്കുമ്പോഴാണ്.**
- **വിശുദ്ധഖുർആനോടുള്ള യഥാർഥ ആദരവെന്നത്, അതിനോടുള്ള സ്നേഹമെന്നു പറയുന്നത് അതിന്റെ കൽപനയനുസരിച്ച് കർമങ്ങൾ ചെയ്യാൻ പിരപൂർണമായും പരിശ്രമിക്കുക എന്നതാണ്.**
- **വിശുദ്ധ ഖുർആനിന്റെ നിയമവും ഫലപ്രദമാകുന്നത്, മോക്ഷം നല്കുന്നതാകുന്നത്, അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. അതനുസരിച്ചുള്ള പ്രവർത്തനമുണ്ടാകുന്നില്ലെങ്കിൽ അത് മോക്ഷം നല്കുന്നതിനുള്ള മാർഗമാകുകയില്ല. പ്രവർത്തിക്കാതെ വെറും വായിക്കുന്നതുകൊണ്ട് മോക്ഷമുണ്ടാകുകയില്ല.**
- **അതുകൊണ്ട് നമ്മൾ വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിന് ഒരുപാടൊരുപാട് പരിശ്രമിക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തിക്കാൻ പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ വീടും സ്വർഗംപോലെ ആകുന്നത്. നമ്മുടെ സമൂഹത്തിലും ചുറ്റുപാടിലും നമ്മൾ തബ്ലീഗിനോടുള്ള കടമ നിറവേറ്റുന്നവരായിത്തീരുക.**
- **വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട എല്ലാതരത്തിലുമുള്ള നന്മകളേയും നമ്മുടെമേൽ നടപ്പിൽവരുത്താൻ ശ്രമിക്കുക.**

*(ബദ്ർ പത്രത്തിന്റെ* **ഖുർആൻ സ്പെഷ്യൽ** *എന്ന പ്രത്യേക ലക്കത്തിൽ* **സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്** *2011 ഡിസംബർ 16 ന് ചെയ്ത ജുമുഅ ഖുത്ബയിൽനിന്നുള്ള ഒരുഭാഗം അനുവാചകർക്കുവേണ്ടി പ്രസിദ്ധീകരിക്കുകയാണ്.* (എഡിറ്റർ)

നമ്മുടെ കുട്ടികൾ പൊതുവെ മാശാഅല്ലാഹ് വളരെ ചെറിയ പ്രായത്തിൽത്തന്നെ ഖുർആൻ ഖത്തം ചെയ്യുന്നു. തങ്ങളുടെ കുട്ടികൾ എത്രയും വേഗം വിശുദ്ധ ഖുർആൻ ഖത്തം ചെയ്യണമെന്നത് മാതാക്കൾക്ക് എപ്പോഴുമുള്ള ചിന്തയാണ്. അവർ അതിനുവേണ്ടി കഠിനാധ്വാനം ചെയ്യുന്നു. ഇവിടേയും വിവിധ രാജ്യങ്ങളിലും ഞാൻ പോകുമ്പോൾ അവിടേയും കുട്ടികൾക്കും മാതാപിതാക്കൾക്കും എന്റെ മുമ്പിൽ കുട്ടികളെക്കൊണ്ട് വിശുദ്ധഖുർആൻ ഓതിച്ചിട്ട് അവരുടെ ആമീൻ പരിപാടി നടത്തണമെന്ന് താൽപര്യമുണ്ടാകുന്നു. പക്ഷേ, എനിക്കു കാണാൻ കഴിഞ്ഞത് ഒരിക്കൽ വിശുദ്ധ ഖുർആൻ ഓതിത്തീർത്തതിനുശേഷം പിന്നീട് അതിന്റെ ആവർത്തനവും, കുട്ടികളെ സ്ഥിരമായി ഖുർആൻ ഓതിക്കുന്ന ശീലവും ഉണ്ടാക്കുന്നതിന് പൊതുവെ ആദ്യത്തെ പ്രാവശ്യം ഓതിത്തീർക്കുന്നതിനു കാണിച്ച താൽപര്യവും ആവേശവും രണ്ടാം പ്രാവശ്യം കാണിക്കുന്നില്ലെന്നതാണ്. കാരണം വിശുദ്ധ ഖുർആൻ നിത്യവും പാരായണംചെയ്യാറുണ്ടോ എന്ന് ഞാൻ അവരോടു ചോദിക്കുമ്പോൾ(ചിലർ ഓതുന്നത് കേൾക്കുമ്പോൾത്തന്നെ അതറിയാൻ കഴിയുന്നു)പൊതുവെ തിലാവത്ത് ചെയ്യുന്നതിൽ കൃത്യനിഷ്ഠയില്ലെന്ന് അറിയാൻ കഴിയുന്നുണ്ട്. വാസ്തവത്തിൽ കുട്ടികൾ ഖത്തം ചെയ്തു കഴിഞ്ഞാൽ അവർ പതിവായി ഓതാറുണ്ടോ എന്ന് മാതാപിതാക്കൾ നോക്കേണ്ടതാണ്. അവർ അത് ശീലമാക്കേണ്ടതാണ്. അതുകൊണ്ട് നിങ്ങളുടെ ചിന്ത ആദ്യത്തെ പ്രാവശ്യം കുട്ടി ഖുർആൻ ഓതിത്തീർക്കണമെന്നതിൽ മാത്രമാകരുത്. അവിടെ പരിമിതമാക്കരുത്. പ്രത്യുത തുടർന്നും സ്ഥിരമായനിലയിൽ അത് നോക്കേണ്ട ആവശ്യമുണ്ട്. തീർച്ചയായും ആദ്യതവണ വിശുദ്ധ ഖുർആൻ പഠിപ്പിക്കുക എന്നതും ഖത്തം ചെയ്യിക്കുക എന്നതും വളരെ ശ്രമകരമായ ജോലിയാണ്. പക്ഷേ, ഞാൻ പറഞ്ഞതുപോലെ സ്ഥായിയായ നിലയിൽ അതു തുടർന്നുകൊണ്ടുപോകുക എന്നതും അതിനെക്കാളേറെ നിർബന്ധമാണ്. കഴിഞ്ഞ ദിവസം ഒരു സ്ത്രീയുടെ കത്ത് എനിക്കുകിട്ടി. അതിൽ എന്റെ മാതാവിനെ കുറിച്ചാണ് അവർ പറഞ്ഞിരുന്നത്. അതിലെഴുതിയിരിക്കുന്നത്, ഇന്നും താൻ അവരോടു നന്ദിയുള്ളവളാണെന്നാണ്. അവരെഴുതി:ഒരു പ്രാവശ്യം ഞാനെന്റെ മകളേയോ മകനേയോ കൂട്ടി അവരുടെയടുക്കൽ പോയി. അവൾ വിശുദ്ധ ഖുർആൻ ഖത്തം ചെയ്തിരുന്നു. ഞാൻ വളരെ അഭിമാനത്തോടെ അവരോടു പറഞ്ഞു: ഈ മകൾ 6–ാം വയസ്സിൽ വിശുദ്ധ ഖുർആൻ ഖത്തം ചെയ്തു. അപ്പോൾ അവർ പറഞ്ഞു:6–ാം വയസ്സിലോ 5–ാം വയസ്സിലോ ഖുർആൻ ഖത്തം ചെയ്യുക എന്നത് അത്രശ്രേഷ്ഠമായ കാര്യമൊന്നുമല്ല. നിങ്ങളുടെ കുട്ടികളുടെ മനസ്സിൽ വിശുദ്ധ ഖുർആനോടുള്ള സ്നേഹം എത്രമാത്രമുണ്ടാക്കിയെന്ന് നിങ്ങളെനിക്ക് പറഞ്ഞുതരിക. യാഥാർഥ്യം ഇതുതന്നെയാണ്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിനോടൊപ്പം അതിനോടുള്ള സ്നേഹവുമുണ്ടാക്കേണ്ടതും നിർബന്ധമാണ്. അപ്പോഴാണ് കുട്ടികൾക്ക് സ്വയം പാരായണം ചെയ്യാനുള്ള താൽപര്യമുണ്ടാകുന്നത്. നമ്മൾ ഏതു കാലഘട്ടത്തിലൂടെയാണോ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത് ഇക്കാലത്ത് ഇവിടെ കുട്ടികൾക്ക് ഏറെ താൽപര്യമുള്ള കാര്യങ്ങൾ സുലഭമാണ്. ടി.വി.യുണ്ട്, ഇന്റർനെറ്റുണ്ട്, മറ്റുഗ്രന്ഥങ്ങളുമുണ്ട്. കുട്ടി രാവിലെ പതിവായി എഴുന്നേൽക്കാനും തിലാവത്തു ചെയ്യാനും പഠിക്കാനും തുടങ്ങിയാൽ അവന് വിശുദ്ധ ഖുർആനിന്റെ പ്രാധാന്യത്തിന്റെ ബോധമുണ്ടാകുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദും(അ)ഇക്കാര്യത്തിൽ ശ്രദ്ധക്ഷണിക്കുകയുണ്ടായി. കുട്ടികൾക്ക് താൽര്യമുള്ള ഒരുപാട് കാര്യങ്ങൾ സുലഭമായിരിക്കുന്ന ഇക്കാലത്ത്, താൽപര്യമുള്ള ഒരുപാട് പുസ്തകങ്ങളുണ്ട്, വിവിധ തരത്തിലുള്ള അറിവുകൾ പ്രകടമായിക്കൊണ്ടിരിക്കുന്നു, ഇങ്ങനെയുള്ള ഇക്കാലത്ത് വിശുദ്ധ ഖുർആനിന്റെ പ്രാധാന്യം വർധിക്കുകയാണ്. നമ്മൾ ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് ഇതു പഠിക്കുന്നതിലേക്ക് കൂടുതൽ ശ്രദ്ധചെലുത്തേണ്ട ആവശ്യമുണ്ട്. കുട്ടികളിൽ വിശുദ്ധഖുർആനോടുള്ള സ്നേഹമുണ്ടാകുന്നത് മാതാപിതാക്കൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും അതിൽ ചിന്തിക്കുയും ആലോചിക്കുകയും ചെയ്യുന്ന ശീലമുണ്ടാക്കുമ്പോഴാണ്. അത് പാരായണം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധിക്കുമ്പോഴാണ്. സകല വീടുകളിൽനിന്നും സ്വുബ്ഹി നമസ്കാരത്തിനുശേഷം അല്ലെങ്കിൽ –ഈയിടെ തണുപ്പുകാലമായതിനാൽ നമസ്കാരം താമസിച്ചാണ് നമസ്കരിക്കുന്നത്, ആർക്കെങ്കിലും ജോലിക്ക് പെട്ടെന്ന് പോകണമെങ്കിൽ–നമസ്കാരത്തിനുമുമ്പേ പതിവായി തിലവത്ത് ചെയ്തിട്ട് പോകുകയാണെങ്കിൽ ആ വീട് വിശുദ്ധഖുർആൻ കാരണത്താൽ ബർക്കത്തുകൾകൊണ്ടു നിറയുന്നതായിരിക്കും. കുട്ടികൾക്കും ഇക്കാര്യത്തിൽ ശ്രദ്ധയുണ്ടാകും. ആ നന്മകളെ പിൻപറ്റി കുട്ടികളും നടക്കുന്നതായിരിക്കും. ഇതും മുഅ്മിനിൽ ഉണ്ടായിരിക്കേണ്ടതാണ്. അവരങ്ങനെ വളർന്നു വളർന്ന് വരുന്തോറും വിശുദ്ധഖുർആനിന്റെ മഹത്ത്വവും അതിനോടുള്ള സ്നേഹവും അവരുടെ മനസ്സുകളിൽ വർധിച്ചുകൊണ്ടുപോകുന്നതാണ്. നമ്മൾ ചിന്തിച്ചുകൊണ്ട് വിശുദ്ധഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ വീടുകളിൽ ഭാര്യാഭർത്താക്കന്മാരിൽ അല്ലാഹുവിനുവേണ്ടി സ്നേഹത്തിന്റേയും സമ്പ്രീതിയുടേയും ദൃശ്യങ്ങൾ കാണാൻ കഴിയുന്നിടത്ത് കുട്ടികളും ജമാഅത്തിന് ഉപകാരപ്പെടുന്നവരായി വളർന്നു വരുന്നതും പിന്നീട് നമ്മളിലെ ഓരോരുത്തരും കാണുന്നതായിരിക്കും അവരുടെ ശിക്ഷണവും ഉന്നതമായ രീതിയിൽ നടന്നുകൊണ്ടിരിക്കുന്നതാണ്. ഇക്കാര്യമാണ് ഒരു അഹ്മദിയെ തന്റെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിന് പൂർണമായ ശ്രദ്ധയോടും അധ്വാനത്തോടും ചെയ്യേണ്ടത്.

ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം നമ്മളിലുണ്ടാക്കുന്നതിന് ഒരുപാട് പരിശ്രമിക്കുകയുണ്ടായി. അദ്ദേഹം വന്നതിന്റെ ഉദ്ദേശ്യവും ഇതുതന്നെയായിരുന്നു. അതായത് നിങ്ങൾ ലോകത്തെ എല്ലാ വസ്തുക്കളെക്കാളും ഉന്നതസ്ഥാനം വിശുദ്ധഖുർആന് നല്കുന്നവരാകുക. മറ്റൊന്നിനും കൊടുക്കാത്ത ആദരവ് അതിനു കൊടുക്കുക. അന്യജമാഅത്തുകൾ പൊതുവെ ബഹുമാനിക്കുന്ന രീതിയിൽ നമ്മൾ വിശുദ്ധ ഖുർആനിനെ ബഹുമാനിച്ചാൽ പോര. മനോഹരമായ വസ്ത്രത്തിൽ പൊതിഞ്ഞുവച്ചാൽ പോര, ആകർഷണീയമായ ഷൽഫിൽവച്ചാൽ പോര. വിശുദ്ധഖുർആനോടുള്ള യഥാർഥ ആദരവെന്നത്, അതിനോടുള്ള സ്നേഹമെന്നു പറയുന്നത് അതിന്റെ കൽപനയനുസരിച്ച് കർമങ്ങൾ ചെയ്യാൻ പിരപൂർണമായും പരിശ്രമിക്കുക എന്നതാണ്. അതിലെ വിധിവിലക്കുകൾ ജീവിതത്തിന്റെ ഭാഗമാക്കുക എന്നതാണ്. ഏതൊരു കാര്യമാണോ അല്ലാഹു ചെയ്യരുതെന്ന് പറഞ്ഞ് വിലക്കിയത് അത് ചെയ്യാതിരിക്കുക എന്നതാണ്. ഏതൊരു കാര്യമാണോ ചെയ്യാൻ കൽപിച്ചിട്ടുള്ളത് അത് ചെയ്യുന്നതിന് സകലകഴിവുകളും ശക്തികളും പൂർണമായും ഉപയോഗിക്കുക എന്നതാണ്. അല്ലാഹുവിനോ

ടുള്ള ഭയം മനസ്സിൽവെച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)നിരവധി സ്ഥലങ്ങളിൽ, തന്റെ ഗ്രന്ഥങ്ങളിൽ, തന്റെ മജ്ലിസുകളിൽ, മൽഫൂദാത്തിലെല്ലാം വിശുദ്ധഖുർആനിന്റെ പ്രാധാന്യം വിവരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരു അഹ്മദിയിൽനിന്ന്, ബയ്അത്തുചെയ്ത ആളിൽനിന്ന് താൻ പ്രതീക്ഷിക്കുന്നതെന്താണെന്ന് വിശദീകരിച്ചിട്ടുണ്ട്. അതിനാൽ നമുക്കു നമ്മുടെ വീടുകളെ വിശുദ്ധഖുർആൻപാരായണംകൊണ്ട് ഒരുപാട് നിറയ്ക്കേണ്ട ആവശ്യമുണ്ട്. തിലാവത്തിനോടൊപ്പം അതിലെ കൽപനകൾ മനസ്സിലാകുന്നതിന് അതിന്റെ തർജമയും വായിക്കേണ്ടതുണ്ട്. അതിന്റെ തർജമയുടെ ചർച്ചകളും പരിശ്രമവുമുണ്ടാകണം. തിലാവത്തിന്റെ ശീലം മാത്രം ഉണ്ടാക്കിയാൽപോര. പ്രത്യുത എങ്ങനെയുള്ള മജ്ലിസ്സുകൾ സംഘടിപ്പിക്കണമെന്നാൽ, അതിൽ കുട്ടികളിലും താൽപര്യമുണ്ടാകാൻ വിശുദ്ധഖുർആനിലെ ചെറിയ ചെറിയ കാര്യങ്ങളെടുത്ത് അവരുടെ മുമ്പിൽ വിവരിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)നമസ്കാരത്തിന്റേയും ഖുർആനിന്റേയും തർജമകൾ മനസ്സിലാക്കേണ്ടതും പഠിപ്പിക്കേണ്ടതും വളരെ അത്യാവശ്യമായി പറഞ്ഞിരിക്കുന്നു. പക്ഷേ, തർജമകൾ മാത്രം വായിക്കുകയും മൂലഭാഷയായ അറബിവാക്യങ്ങൾ അല്ലെങ്കിൽ വചനങ്ങൾ വായിക്കേണ്ടെന്നും പറഞ്ഞില്ല. അവിടന്ന് പറഞ്ഞു:വിശുദ്ധഖുർആനിന്റെ തർജമമാത്രം വായിച്ചാൽ മതിയെന്ന് നാമൊരിക്കലും ഫത്‌വാ നല്കുന്നില്ല. അങ്ങനെയായാൽ വിശുദ്ധഖുർആനിന്റെ അത്ഭുതദൃഷ്ടാന്തം വ്യർഥമായിപ്പോകും. തർജമ മാത്രം വായിച്ചാൽ മതിയെന്ന് ആരാണോ പറയുന്നത് അയാൾ വിശുദ്ധ ഖുർആൻ ലോകത്തുണ്ടാകരുതെന്ന് ആഗ്രഹിക്കുന്നവനാണ്.(മൽഫൂദാത്ത് വാല്യം 3, പേജ് 265, 2003 പതിപ്പ്, പ്രസാധനം റബ്‌വ)

അതിനാൽ ഇതുതന്നെയാണ് വിശുദ്ധ ഖുർആനിന്റെ ദിവ്യാത്ഭുതം. അതു ഇന്നുവരെ അതിന്റെ യഥാർഥ അവസ്ഥയിൽ നിലകൊള്ളുന്നുവെന്നത് വളരെ വലിയ ദിവ്യാത്ഭുതമാണ്! അല്ലാഹുവിന്റെ വിളംബരമാണിത്. ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ സത്യമായും ഈ പ്രബോധനഗ്രന്ഥം ഇറക്കിയത് നാം തന്നെയാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതുമാണ്(15:10)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ ഈ ദിവ്യാത്ഭുതം ഇതിന്റെ യഥാർഥമായ വാക്യങ്ങളിൽ ഇന്നുവരെ നിലനിന്നുവരുന്നു. വിശുദ്ധ ഖുർആൻ അതിന്റെ യഥാർഥമായ രൂപത്തിലും യഥാർഥമായ അവസ്ഥയിലും ഇന്നുവരെ സുരക്ഷിതമായി നിലകൊള്ളുന്നുവെന്ന് ഇസ്‌ലാമിന്റെ കഠിനശത്രുക്കൾപോലും സമ്മതിക്കാതിരിക്കുകയില്ല. തർജമമാത്രം അവലംബമാക്കാൻ തുടങ്ങിയാൽ, തർജമകൾ നമ്മൾ നോക്കാറുണ്ട്, അവ പരസ്പരം വളരെ വ്യത്യസ്തമായ രീതിയിൽ ചെയ്തിരിക്കുന്നതാണ് നമ്മൾ കാണുന്നത്. എന്നല്ല നമ്മൾ നമ്മുടെ തർജമ ലോകത്തിന്റെ മുമ്പിൽ വെക്കുമ്പോൾ അത് തികച്ചും വിഭിന്നമാണെന്ന് ആളുകൾ സമ്മതിക്കുന്നു. കാരണം മറ്റുള്ളവർ ശരിയായ തർജമയല്ല ചെയ്തിട്ടുള്ളത്. ഇസ് ലാമിന്റെമേൽ ആക്ഷേപമുന്നയിക്കുന്ന അമേരിക്കയിലെ ഒരു വലിയ പാതിരി വിശുദ്ധ ഖുർആനിന്റെ ചില തർജമകളുടെമേൽ (തർജമമാത്രമാണ് അദ്ദേഹം എടുത്തത്, അറബിമൂലം അദ്ദേഹം എടുത്തതേയില്ല) ആക്ഷേപമുന്നയിച്ചു. അതായത് ഇസ്‌ലാം ഇങ്ങനെ പറയുന്നു, അങ്ങനെ പറയുന്നു, ഖുർആൻ ഇങ്ങനെ പറയുന്നുവെന്നൊക്കെ പറഞ്ഞ്! അദ്ദേഹത്തിന് നമ്മൾ നമ്മുടെ തർജമ കൊടുത്തയച്ചപ്പോൾ അതിനുള്ള മറുപടിയും അദ്ദേഹം നല്കി. ഒരുപാട് പിന്നാലെ കൂടിയതിനുശേഷമാണ് മറുപടി കിട്ടിയത. 'ഞാനെടുത്തിട്ടുള്ള തർജമകളും മുസ്‌ലിമീങ്ങൾ ചെയ്തതാണ്. അതും മുസ്‌ലിമീങ്ങൾത്തന്നെ എഴുതിയതാണ്' എന്നായിരുന്നു. എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെയാണ് അറബി വാക്യത്തിന് ഏറ്റവും അനുയോജ്യമായ നിലയിൽ തർജമ ചെയ്തിട്ടുള്ളത്. അതിന്റെ ശരിയായ അർഥവും ജ്ഞാനവും പഠിപ്പിച്ചത്. ഇവിടെ അനുബന്ധമായി ഇതും കൂടെ പറയട്ടെ, കഴിഞ്ഞദിവസം അഹ്മദിയ്യത്തിനെതിരിൽ ഏതോ ഒരു ആക്ഷേപകന്റെ ആക്ഷേപം കാണാനിടയായി. അതിൽ അയാൾ പറയുകയാണ്, മിർസാസാഹിബ് നബിയായിരുന്നെങ്കിൽ അദ്ദേഹം തന്റെ ജമാഅത്തിനോടു ഇമാം അബൂഹനീഫയെ പിൻപറ്റാൻ പറഞ്ഞതെന്തിനാണെന്ന്? ഇതിനുള്ള മറുപടി ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ ഒരുപാടു സ്ഥലത്ത് നൽകയിട്ടുണ്ട്. ഇമാം അബൂഹനീഫയെ(റഹ്) പിൻപറ്റുകയെന്ന് അദ്ദേഹം ഒരിടത്തും ഒരിക്കലും പറഞ്ഞിട്ടില്ല. പക്ഷേ വിശുദ്ധ ഖുർആൻ ഉദ്ധരിച്ച് പറയുകയാണ്. ഇതൊരു ഉദ്ധരണിയാണ്. ആരോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്ലിസിൽ പറഞ്ഞു:ഹനഫീ മദ്ഹബിൽ തർജമ വായിച്ചാൽ മതിയെന്ന് പറയപ്പെട്ടിരിക്കുന്നു. ഇതുകേട്ടപ്പോൾ അവിടന്ന് പറഞ്ഞു:ഇതാണ് അബൂഹനീഫയുടെ മതമെങ്കിൽ അതു തെറ്റാണ്.(മൽഫൂദാത്ത് വാല്യം 3, പേജ് 205, 2003 പതിപ്പ്, പ്രസാധനം റബ്‌വ)

അദ്ദേഹം പറഞ്ഞ ഇക്കാര്യം തെറ്റായിരുന്നു. അദ്ദേഹം ഇമാമാണെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹം ഇസ്‌ലാമിന് ഒരുപാട് സേവനം ചെയ്തിട്ടുണ്ട്. ഒത്തിരി മസ്അലകൾ സമാഹരിച്ചിട്ടുണ്ട്. പക്ഷേ, അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ, തർജമമാത്രം മതിയെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ അതു തെറ്റാണ്.

എന്തായാലും ഇക്കാലത്ത് അല്ലാഹു വിശുദ്ധ ഖുർആനിനെ യഥാർഥമായ നിലയിൽ സംരക്ഷിക്കുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അവിടന്ന് തന്റെ ജമാഅത്തിനെ വിശുദ്ധ ഖുർആൻ മനസ്സിലാക്കാനും അതിനെ സ്നേഹിക്കാനും നിരവധി സ്ഥലങ്ങളിൽ ഉപദേശിച്ചു. അവിടന്ന് ഒരു സ്ഥലത്ത് പറയുന്നു:വിശുദ്ധ ഖുർആൻ ദൈവിക നിയമവും മോക്ഷത്തിന്റെ വഴിയുമാണ്.(മൽഫൂദാത്ത് വാല്യം 4, പേജ് 130, 2003 പതിപ്പ്, പ്രസാധനം റബ്‌വ)

ഈ വാക്യത്തിന്റെ മുന്നിലും പിന്നിലും ഒരു വാദപ്രതിവാദത്തെ കുറിച്ച് പറയുന്നുണ്ട്. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈസാ നബിയുടെ മരണം വിശുദ്ധഖുർആനിൽനിന്ന് സ്ഥാപിക്കുന്നതിന് വിവരിച്ചതാണ്. പക്ഷേ, ഇതൊരു പൊതുവായ നിയമവുമാണ്. വിശുദ്ധ ഖുർആൻ ദൈവിക നിയമമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മുക്തിയ്ക്കുള്ള മാർഗവുമാണ്. നമ്മൾ നോക്കുകയാണെങ്കിൽ ഭൗതികനിയമവും അത് നടപ്പിൽവരുത്താതെ, അതനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം വെറും നിയമമായി നില്ക്കുകയാണെങ്കിൽ, അതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ല. ഇപ്രകാരം വിശുദ്ധ ഖുർആനിന്റെ നിയമവും ഫലപ്രദമാകുന്നത്, മോക്ഷം നല്കുന്നതാകുന്നത്, അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. അതനുസരിച്ചുള്ള പ്രവർത്തനമുണ്ടാകുന്നില്ലെങ്കിൽ അത് മോക്ഷം നല്കുന്നതിലുള്ള മാർഗമാകുകയില്ല. പ്രവർത്തിക്കാതെ വെറും വായിക്കുന്നതുകൊണ്ട് മോക്ഷമുണ്ടാകുകയില്ല. അല്ലാഹുവിന്റെ തൃപ്തികരസ്ഥമാകുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും പാരിതോഷികങ്ങൾക്കും നമ്മൾ അനന്തരാവകാശികളാകുകയുമില്ല. അതുകൊണ്ട് വിശുദ്ധ ഖുർആനിന്റെ പാഠങ്ങൾ മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് വളരെ നിർബന്ധമാണ്.

അവിടന്ന്(അ)ഒരിടത്തു പറയുന്നു: ഓർക്കുക!വിശുദ്ധ ഖുർആൻ യഥാർഥ അനുഗ്രഹങ്ങളുടെ ഉറവിടമാണ്. മോക്ഷത്തിനുള്ള മാർഗമാണ്. തെറ്റ് വിശുദ്ധ ഖുർആനനുസരിച്ച് പ്രവർത്തിക്കാത്തവരുടേതു തന്നെയാണ്. പ്രവർത്തിക്കാത്തവരിൽ ഒരു സംഘം അതിൽ വിശ്വാസംതന്നെ ഇല്ലാത്തവരാണ്. അവർ അതിനെ അല്ലാഹുവിന്റെ ഗ്രന്ഥമാണെന്നു തന്നെ മനസ്സിലാക്കുന്നില്ല. ഇക്കൂട്ടർ വളരെ ദൂരത്തുപോയി കിടക്കുന്നവരാണ്. എന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥമാണെന്നും മോക്ഷത്തിനുള്ള രോഗശമനം പ്രദാനം ചെയ്യുന്ന കുറിപ്പടിയാണെന്നും വിശ്വസിക്കുന്നവർ ഇതനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ എത്രമാത്രം വിഷമകരമായി കാര്യമാണ്. അവരിലധികം പേരും ജീവിതത്തിൽ ഒരു പ്രാവശ്യംപോലും അത് വായിക്കാത്തവരാണ്. അല്ലാഹുവിന്റെ ഗ്രന്ഥത്തെ അശ്രദ്ധരും ഗൗനിക്കാത്തവരുമായി കഴിയുന്ന അത്തരം മനുഷ്യരുടെ ഉദാഹരണം ഇങ്ങനെയാണ്. ഇന്ന തടാകത്തിൽ ശുദ്ധവും മധുരമുള്ളതും ഒരു പാടു രോഗങ്ങൾക്ക് ശമനൗഷധവുമായ ജലമുണ്ടെന്ന് ഒരാൾക്കറിയാം. അയാൾക്കതിൽ ഉറച്ച വിശ്വാസമുണ്ട്. ഈ അറിവുണ്ടായിട്ടും അങ്ങേയറ്റം ദാഹമുള്ളവനും ഒരുപാടു രോഗങ്ങൾക്കടിപ്പെട്ടിരിക്കുന്നവനുമായ അയാൾ അതിനടുത്തുപോലും പോകുന്നില്ല. ആ മനുഷ്യന്റെ എത്രമാത്രം വലിയ ദൗർഭാഗ്യമാണത്. അജ്ഞതയാണത്. അയാൾ ചെയ്യേണ്ടിയിരുന്നത് ആ അരുവിയിൽ വായ മുട്ടിച്ച് വയറുനിറയെ കുടിച്ച് അതിന്റെ രുചിയും മധുരവും അറിയുകയായിരുന്നു. എന്നാൽ, അറിവുണ്ടായിട്ടും അറിവില്ലാത്തവനായി അതിൽനിന്ന് അകന്നിരിക്കുന്നു!(മൽഫൂദാത്ത് വാല്യം 4, പേജ് 140, 2003 പതിപ്പ്, പ്രസാധനം റബ്‌വ)

അല്ലാഹു നമുക്ക് ഈ സന്ദേശത്തെ, വേദനനിറഞ്ഞ ഈ വാക്കുകളെ മനസ്സിലാക്കിക്കൊണ്ട്; വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. അത് മനസ്സിലാക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. നമ്മുടെ ബയ്അത്തിനോടുള്ള കടമ യഥാർഥമായ രൂപത്തിൽ നിർവഹിക്കപ്പെടുന്നത് നമ്മൾ വിശുദ്ധഖുർആനിന്റെ അധ്യാപനം നമ്മുടെമേൽ നടപ്പിൽ വരുത്തുമ്പോഴാണ്. വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ട എല്ലാ

ഓരോ തിന്മയേയും വർജിക്കുകയും അതിൽ വിവരിക്കപ്പെട്ട എല്ലാ നന്മയേയും സ്വായത്ത മാക്കുകയും ചെയ്യുക. അത് സ്വായത്തമാ ക്കാൻ പൂർണമായും പരിശ്രമിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

വിശുദ്ധഖുർആൻ ആഗ്രഹിക്കുന്നത് മനു ഷ്യൻ ദോഷങ്ങൾ വർജിച്ചുകൊണ്ട് താനി പ്പോൾ ശ്രേഷ്ഠനാണെന്ന് മനസ്സിലാക്കാനല്ല. പ്രത്യുത അവൻ മനുഷ്യനെ ഉന്നത പദവി യിലുള്ള ശ്രേഷ്ഠതകളും ഉൽകൃഷ്ട സ്വഭാവ ങ്ങളുംകൊണ്ട് അലങ്കരിക്കാനാഗ്രഹിക്കുന്നു. അവനിൽനിന്ന് എങ്ങനെയുള്ള പ്രവർത്തന ങ്ങളും കർമങ്ങളുമുണ്ടാകണമെന്നാൽ, അത് മനുഷ്യകുലത്തിന്റെ നന്മയിലും സഹതാപ ത്തിലുമധിഷ്ഠിതമായിരിക്കണം. അതിന്റെ ഫലമായി അല്ലാഹു അവനെ തൃപ്തിപ്പെ ടണം. (മൽഫൂദാത്ത് വാള്യം 4, പേജ് 206, 2003 പതിപ്പ്, പ്രസാധനം റബ്വ)

അതുകൊണ്ട് ഒരു സത്യവിശ്വാസിക്ക് വിശുദ്ധഖുർആനോട് യഥാർഥ സ്നേഹമു ണ്ടാകുമ്പോൾ അവൻ ഈ നിലവാരത്തിലെ ത്താൻ സ്വയം പരിശ്രമിക്കുന്നതായിരിക്കും. പരിശ്രമിക്കുകയും ചെയ്യുന്നു. തങ്ങളുടെ കു ട്ടികളേയും അവിടംവരെ എത്തിക്കാൻ പരി ശ്രമിക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ദോഷത്തിൽ നിന്നും തിന്മയിൽനിന്നും അകന്നുനില്ക്കുന്ന ത് ഒരു ശ്രേഷ്ഠതയൊന്നുമല്ല. ഏതെങ്കിലും തിന്മ ചെയ്യാതിരിക്കുക, ഏതെങ്കിലും ദോഷം ചെയ്യാതിരിക്കുക. ഇതു വലിയ ശ്രേഷ്ഠക രമായ കാര്യമൊന്നുമല്ല. ഇതായിരിക്കരുത് നമ്മുടെ അടിസ്ഥാന ലക്ഷ്യം. പ്രത്യുത, നമു ക്ക് നമ്മുടെ ടാർഗറ്റ് വലുതാക്കിവെക്കേണ്ടതാ ണ്. അത് കരസ്ഥമാക്കാൻ പരിശ്രമിക്കേണ്ട താണ്; വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ട എല്ലാ തരത്തിലുള്ള നന്മയേയും നമ്മുടെമേൽ നടപ്പിൽവരുത്താൻ ശ്രമിക്കേണ്ടതാണ്. ഈ പരിശ്രമം എല്ലാ പുരുഷനിലും സ്ത്രീയിലും കുട്ടികളിലും ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ഒരു പരിശുദ്ധ സമൂഹത്തിന്റെ സ്ഥാപനമു ണ്ടാകുകയായിരിക്കും ചെയ്യുന്നത്. ഇസ്ലാം സ്ഥാപിക്കാൻ ആഗ്രഹിക്കുന്ന സമൂഹം നില വിൽവരുന്നതായിരിക്കും. വർത്തമാനകാല ത്ത് ഇസ്ലാമിന്റെമേൽ, ഖുർആനിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവരെ അത് നിരുദ്ധ കണ്ഠരാക്കുകയും ചെയ്യും.

ഇവിടെ ഇസ്ലാമിക നിയമങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുന്നവരിൽ അതിരു കടക്കുന്ന സ്ത്രീകൾക്ക് വലിയ പ്രസിദ്ധി യാണുള്ളത്. വിവിധ സ്ഥലങ്ങളിൽ അവർ പ്രഭാഷണങ്ങൾ തുടങ്ങിയവ കൊടുത്തുകൊ ണ്ടിരിക്കുന്നു. ഖുദ്ദാമുൽ അഹ്മദിയ്യ യൂ.കെ യുടെ പരിശ്രമത്താൽ യു.സി.എല്ലിൽ ഒരു സംവാദമുണ്ടായി. അവരുമായി ഒരു ഡിബേ റ്റിന്റെ രൂപമുണ്ടായി. അത് യൂണിവേഴ്സി റ്റിയിലെ അധികൃതർ സംഘടിപ്പിച്ചതാണ്. അതിൽ ഈ രണ്ട് സ്ത്രീകൾ അവരുടെ പ്രവർത്തനമെന്നപോലെ തങ്ങളുടേതായ രീതിയിൽ ഇസ്ലാമിനുമേൽ ആക്ഷേപങ്ങ ളുടെ കൂമ്പാരം ചൊരിഞ്ഞു. പക്ഷേ, നമ്മുടെ ഖുദ്ദാം, അവരിലൊരാൾ ഒരു പാക്കിസ്താനി യും ഒറിജിയോണിൽ നിന്നുള്ളയാളുമാണ്. ഇവിടെ നമ്മുടെ യൂ.കെയിലെ ജാമിഅയിൽ പഠിക്കുന്നു. രണ്ടാമത്തെയാൾ ഇംഗ്ലീഷുകാ രനായ അഹ്മദിയാണ്. ഇവരിരുവരും വിശു ദ്ധഖുർആനിൽനിന്നും ഇസ്ലാമികാധ്യാപന ങ്ങളിൽനിന്നും തെളിവുകളുദ്ധരിച്ചുകൊണ്ട് അവർക്കെങ്ങനെയുള്ള വായടപ്പൻ മറുപടി നല്കിയെന്നാൽ, ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ നല്കിയെ ന്നാൽ അവർ ദ്വേഷംകൊണ്ട് വളരെ അസ്വ സ്ഥരായിക്കൊണ്ടിരുന്നു. എന്നല്ല അവരുടെ സഹായികളും അവരുടെ ഈ പരിതാപക രമായ അവസ്ഥയിൽ, അവർ ഏതുപോലെ യാണോ ആക്ഷേപിച്ചുകൊണ്ടിരുന്നത് അതേ പോലെ ഉത്സാഹത്തോടെ ഖേദം പ്രകടിപ്പിച്ചു. ഇങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി യുവാക്കൾ മുഖേന ഇസ്ലാമികാ ധ്യാപനത്തിന്റെ വിജയമുണ്ടായി.

അതുകൊണ്ട് നമ്മൾ വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിന് ഒരുപാടൊരുപാട് പരി ശ്രമിക്കേണ്ടതാണ്. അതനുസരിച്ച് പ്രവർത്തി ക്കാൻ പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് നമ്മുടെ വീടും സ്വർഗംപോലെ ആകുന്നത്. നമ്മുടെ സമൂഹത്തിലും ചുറ്റുപാടിലും നമ്മൾ തബ്ലീഗിനോടുള്ള കടമ നിറവേറ്റുന്നവരാ യി ത്തീരുക.

വിശുദ്ധഖുർആന്റെ തിലാവത്ത് ചെയ്യേണ്ട രീതി പഠിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗ ഊദ്(അ) പറയുന്നു. വിശുദ്ധഖുർആൻ ചിന്തി ച്ചും ആലോചിച്ചും ശ്രദ്ധിച്ചും പാരായണം ചെയ്യേണ്ടതാണ്. ഹദീഥിൽ വന്നിരിക്കുന്നു. റുബ്ബഖാരിൻ യൽഅൻഹുൽ ഖുർആൻ. അതാ യത് വിശുദ്ധഖുർആനിന്റെ ധാരാളം ഖാരികളു ണ്ട്. അവരുടേമേൽ വിശുദ്ധഖുർആൻ ശാപം ചൊരിയുന്നു. ആരാണോ വിശുദ്ധഖുർആൻ വായിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാ തിരിക്കുകയും ചെയ്യുന്നത് അവനിൽ വിശുദ്ധ ഖുർആൻ ശാപം ചൊരിയുന്നു. തിലാവത്ത് ചെയ്യുന്ന നേരത്ത്, റഹ്മത്തിനെ പ്രതിപാദി ക്കുന്ന ആയത്ത് വരുമ്പോൾ അവിടെ അല്ലാ ഹുവിനോട് റഹ്മത്ത് ചോദിക്കേണ്ടതാണ്. എവിടെയാണോ ഏതെങ്കിലും ജനതയ്ക്കു ണ്ടായ ശിക്ഷയെ കുറിച്ച് പ്രതിപാദിക്കുന്നത് അവിടെ അല്ലാഹുവിനോട് അഭയം തേടേണ്ട താണ്. ചിന്തിച്ചും ശ്രദ്ധയോടെയും പാരായണം ചെയ്യേണ്ടതാണ്. അതനുസരിച്ച് പ്രവർത്തി ക്കുകയും ചെയ്യുക. (മൽഫൂദാത്ത്, വാള്യം 5, പേജ് 15, 2003 പതിപ്പ്, പ്രസാധനം റബ്വ) ഈ സാഹചര്യമുണ്ടാകുന്നത് അതിന്റെ പ്രധാന്യത്തെക്കുറിച്ച് ഒരു ധാരണ ഉണ്ടാകു മ്പോഴാണ്. അതുമായി പ്രത്യേക ബന്ധമു ണ്ടാകുമ്പോഴാണ്. അതുകൊണ്ട് ഈ പ്രാധാ ന്യവും പ്രത്യേക ബന്ധവും നമ്മൾ നമ്മുടെ മനസ്സുകളിൽ വിശുദ്ധഖുർആനുവേണ്ടി ഉണ്ടാ ക്കേണ്ടതാണ്. ചിലർ വിശുദ്ധഖുർആൻ മന സ്സിലാക്കുക വളരെ പ്രയാസമാണെന്ന ഒഴിവു കഴിവ് പറയാറുണ്ട്. അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അജ്ഞരായ ചിലർ പറയാറുണ്ട്, ഖുർആനിനെ തങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ലെന്ന്. പ്രയാസ മായതുകൊണ്ട് അതിൽ ശ്രദ്ധിക്കേണ്ടതില്ലെ ന്ന്. ഇതവരുടെ തെറ്റാണ്. വിശുദ്ധഖുർആൻ വിശ്വാസപരമായ പ്രശ്നങ്ങളെ എത്രമാത്രം വ്യക്തതയോടുകൂടിമനസ്സിലാക്കിത്തന്നിരിക്കു ന്നുവെന്നാൽ അത് അതുല്യവും അനുപമ വുമാണ്. അതിന്റെ തെളിവുകൾ മനസ്സുകളെ സ്വാധീനിക്കുന്നു. ഈ ഖുർആൻ എത്രമാത്രം വാഗ്വൈഭവമുള്ളതും സാഹിത്യസമ്പുഷ്ടവു മാണെന്നാൽ തികച്ചും നിരക്ഷരരായിരുന്ന അറേബ്യയിലെ കാട്ടുവാസികൾക്ക് അത് മനസ്സിലായി. അപ്പോൾ പിന്നെ അത് നിങ്ങൾ ക്കെന്തുകൊണ്ട് മനസ്സിലാകുകയില്ല. (മൽ ഫൂദാത്ത്, വാള്യം 5, പേജ് 177, 2003 പതിപ്പ്, പ്രസാധനം റബ്വ)

ഇക്കാലത്ത് അല്ലാഹുവിന്റെ വലിയ ഔ ദാര്യമാണ് നമ്മളിലുള്ളത്. അല്ലാഹു നമ്മ ളിൽ ഔദാര്യം ചെയ്തുകൊണ്ട് ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. അദ്ദേഹം നമുക്ക് ബാഹ്യമായ കല്പനകൾ മാത്രമല്ല പറഞ്ഞുതന്നത്, പ്രത്യുത വിശുദ്ധ ഖുർആനിന്റെ അഗാധമായ യാഥാർഥ്യങ്ങളും ജ്ഞാനങ്ങളും തുറന്നു വിശദീകരിച്ചുതന്നു. വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം (62:4)ന്റെ വെളിച്ചം നമുക്കെത്തി ച്ചു. അതുകൊണ്ട് ഈ ഖജനാവിൽനിന്ന് നമുക്ക് മുത്തുകൾ ശേഖരിക്കാൻ ശ്രമിക്കേ ണ്ടതാണ്; ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് നമുക്ക് നല്കി. നമ്മൾ അതിനോട് യഥാർഥമായ സ്നേഹമുള്ളവരാകാത്തിട ത്തോളം അത് നടക്കുകയില്ല. ജമാഅത്തി നു വെളിയിലുള്ള മുസ്ലിമീങ്ങളിൽ ലോക ത്ത് നല്ലവണ്ണം ഖിർഅത്ത് ചെയ്യുന്നവരുണ്ട്. സമ്മാനങ്ങൾ അവർ കരസ്ഥമാക്കുന്നു. അവ രുടെ വലിയ വലിയ റെക്കോർഡിംഗിന്റെ കാസറ്റുകൾ ലോകത്തുണ്ട്. പക്ഷേ, ഇങ്ങ നെയൊക്കെ ആയിട്ടും നല്ലവണ്ണം പാരായ ണം ചെയ്യുന്നവരിൽ അതിന്റെ അർഥവും ഉദ്ദേശ്യവും അറിയാത്തവരുമുണ്ട്. എന്നല്ല വലിയ വലിയ ഉലമാഇനും അറിയുകയില്ല. അതുകൊണ്ടാണല്ലോ ഇസ്ലാമിൽ ദീർഘ കാലം നാസിഖ് മൻസൂഖിന്റെ ഒരു പ്രശ് നം നടന്നുകൊണ്ടിരുന്നത്. ഇപ്പോഴും ചില ആയത്തുകൾ അവർക്ക് മനസ്സിലാകുന്നില്ല. അതിലൊന്ന് ഈസാ(അ)യുടെ മരണത്തെ കുറിച്ചുള്ള പ്രശ്നവുമാണ്. എന്തായാലും ഇത് അവരുടെ യഥാർഥമായ കാര്യങ്ങളി ലും ഉദ്ദേശ്യങ്ങൾ മനസ്സിലാക്കുന്നതിലുമുള്ള അജ്ഞതയാണ്. ഇതുസംബന്ധമായി വലിയ മുന്നറിയിപ്പ് നല്കുന്ന ഒരു ഹദീഥുണ്ട്. ഹദ് റത്ത് അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലി ബ് നിവേദനം. ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതുകേട്ടു. ഒരുകാലം വരാൻ പോകുന്നു. വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവരിൽ തങ്ങളേക്കാൾ വലിയ ഖാ രി ആരാണുള്ളതെന്ന് വീമ്പു പറയുന്ന ചി ലയാളുകളുണ്ടാകും. തങ്ങളേക്കാൾ വലിയ ആലിമാരാണെന്നും! പിന്നീട് അവിടന്ന് സ്വ ഹാബത്തിനോടു ചോദിച്ചു. അത്തരക്കാരിൽ എന്തെങ്കിലും നന്മയുള്ളതായി നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ? സ്വഹാബത്ത് പറഞ്ഞു. ഒരിക്കലുമില്ല. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ഈയാളുകൾ നിങ്ങളിൽ നിന്നുള്ളവരും ഈ ഉമ്മത്തിൽനിന്നുള്ളവരും തന്നെയായിരിക്കും. പക്ഷേ, അവർ നരക ത്തിന്റെ അഗ്നിയുടെ ഇന്ധനമായിരിക്കും. (മജ്മഉസ്സവാഇദ് വ മൻബഉൽ ഫവാഇദ്, കിതാബുൽ ഇൽമ്, ബാബു കറാഹിയ്യത്തുദ്ദ അ്വാ, ഹദീഥ് 876, വാള്യം 1, പേജ് 251-252, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001, മുസ്നദ് അൽബസാർ, മുസ്നദ് അൽ അബ്ബാസ്ബിൻ അബ്ദുൽ മുത്വലിബ്, വാള്യം 2, പേജ് 218)

അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്ര ഹങ്ങളുടെ അനന്തരാവകാശികളാക്കുന്ന

തും അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതും നരകത്തിന്റെ അഗ്നിയിൽനിന്ന് രക്ഷിക്കുന്നതുമായ യഥാർഥ കാര്യം വിനയത്തോടെ വിശുദ്ധഖുർആനിന്റെ അധ്യാപനം മനസ്സിലാക്കി പ്രവർത്തിക്കലാണ്. അതിനെ ജോലിയാക്കാൻ പാടില്ല. പ്രത്യുത അതിനെ സ്നേഹിക്കണം. ഇന്ന് അഹ്മദികളായ നമ്മുടെ ഓരോരുത്തരുടേയും നിർബന്ധകടമയാണ്. അതിലേക്ക് ശ്രദ്ധിക്കുക. അത് കരസ്ഥമാക്കാൻ പരിശ്രമിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിൽ ഒരു സ്ഥലത്ത് പറഞ്ഞു:അതുകൊണ്ട് നിങ്ങൾ കരുതിയിരിക്കുക. അല്ലാഹുവിന്റെ ഉപദേശത്തിനും വിശുദ്ധഖുർആനിന്റെ നിർദേശത്തിനുമെതിരെ ഒരു ചുവടുപോലും എടുത്തുവയ്ക്കരുത്. ഞാൻ നിങ്ങളോട് സത്യമാണ് പറയുന്നത്. വിശുദ്ധ ഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനയെപ്പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വ കരം കൊണ്ടു അടക്കുകയാണ് ചെയ്യുന്നത്. പരമാർഥപരവും പരിപൂർണവുമായ മോക്ഷത്തിന്റെ വാതിൽ വിശുദ്ധഖുർആൻ തുറന്നുതന്നിരിക്കുന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയാണ്. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ച് പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു എന്നെ സംബോധന ചെയ്ത് ഇപ്രകാരം പറഞ്ഞു:അൽഖയ്റു കുല്ലുഹു ഫിൽഖുർആനി എല്ലാ വിധത്തിലുള്ള നന്മകളും വിശുദ്ധ ഖുർആനിലുണ്ട്. സത്യവും ഇതുതന്നെയാണ്. അതിനുമേൽ മറ്റു വസ്തുക്കളെ മുന്തിക്കുന്നവർക്ക് അഹോ കഷ്ടം! നിങ്ങളുടെ സകല വിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഓരോആവശ്യവും വിശുദ്ധഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരുഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാകുന്നു. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻ കീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല.

വിശുദ്ധ ഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുകയാണ്. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനു പകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിൽ ചില കക്ഷികൾ പരലോക നിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡം പോലെയാകുമായിരുന്നു. അതാണ് ഖുർആൻ! ഇതിന്നെതിരിലുള്ള എല്ലാ രക്ഷാമാർഗങ്ങളും നിഷ്ഫലമാണ്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 26-27)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധഖുർആനിനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളേക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനിനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും.

മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ) തിരുമേനിയേക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്. ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനു വേണ്ടി. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദു നബി(സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ടനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നതിനുവേണ്ടി ആ മഹാത്മാവിന്റെ (സ) ശരീഅത്തോടുകൂടി ആത്മീയ പിന്തുടർച്ച ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി ആ ദിവ്യാത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്ലാമിക സൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ. മൂസവി സമുദായത്തിന് നല്കപ്പെട്ടിരുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായ രീതിയിൽ ഒരു മസീഹ് നല്കപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതിലേക്കാണ്. ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം. സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം(അൽ ഫാതിഹ) എന്ന ഖുർആനിക വചനം സൂചന നല്കുന്നത്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 13-14)

നമ്മളും നമ്മുടെ മക്കളും ഭാവിയിൽ ഖിയാമത്തുന്നാൾവരെ മുഹമ്മദീ മസീഹിനെ വിശ്വസിച്ചു വരുന്ന സന്താനങ്ങളും യഥാർഥമായ നിലയിൽ അവർ വിശുദ്ധഖുർആനിനെ സ്നേഹിച്ചുകൊണ്ട് ഇസ്ലാമികാധ്യാപനങ്ങൾ തങ്ങളിൽ നടപ്പിൽ വരുത്തുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അതിന്റെ ബർക്കത്തുകളിൽനിന്ന് ഓരോ നിമിഷവും കരുണ പ്രാപിച്ചുകൊണ്ടിരിക്കുന്നവരാകട്ടെ.

(- പേജ് 6ൽ നിന്ന്)

നിസ്സാരമായ ബുദ്ധിയുള്ളവർക്കും ഉന്നതമായ ബുദ്ധിയും ഗ്രാഹ്യവുമുള്ളവർക്കും ഇതിൽ വിവരണമുണ്ട്. അതിൽ ഇങ്ങനേയും ഒരു കാര്യമുണ്ട് നിങ്ങൾക്ക് മനസ്സിലാകുന്നില്ലെങ്കിൽ ആക്ഷേപം ഉന്നയിക്കുന്നതിനുപകരം നിങ്ങളുടെ ബുദ്ധികളിൽ വിലപിക്കുക. അല്ലാതെ ഖുർആനുമേൽ ആക്ഷേപം ഉന്നയിക്കരുത്. ഖുർആനിന്റെ അധ്യാപനം മാനുഷികമായ പ്രകൃതിയ്ക്കനുസരിച്ചുള്ളതാണ്. പക്ഷേ, അതു മനസ്സിലാക്കുന്നതിന് പരിശുദ്ധ മനസ്സു വേണ്ടത് നിർബന്ധമാണ്. പരിശുദ്ധമാക്കുന്ന ഒരുവന്റെ ആവശ്യവുമുണ്ട്. ഇന്ന് അഹ്മദിയ്യ ജമാഅത്തുമാത്രമാണ് അതിന്റെ ഉള്ളറിവും ലഭ്യതയും ആ പരിശുദ്ധനാക്കുന്നവനിൽനിന്ന് മനസ്സിലാക്കി മറ്റുള്ളവർക്കെത്തിച്ചുകൊടുക്കുന്നത്. വരിക! അതിൽനിന്ന് ഈ ഉള്ളറിവും ഉൾപ്പൊരുളും കരസ്ഥമാക്കുക. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ. മുന്നറിയിപ്പു നല്കിവന്ന ആ ദുർപര്യവസാനത്തിൽനിന്ന് അല്ലാഹു എപ്പോഴും അവരെ സുരക്ഷിതരാക്കി വെക്കുമാറാകട്ടെ.(ഖുത്ബാത്തെ മസ്റൂർ വാല്യം 6, പേജ് 96)

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തീയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടുകൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഇ(നാളിർ ഇസ്ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

**കള്ളം പറയുന്നതിൽ നിന്നും അതുപോലുള്ള പ്രവൃത്തികളിൽനിന്നും വിമുക്തനാകാത്ത ഒരാൾ തന്റെ ആഹാരപാനീയങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട്. അല്ലാഹുവിന് യാതൊരു കാര്യവുമില്ല. (ബുഖാരി)**

# വിശുദ്ധ ഖുർആനും സ്ത്രീകളുടെ അവകാശങ്ങളും

**മൗലാനാ മുഹമ്മദ് ശരീഫ് കൗഥർ, ഉസ്താദ് ജാമിഅ അഹ്മദിയ്യ ഖാദിയാൻ**

**വിവർത്തനം: മൗലവി കെ.വൈ. ശംസുദ്ദീൻ, കാവശ്ശേരി**

മനുഷ്യരാശിയുടെ സന്മാർഗത്തിന് അല്ലാഹു ലോകത്ത് പ്രവാചകന്മാരെ അയക്കുന്നു. അല്ലാഹുവിന്റെ കൽപനകൾപ്രകാരം പ്രവർത്തിച്ചുകൊണ്ട് മനുഷ്യരെ മാറ്റിയെടുക്കുക എന്നതാണവരുടെ ദൗത്യം. മനുഷ്യരുടെ സന്മാർഗത്തിന് അല്ലാഹു മുഹമ്മദു നബി(സ) തിരുമേനിയിൽ പരിശുദ്ധ ഖുർആൻഅവതരിപ്പിച്ചുകൊണ്ട് അവരുടെമേൽ വലിയ ഔദാര്യമാണ് ചെയ്തിട്ടുള്ളത്. നബി(സ)തിരുമേനി അല്ലാഹു ഇറക്കിയ ഈ മഹത്തായ ഗ്രന്ഥംമുഖേന മനുഷ്യരാശിക്ക് സന്മാർഗോപായങ്ങളെത്തിച്ചു. വിശുദ്ധ ഖുർആന്റെ ഔദാര്യം സ്ത്രീയിലും പുരുഷനിലും തുല്യമാണ്. എന്നല്ല ചില കാര്യങ്ങളിൽ സ്ത്രീകളോട് കൂടുതൽ ഔദാര്യം ചെയ്തതായി കാണാവുന്നതാണ്. പലവിധ ബന്ധനങ്ങളിൽനിന്ന് ഇസ്‌ലാം അവരെ മോചിപ്പിച്ചു.

വിശുദ്ധ ഖുർആനിൽ സ്ത്രീകളുടെ സ്ഥാനത്തേയും പ്രാധാന്യത്തെയും കുറിച്ച് പ്രതിപാദിക്കുന്ന ധാരാളം വചനങ്ങളുണ്ട്. മാതാവ്, സഹോദരി, ഭാര്യ, മകൾ എന്നീ നിലകളിലെല്ലാം അവരുടെ അവകാശങ്ങളും കടമകളും സംബന്ധിച്ച് വിശദീകരിക്കുന്നുണ്ട്. മാതാവിനോട് അനുവർത്തിക്കേണ്ട സൽപെരുമാറ്റം, നന്മ പ്രവർത്തിക്കൽ, സേവനം ചെയ്യൽ തുടങ്ങിയവയെല്ലാം വളരെ പ്രധാനപ്പെട്ട കടമകളാകുന്നു. സൽപെരുമാറ്റത്തിനും സൽസ്വഭാവത്തിനും പിതാവിനെക്കാൾ അവകാശം, അത് മാതാവിനു കൽപിക്കുന്നു. സന്താനങ്ങളുടെ ജനനവും ശിക്ഷണവും സംബന്ധിച്ച് കൂടുതൽ പ്രയാസങ്ങൾ സഹിക്കുന്നത് മാതാവാണ്. അതുകൊണ്ടുതന്നെ ഈ പ്രയാസങ്ങളെയെല്ലാം പരിഗണിച്ച് മാതാവിന് ഇസ്‌ലാം വലിയ ആദരവാണ് നൽകിയിരിക്കുന്നത്. അല്ലാഹു ഖുർആനിൽ പറയുന്നു:

*വ വസ്സയ്നൽ ഇൻസാന ബിവാലിദയ്ഹി ഇഹ്സാനാ. ഹമലത്ഹു ഉമ്മുഹൂ കുർഹൻ വ വള്അത്ഹു കുർഹാ. വഹംലുഹൂ വഫിസാലുഹൂ ഥലാഥൂന ശഹ്റൻ.*(46:16)

തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യനെ താക്കീതു ചെയ്തിരിക്കുന്നു. അവന്റെ മാതാവ് അവനെ പ്രയാസപ്പെട്ട് ഗർഭം ചുമക്കുകയും വിഷമം സഹിച്ച് അവനെ പ്രസവിക്കുകയും ചെയ്തവളാണ്. ഗർഭം ധരിച്ച് മുലകുടി നിറുത്തും വരെയുള്ള കാലയളവ് മുപ്പത് മാസമാണ്.

വിശുദ്ധ ഖുർആന്റെ ആവിർഭാവത്തോടുകൂടി സ്ത്രീജനങ്ങളുടെ ജീവിതം ഒരു പുതുയുഗ പിറവിയിൽ പ്രവേശിക്കുകയുമായി. അതിനുമുമ്പേ അവർ ക്രൂരതകൾക്ക് ഇരയാക്കപ്പെട്ടിരുന്നു എന്നതിന് ചരിത്രം സാക്ഷിയാണ്. ഖുർആൻ അവതരിക്കുന്നതിനുമുമ്പേ സ്ത്രീ, മനുഷ്യവർഗത്തിൽപ്പെട്ടതാണോ ജന്തുവർഗത്തിൽപ്പെട്ടതാണോ എന്നും അവരിൽ മനുഷ്യാത്മാവാണോ അതോ പിശാചിന്റെ ആത്മാവാണോ എന്നുമൊക്കെയുള്ള ചർച്ചകൾ ധാരാളം നടന്നിരുന്നു. ഗ്രീക്ക്, ഈജിപ്ത്, ഇറാഖ്, ഇന്ത്യാ, ചൈന തുടങ്ങി സ്ത്രീകളോട് അതിക്രമങ്ങൾ അഴിച്ചുവിടാത്ത ഒരു നാടുമില്ലായിരുന്നു. തങ്ങളുടെ സുഖഭോഗത്തിന് അവരെ വിൽപ്പനച്ചരക്കായി ഉപയോഗിക്കുകയും അവരോടു വളരെ മോശമായി പെരുമാറുകയും ചെയ്തിരുന്നു. സ്ത്രീസമൂഹം മാനക്കേടിന് കാരണമായി കരുതപ്പെട്ടു. പെൺകുട്ടികളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു. അല്ലാഹു പറയുന്നു:

*വഇദാ ബുശ്ശിറ അഹദുഹും ബിൽ ഉൻഥാ ള്ളല്ല വജ്ഹുഹൂ മുസ്വദ്ദൻ വഹുവ കളീം. യതവാറാ മിനൽഖൗമി മിൻ സൂഉ മാ ബുശ്ശിറ ബിഹീ അ യുംസികുഹൂ അലാ ഹൂനിൻ അം യദുസ്സുഹൂ ഫിത്തുറാബി അലാ സാഅ മാ യഹ്കുമൂൻ (16: 59-60)*

അവരിലൊരാൾക്ക് പെൺകുട്ടി ജനിച്ചുവെന്ന സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരിവാളിച്ച് പോകുകയും കോപം ഉള്ളിലടക്കി നിറുത്തുകയും ചെയ്തിരുന്നു. അവന് അനുമോദനം നൽകപ്പെട്ടതിന്റെ പ്രയാസം നിമിത്തം അവൻ ജനങ്ങളിൽനിന്ന് ഒളിക്കുമായിരുന്നു. അവൻ അതിനെ (മകളെ) വെച്ചുപുലർത്തണമോ അതല്ല കുഴിച്ചുമൂടണമോ എന്ന് ആലോചിക്കുമായിരുന്നു. അറിയുക, അവർ തീരുമാനിക്കുന്നത് വളരെ ചീത്തയായതുതന്നെ.

ഖുർആനികാധ്യാപനങ്ങൾ പ്രകാരം മകൾ, സഹോദരി, ഭാര്യ, മാതാവ് എന്നീ നിലയിലെല്ലാം സ്ത്രീകൾ ആദരണീയരാണ്. നബി(സ) തിരുമേനി പെൺമക്കളെ അല്ലാഹുവിന്റെ കാരുണ്യമായി പ്രഖ്യാപിച്ചു. മാതാവിന്റെ കാൽച്ചുവട്ടിൽ സ്വർഗം വെക്കുകയും ചെയ്തു. ഭാര്യമാരോടു ഉത്തമമായി പെരുമാറുന്നവനാണ് നിങ്ങളിലുത്തമനെന്ന് വിളംബരം ചെയ്തു. നബി(സ)തിരുമേനി സ്ത്രീ ജനങ്ങൾക്ക് ഉന്നത സ്ഥാനം നൽകി. അവർ പ്രിയപ്പെട്ടവരാണെന്ന് അരുൾ ചെയ്തു. നബി(സ)തിരുമേനി പറഞ്ഞു: സ്ത്രീകളോടു ഉത്തമമായി പെരുമാറാൻ അല്ലാഹു നിങ്ങളോടു കർശനമായി വസ്വിയ്യത്ത് ചെയ്തിരിക്കുന്നു; സ്ത്രീകളോട് നല്ലനിലയിൽ പെരുമാറുവിൻ. തീർച്ചയായും അവർ നിങ്ങളുടെ മാതാവും മകളും മാതൃസഹോദരിയുമാകുന്നു.(അൽബാനി, ഫിൽസിൽസിലത്തിൽ സഹീഹ, അനിൽ മഖ്ദാം ബ്നു മഅദ് യകരിബുൽ കുന്ദി)

ദുൻയാവിലെ രണ്ടു വസ്തുക്കൾ എനിക്കേറെ പ്രിയപ്പെട്ടവയാണ്. അത് സ്ത്രീകളും പിന്നെ സുഗന്ധവുമാകുന്നു. എന്നാൽ, എന്റെ കണ്ണിന്റെ കുളിർമ നമസ്കാരത്തിലും ദൈവാനുരാഗത്തിലുമാണ്.(സുനൻ നസായി, കിതാബ് ഉശ്റത്തുന്നിസാഅ്, ബാബ് ഹുബ്ബുന്നിസാ)

നബി(സ)തിരുമേനി പറഞ്ഞു: ദുൻയാവ് സമാധാനവും സന്തോഷവുംകൊണ്ട് നിറഞ്ഞതാണ്. എന്നാൽ, അതിലേറ്റവും ഉത്തമമായത് സ്ത്രീയാകുന്നു.(അഖ്റജഹു മുസ്‌ലിം ഹദീസ് 1467)

**മാനുഷിക ധാർമിക മത കാര്യങ്ങളിൽ സ്ത്രീയുടെയും പുരുഷന്റെയും അവകാശങ്ങൾ തുല്യമാകുന്നു.**

പുരുഷനും സ്ത്രീയും ഒരൊറ്റ സത്തയിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹു പറയുന്നു:

*വമിൻ ആയാതിഹീ അൻ ഖലക ലകും മിൻ അൻഫുസികും അസ് വാജൻല്ലിതസ്കുനൂ ഇലൈഹാ വജഅല ബൈനകും മവദ്ദതൻ വ്വറഹ്മതൻ. ഇന്ന ഫീ ദാലിക ലആയാതില്ലി ഖൗമിൻയ്യതഫക്കറൂൻ(അർറൂം 22)*

അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് നിങ്ങൾക്ക് നിങ്ങളുടെ വർഗങ്ങളിൽ നിന്നു തന്നെ ഇണകളെ സൃഷ്ടിച്ചത്. നിങ്ങളവരോട് കൂടിച്ചേർന്ന് മനസമാധാനം കൈവരിക്കാൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു. ചിന്തിക്കുന്ന ജനങ്ങൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

സൂറത്തുന്നഹ്ലിൽ അല്ലാഹു വീണ്ടും പറയുന്നു:

*വല്ലാഹു ജഅലലക്കും മിൻ അൻഫുസിക്കും അസ്വാജൻവ്വജഅല ലക്കും മിൻ അസ് വാജിക്കും ബനീന വഹഫദത്തൻ വ്വ റസഖക്കും മിനത്ത്വയ്യിബാത്തി അഫബിൽബാത്വിലി യുഅ്മിനൂന വബിനിഅ്മത്തില്ലാഹി ഹും യക്ഫുറൂൻ.(16:73)*

അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽനിന്നു തന്നെ ഇണകളെ ഉണ്ടാക്കിയിരിക്കുന്നു. നിങ്ങളുടെ ഇണകളിൽനിന്ന് പുത്രന്മാരെയും പൗത്രന്മാരെയും നൽകുകയും നല്ല വിഭവങ്ങളിൽനിന്ന് നിങ്ങൾക്ക് അവൻ ആഹാരം നൽകുകയും ചെയ്തിരിക്കുന്നു. അപ്പോൾ അവർ വ്യർഥമായ കാര്യത്തിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിരാകരിക്കുകയുമാണോ ചെ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക (സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

യ്യുന്നത്?

**ദൈവസാമീപ്യം നേടാനുള്ള മാർഗം ഇരുകൂട്ടർക്കും തുല്യമാണ്.**

മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കലും അവനുമായി ബന്ധം പുലർത്തലുമാണ്. പുരുഷനായതുകൊണ്ട് ശ്രേഷ്ഠതയൊന്നുമില്ല. അല്ലാഹുവിന്റെ സാമിപ്യം നേടുക എന്ന മനുഷ്യജീവിതലക്ഷ്യം സ്ത്രീക്കും പുരുഷനും തുറന്നിടപ്പെട്ടിട്ടുണ്ട്. അല്ലാഹുവിന്റെ പക്കൽ ആദരവ് നേടാനുള്ള മാർഗം ഭയഭക്തിയാണ്.*ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും. ഇന്നല്ലാഹ അലീമുൻ ഖബീർ.(49:14)*

തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ചേറ്റവും ബഹുമാന്യൻ നിങ്ങളിലേറ്റവും കൂടുതൽ ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.

തഖ്‌വാ അഥവാ ഭയഭക്തി കരസ്ഥമാക്കാനുള്ള മാർഗം ഇരുകൂട്ടർക്കും തുല്യമാണ്. അല്ലാഹു പറയുന്നു:

*അന്നീ ലാ ഉളീഉ അമല ആമിലിൻമ്മിൻകും മിൻ ദകരിൻ ഔ ഉൻഥാ(3:196)*

നിശ്ചയമായും നിങ്ങളിൽപെട്ട ഒരു പ്രവർത്തകന്റെയും പ്രവർത്തിയെ നാം പാഴാക്കുകയില്ല; അത് സ്ത്രീയായാലും പുരുഷനായാലും.

വീണ്ടും പറയുന്നു:

*ഇന്നൽ മുസ്‌ലിമീന വൽമുസ്‌ലിമാത്തി വൽമുഅ്മിനീന വൽമുഅ്മിനാത്തി വൽഖാനിത്തീന വൽഖാനിത്താത്തി വസ്സ്വാദിഖീന വസ്സ്വാദിഖാത്തി വസ്സ്വാബിരീന വസ്സ്വാബിറാത്തി വൽ ഖാശിയീന വൽ ഖാശിയാത്തി വൽ മുത്തസ്വദ്ദിഖീന വൽ മുത്തസ്വദ്ദിഖാത്തി വ സ്സ്വാഇമീന വ സ്സ്വാഇമാത്തി വൽ ഹാഫിളീന ഫുറൂജഹും വൽഹാഫിളാത്തി വദ്ദാകിരീനല്ലാഹ കഥീറവ്വദ്ദാക്കിറാത്തി അഅദ്ദല്ലാഹു ലഹും മഗ്ഫിറത്തൻ വ്വ അജ്റൻ അളീമാ.(33:36)*

തീർച്ചയായും അനുസരണം പുലർത്തുന്ന പുരുഷന്മാരും സ്ത്രീകളും സത്യവിശ്വാസികളും സത്യവിശ്വാസിനികളും അല്ലാഹുവിനോട് കീഴ്‌വണക്കമുള്ള പുരുഷന്മാരും സ്ത്രീകളും സത്യവാന്മാരും സത്യവതികളും സഹനശീലരായ പുരുഷന്മാരും സ്ത്രീകളും വിനയസ്വഭാവമുള്ള പുരുഷന്മാരും സ്ത്രീകളും ദാനധർമം ചെയ്യുന്ന പുരുഷന്മാരും സ്ത്രീകളും നോമ്പനുഷ്ഠിക്കുന്ന പുരുഷന്മാരും സ്ത്രീകളും തങ്ങളുടെ ചാരിത്ര്യം കാത്തുസൂക്ഷിക്കുന്ന പുരുഷന്മാരും സ്ത്രീകളും അല്ലാഹുവിനെ അധികമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും ഇവർക്കെല്ലാം അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിട്ടുണ്ട്.

നിക്കാഹിന്റെ വേളയിൽ നബി(സ)തിരുമേനി തിരഞ്ഞെടുത്ത ആയത്തുകളിൽ ദമ്പതികളുടെ അവകാശങ്ങളുടെയും കടമകളുടെയും പൂർണരൂപമുണ്ട്

അല്ലാഹ വിശുദ്ധ ഖുർആനിൽ പറയുന്നു:

*യാ അയ്യുഹന്നാസുത്തഖൂ റബ്ബക്കുമുല്ലദീ ഖലഖക്കും മിന്നഫ്സിൻവ്വാഹിദത്തിൻ വ്വഖലഖ മിൻഹാ സൗജഹാ. വബഥ്ഥ മിൻഹുമാ രിജാലൻ കഥീറൻ വ്വനിസാഅൻ. വത്തഖുല്ലാഹല്ലദീ തസാഅലൂന ബിഹീ വൽഅർഹാം. ഇന്നല്ലാഹ കാന അലയ്ക്കും റഖീബാ.(4:2)*

മനുഷ്യരേ! ഒരേയൊരു സത്തയിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും അതിൽനിന്ന് അതിന്റെ ഇണയെയും സൃഷ്ടിക്കുകയും പിന്നീട് അവരിൽനിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. രക്തബന്ധങ്ങളുടെ കാര്യത്തിൽ നിങ്ങൾ അവനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു നിങ്ങളുടെ മേൽ നോട്ടക്കാരനാകുന്നു.

*യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ വഖൂലൂ ഖൗലൻ സദീദൻ. യ്യുസ്‌ലിഹ് ലക്കും അഅ്മാലക്കും വയഗ്ഫിർലക്കും ദുനൂബക്കും വമൻ യ്യുത്വിഇല്ലാഹ വ റസൂലഹൂ ഫഖദ് ഫാസ ഫൗസൻ അളീമാ.(33:71,72)*

വിശ്വസിച്ചവരേ! അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുകയും ചെയ്യുക. നിങ്ങളങ്ങനെ ചെയ്യുന്നതായാൽ അവൻ നിങ്ങളുടെ പ്രവർത്തനങ്ങൾ നന്നാക്കിത്തരുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹുവിനെയും അവന്റെ ദൂതനെയും ആരാണോ അനുസരിക്കുന്നത് തീർച്ചയായും അവർ മഹത്തായ വിജയം വരിക്കുന്നതാണ്.

*യാ അയ്യുഹല്ലദീന ആമനുത്തഖുല്ലാഹ വൽതൻളുർ നഫ്സുമ്മാ ഖദ്ദമത്ത് ലിഗദിൻ. വത്തഖുല്ലാഹ ഇന്നല്ലാഹ ഖബീറുൻ ബിമാ തഅ്മലൂൻ.(59:19)*

വിശ്വസിച്ചവരേ! അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. നാളേക്കുവേണ്ടി എന്താണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് ഓരോ ആത്മാവും ചിന്തിച്ചു നോക്കട്ടെ. നിങ്ങളെല്ലാവരും അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാകുന്നു.

വിശ്വാസികളേ! എന്ന സംബോധനയിൽ പുരുഷന്മാർ മാത്രമല്ല സ്ത്രീകളുമുൾപ്പെടുന്നു. സർവ്വലോക സ്രഷ്ടാവ് ഒരു സത്തയിൽനിന്ന് അഥവാ ഒരേവർഗത്തിൽനിന്ന് ആണിനെയും പെണ്ണിനെയും സൃഷ്ടിക്കുകയും ഒരേപോലെ കഴിവുകളും വിചാരങ്ങളും വികാരങ്ങളുമുള്ള മനുഷ്യരാക്കുകയും ചെയ്തു. പരസ്പരം പരിഗണിച്ചും ബന്ധുക്കളോടു നല്ല നിലയിൽ വർത്തിച്ചും സൂക്ഷ്മത പാലിച്ച് അല്ലാഹുവിനെ ഭയപ്പെട്ട് ജീവിക്കാൻ കൽപിച്ചിരിക്കുന്നു.

അഹ്മദീ സ്ത്രീ-പുരുഷന്മാർ ഈ ഒരു കാര്യം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ജീവിതത്തിൽ ഏതു കാര്യത്തിലും അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചും അവന്റെ കൽപനകൾ പാലിച്ചുകൊണ്ടും പ്രവർത്തിക്കുക എന്ന ചിന്തയാണുണ്ടാവേണ്ടത്. അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം ലക്ഷ്യം. മറ്റുള്ളവരോടുള്ള അവകാശ ധ്വംസനമോ അമിതത്തമോ ചിന്തയിൽപോലും വരാൻ പാടില്ല. പരസ്പര വികാര വിചാരങ്ങളെ മാനിക്കുമ്പോൾ സമാധാന പൂർണമായ സമൂഹമുണ്ടാവുകയും അതിലൂടെ പരിശുദ്ധ തലമുറ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതാണ്.

**സ്ത്രീയും പുരുഷനും പരസ്പരം വസ്ത്രങ്ങളാകുന്നു.**

പരിശുദ്ധ ഖുർആൻ പറയുന്നു:

*ഹുന്ന ലിബാസുല്ലക്കും വ അൻതും ലിബാസുല്ലഹുന്ന(2:188)*

അവർ നിങ്ങൾക്ക് വസ്ത്രമാകുന്നു. നിങ്ങൾ അവർക്കും വസ്ത്രമാകുന്നു.

വസ്ത്രം രഹസ്യങ്ങളെ മറയ്ക്കുന്നു. അലങ്കാരത്തിന് കാരണമാകുന്നു. തണുപ്പിൽനിന്നും ചൂടിൽനിന്നും സംരക്ഷിക്കുന്നു.

നിക്കാഹിന്റെ ഉടമ്പടിയിലൂടെ പുരുഷനും സ്ത്രീയും ഒരു ബന്ധനത്തിൽ ബന്ധിക്കപ്പെടുകയാണ്. അതിനെ നിലനിറുത്തിപ്പോരുകയെന്നത് ഇരു കൂട്ടരുടെയും കടമയാണ്. പരസ്പര വിശ്വാസംകൊണ്ടാണ് അത് നിലനിറുത്തേണ്ടത്. വിശ്വാസത്തിന് ക്ഷതമേൽക്കുന്ന ഒരു കാര്യവും പുരുഷനും സ്ത്രീയും ചെയ്യരുത്. അപ്പോൾ കുടുംബജീവിതം സന്തോഷകരമാകുന്നതാണ്. ഇരുപക്ഷവും പരസ്പരം രഹസ്യങ്ങൾ സൂക്ഷിക്കുന്നവരായിരിക്കണം. ഉന്നത സ്വഭാവം പ്രകടിപ്പിക്കണം. അതിലൂടെ സമൂഹത്തിലും നല്ല സ്ഥാനം നിലനിൽക്കുന്നതാണ്. ആരും ആരോപണം ഉന്നയിക്കാൻ ധൈര്യപ്പെടുകയില്ല. പരസ്പരം സഹിക്കുക. വിട്ടുവീഴ്ച്ച ചെയ്യുക. പോരായ്മകൾ മറച്ചുവെക്കുക. പരസ്പരം അലങ്കാരത്തിന് നിമിത്തമാവുക. ഇതൊക്കെയും ഖുർആനിക അധ്യാപനങ്ങളാണ്. കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സഹനവും കോപം നിയന്ത്രിക്കുവാനുള്ള കഴിവും അനിവാര്യമാണ്. അനിയന്ത്രിതരായിത്തീരുമ്പോൾ ആരോപണം ഉന്നയിക്കാനും കുറ്റങ്ങൾ കണ്ടെത്താനും സാഹചര്യമുണ്ടാവുന്നതാണ്. അത് അല്ലാഹുവിന് ഇഷ്ടമല്ല.

നബി(സ)തിരുമേനി പറഞ്ഞു: ഖിയാമത്തുന്നാളിൽ അല്ലാഹുവിന്റെ പക്കൽ ഏറ്റവും വലിയ വഞ്ചന, ഒരാൾ തന്റെ ഭാര്യയുമായി ബന്ധപ്പെടുകയും എന്നിട്ട് ഭാര്യയുടെ രഹസ്യങ്ങൾ ആളുകൾക്കിടയിൽ പറഞ്ഞു നടക്കുകയും ചെയ്യുക എന്നതാണ്.(സുനൻ അബീദാവൂദ്, കിതാബുൽ അദബ്, ബാബു ഫീ നഖ്‌ലിൽ ഹദീഥ്))

സ്ത്രീകളും തങ്ങളുടെ രഹസ്യകാര്യങ്ങൾ മറ്റുള്ളവരോടു പറയരുത്. ചില മാതാപിതാക്കൾ ചുഴിഞ്ഞന്വേഷിക്കുന്ന സ്വഭാവക്കാരാണ്.

**• കലാമുൽ ഇമാം •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാല്യം 3,**

**• കലാമുൽ ഇമാം •**

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാല്യം 1, പേജ് 64)**



SABIR BURQA HOUSE

ALL TYPES OF READYMADE BURQA

ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.

CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

അവരുടെ അത്തരം ഇടപെടലിലൂടെ കാര്യങ്ങൾ കൂടുതൽ വഷളാകുന്നു. അതുകൊണ്ട് ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ ഇടയിലെ കുടുംബ കാര്യങ്ങൾ മറ്റുള്ളവരോടു പറയരുത്.അന്വേഷിക്കുകയും കേൾക്കുകയുമരുത്. വസ്ത്രം കീറിയാൽ അവിടെ അഭിമാനം നഷ്ടപ്പെടുന്നു.

**പരിശുദ്ധ ഖുർആൻ പുരുഷനെപോലെ സ്ത്രീക്കും ജീവിക്കാനുള്ള അവകാശം നൽകുന്നു.**

ഇസ്‌ലാമിനുമുമ്പേ പെൺകുഞ്ഞ് പിറന്നാൽ അത് എത്രമോശമായാണ് കരുതപ്പെട്ടതെന്നാൽ ജീവനോടുകൂടി അവരെ കുഴിച്ചുമൂടാറുണ്ടായിരുന്നു. ചെലവുകളും ഉത്തരവാദിത്വങ്ങളും വർധിക്കുമെന്ന ഭയം കൊണ്ടും പെൺമക്കളെ ഇല്ലാതാക്കിയിരുന്നു. പരിശുദ്ധ ഖുർആനിലൂടെ സന്താനങ്ങളെ വധിക്കുന്നത് അല്ലാഹു വിലക്കി. അവർ അല്ലാഹുവിന്റെ കാരുണ്യവും സ്വർഗത്തിന്റെ കുഞ്ചികയുമാണെന്ന് പഠിപ്പിച്ചു. ഖുർആൻ പറയുന്നു:

*വലാ തക്തുലൂ ഔലാദക്കും ഖശ്‌യത്ത ഇംലാഖിൻ. നഹ്നു നർസുഖുഹും വ ഇയ്യാക്കും. ഇന്ന ഖത്‌ലഹും കാന ഖിത്അൻ കബീറാ(17:32)*

ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ വധിക്കരുത്. അവർക്കും നിങ്ങൾക്കും ആഹാരം നൽകുന്നത് നാമാണ്. തീർച്ചയായും അവരെ വധിക്കുന്നത് ഗുരുതരമായ പാപമാകുന്നു.

ഹദ്റത്ത് മുഹമ്മദുമുസ്ത്വഫാ(സ)പെൺകുട്ടികൾ പിറക്കുന്നത് അപമാനമല്ല, കാരുണ്യമാണെന്ന് അരുൾ ചെയ്തു: ഒരാൾക്ക് പെൺകുഞ്ഞ് പിറന്നാൽ അവരുടെ അടുക്കൽ മലക്കുകളെ അല്ലാഹു അയക്കുന്നു. അവർ പറയും. വീട്ടുകാരേ! നിങ്ങളിൽ സമാധാനം. മലക്കുകൾ ആ പെൺകുഞ്ഞിനെ തങ്ങളുടെ ചിറകിന്റെ തണലിലാക്കുകയും തലയിൽ തടവിക്കൊണ്ട് ഇങ്ങനെ പറയുകയും ചെയ്യും: ഇത് ദുർബല ജീവനിൽ നിന്ന് പിറന്ന ഒരു അബലയാണ്. ഈ കുഞ്ഞിനെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവൻ ഖിയാമത്തുനാൾവരെ അല്ലാഹുവിന്റെ സഹായത്തിൻ കീഴിലായിരിക്കും. (തബ്റാനി)

**വിദ്യാഭ്യാസവും ശിക്ഷണവും പെൺകുട്ടിയുടെ അവകാശമാകുന്നു.**

നബി(സ)തിരുമേനി അറിവു നേടുകയെന്നത് മുസ്‌ലിം സ്ത്രീ പുരുഷന്മാർക്ക് നിർബന്ധമാക്കി. പെൺകുട്ടികൾക്ക് വിദ്യപകരുന്നത് പ്രതിഫലത്തിന്നർഹമാണെന്നും അരുൾച്ചെയ്തു. അവരെ പഠിപ്പിക്കുന്നവർക്ക് സ്വർഗം വാഗ്ദാനം ചെയ്തു. ഖുർആനിൽ *റബ്ബി സിദ്നീ ഇൽമാ*(20:115) എന്റെ രക്ഷിതാവേ, എനിക്ക് അറിവ് വർധിപ്പിച്ചുതരേണമേ എന്ന പ്രാർഥന ഇരുകൂട്ടർക്കും പഠിപ്പിക്കപ്പെട്ടിരിക്കുന്നു.

നബി(സ)തിരുമേനി സ്ത്രീകളുടെ വിദ്യഭ്യാസത്തിനും ശിക്ഷണത്തിനും വേണ്ടി ഒരു ദിവസം നിർണയിക്കുകയും അതിൽ അവരെ ഉപദേശിക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തിരുന്നുവെന്ന് ഒരു ഹദീഥിൽ വന്നിരിക്കുന്നു.(സ്വഹീഹ് ബുഖാരി)

നബി(സ)തിരുമേനി അരുൾ ചെയ്തു: പെൺകുട്ടി പിറന്നാൽ അവളെ വധിക്കാതിരിക്കുകയും അവളോടു മോശമായി പെരുമാറാതിരിക്കുകയും അവൾക്കുമേൽ ആൺകുട്ടികൾക്ക് പ്രാധാന്യം കൊടുക്കാതിരിക്കുകയും ചെയ്താൽ അവൾ കാരണം അല്ലാഹു നിങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്.(അഹ്മദ്)

വിശുദ്ധ ഖുർആനിലെ അധ്യാപനങ്ങളിൽ നിന്നും നബി(സ)തിരുമേനിയുടെ മാതൃകകളിൽ നിന്നും മനസ്സിലാകുന്നത് പെൺകുട്ടിക്ക് നല്ല വിദ്യാഭ്യാസവും ശിക്ഷണവും നൽകുന്നതും എല്ലാ നിലയിലും അവളെ ശ്രദ്ധിക്കുന്നതും ഒരു മുസൽമാന്റെ കടമയാണെന്നാണ് .

**വികാരങ്ങൾ മാനിക്കുക എന്നത് സ്ത്രീയുടെ അവകാശമാകുന്നു**

ലോകത്ത് ഒരുപാട് സമൂഹങ്ങൾ സ്ത്രീകൾക്ക് ഒരുവിധ ആഗ്രഹങ്ങളും വികാരങ്ങളുമില്ലെന്ന നിലയിൽ പെരുമാറുന്നുണ്ട്. വെറുതെ കിട്ടിയ സമ്പത്തുപോലെ വിൽപന ചരക്കായിക്കരുതി അവരെ അനന്തരാവകാശ സ്വത്തായി വീതം വെച്ചു. മനുഷ്യനെന്ന പരിഗണനപോലും നല്കിയിരുന്നില്ല. അവർ ഉടമസ്ഥരാൽ കൈമാറ്റം ചെയ്യപ്പെട്ടിരുന്നു. എന്നാൽ, വിശുദ്ധഖുർആൻ സ്ത്രീകൾക്ക് അവകാശങ്ങൾ നിർണയിച്ചു. അന്തസു നൽകി ആദരിച്ചു. നബി(സ)തിരുമേനി സ്ത്രീകളെ സ്ഫടിക സമാനമാണെന്ന് പറഞ്ഞു. അതിലൂടെ സ്ത്രീയുടെ ദുർബലതയും, സംവേദന ക്ഷമതയില്ലായ്മയുമാണ് വെളിപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ അവളോടു കരുതലോടെ പെരുമാറാനും സൽസ്വഭാവം കാണിക്കാനും നിർദേശിച്ചു. നബി(സ)തിരുമേനി ഒരു കുട്ടിയുടെ കരച്ചിൽ കേട്ടപ്പോൾ അതിന്റെ മാതാവിന് പ്രയാസമാകരുതെന്ന് കരുതി നമസ്കാരം ലഘൂകരിച്ചു.(ബുഖാരി കിതാബുൽ അദാൻ)

യാത്രയിൽ സ്ത്രീകളുണ്ടെങ്കിൽ സാവധാനം സഞ്ചരിക്കാൻ നിർദേശം നൽകി. ഒരിക്കൽ അത്തരമൊരു അവസരത്തിൽ സൈന്യം ഒട്ടകത്തെ പായിച്ചും കുതിരകളെ കുളമ്പടിച്ചും മുമ്പോട്ട് പോകുമ്പോൾ പറഞ്ഞു : *രിഫ്ഖൻ ബിൽ ഖവാരീറ* സാവധാനം പോകു. ഒപ്പം സ്ത്രീകളുമുണ്ട്. നിങ്ങളിങ്ങനെ ഒട്ടകങ്ങളെ പായിച്ചാൽ സ്ഫടികം പൊട്ടിത്തകരുന്നതാണ്. (ബുഖാരി കിതാബുൽ അദബ്)

**ഇസ്‌ലാം പുരുഷനെന്നപോലെ സ്ത്രീക്കും സന്തോഷവേളകളിൽ പങ്കുചേരുന്നതിന് അവകാശം നൽകുന്നു.**

വിശുദ്ധ ഖുർആൻ സ്ത്രീകളുടെ അവകാശങ്ങളും സ്ഥാനങ്ങളും ശക്തമായി സമൂഹത്തിൽ നിലനാട്ടുകയുണ്ടായി. സമൂഹത്തിൽ നടക്കുന്ന പരിപാടികളിൽ സ്ത്രീകളേയും പങ്കെടുപ്പിക്കാൻ നിർദേശിച്ചു. നബി(സ)തിരുമേനി പെരുന്നാൾവേളയിൽ മുഴുവൻ സ്ത്രീകളെയും കുട്ടികളെയും പങ്കെടുപ്പിക്കാൻ നിർദേശിച്ചു. പറഞ്ഞു: ആർക്കെങ്കിലും മറയ്ക്കാൻ പുതപ്പില്ലെങ്കിൽ ആരിൽ നിന്നെങ്കിലും കടം വാങ്ങേണ്ടതാണ്, നമസ്കരിക്കാൻ പറ്റാത്ത സ്ത്രീകളും പെരുന്നാൾ വേളയിൽ പങ്കെടുക്കേണ്ടതാണ്. (ബുഖാരി കിതാബുൽ ഈദയ്ൻ)

**വിശുദ്ധ ഖുർആനിലെ സ്ത്രീകളുടെ അവകാശങ്ങളെ കുറിച്ചുള്ള കർശനമായ കൽപനകൾ**

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:വിശ്വസിച്ചവരേ! സ്ത്രീകളെ നിർബന്ധപൂർവം സ്ത്രീകളുടെ അനന്തരാവകാശമായി സ്വീകരിക്കുന്നത് നിങ്ങൾക്ക് അനുവദനീയമല്ല. നിങ്ങൾ അവൾക്ക് നൽകിയ ധനത്തിൽനിന്ന് ഒരംശം കരസ്ഥമാക്കിക്കൊണ്ടുപോകേണ്ട ഉദ്ദേശ്യത്തോടെ അവരെ തടഞ്ഞു വെക്കുകയുമരുത്; അവർ പ്രത്യക്ഷമായെന്തെങ്കിലും അസാന്മാർഗിക കൃത്യങ്ങളിലേർപെടുന്നുവെങ്കിലല്ലാതെ. നിങ്ങൾ അവരോട് നല്ലനിലയിൽ വർത്തിക്കുവിൻ. ഇനി നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ (നിങ്ങൾ മനസ്സിലാക്കുക)നിങ്ങൾ ഒരു വസ്തുവിനെ വെറുക്കുകയും അല്ലാഹു അതിൽ ധാരാളം നന്മവെച്ചിരിക്കുകയും ചെയ്തുവെന്നുവരാം.(4:20)

ഖുർആനികാധ്യാപന പ്രകാരം മാതാവിന് മക്കളുടെ സ്വത്തിൽ വിഹിതമുണ്ട്. ഭാര്യക്ക് ഭർത്താവിന്റെയും മകൾക്ക് പിതാവിന്റെയും ചില വേളയിൽ സഹോദരിക്ക് സഹോദരന്റെ സ്വത്തിലും അവകാശമുണ്ട്.

**അഭിപ്രായം ആരായുകയെന്നത് സ്ത്രീയുടെ അവകാശമാകുന്നു.**

നബി(സ)തിരുമേനി പറഞ്ഞു: ചില പ്രധാന വിഷയങ്ങളിൽ സ്ത്രീകളോടും അഭിപ്രായം ആരായേണ്ടതാണ്. നബി(സ)തിരുമേനി ഇപ്രകാരം പ്രവർത്തിക്കാറുണ്ടായിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് നടന്ന ചില സംഭവങ്ങളിൽനിന്ന് മനസ്സിലാകുന്നത് പൊതുവിഷയങ്ങളിൽ സ്ത്രീകൾക്ക് അഭിപ്രായം പറയാനുള്ള അവകാശം നൽകിയിരുന്നുവെന്നാണ്.

ഹദ്റത്ത് ഉമർ(റ)പറയുന്നു: അല്ലാഹുവാണ!ഞങ്ങൾ ജാഹിലിയ്യ കാലഘട്ടത്തിൽ സ്ത്രീകൾക്ക് ഒരു പരിഗണനയും നൽകുമായിരുന്നില്ല. എന്നാൽ, അല്ലാഹു അവരുടെ അവകാശങ്ങളെക്കുറിച്ച് ഖുർആനിലൂടെ കൽപനകൾ നൽകുകയും അനന്തരസ്വത്തിൽ അവകാശികളാക്കുകയും ചെയ്തു. (ബുഖാരി, കിതാബുത്തഫ്സീർ സൂറത്തുത്തഹ്‌രീം) സ്ത്രീയോടുള്ള മൃതുസമീപനം അവളുടെ അവകാശമാകുന്നു

സ്ത്രീകളെ ശിക്ഷിക്കാനുള്ള അനുമതി ഇസ്‌ലാം നൽകുന്നുവെന്ന് ആരോപിക്കാറുണ്ട്. പക്ഷേ, ഈ അനുമതി ചില നിബന്ധകളോടെയും ഭവനങ്ങളിൽ സമാധാനം നിലനിൽക്കുന്നതിനും വേണ്ടിയാണ്. എന്നാൽ, ഈ ആനുകൂല്യത്തെ ദുരുപയോഗം ചെയ്യുന്നതിൽനിന്ന് തടയുകയും ചെയ്തിട്ടുണ്ട്. ലാതള് രിബൂ ഇമാഅല്ലാഹി സ്ത്രീകൾ അല്ലാഹുവിന്റെ ദാസിമാരാകുന്നു. അവരുടെമേൽ ബലാൽക്കാരം ചെയ്യരുത്.

സ്ത്രീകളോട് കാഠിന്യം കാണിക്കുന്നവരെ കുറിച്ച് പറഞ്ഞു: ലയ്സ ഉലായിക്ക ബിഖിയാരിക്കും (സുനൻ അബീദാവൂദ് കിതാബുന്നിക്കാഹ് ബാബു ഫീ ളറബുന്നിസാ)അവർ നിങ്ങളിലെ നല്ല മനുഷ്യരിൽപ്പെട്ടവല്ല.

ഹദ്റത്ത് മുആവിയ ബിൻ ഹിന്ദിൽനിന്ന് നിവേദനം. ഞാൻ നബി(സ)തിരുമേനിയോടു ചോദിച്ചു: റസൂലേ, ഭാര്യമാരോടുള്ള ഞങ്ങളുടെ കടമകൾ എന്തൊക്കെയാണ്. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് ഭക്ഷണമായി നൽകുന്നതിൽനിന്ന് അവർക്കും നൽകുക. അല്ലാഹു നിങ്ങളെ ധരിപ്പിക്കുന്നതിൽനിന്ന് അവരെയും ധരിപ്പിക്കുക. അവരുടെ മുഖത്തടിക്കരുത്. അസഭ്യം പറയരുത്. വീട്ടിൽ നിന്ന് പുറത്താക്കുകയുമരുത്. (അബൂദാവൂദ്)

സ്ത്രീകളുടെ എല്ലാത്തരം അവകാശങ്ങളും സംരക്ഷിച്ച ലോകത്തിലെ ഒരേയൊരു ശരീഅത്ത് ഗ്രന്ഥമാണ് വിശുദ്ധഖുർആൻ.

(ശേഷം പേജ് 24ൽ)

# നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതം: അമുസ്‌ലിമീങ്ങളോടുള്ള സൗഹാർദത്തിന്റേയും സൽപെരുമാറ്റത്തിന്റേയും ഖുർആനികധ്യാപനങ്ങൾ


**സലീഖ് അഹ്മദ് നായിക്ക്, നള്വാറത്ത് ഉൽയ ഖാദിയാൻ**

**വിവർത്തനം: അലിക്കുഞ്ഞ് എച്ച്. എ. കരുളായ്**


അല്ലാഹു വളരെ വ്യക്തമായ വാക്കുകളിൽ പൗരാവകാശസ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും കുറിച്ച് വിളംബരം ചെയ്തു. ഈ വിളംബരം മുഖേന ലോകാവസാനംവരെ ഒരുവിധ സംശയത്തിനും ഇടയില്ലാത്തവിധമുള്ള മാതൃകയാണ് സ്ഥാപിച്ചിട്ടുള്ളത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *ലക്കും ദീനുക്കും വലിയ ദീൻ* നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം (109:7). വീണ്ടും പറയുന്നു:*ലാ ഇക്റാഹ ഫിദ്ദീൻ.* (2:257) മതം നിങ്ങളുടെ മനസ്സിന്റെ കാര്യമാണ്. ഇതുസംബന്ധമായി ഒരുവിധ ബലാൽക്കാരവുമില്ല. വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനി(അ) പറയുന്നു:

> മതപരമായകാര്യങ്ങളിൽ സ്വാതന്ത്ര്യമുണ്ടാകേണ്ടതാണ്. അല്ലാഹു പറയുന്നു: ലാ ഇക്റാഹ ഫിദ്ദീൻ ദീനിൽ ഒരുവിധ ബലാൽക്കാരവുമില്ല. ഇതുപോലുള്ള വാക്യങ്ങൾ ഇഞ്ചീലിൽ എവിടെയുമില്ല. യുദ്ധങ്ങളുടെ യഥാർഥ കാരണമെന്തായിരുന്നു? ഇതു മനസ്സിലാക്കുന്നതിൽ ഇക്കൂട്ടർക്ക് തെറ്റുപറ്റിയിരിക്കുന്നു. യുദ്ധം ചെയ്യാനുള്ള കൽപനയായിരുന്നെങ്കിൽ നബി(സ)തിരുമേനിയുടെ 13 വർഷക്കാലം പാഴായിപ്പോയി. കാരണം ആ മഹാത്മാവ് വന്നുടനെതന്നെ വാളെടുത്തില്ല. കേവലം യുദ്ധം ചെയ്യുന്നവരോടു യുദ്ധം ചെയ്യാനായിരുന്നു കൽപന. യുദ്ധത്തിന് തുടക്കം കുറിക്കുക എന്ന സിദ്ധാന്തം ഒരിക്കലും ഇസ്‌ലാമിനുണ്ടായിരുന്നില്ല. യുദ്ധത്തിനുള്ള കാരണം അല്ലാഹു പറഞ്ഞത് □ളുലിമൂ□ എന്നാണ്. അവർ പീഢിപ്പിക്കപ്പെടുന്നവരാണെന്ന് അല്ലാഹു കണ്ടപ്പോൾ നിങ്ങളും യുദ്ധം ചെയ്തുകൊള്ളുകയെന്ന് അവരോടു പറഞ്ഞു. ഇത് വാളിന്റെ കാലമാണെന്നോ, നിങ്ങൾ വാളെടുത്ത് കരബലംകൊണ്ട് മുസ് ലിമീങ്ങളാക്കുകയെന്നോ കല്പന നല്കിയിട്ടില്ല. പ്രത്യുത നിങ്ങൾ അക്രമിക്കപ്പെടുന്നവന്ന കാരണത്താൽ നിങ്ങളുടെ സ്വരക്ഷക്കുവേണ്ടി അവരെ നേരിട്ടുകൊള്ളുക എന്ന കല്പനയാണ് നല്കിയത്.(ബദ്ർ, വാള്യം 2, ലക്കം 1, 1903 ജനുവരി 23-30, പേജ് 3)

നമ്മൾ ചരിത്രം വായിക്കുമ്പോൾ, ഇതു കേവലം വിശുദ്ധ ഖുർആനിന്റെ വാക്കാലുള്ള വിളംബരമായിരുന്നില്ലെന്നും ഇസ്‌ലാം വെറും അധ്യാപനം മാത്രമല്ല സമർപിച്ചതെന്നും പ്രത്യുത കർമപരമായി ഇതിനെ ഭരണകൂടങ്ങൾക്ക് എന്നെന്നേക്കുമുള്ള പ്രവർത്തന രൂപരേഖയായി ചേർക്കപെട്ടിട്ടുള്ളതാണെന്നും മനസ്സിലാകുന്നു. ഇസ്‌ലാമിക ഭരണകൂടങ്ങൾക്ക് കീഴിലുള്ള അമുസ്‌ലിം ന്യൂനപക്ഷങ്ങളുടേയും അല്ലെങ്കിൽ പരാജയപ്പെട്ട അമുസ്‌ലിങ്ങളുടേയുമെല്ലാം ജീവനും സ്വത്തിനും സംരക്ഷണം നല്കുകയെന്നത് മുസ്‌ലിം ഭരണകൂടങ്ങളുടെ അടിസ്ഥാനപരമായ ഉത്തരവാദിത്വമായി നിശ്ചയിക്കപ്പെട്ടിരുന്നു.

ഇസ്‌ലാമിക ഭരണത്തിൻകീഴിലുള്ള എല്ലാ പൗരന്മാരും അവരേതു മതാനുയായി ആണെങ്കിലും വിശ്വാസപരമായ വിവേചനം കൂടാതെ തങ്ങളുടെ മതപരമായ കാര്യങ്ങളിൽ പൂർണമായ നിലയിൽ സ്വതന്ത്രരാണ്. അവരുടെ മതപരമായ കാര്യങ്ങളെ സംബന്ധിച്ച് അവരുടെമേൽ ഒരു തരത്തിലുള്ള ബലാൽകാരവുമില്ല. പിന്നീട് മതപരമായ കാര്യങ്ങളിൽ എല്ലാ വാസികൾക്കും മതവും ജാതിയുമെന്ന വ്യത്യാസമൊന്നുമില്ലാതെ പൂർണസ്വാതന്ത്ര്യം നല്കപ്പെട്ടിരുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ മറ്റൊരു സ്ഥലത്ത് പറയുന്നു:

*വഖുലിൽഹഖ്ഖു മിൻർറബ്ബിക്കും ഫമൻശാഅ ഫൽയുഅ്മിൻ വ്വമൻശാഅ ഫൽയക്ഫുർ (18:30)*

പറയുക, ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ് (റഹ്മഹുല്ലാഹ്) പറയുന്നു:

> മതപരമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് ഈ നേരത്ത് ഞാൻ രണ്ടു ആയത്തുകളെ വ്യാഖ്യാനിക്കുന്നതായിരിക്കും. ആദ്യത്തേത് സൂറ കഹ്ഫിലെ ആയത്താണ്. ഇതു ഹ്രസ്വമായി പറഞ്ഞു കഴിഞ്ഞതാണ്. ഇനി ഞാൻ രണ്ടാമത്തെ വചനമാണെടുക്കുന്നത്. ഈ യൂനുസ് എന്ന അധ്യായത്തിലെ വചനമാണ്: *ഖുൽ യാ അയ്യുഹന്നാസു ഖദ് ജാഅക്കുമുൽഹഖ്ഖു മിൻ റബ്ബിക്കും ഫമനിഹ്ത്തദാ ഫഇന്നമാ യഹ്ത്തദി ലിനഫ്സിഹി വമൻ ള്വല്ല ഫഇന്നമാ യള്വില്ലു അലയ്ഹാ വമാ അനാ അലയ്ക്കും ബിവക്കീൽ(10:109).* റസൂലേ! നീ ജനങ്ങളോട് പറയുക, നിങ്ങളുടെ നാഥന്റെ പക്കൽനിന്ന് നിങ്ങളിലേക്ക് പരിപൂർണ സത്യം വന്നെത്തിയിരിക്കുന്നു. ആദ്യ സംബോധിതൻ റസൂലുല്ലാഹ് (സ) തന്നെയാണ് പിന്നെ അങ്ങയുടെ അനുയായികളും. ഖുർആനിക നിർദേശങ്ങൾ ഖിയാമത്തുനാൾ വരേക്കുമുള്ളതാണ്. അതുകൊണ്ട് ഈ കൽപന അങ്ങ് മുഖേന അനുയായികൾക്കും മുഴുവൻ മനുഷ്യർക്കും ഖിയാമത്തുനാൾ വരേക്കും ലഭ്യമായതാണ്.
>
> പറഞ്ഞു: *ഖദ് ജാഅക്കമുൽഹഖ്ഖു മിൻ റബ്ബിക്കും* നിങ്ങളുടെ നാഥന്റെ പക്കൽനിന്നും നിങ്ങൾക്ക് പരിപൂർണ സത്യം ഇറങ്ങിയിരിക്കുന്നു.ഫമനിഹ്ത്തദാ ആരാണോ തന്റെ ഇഷ്ടത്താൽ അതിൽ പറയപ്പെട്ടിരിക്കുന്ന സന്മാർഗത്തെ സ്വീകരിക്കുന്നത് ഫഇന്നമാ യഹ്ത്തദീ ലി നഫ്സിഹീ തന്റെ തന്നെ ഗുണത്തിനുവേണ്ടിയാണ്. ഇവിടെ മനുഷ്യന് സ്വാതന്ത്ര്യം നല്കിയിരിക്കുകയാണ്. നിങ്ങൾക്ക് ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾ സ്വീകരിക്കുക. അല്ലെങ്കിൽ സ്വീകരിക്കാതിരിക്കുക. അതിൽ അല്ലാഹുവിൽനിന്നും റസൂലിൽനിന്നും ഒരു ബലാൽക്കാരവുമില്ല. വമൻ ള്വല്ല ഫഇന്നമാ യള്വില്ലു അലയ്ഹാ ഈ വഴിയിൽനിന്ന് ആരാണോ തെറ്റിപ്പോകുന്നത് ആ തെറ്റിപ്പോകുന്നതിന്റെ നാശം അവനിലുണ്ട്. അതുകൊണ്ട് മനുഷ്യർ നല്ല വണ്ണം ചിന്തിച്ച് മനസ്സിലാക്കി തീരുമാനമെടുക്കുക. അല്ലാഹു റസൂലുല്ലാഹി (സ)മുഖേന ഇവിടെ വിളംബരപ്പെടുത്തുകയാണ്, അല്ലയോ മനുഷ്യരേ! നിങ്ങൾക്ക് മതസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. സന്മാർഗത്തിൽ ചരിക്കണമോ വഴികേടിൽ പോകണമോ എന്നത് നിങ്ങളുടെ സ്വന്തം തീരുമാനമാണ്. ഞാൻ നിങ്ങളുടെ മേൽ കാര്യനിർവാഹകനല്ല. എന്റെമേൽ ഉത്തരവാദിത്വവുമില്ല. (തഫ്സീർ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അഥ്ഥാലിഥ്, പേജ് 440)

വീണ്ടും നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ട് മുസ്‌ലിമീങ്ങൾക്ക് മുന്നറിയിപ്പായി അല്ലാഹു പറഞ്ഞിരിക്കുന്നു.

*വലൗ ശാഅ റബ്ബുക്ക ലആമന മൻ ഫിൽഅർളി കുല്ലുഹും ജമീആ അഫ അൻത തുക്രിഹുന്നാസ ഹത്താ യകൂനൂ മുഅ്മിനീൻ(10:100)*

> നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനേ. എന്നിരിക്കെ ആളുകൾ വിശ്വാസികളായിത്തീരുന്നതിന് നീ അവരെ നിർബന്ധിക്കുകയോ?

വിശുദ്ധ ഖുർആൻ മതപരമായ ബലാൽക്കാരവും നിർബന്ധംചെലുത്തലും ഏകാധിപത്യവും പൂർണമായ നിലയിൽ ഇല്ലാതാക്കുകയും മതപരമായ സ്വാതന്ത്ര്യത്തിന്റേയും സഹവർത്തിത്വത്തിന്റേയും പൗരാവകാശ സ്വാതന്ത്ര്യത്തിന്റേയും പതാക ഉയർത്തുകയും തന്റെ മാതൃകകൊണ്ട് ഓരോ വ്യക്തിയും അവരവരുടെ ദീനിന്റേയും മതത്തിന്റേയും കാര്യത്തിൽ പൂർണസ്വതന്ത്രരാണെന്ന് സ്ഥാപിക്കുകയും ചെയ്തു. നബി(സ)തിരുമേനി ഇസ്‌ലാമിക ശരീഅത്തനുസരിച്ച് അക്രമത്തിനും ബലാൽക്കാരത്തിനുമെതിരിൽ വിട്ടുവീഴ്ചയ്ക്ക് മുൻഗണനനല്കുകയും നീതിയും ന്യായവും സ്ഥാപിക്കുന്നതിൽ ശത്രുത ഇടയ്ക്കുതടസമാകരുതെന്ന പാഠം നല്കുകകയും ചെയ്തു. വിശുദ്ധ ഖുർആൻ മതസ്വാതന്ത്ര്യത്തിനും പൗരാവകാശ സ്വാതന്ത്ര്യത്തിനും വ്യക്തമായ വാക്കുകളിൽ മാർഗനിർദേശം നല്കുന്നു. മറുഭാഗത്ത് എല്ലാതരത്തിലുള്ള മതപരമായ വിദ്വേഷത്തേയും നിർബന്ധം ചെലുത്തലിനേയും ഏകാധിപത്യത്തേയും വെറുക്കുകയും നിഷേധിക്കുകയും ചെയ്യുന്നു. അതു പ്രവർത്തിച്ചുകാണിച്ചുകൊണ്ട് നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)മാതൃക കാഴ്ചവെച്ചിരിക്കുന്നു. ഇസ്‌ലാമിക ശരീഅത്തിന്റെ അധ്യാപനങ്ങളനുസരിച്ച് എപ്പോഴും അക്രമത്തിനും ദ്രോഹത്തിനുമുള്ള മറുപടി വിട്ടുവീഴ്ച ചെയ്തും മാപ്പു നല്കിയുംകൊണ്ട് ഉദാത്തമായ മാതൃക സ്ഥാപിച്ചു.

വിശുദ്ധ ഖുർആൻ അക്രമത്തിൽനിന്നും അതിക്രമത്തിൽനിന്നും പിന്മാറാൻ നിരന്തരം ഉപദേശിക്കുന്നു. അല്ലാഹു പറയുന്നു:

*വലാ യജ്രിമന്നക്കും ശനആനു ഖൗമിൻ അൻ സ്വദ്ദൂക്കും അനിൽ മസ്ജിൽഹറാമി അൻ തഅ്ത്തദൂ വ തആവനൂ അലൽബിർറി വത്തഖ്വാ വലാ തആവനൂ അലൽ ഇഥ്മി വൽഉ*

*ദ് വാൻ വത്തഖുല്ലാഹ ഇന്നല്ലാഹ ശദീദുൽ ഇഖാബി (5:3)*

നിങ്ങളെ മസ്ജിദുൽഹറാമിൽനിന്ന് തടഞ്ഞുവെന്ന കാരണത്താൽ ഒരു ജനതയോടുള്ള ശത്രുത അവരോടു അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

അല്ലാഹു ഖുർആനിൽ സമാധാനത്തിന് അടിസ്ഥാനം നീതിയാണെന്ന് പഠിപ്പിക്കുന്നു. നീതി എത്രമാത്രം അനിവാര്യമാണ് എന്നതിന് ഖുർആൻ വചനം നോക്കുക *യാ അയ്യുഹല്ലദീന ആമനൂ കൂനൂ ഖവ്വാമീന ലില്ലാഹി ശുഹദാഅ ബിൽഖിസ്തി വലാ യജ്രി മന്നക്കും ശനആനു ഖൗമിൻ അലാ അല്ലാ തഅ്ദിലൂ ഇഅ്ദിലൂ ഹുവ അഖ്റബു ലിത്തഖ്വാ വത്തഖുല്ലാഹ ഇന്നല്ലാഹ ഖബീറുൻബിമാ തഅ്മലൂൻ(5:)*

വിശ്വസിച്ചവരേ! നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിനുവേണ്ടി നിലകൊള്ളുക. നിങ്ങളെ മസ്ജിദുൽഹറാമിൽനിന്ന് തടഞ്ഞുവെന്ന കാരണത്താൽ ഒരു ജനതയോടുള്ള ശത്രുത അവരോടു അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതിപാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ് നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്. (ഇസ്‌ലാമിന്റെമേലുള്ള പോപ്പിന്റെ ആക്ഷേപത്തിന് മറുപടി പേജ് 47, 2008 പതിപ്പ്)

റസൂലുല്ലാഹ്(സ)മുഖേന മുശ്‌രിക്കീങ്ങൾക്കുപോലും സമാധാനത്തിൽ കഴിയാനുള്ള അനുവാദം ഖുർആൻ നല്കിയിരിക്കുന്നു. ഖുർആനിൽ അല്ലാഹു പറയുന്നത് കാണുക. *വഇൻ അഹദുൻമിനൽമുശ് രിക്കീനസ്തജാറക്ക ഫഅജിർഹു ഹത്താ യസ്മഅ കലാമല്ലാഹി ഥുമ്മ അബ്‌ലിഗ്ഹു മഅ്മൻഹു ദാലിക്ക ബിഅന്നഹും ഖൗമുൻല്ലായഅ്ലമൂൻ(9:6)*

ബഹുദൈവവിശ്വാസികളിൽനിന്ന് ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അല്ലാഹുവിന്റെ വചനം കേൾക്കുന്നതുവരെ അവന് അഭയം നല്കുക. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിക്കുക. ഇത് അവർ(കാര്യം)അറിയാത്ത ജനങ്ങളായതുകൊണ്ടാണ്.

ഇതും മതപരമായ സൗഹാർദം കാരണത്താലാണ്. അതായത് വിശുദ്ധ ഖുർആൻ അന്യമതക്കാരിലുള്ള സവിശേഷതകളെ അംഗീകരിച്ചുകൊണ്ട് പറയുന്നു:

*വമിൻ അഹ്‌ലിൽകിതാബി മൻ ഇൻ തഅ്മൻഹു ബി ഖിൻത്വാരിൻയ്യുഅദ്ദിഹീ ഇലയ്ക്ക വമിൻഹുംമ്മൻ ഇൻ തഅ്മൻഹു ബി ദീനാരിൻ ല്ലായുഅദ്ദിഹീ ഇലയ്ക്ക ഇല്ലാ മാ ദുംത്ത അലയ്ഹി ഖാഇമൻ ദാലിക്ക ബിഅന്നഹും ഖാലൂ ലയ്സ അലയ്നാ ഫിൽഉമ്മിയ്യീന സബീലുൻ വ യഖൂലൂന അലല്ലാഹിൽകദിബ വഹും യഅ്ലമൂൻ(3:76)*

ഒരു കൂമ്പാരംതന്നെ നീ വിശ്വസിച്ചേൽപ്പിച്ചാൽ(അതേപടി)നിനക്ക് തിരിച്ചുതരുന്ന ചിലർ ഗ്രന്ഥാനുസാരികളിലുണ്ട്. മറിച്ച് ഒരു ദീനാർ നീ വിശ്വാസിച്ചേൽപ്പിച്ചാൽ നീ അതിന്മേൽ പിടിച്ചു നിന്നെങ്കിലല്ലാതെ നിനക്ക് തിരിച്ചുനല്കാത്ത മറ്റു ചിലരും അവരിലുണ്ട്. അത് ഈ നിരക്ഷരരുടെ കാര്യത്തിൽ ഞങ്ങളുടെ മേൽ(ആക്ഷേപം ഉണ്ടാവാൻ) ഒരുവിധ മാർഗവുമില്ലെന്ന് അവർ പറയുന്നുവെന്ന കാരണത്താലാണ്. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെമേൽ കള്ളം പറയുകയാണ്.(3:76)

അസ്മാഅ് ബിൻത് അബൂബക്റിന്റെ ബഹുദൈവാരാധകയായിരുന്ന മാതാവ് മദീനയിൽ അവരെ കാണാൻ ഉദാസീനയായി വന്നപ്പോൾ മാതാവിനെ സേവിക്കുന്നതിനെ കുറിച്ച് നബി(സ)തിരുമേനിയോട് അവർ ചോദിക്കുകയുണ്ടായി. അവർ നിങ്ങളുടെ മാതാവാണ് എന്നായിരുന്നു റസൂലുല്ലാഹ് (സ) മറുപടി പറഞ്ഞത്. നിങ്ങളോട് യുദ്ധം ചെയ്യാത്തവരോട് നിങ്ങളെ തടയുന്നില്ലാ എന്ന ആയത്തും ഇറങ്ങിയത് ഇത് സംബന്ധിച്ച് പറയപ്പെടുന്നു. (ബുഖാരി കിതാബുൽ അദബ്, ഉസ്‌വയെ ഇൻസാനെ കാമിൽ, ഹാഫിള് മുളഫ്ഫർ അഹ്മദ് പേജ് 505)

നബി(സ)തിരുമേനി മതപരമായ സഹിഷ്ണുതയുടെ ശ്രേഷ്ഠത പ്രകടിപ്പിച്ചുകൊണ്ട് മുസ്‌ലിം അമുസ്‌ലിം എന്ന വിവേചനം വിപാടനം ചെയ്തു. മാത്രമല്ല മുസ്‌ലിമീങ്ങളുടെമേൽ സക്കാത്ത് നിർബന്ധമാക്കിയപ്പോൾ അമുസ്‌ലിമീങ്ങൾക്ക് നിസ്സാരമായ *ജിസിയ*(കപ്പം) മാത്രമായിരുന്നു ചുമത്തിയിരുന്നത്. അടിമമോചനത്തെ കുറിച്ച് പഠിപ്പിക്കുക മാത്രമല്ല, പ്രാവർത്തികമാക്കിക്കാണിക്കുകയും ചെയ്തു. ഹുനയ്ൻ യുദ്ധശേഷം ആയിരക്കണക്കിന് അടിമകളെ മോചിപ്പിച്ചു.

മറ്റൊരു വേളയിൽ ഖുർആൻ ഗ്രന്ഥാനുസാരികളുടെ സവിശേഷതകളെ എടുത്തു പറയുന്നത് നോക്കുക.

*ലയ്സൂ സവാൻ മിൻ അഹ്‌ലിൽകിതാബി ഉമ്മത്തുൻ ഖാഇമത്തുൻ യ്യത്‌ലൂന ആയാത്തില്ലാഹി ആനാഅല്ലയ്‌ലി വഹും യസ്ജുദൂൻ (3:114)*

അവർ (എല്ലാവരും) ഒരുപോലെയല്ല. തങ്ങളുടെ കരാറിൽ ഉറച്ചു നിൽക്കുന്ന ഒരു വിഭാഗമാളുകൾ ഗ്രന്ഥാനുസാരികളിലുണ്ട്. അവർ രാത്രി സമയങ്ങളിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു.

നബി(സ)തിരുമേനി മദീനയിൽ വന്നപ്പോൾ അവിടുത്തെ യഹൂദികളുമായി ഒരു സമാധാന കരാറുണ്ടാക്കി. അതനുസരിച്ച് അവിടെ മതസ്വാതന്ത്ര്യം അനുവദിച്ചു. യഹൂദികൾക്ക് അവരുടെ ശരീഅത്ത നുസരിച്ച് വിധി നല്കി. അവരുടെ മതപാഠശാലകളിൽ നബി(സ)തിരുമേനി അവരോടു പ്രസംഗിച്ചു. നബി(സ)തിരുമേനിയുടെ മസ്ജദിൽ യഹൂദികൾ വരുകയും ചർച്ച നടത്തുകയും അവരുടെ കാര്യങ്ങൾക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു. അങ്ങ് യഹൂദികളുടെ ഭക്ഷണം സ്വീകരിക്കുകയും കഴിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ഒരു യഹൂദിയുടെ നിസ്സാരമായ ക്ഷണം അവിടന്ന് സ്വീകരിച്ചു. (ത്വബഖാത്തുൽ കുബ്റാലി ഇബ്നി സഅ്ദ് വാള്യം 1, പേജ്: 370-407, ഹാഫിള് മുളഫ്ഫർ അഹ്മദ് സാഹിബിന്റെ ഉസ്‌വയെ ഇൻസാനെ കാമിൽ എന്ന ഗ്രന്ഥത്തിൽനിന്നെടുത്തത്)

മറ്റു മതസ്ഥാപകരെ ബഹുമാനിക്കാനും ആദരിക്കാനും ഖുർആൻ പഠിപ്പിക്കുന്നു. അതുപോലെ മറ്റു മതസ്ഥർ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന വ്യക്തികളെ മോശമാക്കി പറയുന്നതിനെയും ഖുർആൻ വിലക്കുന്നു. ഖുർആൻ ഇപ്രകാരം പഠിപ്പിക്കുന്നു. *വലാ തസബ്ബുല്ലദീന യദ്ഊന മിൻ ദൂനില്ലാഹി ഫ യസുബ്ബുല്ലാഹ അദ്‌വൻ ബി ഗയ്‌രി ഇൽമിൻ കദാലിക്ക സയ്യന്നാ ലികുല്ലി ഉമ്മത്തിൻ അമലഹും ഥുമ്മ ഇലാ റബ്ബിഹിംമ്മർജിഉഹും ഫയുനബ്ബിഉഹും ബിമാ കാനൂ യഅ്മലൂൻ(6:109).*

അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുതനിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും. ഇപ്രകാരം എല്ലാ ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനത്തെ നാം അലങ്കാരമാക്കി കാണിച്ചുകൊടുത്തു. പിന്നീട് അവരുടെ നാഥന്റെ പക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് അവർക്ക് അവൻ വിവരം നല്കുന്നതാണ്.

നബി(സ)തിരുമേനി മതസഹിഷ്ണുതയുടെ കർമപരമായ രൂപമായിരുന്നു. ഒരിക്കൽ ഒരു മുസ്‌ലിമും യഹൂദിയും തമ്മിൽ തർക്കമുണ്ടായി. നബി(സ)തിരുമേനിയെ അല്ലാഹു വരിഷ്ഠനായി തിരഞ്ഞെടുക്കുകയും ലോകരിൽവച്ച് ശ്രേഷ്ഠനാക്കുകയും ചെയ്തിരിക്കുന്നുവെന്ന് മുസൽമാൻ പറഞ്ഞു. ഇതുകേട്ട യഹൂദി, മൂസാ(അ)യെയാണ് അല്ലാഹു തിരഞ്ഞെടുത്തതെന്നും ലോകരിൽവച്ച് അദ്ദേഹത്തെയാണ് ശ്രേഷ്ഠനാക്കിയതെന്നും പറഞ്ഞു. ഇതുകേട്ട മുസൽമാൻ ആ യഹൂദിയെ അടിച്ചു. യഹൂദി നബി(സ)തിരുമേനിയുടയടുക്കൽ വന്ന് അന്യായം ബോധിപ്പിച്ചു. നബി(സ)തിരുമേനി മുസൽമാനെ വിളിക്കുകയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തശേഷം ഇപ്രകാരം പറഞ്ഞു.ലാ തുഖയ്യിറൂനീ അലാ മൂസാ നിങ്ങൾ എനിക്ക് മൂസായെക്കാൾ ശ്രേഷ്ഠത കല്പിക്കരുത്. (ബുഖരി, കിതാബുൽ ഖുസുമാത്ത്)

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് മേൽപറഞ്ഞ സംഭവത്തെ എടുത്തുദ്ധരിച്ചുകൊണ്ട് പറയുന്നു:

ഇതായിരുന്നു നബി(സ)തിരുമേനിയുടെ മതസഹിഷ്ണുതയും മനസ്സാക്ഷിയും!സ്വന്തം ഭരണമാണ്. മദീന ഹിജ്റത്തിനുശേഷം അവിടന്ന് ഗോത്രങ്ങളിൽനിന്നും യഹൂദികളിൽനിന്നും ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷം നിലനിറുത്തുന്നതിനുവേണ്ടി ഒരു ഉടമ്പടി ചെയ്തിരുന്നു. മുസ്‌ലിമീങ്ങൾ ഭൂരിപക്ഷമായ കാരണത്താൽ അല്ലെങ്കിൽ മുസ്‌ലിമീങ്ങളോടൊപ്പം മറ്റുള്ളവരും ചേർന്ന കാരണത്താൽ ഭരണം നബി(സ)തിരുമേനിയുടെ കൈയിലായിരുന്നു. പക്ഷേ, ഈ ഭരണകൂടത്തിന്റെ ഉദ്ദേശ്യം മറ്റുപ്രജകളുടേയും മറ്റാളുകളുടേയും വികാരങ്ങൾ മാനിക്കാതിരിക്കുകയും ഗൗനിക്കാതിരിക്കുകയും ചെയ്യുക എന്നതായിരുന്നില്ല. വിശുദ്ധ ഖുർആനിന്റെ ഈ സാക്ഷ്യമുണ്ടായിട്ടും അവിടന്ന് എല്ലാ റസൂൽമാരെക്കാളും ശ്രേഷ്ഠനായിരുന്നിട്ടും പ്രവാച

കന്മാരെ താരതമ്യം ചെയ്ത് അന്തരീക്ഷം വഷളാക്കുന്നത് സഹിച്ചിരുന്നില്ല. അവിടന്ന് ആ യഹൂദിയുടെ വാക്കുകേട്ട് നിങ്ങളുടെ വഴക്കുകളിൽ പ്രവാചകന്മാരെ വലിച്ചിടരുതെന്ന് പറഞ്ഞ് മുസൽമാനെത്തന്നെ വഴക്കുപറയുകയാണ് ചെയ്തത്. നിങ്ങളുടെ ദൃഷ്ടിയിൽ ഞാൻ എല്ലാ നബിമാരിലും ശ്രേഷ്ഠനാണെന്നത് ശരിതന്നെ. അല്ലാഹുവും അതിനു സാക്ഷ്യം പറയുന്നുണ്ട്. പക്ഷേ, നമ്മുടെ ഭരണത്തിൻകീഴിൽ ഈ നബിയെ ആരോ എന്തോ പറഞ്ഞെന്നവച്ച് ആരേയും വിഷമിപ്പിക്കാൻ പാടില്ല. അതിന് ഞാൻ അനുവാദം തരികയില്ല. എന്നെ ആദരിക്കുന്നതിന് നിങ്ങൾ മറ്റു നബിമാരേയും ആദരിക്കേണ്ടതാണ്.

ഇതായിരുന്നു നബി(സ)തിരുമേനിയുടെ നീതിയും സഹിഷ്ണുതയും! സ്വന്തക്കാരെയും മറ്റുള്ളവരെയും അവിടന്ന് ഒരേ രീതിയിൽ പരിഗണിച്ചു. ചിലപ്പോൾ മറ്റുള്ളവരുടെ വികാരങ്ങളെ കൂടുതൽ മാനിച്ചു. (ജുമുഅ ഖുത്ബ 10-03-2006)

അല്ലാഹു പറയുന്നു:

*ലാ യൻഹാക്കുമുല്ലാഹു അനില്ലദീന യുഖാത്തിലൂക്കും ഫിദ്ദീനി വലം യുഖ്രിജൂക്കും മ്മിൻദിയാരിക്കും അൻ തബർറൂഹും വ തുഖ്സിതൂ ഇലയ്ഹിം ഇന്നല്ലാഹ യുഹിബ്ബുൽ മുഖ്സിത്വീൻ (60:9)*

മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽനിന്ന് നിങ്ങളെ ബഹിഷ്കരിച്ചിട്ടില്ലാത്തവരുമായവരെപ്പറ്റി നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോട് വിരോധിക്കുന്നില്ല. തീർച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

ശത്രുക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്ന അധിക്രമങ്ങൾക്കു ശിക്ഷ നല്കുകയാണെങ്കിൽപ്പോലും തത്തുല്യമായ ശിക്ഷ നല്കുകയെന്നാണ് ഇസ്‌ലാം കല്പിക്കുന്നത്. എന്നാൽ, മാപ്പാക്കുകയും വിട്ടുവീഴ്ച ചെയ്യുകയുമാണെങ്കിൽ അല്ലാഹുവിന് അത് ഏറെ ഇഷ്ടകരമാണെന്ന് അത് ഓർമപ്പെടുത്തുന്നു. അല്ലാഹു പറയുന്നു:

*വ ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻമ്മിഥ്ലുഹാ ഫമൻ അഫാ വ അസ്ലഹ ഫഅജ്റുഹൂ അലല്ലാഹ് ഇന്നഹൂ ലാ യുഹിബ്ബുള്ളാലിമീന(42:41)*

തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും നന്മ പരത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്. തീർചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല.

മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചതിനെ വിവരിക്കുന്നതു കാണുക:

*യാ അയ്യുഹന്നാസു ഇന്നാ ഖലഖ്നാക്കും മ്മിൻദക്റിൻ വ്വ ഉൻഥാ വജഅൽനാക്കും ശുഊബൻ വ്വ ഖബാഇല ലിതആറഫൂ ഇന്ന അക്മറക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ (49:14)*

മനുഷ്യരേ! തീർച്ചയായും നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽ വെച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്.

പ്രവാചക ശ്രേഷ്ഠരായ മുത്തുമുഹമ്മദു മുസ്തഫാ(സ)പരസ്യമായി പ്രഖ്യാപിച്ചത് ഇപ്രകാരമാണ്, *യാ അയ്യുഹന്നാസു! അലാ! ഇന്ന റബ്ബക്കും വാഹിദുൻ വ ഇന്ന അബാക്കും വാഹിദുൻ അലാ! ലാ ഫള്ലു ലി അറബിയ്യി അലാ അഅ്ജമിയ്യി വലാ ലി അജമിയ്യി അലാ അറബിയ്യി ലി അഹ്മറ വലാ അസ്‌വദ അലാ അഹ്മറ ഇല്ലാ ബിത്തഖ് വാ* (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 5, പേജ് 411, മുഅല്ലിഫ് അബൂ അബ്ദുല്ലാഹി അഹ്മദ് ബിൻ ഹമ്പൽ, നാശിർ ദാറുൽ ഫിക്ർ ബെയ്റുത്ത് നിവേദനം 23536)

അല്ലയോ മനുഷ്യസമൂഹമേ! നിങ്ങളുടെ റബ്ബ് ഏകനാകുന്നു. നിങ്ങളുടെ പിതാവ് ഏകനാകുന്നു. അറബിക്ക് അനറബിയുടെ മേൽ ഒരു ശ്രേഷ്ഠതയുമില്ല. അനറബിക്ക് അറബിയുടെമേലും ഒരു ശ്രേഷ്ഠതയുമില്ല. വെളുത്തവന് കറുത്തവന്റെമേലോ ഒരു ശ്രേഷ്ഠതയുമില്ല. തഖ്‌വയുടെ അടിസ്ഥാനത്തിലല്ലാതെ!

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

നബി(സ)തിരുമേനി തന്റെ ജീവിതത്തിൽ അവസാനം ചെയ്ത ഖുത്ബയിൽ സകല മുസ്‌ലിമീങ്ങളോടും കൽപിച്ചു, അവരെപ്പോഴും ഓർക്കുക!ഏതെങ്കിലും അറബിയ്ക്ക് ഏതെങ്കിലും അനറബിയുടെമേൽ ഒരു ശ്രേഷ്ഠതയുമില്ല. ഏതെങ്കിലും അനറബിയ്ക്ക് ഏതെങ്കിലും അറബിയുടെമേലും ഒരു ശ്രേഷ്ഠതയുമില്ല. അവിടന്ന് പഠിപ്പിച്ചു:ഏതെങ്കിലും കറുത്തവന് വെളുത്തവന്റെമേൽ ഒരു ശ്രേഷ്ഠതയുമില്ല. ഏതെങ്കിലും വെളുത്തവന് കറുത്തവന്റെമേലും ഒരു ശ്രേഷ്ഠതയുമില്ല. ഇതാണ് ഇസ്‌ലാമിന്റെ പ്രസപഷ്ടമായ അധ്യാപനം. എല്ലാ ജനതകളിലേയും എല്ലാ വംശങ്ങളിലേയും ആളുകൾ സമന്മാരാണ്. അവിടന്ന് ഇങ്ങനേയും വ്യക്തമായും പറഞ്ഞു:സകല ആളുകൾക്കും വിവേചനവും മതപരമായ ഏകപക്ഷീയതയുമൊന്നും കൂടാതെ ഒരുപോലെ അവകാശം ലഭിക്കേണ്ടതാണ്. ഇതാണ് അടിസ്ഥാനപരവും സുവർണവുമായ തത്ത്വം. അത് ആഗോളപരമായ സമാധാനവും സഹവർത്തിത്വവും ഉൾക്കൊള്ളുന്നതാണ്.(ആലമീ ബുഹ്റാൻ ഔർ അമൻ കി രാഹ് പേജ് 75)

മദീനയിൽ നബി(സ)തിരുമേനിയുടെയടുക്കൽ യഹൂദികൾ വരാറുണ്ടായിരുന്നു. നബി(സ)തിരുമേനി അവരോടു വളരെ നല്ല നിലയിൽ പെരുമാറിയിരുന്നു. അവരിൽ ഒരാൾ തുമ്മിയാൽപോലും അല്ലാഹു നിങ്ങൾക്ക് ഹിദായത്ത് നല്കട്ടെ, നിങ്ങളുടെ അവസ്ഥ നന്നാക്കിത്തീർക്കുമാറാകട്ടെ എന്ന് ദുആ ചെയ്യുമായിരുന്നു. (അൽ ഖസ്വാഇസ്വുൽ കുബ്റാ ലി സുയൂത്വി, ഭാഗം 2, പേജ് 167, പ്രസാധനം ബെയ്റുത്ത്, ഉസ്‌വയെ ഇൻസാനെ കാമിൽ എന്ന ഗ്രന്ഥത്തിൽനിന്നുള്ള ഉദ്ധരണി)

യഹൂദികളിൽപ്പെട്ട ആരെങ്കിലും രോഗിയായാൽ അവരെ സന്ദർശിക്കുകയും വിവരങ്ങൾ അന്വേഷിക്കുകയും ചെയ്യുമായിരുന്നു. മദീനയിൽ ഒരിക്കൽ ഒരു യഹൂദി ബാലൻ രോഗിയായപ്പോൾ അവനെ സന്ദർശിച്ചതായി മുസ്നദ് അഹ്മദ് ഹമ്പൽ(വാള്യം 3, പേജ് 175) റിപ്പോർട്ട് ചെയ്യുന്നുണ്ട്. മാത്രമല്ല അവരുടെ ജനാസ കൊണ്ട് പോകുമ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റുനിന്ന് ആദരവ് പ്രകടിപ്പിച്ചിരുന്നതായി രിവായത്തുകളിൽ കാണാവുന്നതാണ്.

ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ അബീ ലയ്‌ലാ വിവരിക്കുന്നു:സഹൽ ബിൻ ഹുനയ്ഫും ഖയ്സ് ബിൻ സഅ്ദും ഖാദിസിയ എന്ന സ്ഥലത്ത് ഇരിക്കുകയായിരുന്നു. അവരുടെ മുമ്പിലൂടെ ഒരു ജനാസ കൊണ്ടുപോകുമ്പോൾ അവരിരുവരും എഴുന്നേറ്റുനിന്നു. ഇത് ദിമ്മികളിൽപ്പെട്ടവരുടെ ജനാസയാണെന്ന് പറഞ്ഞപ്പോൾ അവരിരുവരും പറഞ്ഞു: ഒരിക്കൽ നബി(സ)തിരുമേനിയുടെ മുമ്പിലൂടെ ജനാസ കൊണ്ടുപോകുമ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റു നിന്നു. കൂടെയുണ്ടായിരുന്ന ശിഷ്യന്മാരിൽ ഒരാൾ അത് ഒരു യഹൂദിയുടേതാണെന്ന് അറിയിച്ചു. അപ്പോൾ നബി(സ) തിരുമേനി ചോദിച്ചത് അത് ഒരു മനുഷ്യന്റേതല്ലേ എന്നായിരുന്നു. (ബുഖാരി കിതാബുൽ ജനാഇസ്)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഈ സംഭവത്തെ വിവരിച്ചുകൊണ്ട് പറയുന്നു: ഇതിനാണ് മതേതരത്വം മനുഷ്യത്വം മതസൗഹാർദം എന്നൊക്കെ പറയുന്നത്. ഈ ഒരന്തരീക്ഷം ഉണ്ടാകുമ്പോഴാണ് പരസ്പര സ്നേഹത്തിന്റെയും സമാധാനത്തിന്റെയും അന്തരീക്ഷം ഉണ്ടാകുന്നത്. (ജുമുഅ ഖുത്ബ 10-03-2006)


ഈ ആദരവാണ് മറ്റു മതങ്ങളുടേയും മനുഷ്യത്വത്തിന്റേയും!ഈ പ്രകടനവും ഈ മാതൃകയും കൊണ്ടാണ് മതപരമായ സഹിഷ്ണുതയുടെ അന്തരീക്ഷമുണ്ടാകുന്നത്. ഈ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ. (ജുമുഅ ഖുത്ബ 4-10-2019)**

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം: •

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**



ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

പ്രകടനം കൊണ്ടുതന്നെയാണ് പരസ്പരം മുദലമായ വികാരങ്ങളുണ്ടാകുന്നത്. ഈ പ്രകടനം കൊണ്ടുതന്നെയാണ് സ്നേഹത്തിന്റേയും ഇഷ്ടത്തിന്റേയും സമാധാനത്തിന്റേയും അന്തരീക്ഷമുണ്ടാകുന്നത്. അല്ലാതെ ഇക്കാലത്തെ ഭൗതികരുടെ കർമങ്ങൾകൊണ്ട് വെറുപ്പിന്റെ അന്തരീക്ഷമല്ലാതെ ഒന്നുമുണ്ടാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു:

അഹ്ലെകിതാബും അഥവാ ഗ്രന്ഥാനുസാരികളും അറേബ്യയിലെ മുശ്രിക്കീങ്ങൾ അഥവാ അന്യാരാധകരും ദുർവൃത്തിയിൽ അതിരുകടക്കുകയും സമാധാനഭംഗം വരുത്തുകയും ചെയ്ത ഒരവസ്ഥയിൽ അല്ലാഹു നബി(സ)തിരുമേനിയുടെ കൈയിൽ ഭരണത്തിന്റെ കടിഞ്ഞാൺ നല്കിക്കൊണ്ട് പാവപ്പെട്ടവരായ ജനങ്ങളെ രക്ഷിക്കാൻ ഉദ്ദേശിച്ചു. അറബ് രാജ്യം സ്വാർഥമതികളായിരുന്നു. ആ ജനത ആരുടെയും ഭരണത്തിൻ കീഴിലായിരുന്നില്ല. അവർ ഒരു നിയന്ത്രണമോ നിയമമോ ഇല്ലാതെ ജീവിച്ചുവരികയായിരുന്നു. അവർ പാപകൃത്യങ്ങളിൽ ദിനേന മുന്നേറിക്കൊണ്ടിരുന്നു. അല്ലാഹു ആ രാജ്യത്തോടു കരുണകാണിച്ചു അവർക്കായി ഒരു ദൂതനെ നിയോഗിച്ചു. മാത്രമല്ല അവരുടെ രാജാവാക്കുകയും അവർക്ക് ഖുർആൻ, അതായത് എല്ലാവിധ നിയമങ്ങളുമുൾക്കൊള്ളുന്ന ഒരു ഗ്രന്ഥം നല്കുകയും ചെയ്തു. അവിടന്ന് ഒരു രാജാവെന്ന നിലക്ക് എല്ലാ വിഭാഗക്കാരും തങ്ങളുടെ വിവഹാരങ്ങൾ അവിടത്തെ മുമ്പിൽ സമർപിക്കുകയും വിധി തേടുകയും ചെയ്തിരുന്നു. അവർക്കെല്ലാം അവരുടേതായ വിശ്വാസാദർശങ്ങളനുസരിച്ച് അവിടന്ന് വിധി കല്പിച്ചു. ഒരിക്കൽ ഒരു മുസൽമാനും യഹൂദിയും തമ്മിലുള്ള കേസ് നബി(സ)തിരുമോനിയുടെയടുക്കൽ വന്നപ്പോൾ അന്വേഷണങ്ങൾക്കുശേഷം ആ മുസൽമാനെതിരിൽ വിധി പുറപ്പെടുവിച്ചു.ബനീ ഇസ്റാഈലിൽ മൂസാ(അ)യ്ക്കുശേഷം നബിമാർ വന്നത് രാഷ്ട്രീയപരമായ വിധി നല്കുന്ന രാജാക്കന്മാരിൽ നിന്ന് വേറിട്ടുതന്നെ ആയിരുന്നു. എന്നാൽ, നബി(സ)തിരുമോനിയുടെ കാലത്ത് ഈ രണ്ട് പദവികളും ആ മഹാത്മാവിനു നല്കപ്പെട്ടു. കുറ്റവാളികളെ മാറ്റി നിറുത്തി ബാക്കി ആളുകളോടുള്ള പെരുമാറ്റം എങ്ങനെ ആയിരിക്കണമെന്നതു സംബന്ധിച്ച് ഖുർആൻ പറയുന്നത് നോക്കുക:

*വഖുൽല്ലില്ലദീന ഊത്തുൽകിതാബ വൽഉമ്മിയ്യീന അ അസ്ലംതും ഫഇൻഅസ്ലമൂ ഫഖദിഹ്ത്തദൗ വഇൻത വല്ലൗ ഫയിന്നമാ അലയ്ക്കൽ ബലാഗ്(3:21)*

ഗ്രന്ഥം നല്കപ്പെട്ടവരോടും നിരക്ഷരരോടും നിങ്ങളും (അല്ലാഹുവിന് സ്വയം) അർപണം ചെയ്യുന്നുണ്ടോയെന്ന് ചോദിക്കുക. അങ്ങനെ അവർ അർപണം ചെയ്തുവെങ്കിൽ അവർ നേർമാർഗം പ്രാപിച്ചെന്ന് മനസ്സിലാക്കുക. ഇനി അവർ പിന്തിരിഞ്ഞു കളയുന്നതായാൽ (സന്ദേശം)എത്തിക്കുകയെന്നത് മാത്രമാണ് നിനക്കുള്ള ബാധ്യത. ഈ ആയത്തിൽ പിന്തിരിഞ്ഞു പോകുന്നവരോട് യുദ്ധം ചെയ്യാൻ പറഞ്ഞിട്ടില്ല. യുദ്ധം ചെയ്യാൻ പറഞ്ഞത് രാജ്യത്ത് സമാധാന ഭംഗമുണ്ടാക്കുന്നവരോടും മുസ്ലിമീങ്ങളെ വധിക്കുന്നവരായ ആളുകളോടുമാണ്. അതായത് അവർ കുറ്റവാളികളായിരുന്നു. ഇത് അവിടന്ന് രാജാവ് എന്ന നിലക്കുള്ള കൽപനയാണ്. പ്രവാചകൻ എന്ന നിലക്കല്ല. ഖുർആൻ പറയുന്നത് നോക്കുക!

*വഖാത്തിലൂ ഫീ സബീലില്ലാഹില്ലദീന യുഖാത്തിലൂനക്കും വലാ തഅ്തദൂ ഇന്നല്ലാഹ ലാ യുഹിബ്ബുൽമുഅ്തദീൻ (2:191)*

നിങ്ങളോടു യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ, നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുകയില്ലതന്നെ.

(ചശ്മയെ മഅ്രിഫത്ത് റൂഹാനി ഖസാഇൻ വാള്യം 23, പേജ് 242-243)

ചുരുക്കത്തിൽ മത സൗഹാർദ്ദത്തിന് ഖുർആൻ നല്കിയ അധ്യാപനങ്ങൾ പരിപൂർണമാണ്. അത് പ്രാവർത്തികമായ നിലയിൽ മുഹമ്മദ് നബി(സ)തിരുമേനി കാണിച്ചുതരുകയും ചെയ്തു. അത് തങ്ക ലിപികളാൽ എഴുതപ്പെടേണ്ട ഒരു വചനാവുതന്നെയാണ്. ഖുർആനിന്റെ ഈ ഉന്നതമായ അധ്യാപനങ്ങളെ പ്രാവർത്തികമാക്കിക്കൊണ്ട് ഭൂമി സ്വർഗതുല്യമാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നല്കുമാറാകട്ടെ. ആമീൻ.

**ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു:**

വിശുദ്ധ ഖുർആനിൽ ആഴത്തിൽ ചിന്തിക്കുക. അതിൽ എല്ലാമുണ്ട്. നന്മതിന്മകളെ സംബന്ധിച്ച വിശദാംശമുണ്ട്. ഭാവികാലത്തെ സംബന്ധിച്ച വാർത്തകളുമുണ്ട്. ഒരു വിധ ആക്ഷേപവും സാധ്യമല്ലാത്ത ഒരു മതത്തെയാണ് അത് അവതരിപ്പിക്കുന്നതെന്ന് മനസ്സിലാക്കിക്കൊള്ളുവിൻ. എന്തെന്നാൽ നവംനവങ്ങളായ അനുഗ്രഹങ്ങളാണ് ഇതിൽനിന്നു ലഭിക്കുന്നത്. ഇഞ്ചീൽ സമ്പൂർണ മതത്തെയല്ല അവതരിപ്പിക്കുന്നത്. അതിന്റെ അധ്യാപനങ്ങൾ അക്കാലഘട്ടത്തിലേക്കു മാത്രമുള്ളതായിരുന്നു. അവയൊരിക്കലും എക്കാലത്തേക്കും എല്ലാ സഹചര്യങ്ങളിലേക്കും ഉള്ളവയായിരുന്നില്ല. വിശുദ്ധ ഖുർആനു മാത്രമേ ആ മഹത്ത്വമുള്ളൂ. എല്ലാ ആത്മീയരോഗങ്ങൾക്കുമുള്ള പരിഹാരം അല്ലാഹു ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(മൽഫൂദാത്ത് വാള്യം.5 പേ.102)

**• അല്ലാഹുവിന്റെ കലാം: •**

നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക.നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ




tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM


**• അല്ലാഹുവിന്റെ കലാം: •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് ധൈര്യത്തിന്റെ


ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

# നബി(സ)തിരുമേനിയുടെ വിശുദ്ധ ജീവിതം: വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ

**ലയീഖ് അഹ്മദ് നായിക്, മുറബ്ബിയെ സിൽസില**

**വിവർത്തനം: മൗലവി മുഹമ്മദു മൻസിൽ മുറിയക്കണ്ണി**

നബി(സ)തിരുമേനിയുടെ വിശുദ്ധ ജീവിതത്തിന്റെ ഏതുഭാഗമെടുത്തു പരിശോധിച്ചാലും അത് അങ്ങേയറ്റം മനോഹരവും മനം കവരുന്നതുമാണെന്ന് കാണാവുന്നതാണ്. അവിടത്തെ ഉന്നതമായ വ്യക്തിത്വത്തെ സംബന്ധിച്ച് അല്ലാഹു ഇങ്ങനെ പ്രഖ്യാപിച്ചു:*ലഖദ് കാന ലക്കും ഫീ റസൂലില്ലാഹി ഉസ് വത്തുൻ ഹസനത്തുൻ(33:22)*നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ തീർച്ചയായും ഒരു ഉത്തമമാതൃകയുണ്ട്.

നബി(സ)തിരുമേനിയുടെ അനുഗൃഹീത വ്യക്തിത്വം മാനുഷികമായ നന്മകളുടേയും ശ്രേഷ്ഠതകളുടേയും സമാഹാരവും എല്ലാ രീതിയിലും അതുല്യവും ഏകവുമായിരുന്നു. അവിടത്തെ ജീവചരിത്രത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ ഈ മഹത്തായ സാക്ഷ്യമുണ്ട്, *വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം* നീ മഹത്തായ ധാർമിക ഗുണങ്ങളുള്ളവൻ തന്നെയാണ്.(68:5) നബി(സ)തിരുമേനിയുടെ ഉൽക്കൃഷ്ട സ്വഭാവങ്ങളുടേയും സമ്പൂർണ ജീവിതചരിത്രത്തിന്റേയും ചിത്രം ഈ ദൈവികമായ സാക്ഷ്യത്തെക്കാളുപരി ഒരു മനുഷ്യനെക്കൊണ്ടും സാധ്യമല്ല. നബി(സ)തിരുമേനിയുടെ ജീവിതസഖി ഹദ്റത്ത് ആഇശ(റ)യുടേയും സാക്ഷ്യം അല്ലാഹുവിന്റെ തൃപ്തിക്കുവിധേയമായിട്ടായിരുന്നു അവിടത്തെ എല്ലാ പ്രവൃത്തിയുമെന്നതായിരുന്നു. ഏതൊരു പ്രവൃത്തി അല്ലാഹു വെറുത്തിരുന്നുവോ അതിൽനിന്ന് അവിടന്ന് അകന്നിരുന്നു.(നവാദിറുൽഉസ്വൂൽ ഫീ അഹാദീഥുർറസൂൽ ഹക്കീം തിർമുദി, വാള്യം 4, പേജ് 215, ദാറുൽജീൽ ബെയ്റുത്ത്).

ഹദ്റത്ത് ആഇശ(റ)യുടെ ദൃക്സാക്ഷി വിവരണത്തിന്റെ സംക്ഷിപ്തം നബി(സ)തിരുമേനിയുടെ സ്വഭാവം വിശുദ്ധ ഖുർആനായിരുന്നു എന്നതാണ്:

1. വിശുദ്ധ ഖുർആൻ വിവരിച്ച മുഴുവൻ സ്വഭാവഗുണങ്ങളുടേയും സത്യവിശ്വാസികളുടെ വിശേഷഗുണങ്ങളുടേയും ചിത്രം നബി(സ) തിരുമേനിയുടെ അസ്തിത്വമായിരുന്നു. അതിനാൽ വിശുദ്ധ ഖുർആനിന്റെ സ്വഭാവപരമായ അധ്യാപനങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ട് അവിടന്ന് സമർപ്പിച്ച സുന്ദരമായ കർമമാതൃകയെ വിശുദ്ധ ഖുർആൻ ഉത്തമമാതൃകയെന്ന് നാമകരണം ചെയ്തിരിക്കുന്നു.

2. വിശുദ്ധ ഖുർആൻ നല്കിയ കൽപനകൾ സകലതും അവിടന്ന്(സ)പൂർത്തിയാക്കിക്കാണിച്ചു. അങ്ങനെ നബി(സ)തിരുമേനി ഒരു ചലിക്കുന്ന ഖുർആൻപോലെയായിത്തീർന്നു. നബി(സ)തിരുമേനിയുടെ ജീവിതത്തിന്റെ പല രംഗങ്ങളും വിശുദ്ധ ഖുർആനിന്റെ പല ഭാഗങ്ങളിലും ഉന്നതമായ പരാമർശങ്ങൾ മുഖേന ലഭിക്കുന്നുണ്ട്. അതിൽ അവിടത്തെ അനുഗൃഹീതമായ സ്വഭാവങ്ങൾ, പരിശുദ്ധ പ്രകൃതങ്ങൾ, രീതികൾ സുന്ദരമായ സാമൂഹികജീവിതങ്ങൾ മുതലായവയുടെ ഒരുപാട് ഭാഗങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. അത് നബി(സ)തിരുമേനിയുടെ സൃഷ്ടികളോടുള്ള കടപ്പാടുകളുടെ ഉത്തരവാദിത്വങ്ങളാവട്ടെ, അവിടത്തെ ദിനേനയുള്ള ഏർപാടുകളാവട്ടെ, ആരാധനകളാവട്ടെ, തബ്ലീഗ് സംബന്ധമായ ഉത്തരവാദിത്വങ്ങളുടെ പൂർത്തീകരണമാവട്ടെ അല്ലെങ്കിൽ അവിടത്തെ പരിശുദ്ധമായ സ്വഭാവമായിക്കൊള്ളട്ടെ. ചുരുക്കത്തിൽ ജീവിതത്തിന്റെ ഒരുപാട് സുന്ദരമായ വശങ്ങളെ സംക്ഷിപ്തമായോ വിശദമായോ വിശുദ്ധ ഖുർആൻ പ്രകടമാക്കിക്കൊണ്ട് മുഹമ്മദിയ്യ ഉമ്മത്തിന് പരിപൂർണ മാതൃക സമർപ്പിക്കുകയും ചെയ്തിരിക്കുന്നു.

മനുഷ്യചരിത്രം രണ്ടുഭാഗമായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്ന് ദൈവത്തോടുള്ള കടമകളും രണ്ട് സൃഷ്ടികളോടുള്ള കടമകളും. ഈ രണ്ടു ഉത്തരവാദിത്വങ്ങളും ഏതൊരു സൗന്ദര്യത്തോടുകൂടി പൂർത്തിയാക്കപ്പെടുമോ അതനുസരിച്ച് മനുഷ്യന്റെ ചരിത്രവും സമ്പൂർണവും വിജയകരവുമായിത്തീരുന്നു. വരിക! വിശുദ്ധ ഖുർആനിന്റെ വെളിച്ചത്തിൽ നബിനായകർ മുഹമ്മദു മുസ്തഫാ(സ)യുടെ പരിശുദ്ധ ജീവിതത്തിലേക്ക് ഒന്നു ദൃഷ്ടിപായിക്കാം. അല്ലാഹു പറയുന്നു:*ലഖദ് ജാഅക്കും റസൂലുൻമ്മിൻ അൻഫുസിക്കും അസീസുൻ അലയ്ഹി മാ അനിത്തും ഹരീസുൻ അലയ്ക്കും ബിൽമുഅ്മിനീന റഊഫുർറഹീം(9:128)*

തീർച്ചയായും നിങ്ങളുടെ പക്കൽ നിങ്ങളിൽ നിന്നുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാകുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ(ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ളയാളാണ്. അദ്ദേഹം സത്യവിശ്വാസികളോടു കൃപയും കരുണയുമുള്ളയാളുമാണ്.

നമുക്കറിയാം അല്ലാഹു തന്റെ ഗുണവിശേഷങ്ങളിലൂടെ തന്റെ അസ്തിത്വത്തെ നമ്മുടെ മേൽ പ്രകടമാക്കുന്നു. തന്റെ നിറം ഉൽക്കൊള്ളാൻ സത്യവിശ്വാസികളായ ദാസരോടും അല്ലാഹു പറയുന്നു. എന്റെ നിറത്തിൽനിന്ന് നിറം പ്രാപിക്കുക. എന്റെ ഗുണങ്ങൾ കരസ്ഥമാക്കുക. അപ്പോൾ മാത്രമെ നിങ്ങൾ യഥാർഥ ദാസരെന്ന് പറയപ്പെടുകയുള്ളു. അല്ലാഹുവിന്റെ ഈ നിർദേശങ്ങളുടെ ഉന്നതമായ ഉദാഹരണം സംശയലേശമന്യേ നബി(സ) തിരുമേനിയെ കൂടാതെ മറ്റൊരാളിലും കാണാവതല്ല. എന്തുകൊണ്ടെന്നാൽ, ലോകം പ്രകാശം കരസ്ഥമാക്കിയതും കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നതുമായ അല്ലാഹുവിന് പ്രിയപ്പെട്ടവൻ അവിടന്നാകുന്നു. ഇൻശാഅല്ലാഹ് അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ടു പോകുകയും ചെയ്യും;അപ്രകാരം തന്റെ സ്രഷ്ടാവിനെ തിരിച്ചറിയുമാറാകാൻ! ഹദ്റത്ത് മസീഹ് മൗഊദ്(അ)നബി(സ)തിരുമേനിയുടെ അനുഗൃഹീത അസ്തിത്വത്തിന്റെ രൂപം ഇപ്രകാരം വരച്ചു കാണിച്ചിരിക്കുന്നു. അവിടന്ന് പറയുന്നു:

തന്റെ വ്യക്തിത്വംകൊണ്ടും തന്റെ വിശേഷഗുണങ്ങൾകൊണ്ടും തന്റെ കർമങ്ങൾകൊണ്ടും തന്റെ പ്രവൃത്തികൾകൊണ്ടും തന്റെ ആത്മീയതകൊണ്ടും സംശുദ്ധമായ ശക്തികളുടെ കുത്തിയൊഴുകുന്ന നദികൊണ്ടും സമ്പൂർണമായ മാതൃക അറിവുപരമായും കർമപരമായും സത്യസന്ധമായും സ്ഥൈര്യപരമായും കാണിച്ച ആ മനുഷൻ, സമ്പൂർണ മനുഷ്യനെന്ന് പറയപ്പെട്ടു........ഏറ്റവുമധികം സമ്പൂർണനും പൂർണമനുഷ്യനും പൂർണനബിയ്യുമായിരുന്ന ആ മനുഷ്യൻ തികവുറ്റ അനുഗ്രഹങ്ങളുമായി വന്നു. ഇതുമുഖേന ആത്മീയമായ പുനർജന്മവും പുനരുഥാനവും കാരണത്താൽ ലോകത്തിന്റെ ആദ്യത്തെ ഖിയാമത്ത് അഥവാ പുനരുഥാനദിനം പ്രകടമായി. മരിച്ചുകഴിഞ്ഞിരുന്ന ഒരു വമ്പിച്ച ലോകംതന്നെ അദ്ദേഹത്തിന്റെ വരവോടെ ജീവനുള്ളവരായിത്തീർന്നു.ആ പുനരുഥാനദിനമെന്തായിരുന്നു? മരിച്ചവരെ ജീവിപ്പിക്കുന്നതായിരുന്നു. ആ അനുഗൃഹീതനായ നബി ഹദ്റത്ത് ഖാത്തമുൽഅമ്പിയാ, ഇമാമുൽ അസ്ഫിയാ, ഖത്തമുൽമുർസലീൻ, ഫഖ്റുന്നബിയ്യീൻ ജനാബ് മുഹമ്മദുമുസ്തഫാ(സ)ആകുന്നു. അല്ലയോ പ്രിയപ്പെട്ട അല്ലാഹുവേ! ലോകാരംഭം മുതൽ ഇന്നുവരെ നീ ആരുടെമേലും വർഷിച്ചിട്ടില്ലാത്ത റഹ്മത്തും സ്വലാത്തും ആ മഹാത്മാവിനുമേൽ വർഷിച്ചാലും. *അല്ലാഹുമ്മ സ്വല്ലി വ സല്ലിം വ ബാരിക് അലയ്ഹി വ ആലിഹി വ അസ്ഹാബിഹീ അജ്മയീൻ.* (അത്മാമുൽഹുജ്ജ, റൂഹാനീസാഇൻ വാള്യം 8, പേജ് 308)

വീണ്ടും പറയുന്നു:പരിശുദ്ധരേയും പുണ്യാത്മാക്കളേയും സ്നേഹിക്കുകയും അധർമികളോടും നിഷേധികളോടും അനുകമ്പ

## • ഹദീഥുന്നബ്വി(സ) •

'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

## • കലാമുൽ ഇമാം: •

"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേ

**ത്വാലിബെ ദുആ:**
**C.K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

കാണിക്കുകയും ചെയ്യുക എന്നതാണ് ഖുർആനികാധ്യാപനം നമുക്കുനല്കിയിരിക്കുന്ന പാഠം. അല്ലാഹു പറയുന്നു:*അസീസുൻ അലയ്ഹി മാ അനിത്തും ഹരീസുൻ അലയ്ക്കും. (9:128)*

അല്ലയോ നിഷേധികളേ! ഈ പ്രവാചകൻ നിങ്ങളുടെ വ്യസനത്തെ സഹിക്കാൻ പറ്റാത്തഅനുകമ്പയുള്ളയാളും ഈ പരീക്ഷണങ്ങളിൽനിന്നും മോചനം കരസ്ഥമാക്കാൻ വളരെയധികം ആഗ്രഹിക്കുന്നയാളുമാണ് (നൂറുൽഖുർആൻ നമ്പർ 2, റൂഹാനീഖസാഇൻ വാള്യം 9, പേജ് 433)

**അല്ലാഹുവിനോടുള്ള കടമ നിറവേറ്റൽ:**

നബി(സ)തിരുമേനിയുടെ ആത്മീയ ജീവതത്തിലൂടെ കണ്ണോടിക്കുമ്പോൾ അവിടത്തെ അസ്തിത്വം നിസ്തുലമാണെന്ന് കാണാവുന്നതാണ്. പ്രത്യേകിച്ചും അല്ലാഹുവിനോടുള്ള കടമാനിർവഹണത്തെ സ്മരിക്കുമ്പോൾ വിശുദ്ധ ഖുർആൻ അവിടത്തെ പരിശുദ്ധ ജീവിതത്തിന്റെ ചിത്രം സ്വന്തം വാക്കുകളിലൂടെ എത്ര സുന്ദരമായ രീതിയിലാണ് കോറിയിടുന്നത്: *ഇന്ന സ്വലാത്തീ വ നുസുക്കീ വ മഹ്‌യായ വ മമാത്തീ ലില്ലാഹി റബ്ബിൽ ആലമീൻ(6:163)*

നീ പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവും സർവലോകപരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു.

മറ്റൊരുസ്ഥലത്ത് അല്ലാഹു പറയുന്നു: *ഇന്ന റബ്ബക്ക യഅ്‌ലമു അന്നക്ക തഖൂമു അദ്നാ മിൻ ഥുലുഥയില്ലയ്‌ലി വ നിസ്ഫഹു വ ഥുലുഥുഹൂ(73:21).* നീയും നിന്നോടൊപ്പമുള ഉവരിൽ ഒരു സംഘവും രാവിന്റെ ഏകദേശം മൂന്നിൽ രണ്ടുഭാഗമോ രണ്ടുഭാഗമോ രാവിന്റെ പകുതിയോ അല്ലെങ്കിൽ രാവിന്റെ മൂന്നിലൊരു ഭാഗമോ എഴുന്നേറ്റ് നമസ്കരിക്കുന്നുണ്ടെന്ന് നിന്റെ നാഥൻ അറിയുന്നുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ദീബാച്ച തഫ്സീറുൽ ഖുർആനിൽ എഴുതുന്നു:□നബി(സ)തിരുമേനിയുടെ ജീവിതം മുഴുവൻ ദൈവപ്രേമത്തിൽ ലീനമായിരുന്നുവെന്ന് കാണുന്നു. വലിയൊരു സാമൂഹികമായ ഉത്തരവാദിത്വമുണ്ടായിരുന്നിട്ടും അവിടന്ന് രാവും പകലും ആരാധനയിലാണ് കഴിച്ചുകൂട്ടിയിരുന്നത്. പകുതി രാത്രി കഴിഞ്ഞാലും അവിടന്ന് ദൈവാരാധനയ്ക്കായി എഴുന്നേൽക്കുകയും പ്രഭാതം വരെ ആരാധനയിൽ മുഴുകുകയും ചെയ്തിരുന്നു. ഏതുവരെയെന്നാൽ ചിലപ്പോൾ അവിടത്തെ കാലുകൾ നീരുവന്ന് വിങ്ങുമായിരുന്നു. കാണുന്നവർക്ക് അവിടത്തെ അവസ്ഥകണ്ട് വളരെയധികം ദയതോന്നുമായിരുന്നു. ഹദ്റത്ത് ആഇശ(റ)പറയുന്നു: ഇത്തരം ഒരു അവസ്ഥ കണ്ട് ഒരിക്കൽ ഞാൻ പറഞ്ഞു:അല്ലാഹുവിന്റെ റസൂലേ!അങ്ങ്, ആദ്യമേതന്നെ അല്ലാഹുവിനോടു അടുത്തയാളാണ്. അങ്ങ് എന്തിനാണ് സ്വന്തം ആത്മാവിനുമേൽ ഇത്ര പ്രയാസമിടുന്നത്? നബി(സ)തിരുമേനി പറഞ്ഞു: ആഇശാ!അഫ്‌ലാ അകൂന അബ്ദൻ ശകൂറാ ഞാൻ അല്ലാഹുവിന്റെ അടുത്തയാളാണെന്ന കാര്യം സത്യമായിരിക്കെ അല്ലാഹു അവന്റെ അനുഗ്രഹം നല്കിക്കൊണ്ട് തന്റെ സാമീപ്യം നല്കിയിരിക്കുന്നെങ്കിൽ പിന്നെ കഴിയുന്നത്ര നന്ദി കാണിക്കുകയെന്നത് എന്റെ കടമയല്ലേ? എന്തുകൊണ്ടെന്നാൽ നന്ദി ഔദാര്യത്തിനെതിലുള്ളതാകുന്നു.(അൻവാറുൽ ഉലൂം വാള്യം 20, പേജ് 382)

നബി(സ)തിരുമേനിയുടെ ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവസ്നേഹത്തിൽ നിറഞ്ഞതായിരുന്നുവെന്ന് കാണാം. അവിടത്തെ ഈ സ്നേഹത്തിന് സ്വീകാരം നല്കിക്കൊണ്ട് അവിടത്തെ പിൻപറ്റൽ ദൈവസ്നേഹം കരസ്ഥമാക്കാനുള്ള മാർഗമാക്കിയിരിക്കുകയാണ്. അല്ലാഹു പറയുന്നു:ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്കുമുല്ലാഹു(3:32). പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ, അല്ലാഹു നിങ്ങളെ സ്നേഹിക്കുന്നതാണ്.

ദൈവദൂതനോടുള്ള അനുസരണത്തിന്റെ മാർഗത്തിൽ നടക്കുന്നവർക്ക് വിശുദ്ധ ഖുർആനിൽ നബിമാർ, സിദ്ദീഖുമാർ, ശഹീദുമാർ, സ്വാലിഹുമാർ എന്നിവരുടെ സ്ഥാനം ലഭിക്കുമെന്ന് സുവാർത്തനല്കപ്പെട്ടിരിക്കുന്നു. ചിലരെ നബിവചനങ്ങളിൽ ബനീഇസ്റാഈലിലെ നബിമാരെ പോലെ എന്നു പറയുകയും ചിലർക്ക് മുജദ്ദിദെന്നും മസീഹുമഹ്ദിയെന്നും പേരു നല്കുകയും ചെയ്തിരിക്കുന്നു. അതിനാൽ പ്രവാചകന്മാരെ പിൻപറ്റി നടന്നുകൊണ്ട് ഉമ്മത്തി നബിയുടെ സ്ഥാനം കരസ്ഥമാക്കിയ നബി(സ)തിരുമേനിയുടെ സേവകനും സത്യപ്രേമിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽഖാദിയാനി (അ)ഇന്ന് ദൈവപ്രേമത്തിന്റെ വിളക്കിന് തിരികൊളുത്തിയിരിക്കുന്നു. ദൈസ്നേഹത്തിന്റെ ഈ നടപ്പുരീതിയെ ഇപ്രകാരം വ്യാപിപ്പിക്കാനാഗ്രഹിക്കുന്നു. അവിടന്ന് പറയുന്നു:ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്.(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാള്യം19, പേജ് 21)

**ദായീ ഇലല്ലാഹ് എന്ന നിലയിൽ:**

നബിമാരുടെ സുപ്രധാന ഉത്തരവാദിത്വത്തിലൊന്ന് അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും തൗഹീദിന്റെ സംസ്ഥാപനവുമാണ്. ലോകത്തുവന്ന നബിമാരെല്ലാവരും മനുഷ്യരെ ഏകദൈവത്തിലേക്ക് ക്ഷണിച്ചിട്ടുണ്ട്; അവനെ ആരാധിക്കുക, അവന്റെ എല്ലാവിധ വിശേഷഗുണങ്ങളിലും വിശ്വസിക്കുക എന്നു പറഞ്ഞ്!

നമ്മുടെ നബി(സ)തിരുമേനി ഏതൊരു ഉത്തമമായ രീതിയിലാണോ ദൈവത്തിലേക്ക് ആളുകളെ ക്ഷണിച്ചത് അതിന് സമാനതകളില്ല. അവിടത്തെ ആവിർഭാവത്തിന് മുമ്പേയുള്ള ലോകത്തിന്റെ ചിത്രം ളഹറൽ ഫസാദു ഫിൽബർറി വൽബഹ്റി(30:42)ന്റേതായിരുന്നു. കരയിലും കടലിലും ഒരുപോലെ കുഴപ്പങ്ങളായിരുന്നു എന്ന് പറഞ്ഞതിന്റെ അവസ്ഥയായിരുന്നു. അളവറ്റ തിന്മകളാണ് കാണപ്പെട്ടിരുന്നത്. അവരുടെ ഏറ്റവും വലിയ തിന്മ അവർ നൂറുക്കണക്കിന് പൊയ്ദൈവങ്ങളെ പൂജിക്കുന്നവരായിരുന്നു എന്നതാണ്. അത്തരം അവസ്ഥകൾ കണ്ടുകൊണ്ട് വിശുദ്ധ ഖുർആനനുസരിച്ച് വവജദക്ക ളാല്ലൻ ഫഹദാ(93:8) തന്റെ ജനതയെ അങ്ങേയറ്റം സ്നേഹിച്ചിരുന്ന ആ വേദനതിങ്ങിയ ഹൃദയം വ്യാകുലപ്പെടുകയും അല്ലാഹു അദ്ദേഹത്തെ അവരുടെ പരിഷ്കർത്താവാക്കുകയും ചെയ്തു.

നമ്മുടെ മുഹമ്മദു മുസ്തഫാ(സ)യുടെ സന്ദേശപ്രചാരണമാർഗത്തിലുണ്ടായ പ്രയാസങ്ങളുടേയും ബുദ്ധിമുട്ടുകളുടേയും സംഭവങ്ങൾ ആരാലും മറഞ്ഞതല്ല. നബി(സ)തിരുമേനി ദൈവകൽപന പ്രകാരം തന്റെ പ്രബോധന പ്രവർത്തനത്തിന് വേഗം കൂട്ടുന്നതനുസരിച്ച് എതിർപ്പിന്റെ കാഠിന്യവും കൂടിക്കൊണ്ടിരുന്നു. അതിന്റെ ഫലമായി നബി(സ)തിരുമേനിക്കും അവിടത്തെ കുടുംബക്കാർക്കും 3 വർഷംവരെ ശിഅ്ബ് അബീത്വാലിബിൽ ഉപരോധിക്കപ്പെട്ട് കഴിയേണ്ടിവന്നു. ഒരു നീണ്ടകാലത്തിനുശേഷം നബ്‌വി 10-ാം വർഷത്തിൽ ഉപരോധത്തിന്റെ വേദനാജനകമയ കാലം അവസാനിച്ചപ്പോൾ അവിടന്ന്(സ)മക്കയുടെ വെളിയിൽ തബ്‌ലീഗ് ചെയ്യുക എന്നുദ്ദേശ്യത്തോടെ ത്വാഇഫിന്റെ ഭാഗത്തേക്ക് യാത്ര ചെയ്തു. ത്വാഇഫിൽ നബി(സ)തിരുമേനിക്ക് നേരിടേണ്ടിവന്ന ലജ്ജാവഹമായ പെരുമാറ്റത്തെ സംബന്ധിച്ച് അറിയാത്ത മുസ്‌ലിമീങ്ങളാരുമുണ്ടാകുകയില്ല. എന്നാൽ, അവരുടെ ഈ പെരുമാറ്റത്തിനും നബി(സ)തിരുമേനിയുടെ സ്ഥൈര്യത്തിന് ഭംഗം വരുത്താൻ കഴിഞ്ഞില്ല.

ചുരുക്കത്തിൽ മക്കാ നിഷേധികൾ ഏതെങ്കിലും നിലയ്ക്ക് ഇസ്‌ലാമിനും നബി(സ)തിരുമേനിയക്കും അപായമുണ്ടാക്കാനായി സകല ശക്തിയും ചെലുത്തിനോക്കി. എന്നാൽ, ദൈവഹിതം അവരുടെ എല്ലാ നീക്കങ്ങളേയും പരാജയപ്പെടുത്തിക്കൊണ്ടിരുന്നു. ഇസ്‌ലാമിക നീരുറവയുടെ ഏതൊരു പ്രവാഹത്തെ തടയുന്നതിനാണോ അവർ ശക്തമായും പരിശ്രമിച്ചുകൊണ്ടിരുന്നത് അതിന്റെ മുഖം യഥ് രിബിലേക്ക് മാറിയൊഴുകാൻ തുടങ്ങി. അപ്രകാരം ഇസ്‌ലാമിക മാഹാത്മ്യങ്ങളുടെ പുതിയൊരു അധ്യായം രചിക്കപ്പെട്ടു. മഹാനായ മുബല്ലിഗ് 13 വർഷം മക്കയിൽ കഠിനപരിശ്രമം നടത്തിക്കൊണ്ട് തൗഹീദ് പ്രഖ്യാപനം നടത്തിക്കൊണ്ടിരുന്നു. അവിടന്ന് യഥ്‌രിബിൽ ശാന്തിസമാധാനത്തോടെ ജനങ്ങളിലേക്ക് ദീനിന്റെ സന്ദേശമെത്തിക്കാനാഗ്രഹിച്ചപ്പോൾ ശത്രുക്കൾക്ക് അതും ഇഷ്ടപ്പെട്ടില്ല. മദീന ഹിജ്റത്തുമുതൽ ഹുദയ്ബിയ സന്ധിവരെ നബി(സ)തിരുമേനിക്ക് യുദ്ധങ്ങളിലൂടെ കഴിഞ്ഞുപോകേണ്ടിവന്നു. ഏകദൈവാരാധകരെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കുവാൻ എല്ലാവിധ പരിശ്രമങ്ങളും നടന്നു. എന്നാൽ, അവരാൽ ചൂടുപിടിപ്പിക്കപ്പെട്ട യുദ്ധ മൈതാനത്തെ അല്ലാഹു തൗഹീദിനും തൗഹീദിന്റെ ധ്വജവാഹകർക്കുംവേണ്ടി മഹത്ത്വത്തിന്റെ അടയാളമാക്കി. ഇങ്ങനെയൊക്കെയായിരുന്നിട്ടും നബി(സ)തിരുമേനിയുടെ പരിശുദ്ധ ഹൃദയത്തിന്റെ അവസ്ഥ വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് ല അല്ലക്ക ബാഖിഉൻനഫ്സക്ക അല്ലാ യകൂനൂമുഅ്മിനീൻ അവർ വിശ്വാസികളാകാത്ത കാരണത്താൽ (ദുഃഖം നിമിത്തം)നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം(26:4)എന്നതായിരുന്നു. അതായത് നിന്റെ പവിത്രമായ ഹൃദയത്തിന് അവർ സത്യത്തെ നിഷേധിക്കുന്നത് സഹിക്കാൻ സാധ്യമല്ല. അവരും നേർമാർഗം കരസ്ഥമാക്കണമെന്നാണ് അങ്ങ് ആഗ്രഹിക്കുന്നത്.

**വിശുദ്ധ ഖുർആനോടുള്ള സ്നേഹം:**

നബി(സ)തിരുമേനിയെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: റസൂലുൻമ്മിനല്ലാഹി യത്‌ലൂ സുഹുഫൻ മ്മുത്വഅഹ്ഹറത്തൻ(98:3) അല്ലാഹുവിൽനിന്നുള്ള ഒരു ദൂതൻ. അദ്ദേഹം പവിത്രമായ ഏടുകൾവായിച്ചു കേൾപ്പിക്കുന്നു. അവിടത്തെ ഖുർആൻ പാരായണത്തിന്റെ മഹത്ത്വത്തേയും പ്രൗഢിയേയും സംബന്ധിച്ച് അത് ഇങ്ങനെ സാക്ഷ്യം നൽകുന്നു: അല്ലദീന

ആത്തയ്നാഹുമുൽ കിതാബ യത്‌ലൂനഹൂ ഹഖ്ഖ തിലാവത്തിഹീ (2:122) ആർക്കാണോ നാം ഗ്രന്ഥം നൽകിയത് അദ്ദേഹം അതിന്റെ കടമ പൂർത്തിയാക്കുംവിധം അത് പാരായണം ചെയ്യുന്നു. അവിടന്ന് ദൈവകൽപന പ്രകാരം മനോഹരമായ ഈണത്തോടും തർത്തീലോടുംകൂടി തിലാവത്തിനോടുള്ള കടമ നിറവേറ്റുംവിധമാണ് പാരായണം ചെയ്തിരുന്നത്. നബി(സ)തിരുമേനിയുടെ തിലാവത്ത് എങ്ങനെയായിരുന്നുവെന്ന് ഹദ്റത്ത് അനസ്(റ)നോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു:നബി(സ)തിരുമേനി സുദീർഘമായി തിലാവത്ത് ചെയ്യുമായിരുന്നു. പിന്നീട് അദ്ദേഹം ബിസ്മില്ലാഹ് ഓതിക്കേൾപ്പിച്ചു. പിന്നീട് അത് ദീർഘിപ്പിച്ചു. ശേഷം അർറഹ്മാൻ സുദീർഘമായി പാരായണം ചെയ്തു;പിന്നീട് അർറഹീമും!

ഹദ്റത്ത് അബൂഹുറയ്റ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു നബി(സ)തിരുമേനിയുടെ ഖുർആൻ പാരായണം കേൾക്കുന്നതുപോലെ മറ്റാരുടേയും തിലാവത്ത് ശ്രദ്ധിച്ച് കേൾക്കാറില്ല. നബി(സ) തിരുമേനി സ്വരമാധുര്യത്തോടും അവധാന പൂർവവും തിലാവത്തു ചെയ്യുമ്പോൾ അത് കേൾക്കുന്നതുപോലെ മറ്റൊന്നും അല്ലാഹു കേൾക്കാറില്ല. നിത്യവും പ്രത്യേകിച്ച് നമസ്കാരത്തിലും ഇറങ്ങുന്ന ഖുർആനിക വെളിപാടുകൾ ആവർത്തിച്ച് പാരായണത്തിനുള്ള ഏർപാടുകൾ ഉണ്ടാകാറുണ്ട്. പൊതുവെ രാത്രിയിലും നാവിൽ ഖുർആൻ മാത്രമായിരിക്കും. ഹദ്റത്ത് ആഇശ(റ)വിവരിക്കുന്നു: ചിലപ്പോൾ രാത്രി പെട്ടെന്ന് കണ്ണു തുറക്കുമ്പോൾ നാവിൽ അല്ലാഹുവിന്റെ മഹത്വത്തെ സംബന്ധിച്ച ഈ ആയത്തുകൾ ഒഴുകുന്നതാണ് കാണുക! വമാമിൻ ഇലാഹിൻ ഇല്ലല്ലാഹുൽ വാഹിദുൽ ഖഹ്ഹാർ-റബ്ബുസ്സമാവാത്തി വൽ അർളി വമാ ബയ്നഹുമുൽ അസീസുൽ ഗഫ്ഫാർ(38:66-67) പറയുക, ഏകനും പ്രപഞ്ച സകലത്തേയും അടക്കിഭരിക്കുന്നവനുമായ അല്ലാഹു അല്ലാതെ വേറെ ഒരാരാധ്യനുമില്ല. ആകാശങ്ങളുടേയും ഭൂമിയുടേയും അവയ്ക്കിടയിലുള്ളവയുടേയും നാഥൻ;പ്രതാപവാനും സർവഥാ പൊറുത്തുകൊടുക്കുന്നവനും!

പ്രതിജ്ഞാപാലനം:

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:*യാ അയ്യുഹല്ലദീന ആമനൂ ഔഫൂ ബിൽഉഖൂദി(5:2)*

വിശ്വസിച്ചവരേ, നിങ്ങളുടെ കരാറുകൾ പൂർത്തിയാക്കുക.

വീണ്ടും പറയുന്നു: *വ ഔഫൂ ബിൽഅഹ്ദി ഇന്നൽ അഹദ കാന മസ്ഊലാ(17:35)*

നിങ്ങൾ കരാറുകൾ പൂർത്തിയാക്കുക. തീർച്ചയായും കരാറുകളെക്കുറിച്ച് ചോദ്യം ചെയ്യുന്നതാണ്. വരിക നമുക്ക് സംഭവങ്ങളുടെ ലേകത്തിറങ്ങിക്കൊണ്ട് നബി(സ)തിരുമേനിയുടെ കരാർ പാലനത്തിന്റെ അതുല്യമായ മാതൃകകൾക്ക് സാക്ഷികളാകാം.

നബി(സ)തിരുമേനിയുടെ ജീവിതത്തിലെ കരാർപാലനത്തിന്റെ സുന്ദരമായ മാതൃക സ്ഥലകാല പരിധിക്കതീതവും എല്ലാ നിലയ്ക്കും ഹൃദയാവർജകവുമാണ്. അവിടത്തെ ജീവിതം മുഴുവനും നമ്മുടെ മുമ്പിൽ ഒരു തറന്ന പുസ്തകമാണ്. അതിന്റെ ഓരോ ഭാഗവും ഓരോ ഏടും ഉന്നതമായ സ്വഭാവ വൈശിഷ്ട്യങ്ങളാൽ വിളങ്ങുന്നതായി കാണുന്നതാണ്. കരാർ പാലനത്തിന്റെ ഹൃദയഹാരിയായ സംഭവങ്ങൾ അവിടത്തെ യുവത്വകാലത്തും നമുക്ക് കാണാൻ കഴിയുന്നു. നബി(സ)തിരുമേനി വിശ്വസ്തനെന്നും സത്യസന്ധനെന്നും സ്മരിക്കപ്പെട്ടിരുന്ന കാലത്തും കാണാൻ കഴിയുന്നു. ഈ രണ്ടുസ്ഥാനപ്പേരുകളും അവിടത്തെ കരാർ പാലനുമായി അഗാധ ബന്ധമുളളതാണ്. സ്വാദിഖ്, സ്വിദ്ഖ് എന്നാൽ, ആരുടെ ജീവിതത്തിലാണോ അസത്യത്തിന്റെ അൽപംപോലും ലാഞ്ചനയില്ലാത്തത് എന്നാണ്. അമീൻ എന്നാൽ ആരുടെ ഓരോ വാക്കും പ്രവൃത്തിയുമാണോ സത്യതയിലും വിശ്വാസ്യതയിലും ലയിപ്പിക്കപ്പെട്ടതെന്നാണ്. ഈ രണ്ടു വിശേഷഗുണങ്ങൾക്കും കരാർപാലനവുമായി വിട്ടുപിരിയാൻ പറ്റാത്ത ബന്ധമാണുളളത്. നുബുവ്വത്ത് വാദത്തിനുമുമ്പേ മക്കക്കാർ നബി(സ)തിരുമേനിയെ ഈ വാക്കുകളാൽ സ്മരിച്ചിരുന്നതുകൊണ്ടു സ്ഥാപിതമാകുന്നത് അല്ലാഹു അവിടത്തെ ആത്മാവിൽ കരാർ പാലനത്തിന്റെ സവിശേഷഗുണങ്ങൾ നിക്ഷേപിച്ചിരുന്നുവെന്നാണ്. അതിന്റെ സുന്ദരമായ പ്രകടനങ്ങളാണ് അവിടത്തെ പരിശുദ്ധ ജീവിതത്തിൽ കണ്ടത്.

നബി(സ)തിരുമേനിയുടെ യുവത്വകാലത്ത് മക്കയിലെ ചില മാന്യന്മാരായ യുവാക്കൾ ഒരു സംഘടന രൂപീകരിച്ചു. അതിലെ എല്ലാ അംഗങ്ങളും ഒരു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു. അതായത് അവരെപ്പോഴും അക്രമിയെ തടയുകയും മർദിതനെ സഹായിക്കുകയും ചെയ്യുന്നതാണെന്ന്! ഇക്കാര്യത്തെ കുറിച്ച് മക്കയിലെ വിശ്വസ്തനും സത്യസന്ധനുമായ യുവാവ് മുഹമ്മദു അറബി(സ)യ്ക്ക് അറിവു ലഭിച്ചപ്പോൾ അവിടന്ന് വലിയ താൽപര്യത്തോടുകൂടി ആ സംഘത്തിൽച്ചേർന്നു. ആ പ്രതിജ്ഞയിൽ പങ്കെടുത്ത ഏതെങ്കിലും വ്യക്തിക്ക് ഈ കരാർ പാലിക്കാൻ ഭാഗ്യം കിട്ടിയോ എന്ന് ദൈവത്തിനെ അറിയൂ. എന്നാൽ, നമ്മുടെ പരിപൂർണ മാർഗദർശിയുടെ(സ) മുഴുവൻ ജീവിതവും സത്യതയാൽ നിറഞ്ഞതായിരുന്നു. എപ്പോഴും തന്റെ വാക്കിൽ ഉറച്ചുനിൽക്കുന്നയാളും വാഗ്ദാനപാലനത്തിൽ സത്യവാനുമായിരുന്നു. ദൈവത്തിന്റെ യുക്തി നബി(സ)തിരുമേനിക്ക് ഈ കരാർ പൂർത്തിയാക്കാനും തൗഫീഖ് നല്കുകയുണ്ടായി. അവിടന്ന് തന്റെ യുവത്വകാലത്തും ഈ കരാറിനെ എപ്പോഴും കൂടുതലായി സംരക്ഷിച്ചിരുന്നു. കൂടാതെ ഈ പരിശുദ്ധമായ പ്രതിജ്ഞ ജീവിതകാലം മുഴുവൻ ഓർക്കുകയും കരാർ പാലനത്തിനുള്ള അവസരംലഭിച്ചപ്പോഴെല്ലാം വലിയ ധൈര്യത്തോടും ഹൃദയസാന്നിധ്യത്തോടുംകൂടി മർദിതനെ സഹായിക്കുവാൻ സന്നദ്ധനാകുകയും ചെയ്തു.

**സൽപ്രകൃതവും പ്രസന്നഭാവവും:**

അല്ലാഹു തന്റെ സത്യവിശ്വാസികളായ ദാസരോടു അവന്റെ അനുഗ്രഹങ്ങളും കാരുണ്യവും ഓർത്തുകൊണ്ട് എപ്പോഴും സന്തോഷിക്കണമെന്ന് ഉപദേശിക്കുന്നു. അവൻ പറഞ്ഞു:ഖുൽ ബിഫള്‌ലില്ലാഹി വബിറഹ്മത്തിഹീ ഫബിദാലിക്ക ഫൽയഫ്റഹൂ പറയുക, ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവും കൊണ്ടാകുന്നു. അതുകൊണ്ട് അവർ വളരെ സന്തുഷ്ടരാവട്ടെ.(10:59)

നമ്മുടെ നബി(സ)തിരുമേനി പറയാറുണ്ടായിരുന്നു വിശ്വാസിയുടെ അവസ്ഥയും അത്ഭുതകരമാണ്. അവനെന്തെങ്കിലും പ്രയാസം വന്നാൽ സന്തോഷത്തോടെ ക്ഷമകൈക്കൊള്ളുകയും ദൈവത്തിൽനിന്ന് പ്രതിഫലം കരസ്ഥമാക്കുകയും ചെയ്യുന്നു. അനുഗ്രഹം ലഭിക്കുമ്പോൾ നന്ദി കാണിക്കുകയും അതിനും പ്രതിഫലം പറ്റുകയും ചെയ്യുന്നു. അതായത് സത്യവിശ്വാസി ഏതവസ്ഥയിലും സന്തോഷവാനും സംതൃപ്തനുമായിരിക്കും. അതിനാൽ സത്യമായ സന്തോഷവും സൽപ്രകൃതവും മനുഷ്യന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റേയും ഉന്നതമായ ബുദ്ധിയുടേയും അഭിരുചിയുടേയും അടയാളം മാത്രമല്ല പ്രത്യുത വിശ്വാസത്തിന്റെ അടയാളം കൂടിയായി മാറുന്നു. സന്തോഷാവസ്ഥയിലാകുക എന്നത് ഒരു മനുഷ്യന് സ്വന്തം മാത്രമല്ല മുഴുവൻ ചുറ്റുപാടിലും ആരോഗ്യവർധനവിന്റെ ചുവടുവെപ്പാണ്. മനശ്ശാസ്ത്ര പരിശോധനപ്രകാരം പുഞ്ചിരിക്കുന്ന ഒരു വ്യക്തി എത്ര ആളുകളുമായി കണ്ടുമുട്ടുന്നുവോ അദ്ദേഹം അവരിൽ ഒരു തിരയുണ്ടാക്കി മുഴുവൻ ചുറ്റുപാടിലും മന്ദസ്മിതം വിതറിക്കൊണ്ട് സമാധാനമുണ്ടാക്കുന്ന ആളായി മാറുന്നു. അതൊരു ആരോഗ്യപരമായ ചുറ്റുപാടിന്റെ ലക്ഷണമാണ്.

നമ്മുടെ നബി(സ)തിരുമേനിയെക്കാളും കൂടുതൽ ശാന്തിപ്രാപിച്ച ആത്മാവും ദൈവതൃപ്തിയുടെ സ്ഥാനവും ലഭ്യമായ മറ്റാരാണുള്ളത്? അവിടന്ന് അങ്ങേയറ്റം രസികനുമായിരുന്നു. എപ്പോഴും പ്രസന്നവദനനായിരിക്കുകയെന്നത് അവിടത്തെ പ്രകൃതമായിരുന്നു. അവിടന്ന് തന്റെ സ്വഹാബാക്കളേയും ഉപദേശിക്കാറുണ്ടായിരുന്നു:ഒരു നന്മയും വിലകുറച്ചു കാണരുത്. അത് തന്റെ സഹോദരനോടു സുസ്മേരവദനനായും മന്ദസ്മിതനായിക്കൊണ്ടും പെരുമാറുന്ന നന്മയായാലും ശരി.(മുസ്‌ലിം കിതാബുൽഅദബ്)

**സൃഷ്ടികളോടുള്ള കടമകളും സൃഷ്ടിസേവനവും:**

അല്ലാഹു വിശുദ്ധ ഖുർആനിൽ ദൈവസൃഷ്ടികളുടെ എല്ലാ വിഭാഗത്തിനും സേവനം ചെയ്യാനും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കാനും അവരോടു സഹതാപവും സൽപെരുമാറ്റവും കാണിക്കാനും പാഠം നല്കിക്കൊണ്ടു പറയുന്നു: വഅ്ബുദുല്ലാഹ വലാ തുശ്‌രിക്കൂ ബിഹീ ശയ്അൻ വബിൽവാലിദയ്നി ഇഹ്സാനൻ വ്വബിദിൽ ഖുർബാ വൽയത്താമാ വൽമസാക്കീന വൽജാരിദിൽ ഖുർബാ വൽജാരിൽജുനുബി വസ്സാഹിബി ബിൽജൻബി വബ്നിസ്സബീലി വമാ മലക്കത്ത് അയ്മാനുക്കും ഇന്നല്ലാഹ ലാ യുഹിബ്ബു മൻ കാന മുഖ്താലൻ ഫഖൂറാ(4:37)നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക;മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക;അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും(നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

വിശുദ്ധ ഖുർആനിന്റെ ഈ അധ്യാനപമനുസരിച്ച് നബി(സ)തിരുമേനി തികച്ചും പ്രവർത്തിച്ചു. തന്നെ വിശ്വസിച്ചവരോടു അങ്ങനെ

(ശേഷം പേജ് 24ൽ)

# വിശുദ്ധ ഖുർആൻ: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്) ഖലീഫത്തുൽ മസീഹ് അൽഖാമിസ്

(2023 മാർച്ച് 31 നു ചെയ്ത് ഖുത്ബയിൽ നിന്ന്)

വിശുദ്ധഖുർആൻ സ്ഥായിയും ശാശ്വതവുമായ ന്യായപ്രമാണമാണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹുവിന്റെ യുക്തിയും കൽപനകളും രണ്ടു വിധത്തിലാണുള്ളത്. ചിലത് സ്ഥായിയായതും ശാശ്വതവുമാണ്. ചിലത് സാന്ദർഭികവും സമയബന്ധിതവുമായ ആവശ്യങ്ങളെ മുൻനിറുത്തി ഇറങ്ങിയവയാണ്. എങ്കിലും അവയ്ക്കും അതിന്റേതായ തലത്തിൽ ഒരു സ്ഥിരതയുണ്ട്; അത് സമയാനുസൃതമാണെങ്കിലും ശാശ്വതമാണെങ്കിലും ശരി. പക്ഷേ, അവ സമായാധിഷ്ഠിതമായിരിക്കും. ഉദാഹരണമായി യാത്രയിൽ നമസ്കാരവും നോമ്പും സംബന്ധിച്ച കൽപനകൾ. സ്ഥിരമായി താമസിക്കുന്ന സ്ഥലങ്ങളിലുള്ള അവസ്ഥകൾ. അതായത് യാത്രയിലും നമസ്കാരമുണ്ട്. നമസ്കാരങ്ങൾ ജംആക്കുന്നതിനും ഖസ്ർ ചെയ്യുന്നതിനും അനുവാദമുണ്ട്. പക്ഷേ, പൊതുവിൽ നമസ്കാരങ്ങൾ പൂർണമായും അനുഷ്ഠിക്കേണ്ടതാണ്. അതുപോലെയാണ് യാത്രകളിലുള്ള നോമ്പ്. പൊതുവായ അവസ്ഥയിൽ ആരോഗ്യമുള്ള ഓരോരുത്തർക്കും നോമ്പെടുക്കേണ്ടത് നിർബന്ധമാണ്.

തുടർന്ന് പറയുന്നു: ഉദാഹരണമായി മറ്റൊരു കൽപന നോക്കുക. ഒരു സ്ത്രീ പുറത്തേക്കിറങ്ങുമ്പോൾ ബുർഖ ധരിച്ചുകൊണ്ട് ഇറങ്ങുന്നു. ഈ കൽപന സ്ത്രീകൾക്ക് പ്രത്യേക സാഹചര്യത്തിലുള്ളതാണ്. എന്നാൽ, വീടിനുള്ളിൽ ബുർഖ ധരിക്കേണ്ടതില്ല. പർദയുടെ കൽപന വീട്ടിൽനിന്ന് പുറത്തു പോകുമ്പോഴുള്ള കൽപനയാണ്. പിന്നെ ആരോടെല്ലാമാണ് പർദ ആചരിക്കേണ്ടത് ആരോടെല്ലാം അങ്ങനെ ആചരിക്കേണ്ട എന്നുമുണ്ട്.

തുടർന്ന് ആ മഹാത്മാവ് തൗറാത്തിന്റേയും ഇഞ്ചീലിന്റേയും കൽപനകളെ താരതമ്യം ചെയ്തുകൊണ്ട് പറയുന്നു: അതെല്ലാം സാന്ദർഭികമായി ആവശ്യങ്ങൾക്കനുസൃതമായിട്ടുള്ളതാകുന്നു. നബി(സ)തിരുമേനി കൊണ്ടുവന്ന ശരീഅത്തും ഗ്രന്ഥവും ശാശ്വതവും സ്ഥായിയായിട്ടുള്ളതുമായ ന്യായപ്രമാണമാകുന്നു. അതുകൊണ്ടുതന്നെ അതിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾ സമ്പൂർണവും പരിപക്വവുമാണ്. വിശുദ്ധ ഖുർആനിന്റെ നിയമങ്ങൾ ശാശ്വതമാണ്. തൗറാത്തും ഇഞ്ചീലും വിശുദ്ധ ഖുർആൻ വന്നില്ലെങ്കിൽ പോലും കാലഹരണപ്പെട്ടു പോകുമായിരുന്നു. കാരണം അവ ശാശ്വതവും സ്ഥായിയായതുമായ നിയമങ്ങളല്ലെന്നതുതന്നെ!(മൽഫൂദാത്ത് വാള്യം 3, പേജ് 42, 1984 പതിപ്പ്) വിശുദ്ധ ഖുർആനിന്റെ പ്രാധാന്യമെന്തെന്നാൽ ഖുർആനിക മാർഗദർശനങ്ങൾ എല്ലാ കാലത്തിനും അനുസൃതമായിട്ടുള്ളതാണ്. അതുതികച്ചും സമ്പൂർണമായ അധ്യാപനമാകുന്നു. എല്ലാ കാലഘട്ടത്തേക്കുമുള്ളതുമാകുന്നു. ആക്ഷേപിക്കുന്നവർ, ഉദാഹരണമായി പർദയെ സംബന്ധിച്ചിട്ടുള്ള കാര്യത്തിലും ആക്ഷേപം ഉന്നയിക്കുന്നു. അത് ഈ കാലഘട്ടത്തിനു അനിവാര്യമല്ലെന്നും പറയുന്നു. ചിലപ്പോൾ നമ്മുടെ പെൺകുട്ടികളും അതിൽ പ്രഭാവിതരാകുന്നു. പക്ഷേ, ഇവരൊക്കെ സ്വയം അംഗീകരിക്കുന്ന ഒരു യാഥാർഥ്യമുണ്ട്. അതെക്കുറിച്ച് വലിയ വലിയ ലേഖനങ്ങളും എഴുതുന്നു. വനിതാ സംഘടനകളും ഇക്കാര്യത്തിൽ ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നു. പത്രങ്ങളിലും അത് സംബന്ധിച്ച് എഴുതുന്നുണ്ട്. ചില സമയങ്ങളിൽ സ്ത്രീ-പുരുഷന്മാർ പരസ്പരം ഇടകലരുമ്പോൾ വലിയ അസ്വസ്ഥതകൾ ഉടലെടുക്കുന്നു. മാത്രമല്ല രണ്ടു കൂട്ടർക്കും വെവ്വേറെ സംവിധാനമുണ്ടാകണമെന്നും ചിലയാളുകൾ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. തന്റെ ആഗമന ലക്ഷ്യത്തെ വിവരിച്ചുകൊണ്ടും വിശുദ്ധ ഖുർആൻ സമ്പൂർണ ന്യായപ്രമാണമാണെന്ന് വിവരിച്ചുകൊണ്ടും ഹദ്റത്ത് അഹ്മദ്(അ) പറയുന്നു: ഈ കാര്യങ്ങൾ ഹൃദയപൂർവ്വം കേൾക്കുവിൻ! എന്റെ ആഗമനോദ്ദേശ്യമെന്താണ്? ഞാൻ വന്നതിന്റെ ഉദ്ദേശ്യം ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കാനും സഹായിക്കാനുമാണ്. അതുകൊണ്ട് ഞാൻ ഒരു പുതിയ ശരീഅത്ത് പഠിപ്പിക്കാനോ പുതിയ കൽപനകൾ നൽകുന്നതിനോ പുതിയൊരു ഗ്രന്ഥം ഇറക്കുന്നതിനോ വന്നിരിക്കുകയാണെന്ന് ധരിക്കരുത്. ഒരിക്കലും അങ്ങനെയല്ല. അങ്ങനെയാരെങ്കിലും കരുതുന്നുവെങ്കിൽ എന്റെ വീക്ഷണത്തിൽ അയാൾ കഠിനമായ ദുർമാർഗിയും ദീനില്ലാത്തവനുമാകുന്നു. നബി(സ) തിരുമേനിയിൽ ശരീഅത്തും നുബുവ്വത്തും സമ്പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഇനി ഒരു ശരീഅത്തും വരാവതല്ല. വിശുദ്ധ ഖുർആൻ അവസാനത്തെ ഗ്രന്ഥമാകുന്നു. അതിൽ ഇനി ഒരു വള്ളിയോ പുള്ളിയോ കൂട്ടാനോ കുറയ്ക്കാനോ പഴുതില്ല. അതെല്ലാ കാലഘട്ടത്തിലും പുതുപുത്തനായി നിലനിൽക്കുന്നതായിരിക്കും. ഈ അനുഗ്രഹങ്ങളുടെ തെളിവിനുവേണ്ടി അല്ലാഹു എന്നെ എഴുന്നേൽപ്പിച്ചിരിക്കുന്നു. (മൽഫൂദാത്ത് വാള്യം 8, പേജ് 45, 1984 പതിപ്പ്) അതായത് ഖുർആനിക അധ്യാപനങ്ങൾ എല്ലാവർക്കും മനസ്സിലായെന്നു വരില്ല. പല കാര്യങ്ങളും വിശദീകരണാർഹവും വ്യാഖ്യാനാർഹവുമാണ്. അവയെ വിവരിക്കുന്നതിന് അല്ലാഹു ഈ അവസാന കാലഘട്ടത്തിൽ, തന്നെ അയച്ചിരിക്കുന്നുവെന്നാണ് ആ മഹാത്മാവ് പറയുന്നത്.തുടർന്ന് പറയുന്നു: വിശുദ്ധ ഖുർആൻ ഒരു അത്ഭുതമാകുന്നു. അതുപോലൊന്ന് നേരത്തെയോ പിന്നീടോ ഒരിക്കലും ഉണ്ടായിട്ടില്ല. അതായത് അതിനു തത്തുല്യമായത് നേരത്തെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകാനും പോകുന്നില്ല. അതിന്റെ അനുഗ്രഹ കവാടങ്ങൾ എപ്പോഴും തുറന്നുകൊണ്ടേ ഇരിക്കുന്നു. അത് എല്ലാ കാലഘട്ടത്തിലും നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലുണ്ടായിരുന്നതുപോലെ പ്രകടവും പ്രകാശമാനവുമാണ്. മറ്റൊരുകാര്യം ഓർക്കുക! ഓരോ വ്യക്തിയുടെയും വചനങ്ങൾ അയാളുടെ പ്രാധാന്യമനുസരിച്ചാണുണ്ടാകുക. എത്രമാത്രം അയാളുടെ പ്രാധാന്യവും നിശ്ചയദാർഢ്യവും ലക്ഷ്യവും ഉന്നതമാണോ അതെ തലത്തിലായിരിക്കും വചനങ്ങളുമുണ്ടാകുക. ദൈവിക വെളിപാടിലും ഈ വർണമാണുള്ളത്. സാധാരണ വ്യക്തിയുടെ സംസാരം അയാളുടെ അറിവിനനുസരിച്ചായിരിക്കും. അതെപോലെ ദൈവിക വെളിപാടുകൾക്കും ഒരു സ്ഥാനമുണ്ട്. ആർക്കാണോ വഹി ഉണ്ടാകുന്നത് ആ വ്യക്തിയുടെ ഉന്നത നിലവാരത്തിനനുസരിച്ചുള്ള ദിവ്യ വചനങ്ങളാണ് അയാൾക്ക് കിട്ടുക. ഇവിടെ ഒരു കാര്യം ഓർക്കേണ്ടത് ദൈവിക വചനങ്ങൾക്കും വ്യത്യസ്ത തലങ്ങളുണ്ടെന്നുള്ളതാണ്. അല്ലാഹുവിന്റെ സന്ദേശങ്ങൾക്കും ഒരു നിലവാരമുണ്ട്. തുടർന്ന് പറയുന്നു: നബി(സ)തിരുമേനിയുടെ ധൈര്യവും സ്ഥൈര്യവും നിശ്ചയ ദാർഢ്യവും വളരെ വിശാലമായിരുന്നു. അതുകൊണ്ടുതന്നെ നബി(സ)തിരുമേനിക്ക് ലഭ്യമായ ദിവ്യവചനങ്ങളും അതനുസൃതമായിട്ടുള്ളതായിരുന്നു. ആ ധൈര്യവും ശുഷ്കാന്തിയുമുള്ള മറ്റൊരാൾ ഇനി ജനിക്കുക സാധ്യമല്ല.(മൽഫൂദാത്ത് വാള്യം 3, പേജ് 57, 1984 പതിപ്പ്)

തുടർന്ന് പറയുന്നു: വിശുദ്ധ ഖുർആനിന്റെ കോന്തല വളരെ വിശാലമാകുന്നു. അത് അന്ത്യനാൾവരെയും മാറ്റമില്ലാത്ത നിയമമാകുന്നു. അതെല്ലാ കാലത്തിനും സമൂഹത്തിനും വേണ്ടിയുള്ളതാണ്. അല്ലാഹു പറയുന്നു, വ ഇൻമ്മിൻ ശയ്ഇൻ ഇല്ലാ ഇൻദനാ ഖസാഇനുഹൂ വമാ നുനസ്സിലുഹു ഇല്ലാ ബി ഖദ്രിൻ മ്മഅ്ലൂം.(15:22) അതായത് നാം നമ്മുടെ ഖജനാവുകൾ ആവശ്യാനുസൃതം ഇറക്കുന്നു. പറയുന്നു: ഇഞ്ചീലിന്റെ ആവശ്യകത അതിന്റെ രത്നച്ചുരുക്കം ഒരു പേജിൽ വരാവുന്നത്ര പരിമിതമായിരുന്നു. എന്നാൽ, വിശുദ്ധഖുർആൻ മുഴുലോകത്തിന്റെയും സംസ്കരണത്തിന് വേണ്ടിയുള്ളതായിരുന്നു. എല്ലാ കാലഘട്ടത്തിന്റെയും പരിഷ്കരണമായിരുന്നു. വിശുദ്ധ ഖുർആനിന്റെ ലക്ഷ്യം മൃഗതുല്യമായ അവസ്ഥയിൽനിന്ന് മനുഷ്യനാക്കുകയും മാനുഷികമായ മൂല്യങ്ങൾ മുഖേന സംസ്കാരമുള്ള മനുഷ്യനാക്കുകയും അങ്ങനെ ന്യായപ്രമാണത്തിന്റെ പരിധികളെയും കൽപനകളെയും ഉൾക്കൊള്ളാൻ കഴിയുന്നവനാക്കി തീർക്കുകയുമാണ്. പിന്നെ ദൈവോന്മുഖനായ മനുഷ്യനാക്കി മാറ്റുന്നു. ഇത് കുറഞ്ഞ വാക്കുകളാണ്. പക്ഷേ, ഇതിന് ആയിരക്കണക്കിന് വകുപ്പുകളുണ്ട്. യഹൂദികൾ, ഭൗതിക വാദികൾ, അഗ്നിയാരാധകർ തുടങ്ങി വിവിധ സമൂഹങ്ങളിൽ ഇരുണ്ട ആത്മാക്കളാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് നബി(സ)തിരുമേനി ദൈവഹിതം, അതായത് അല്ലാഹുവിന്റെ അറിവനുസരിച്ച് എല്ലാവരെയും സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ(7:159) നീ പറയുക! അല്ലയോ മനുഷ്യസമൂഹമേ! ഞാൻ നിങ്ങളിലെല്ലാവരിലേക്കുമായി അല്ലാഹുവിൽനിന്ന് നിയോഗിക്കപ്പെട്ട പ്രവാചകനാകുന്നു. അതുകൊണ്ട് വിശുദ്ധഖുർആൻ വ്യത്യസ്ത സമയങ്ങളിൽ ഇറങ്ങിയിരുന്ന അധ്യാപനങ്ങളുടെ സമ്മേളിത രൂപമാകേണ്ടതും അനിവാര്യമായിരുന്നു. വാ

നലോകത്തുനിന്ന് വ്യത്യസ്ത സമയങ്ങളിൽ വിവിധ നബിമാർ മുഖേന ഭൂനിവാസികൾക്ക് വന്നിട്ടുണ്ടായിരുന്ന സത്യസാക്ഷ്യങ്ങളും അതിൽ ഉണ്ടാകേണ്ടിയിരുന്നു. അതായത് മുൻ കാലത്തുണ്ടായ കാര്യങ്ങളും അതിൽ വേണ്ടിയിരുന്നു. അത് വിശുദ്ധ ഖുർആനിലുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു, വിശുദ്ധ ഖുർആനിന്റെ പരിഗണനയിൽ എല്ലാ മനുഷ്യരുമുണ്ട്. അത് പ്രത്യേകം സമൂഹത്തിനും രാജ്യത്തിനും കാലഘട്ടത്തിനുമുള്ളതായിരുന്നില്ല. ഇഞ്ചീലിന്റെ പരിഗണന ഒരു പ്രത്യേക സമൂഹമായിരുന്നു. അതുകൊണ്ടാണ് ഈസാ മസീഹ്(അ)കൂടെക്കൂടെ താൻ ഇസ്റാഈൽ ഗോത്രത്തിലെ കാണാതെപോയ ആടുകളെ അന്വേഷിക്കുന്നതിനാണു വന്നിട്ടുള്ളതെന്ന് പറയുന്നത്.(മൽഫൂദാത്ത് വാള്യം 1, പേജ് 86, 1984 പതിപ്പ്)

താൻ മുഴുലോകത്തിനും അല്ലാഹുവിൽനിന്നുള്ള പ്രവാചകനാണെന്നാണ് നബി(സ) തിരുമേനി അല്ലാഹുവിന്റെ കല്പനയനുസരിച്ച് വിളംബരപ്പെടുത്തിയത്. ഇതു വിശുദ്ധ ഖുർആൻ സകല ലോകത്തിനും സന്മാർഗമാണെന്നതിന് തെളിവാകുന്നു. മുൻകാല സമൂഹങ്ങളിൽ അവരുടെ അവസ്ഥക്കനുസരിച്ചാണ് ന്യായപ്രമാണങ്ങൾ വന്നത്. ഇനി വരാനുള്ളവർക്കും വിശുദ്ധഖുർആനിൽ വിധിവിലക്കുകളുണ്ട്. ഇത് ശാശ്വതമായ ന്യായപ്രമാണമാകുന്നു. നബി(സ)തിരുമേനിക്ക് അവതരിച്ച ഈ ന്യായപ്രമാണം അല്ലാതെ ശാശ്വതമായ മറ്റൊരു ന്യായപ്രമാണവുമില്ല. വിശുദ്ധഖുർആൻ എല്ലാ അധ്യാപനങ്ങളുടെയും കേതാരവും ഖജനാവുമാണെന്നു വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: വിശുദ്ധ ഖുർആൻ യുക്തിഭദ്രവും ശാശ്വതവുമായ ന്യായപ്രമാണമാകുന്നു. എല്ലാ അധ്യാപനങ്ങളുടെയും കേതാരമാകുന്നു. വിശുദ്ധ ഖുർആനിന്റെ ആദ്യത്തെ ദിവ്യാത്ഭുതം അത് ഉന്നത തലത്തിലുള്ള അധ്യാപനം ഉൾക്കൊള്ളുന്നു എന്നതാണ്. രണ്ടാമത്തെ അത്ഭുതം വിശുദ്ധഖുർആനിന്റെ മഹത്തായ പ്രവചനങ്ങളാകുന്നു. സൂറ ഫാത്തിഹായിലും സൂറ തഹ്‌രീമിലും സൂറ നൂറിലും എത്ര വലിയ മഹത്തായ പ്രവചനങ്ങളാണുള്ളത്. നബി(സ)തിരുമേനിയുടെ മക്കാ ജീവിതം മുഴുവനും പ്രവചനങ്ങൾ നിറഞ്ഞതായിരുന്നു. അതെക്കുറിച്ച് ബുദ്ധിയുള്ള ഒരാൾ ദൈവ ഭയത്തോടുകൂടി ചിന്തിക്കുകയാണെങ്കിൽ നബി(സ)തിരുമേനിക്ക് എത്രമാത്രം അദൃശ്യകാര്യങ്ങൾ ലഭ്യമായിരുന്നുവെന്ന് മനസ്സിലാകുന്നതായിരിക്കും. എല്ലാ സമൂഹങ്ങളും നബി(സ)തിരുമേനിയുടെ ശത്രുക്കളായിരുന്നു. സഹാനുഭൂതിയും സൗഹൃദവുമുള്ള ആരുമുണ്ടായിരുന്നില്ല. അക്കാലത്ത് പറയുന്നു:സയുഹ്സമുൽജംഉ വ യുവല്ലൂനദ്ദുബുറ(54:46) ഇത് ചെറിയൊരു കാര്യമാണോ? അതായത് ശത്രുക്കളുടെ സംഘങ്ങൾ പരാജയപ്പെടുന്നതായിരിക്കും. അവർ പിന്തിരിഞ്ഞോടുന്നതാണ്. ഇതാണ് അതിന്റെ അർഥം. അദ്ദേഹം പറയുന്നു: ഇതൊരു നിസ്സാര കാര്യമാണോ? സാഹചര്യങ്ങൾക്കനുസൃതമായി അവരുടെ നാശത്തെ കുറിച്ച് ഫത്‌വ നല്കാൻ കഴിയും. അതായത് സാഹചര്യങ്ങൾക്കനുസൃതമായി അവർ നശിപ്പിക്കപ്പെടുമെന്ന് പറയാവുന്നതാണ്. എന്നാൽ, നബി(സ)തിരുമേനി തന്റെ വിജയത്തെയും ശത്രുക്കളുടെ പരാജയത്തെയും അവരുടെ നിന്ദ്യതയെയും കുറിച്ച് പ്രവചനം നടത്തുന്നു. പിന്നീട് അതുപോലെതന്നെ സംഭവിക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടതുപോലെ ഈ പ്രവചനം അല്ലാഹു നബി(സ)തിരുമേനിക്ക് മക്കയിൽ വിജയം നൽകിയതോടെ പുലർന്നു. അതും ആരംഭഘട്ടത്തിലും വളരെയേറെ ദുർബലമായ അവസ്ഥയിലുമായിരുന്നു നബി (സ)തിരുമേനി മക്കയിലുണ്ടായിരുന്നത്. പിന്നീടെങ്ങനെയാണ് പ്രവചനം പുലർന്നത്? അഹ്സാബ് യുദ്ധത്തെ പൊതുവിൽ ഇതുമായി ചേർത്തു പറയുന്നത് നാം കണ്ടിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലും നിഷേധികളുടെ വലിയ സൈന്യങ്ങൾ മുസ്‌ലിമീങ്ങൾക്ക് മുന്നിൽ പിന്തിരിഞ്ഞു ഓടുകയുണ്ടായി. അദ്ദേഹം തുടർന്ന് പറയുന്നു: പതിമൂന്ന് നൂറ്റാണ്ടിനുശേഷം സ്ഥാപിതമാകാനുള്ള ജമാഅത്തിനെ കുറിച്ചും അക്കാലത്തുണ്ടാകുന്ന പ്രഭാവങ്ങളെയും അടയാളങ്ങളെയും കുറിച്ചും എത്ര മഹത്തായതും അതുല്യവുമായ പ്രവചനങ്ങളാണെന്ന് നോക്കുക.അതായത് മസീഹ് മൗഊദിന്റെ കാലഘട്ടത്തെ കുറിച്ചു ചെയ്ത പ്രവചനങ്ങളും എത്ര മഹത്തായതാകുന്നു. അതിൽ പലതിനെ കുറിച്ചും കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിവരിച്ചതാണ്. ഇപ്പോഴും അത് അതേ പ്രഭാവത്തോടുകൂടി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ലോകത്തുള്ള ഏതു ഗ്രന്ഥത്തിന്റെ പ്രവചനങ്ങളും സമർപ്പിക്കാവുന്നതാണ്. ഈസാമസീഹിന്റെ പ്രവചനങ്ങൾ ഇതിനെ നേരിടാൻ പര്യാപ്തമാണോ? (മൽഫൂദാത്ത് വാള്യം 3, പേജ് 43-44, 1984 പതിപ്പ്)

വിശുദ്ധ ഖുർആനിന്റെ മാഹാത്മ്യം വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: വിശുദ്ധ ഖുർആനിന്റെ ഒരു പ്രത്യേകത അതിന്റെ എല്ലാ കൽപനകളും മുഅല്ലൽ ബിൽഅഗ്റാളി വ മസ്വാലിഹി കൃത്യമായ ലക്ഷ്യവും ഉദ്ദേശ്യവുമുള്ളതാണെന്നതാണ്. അതുകൊണ്ട് വിശുദ്ധ ഖുർആൻ ബുദ്ധിയും വിവേകവും ചിന്തയും വിശ്വാസവും ഉപയോഗിക്കുക എന്ന് വ്യക്തമായും ഉപദേശിക്കുന്നു. അതായത് ബുദ്ധിയും ചിന്തയും വിശ്വാസവും പ്രയോഗവത്കരിക്കുക. വിശ്വാസവും അനിവാര്യമാണ്. വിശുദ്ധ ഖുർആനും മറ്റു ഗ്രന്ഥങ്ങളും തമ്മിലുള്ള പ്രകടമായ വ്യത്യാസമെന്തെന്നാൽ മറ്റൊരു ഗ്രന്ഥവും അതിന്റെ അധ്യാപനങ്ങളെ ബുദ്ധിക്കും വിവേകത്തിനും സ്വതന്ത്ര വിമർശനത്തിനും മുന്നിൽ വെക്കാൻ ധൈര്യം കാണിക്കുന്നില്ല എന്നതാണ്.

ആ മഹാത്മാവ് ഇഞ്ചീലിനെ ഉദാഹരിച്ചു കൊണ്ട് പറയുന്നു: ഇഞ്ചീലിന്റെ സമർഥരായ അനുയായികൾ അതിന്റെ അധ്യാപനം ബുദ്ധിപരമായ നിലപാടുകൾക്കുമുന്നിൽ നിർജീവമാണെന്നു കണ്ടപ്പോൾ വളരെ ബുദ്ധിപൂർവ്വം അതിന്റെ വിശ്വാസങ്ങളെ അതായത് ത്രിയേകത്വം, പാപ പരിഹാരസിദ്ധാന്തം മുതലായ കാര്യങ്ങളുടെ രഹസ്യങ്ങളിലേക്ക് മനുഷ്യബുദ്ധിക്ക് എത്തിപ്പെടാൻ സാധ്യമല്ലെന്നു പ്രഖ്യാപിച്ചുകളഞ്ഞു. വളരെ അഗാധമായ അറിവായതുകൊണ്ട് നിങ്ങൾക്ക് അവിടെ എത്താൻ സാധ്യമല്ല. അതുകൊണ്ട് എങ്ങനെ ഏത് വിധത്തിൽ എന്തു പറയപ്പെട്ടാലും അപ്പടി നിങ്ങൾ അത് സ്വീകരിക്കുക. എന്നാൽ, ഇതിന് നേരെവിപരീതമായി വിശുദ്ധ ഖുർആനിന്റെ അധ്യാപനം ഇപ്രകാരമാകുന്നു: ഇന്ന ഫീ ഖൽഖിസ്സമാവാത്തി വൽഅർളി വഖ്‌ത്തിലാഫില്ലയ്‌ലി വന്നഹാരി ല ആയാത്തില്ലിഉലിൽ അൽബാബ് അല്ലദീന യദ്കുറൂനല്ലാഹ്(3:191-192) അതായത് ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകൽ മാറിമാറി വരുന്നതിലും ബുദ്ധിമാന്മാർക്ക് അല്ലാഹുവിനെ കുറിച്ചുള്ള വ്യക്തമായ പാഠങ്ങൾ നൽകപ്പെടുന്നു. അതായത് അതിലേക്ക് ഇസ്‌ലാം മതം അവരെ ക്ഷണിക്കുന്നു. ഈ ആയത്തിൽ വളരെ വ്യക്തമായും ബുദ്ധിമാന്മാർ തങ്ങളുടെ ബുദ്ധിയും ജ്ഞാനവും പ്രയോജനപ്പെടുത്താൻ പറയുന്നു.(മൽഫൂദാത്ത് വാള്യം 3, പേജ് 62 -63, 1984 പതിപ്പ്). ചിന്തിക്കുക!

തുടർന്ന് അദ്ദേഹം പറയുന്നു: വിശുദ്ധ ഖുർആൻ ഒരു സംരക്ഷിത ഗ്രന്ഥമാകുന്നു. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ സാക്ഷ്യങ്ങൾ പ്രകൃതിനിയമങ്ങളുടെ ജിഹ്വയിലൂടെയാണ് വെളിപ്പെടുന്നത്. തുടർന്നുപറയുന്നു: അല്ലാഹു പറയുന്നതെന്തെന്നാൽ ഇന്നഹൂ ല ഖുർആനുൻ കരീം. ഫീ കിതാബിൻ മക്നൂൻ ല്ലാ യമുസ്സുഹൂ ഇല്ലൽമുത്വഹ്ഹറൂൻ തീർച്ചയായും ഇത് ആദരണീയമായഒരു ഖുർആൻ ആകുന്നു. ഭദ്രമായി അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ(ഇതു സ്ഥിതി ചെയ്യുന്നു). പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല.(56:78-80) അവിടന്ന് പറഞ്ഞു: വിശുദ്ധ ഖുർആൻ അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിലാണെന്നതിന്റെ അർഥമെന്താണ്? അതായത് വിശുദ്ധ ഖുർആനിന്റെ അസ്തിത്വം കടലാസുകളിൽ പരിമിതമല്ല. മറിച്ച് അത് ഗോപ്യമായ ഒരു ഗ്രന്ഥത്തിലാകുന്നു. അതാണ് പ്രകൃതിയുടെ ഏടുകളെന്ന് പറയപ്പെടുന്നത്. അതായത് വിശുദ്ധ ഖുർആനിന്റെ എല്ലാ അധ്യാപനങ്ങളും പ്രകൃതി നിയമത്തിന്റെ ഓരോ കണികയുടെയും നാവിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. അതിന്റെ അധ്യാപനങ്ങളും അനുഗ്രഹങ്ങളും മാഞ്ഞുപോകുന്ന കഥാകഥനങ്ങളല്ല.(മൽഫൂദാത്ത് വാള്യം 1, പേജ് 64 -65, 1984 പതിപ്പ്)

പ്രത്യുത അത് മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കരസ്ഥമാകുന്നതാണ്. എന്നാൽ, ഓർക്കുക അതിന്റെ രഹസ്യങ്ങളുടെ ഗഹനീയത പരിശുദ്ധരാക്കപ്പെട്ട ആളുകൾക്കാണ് തുറക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ പരിശുദ്ധീകരിക്കപ്പെട്ട ആളുകളുമായിട്ടുള്ള അനുഗ്രഹവും കരസ്ഥമാക്കേണ്ടത് അനിവാര്യമാണ്. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ് അതുമായി വന്നിട്ടുള്ളത്. ഈ വിജ്ഞാനത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ട് ആ മഹാത്മാവ് വിവരിച്ചുതന്നിട്ടുണ്ട്. അല്ലാഹു നൽകിയ വിജ്ഞാനത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ട് അദ്ദേഹം വിവരിച്ചു തന്നിട്ടുള്ളത് നമ്മൾ മനസ്സിലാക്കുകയും അതെ കുറിച്ച് ചിന്തിക്കുകയും വേണം. ഈ തഫ്സീറുകൾത്തന്നെയാണ് പിന്നീട് ആ മഹാത്മാവിന്റെ വിജ്ഞാനത്തിന് അനുസൃതമായി അഹ്മദിയ്യ ജമാഅത്തിന്റെ സാഹിത്യങ്ങളിൽ വിവരിച്ചിട്ടുള്ളത്.

വിശുദ്ധഖുർആനിനെ എന്തുകൊണ്ടാണ് ദിക്ർ അഥവാ സ്മരണ എന്ന് പറഞ്ഞത്? ഇതു വി

ശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: വിശുദ്ധ ഖുർആനിന്റെ പേര് *ദിക്ർ* അഥവാ സ്മരണ എന്ന് വെച്ചിരിക്കുന്നു, കാരണം അത് മനുഷ്യന്റെ ആന്തരികമായ ശരീഅത്തിനെ ഉണർത്തുന്നു. വിശുദ്ധ ഖുർആൻ ഒരു പുതിയ അധ്യാപനവും കൊണ്ടുവന്നിട്ടില്ല. പ്രത്യുത അത് മനുഷ്യന്റെ ഉള്ളിൽ വ്യത്യസ്ത കഴിവുകളുടെ രൂപത്തിൽ വെച്ചിട്ടുള്ള ആന്തരികമായ ശരീഅത്തിനെ ഉണർത്തുകയാണ് ചെയ്യുന്നത്; സഹിഷ്ണുത, ത്യാഗം, ധൈര്യം, ശക്തി, കോപം, തൃപ്തി തുടങ്ങിയ ആന്തരികമായ കഴിവുകളെ. ചുരുക്കത്തിൽ ഉള്ളിൽ നിക്ഷേപിച്ചിട്ടുള്ള പ്രകൃതിയെ ഖുർആൻ ഓർമിപ്പിക്കുന്നു. അതാണ് ഫീ കിതാബിൻ മക്നൂൻ(56:79) അതായത് പ്രകൃതിദത്തമായ ഈ ഗ്രന്ഥത്തിൽ അടച്ചുസൂക്ഷിക്കപ്പെട്ടിട്ടുള്ള സംഗതികൾ! അതു മനുഷ്യന് പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നില്ല, അവയെ അത് ഓർമപ്പെടുത്തുന്നു. ചുരുക്കത്തിൽ ഈ വീക്ഷണത്തിലും നാം വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ടതാണ്. വിശുദ്ധ ഖുർആൻ മനുഷ്യന്റെ പ്രകൃതിദത്തമായ കഴിവുകളിലേക്ക് മാർഗദർശനം നൽകുന്നു. ഈ യാഥാർഥ്യത്തിൽനിന്ന് ഇന്ന് പ്രത്യേകിച്ചും മനുഷ്യൻ അകന്നു പൊയ്ക്കൊണ്ടിരിക്കുകാണ്. അത് വിശുദ്ധ ഖുർആനെടുത്ത് വിവരിക്കുകയാണ് ചെയ്യുന്നത്. അതിൽനിന്ന് അകലുന്നതു കാരണം ഇക്കാലഘട്ടത്തിൽ പല അധാർമികവും പ്രകൃതി വിരുദ്ധവുമായ നിയമങ്ങൾ ഉണ്ടാക്കുന്നതിലേക്ക് ശ്രദ്ധ തിരിഞ്ഞു കൊണ്ടിരിക്കുന്നതായി നമ്മൾ കാണുന്നു. മനുഷ്യൻ അതിനെ വക്രമാക്കാൻ ശ്രമിക്കുന്നു. അല്ലാഹു പറയുന്നു: വിശുദ്ധ ഖുർആനിൽ ശ്രദ്ധാപൂർവ്വം നോക്കുക. അതനുസരിച്ച് പ്രവർത്തിക്കുന്നത് മുഖേന നിങ്ങൾക്ക് മനുഷ്യ പ്രകൃതത്തിന്റെ ഉന്നതമായ തലം കാണിച്ചുതരും. ഇതേ കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമാണ്. ഈ വീക്ഷണത്തിൽ ഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യണം. ഇന്ന് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ വലിയവരെയും ചെറിയവരെയുമൊക്കെ മസ്തിഷ്ക പ്രക്ഷാളനം നടത്തി വിഷലിപ്തമാക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ അവയിൽനിന്ന് രക്ഷപെടാൻ കഴിയും. പല മാതാപിതാക്കളും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. മക്കൾ സ്കൂളിൽ നിന്ന് പഠിച്ചു വരുന്ന പല കാര്യങ്ങൾക്കും എങ്ങനെയാണ് മറുപടി നൽകുക. നമ്മൾ ചിന്തിക്കുകയും തഫ്സീറുകൾ വായിക്കുകയും ജമാഅത്തിന്റെ സാഹിത്യങ്ങൾ പാരായണം ചെയ്യുകയുമാണെങ്കിൽ അതെല്ലാം വിശുദ്ധ ഖുർആനിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ ഇല്ലാതായതുകൊണ്ട് കുട്ടികൾക്കും രക്ഷിതാക്കൾക്ക് മറുപടി കൊടുക്കാൻ കഴിയുന്നതാണ്. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അതുപോലെതന്നെ ഈ ഗ്രന്ഥത്തിന്റെ പേര് *ദിക്ർ* എന്ന് വെച്ചിരിക്കുന്നു. അത് വായിക്കുന്തോറും ആന്തരികവും ആത്മീയവുമായ കഴിവുകളെയും വാനലോകത്തുനിന്ന് മനുഷ്യനുള്ളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള പ്രകാശനിർഭരമായ ഹൃദയത്തെയും ഓർമപ്പെടുത്തുന്നു. ചുരുക്കത്തിൽ അല്ലാഹു വിശുദ്ധഖുർആൻ അയച്ചുകൊണ്ട് സ്വയം ഒരു ആത്മീയാ ത്ഭുതമാണ് കാണിച്ചിരിക്കുന്നത്. അത് കൂടെക്കൂടെ വായിക്കുമ്പോൾ ഇക്കാര്യങ്ങളെല്ലാം ഓർമപ്പെടുത്തുന്നതാണ്. അങ്ങനെ മനുഷ്യന് അവനറിയാതെ ദിവ്യജ്ഞാനങ്ങളും യാഥാർഥ്യങ്ങളും ആത്മീയമായ അഭൗമിക രഹസ്യങ്ങളും മനസ്സിലാകുന്നതാണ്. പക്ഷേ, ഖേദകരമെന്ന് പറയട്ടെ വിശുദ്ധ ഖുർആനിന്റെ അടിസ്ഥാന കാര്യമായ ഹുദൻല്ലിൽ മുത്തഖീൻ(2:3) എന്നതിനെ വിട്ടുകൊണ്ട് ഖുർആനിനെ കേവലം ചില കഥകളുടെ സമാഹാരമായി കരുതുകയാണ് ചെയ്യുന്നത്. വളരെ ലാഘവത്തോടെയും സ്വാർഥ താൽപര്യത്തോടെയും അറേബ്യൻ മുശ്രിക്കീങ്ങളെപ്പോലെ അവയെ പഴങ്കഥകളാണെന്നു ധരിക്കുന്നു. അദ്ദേഹം പറയുന്നു: നബി(സ)തിരുമേനിയുടെ ആഗമന ഘട്ടത്തിൽ വിശുദ്ധഖുർആൻ അവതരിക്കുന്ന കാലവുമുണ്ടായിരുന്നു. അത് അന്ന് ലോകത്തുനിന്ന് മറഞ്ഞുപോയ യാഥാർഥ്യങ്ങളെ ഓർമപ്പെടുത്താൻ വന്നതായിരുന്നു. ഇന്നീ കാലഘട്ടത്തെ കുറിച്ച് നബി(സ)തിരുമേനിയുടെ പ്രവചനമുണ്ട്. അതായത് ജനങ്ങൾ ഖുർആൻ പാരായണം ചെയ്യുമെങ്കിലും ഖുർആൻ അവരുടെ തൊണ്ടക്കുഴിയിൽ നിന്ന് താഴേക്ക് ഇറങ്ങുന്നതല്ല. അതു തന്നെയാണ് നാം കാണുന്നതും. നിരവധി ഖാരിമാരും ഒട്ടനവധി ഖുർആൻ പഠിതാക്കളുമുണ്ട്. എന്നാൽ, ആരും കർമപരമായി ഒന്നും ചെയ്യുന്നില്ല. ആ മഹാത്മാവ് പറയുന്നു: ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ കണ്ണുകൾകൊണ്ടു തന്നെ കാണാൻ കഴിയും, വിശുദ്ധ ഖുർആൻ എത്ര മനോഹരമായും അക്ഷര സ്ഫുടതയോടെയുമാണ് പാരായണം ചെയ്യുന്നതെന്ന്. പക്ഷേ, അതവരുടെ തൊണ്ടക്കുഴിയിൽനിന്ന് താഴെ ഇറങ്ങുന്നില്ല. കർമങ്ങൾ ചെയ്യുന്നില്ല. അതുകൊണ്ട് വിശുദ്ധ ഖുർആനിന്റെ മറ്റൊരു പേര് *ദിക്ർ* എന്നാണ്. അത് ആരംഭഘട്ടം മുതൽത്തന്നെ മനുഷ്യനിൽ അന്തർലീനമാണ്. നിഷേധിക്കാൻ കഴിയാത്ത യാഥാർഥ്യങ്ങളെയും ഉൾസ്സാരങ്ങളെയും അത് ഓർമപ്പെടുത്താൻ വന്നതാണ്. അല്ലാഹുവിന്റെ ഉറച്ച വാഗ്ദാനം ഇന്നാ ലഹൂ ലഹാഫിളൂൻ എന്നാണ്. ഇക്കാലഘട്ടത്തിലും വാനലോകത്തുനിന്ന് ഒരധ്യാപകൻ വന്നിരിക്കുന്നു. അത് വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം എന്ന് സാക്ഷ്യപ്പെടുത്തുന്ന വാഗ്ദാനം ചെയ്യപ്പെട്ട വ്യക്തിയാണ്. ആ വ്യക്തിത്വംതന്നെയാണ് നിങ്ങൾക്കിടയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്.(മൽഫൂദാത്ത് വാള്യം 1, പേജ് 60, 1984 പതിപ്പ്) ആ മഹാത്മാവ് തന്നെ സംബോധന ചെയ്തുകൊണ്ടാണ് ഇതു പറഞ്ഞത്. മുസ്ലിമീങ്ങൾ ബുദ്ധി പ്രയോഗിക്കുകയും അല്ലാഹു അയച്ച ഈ വ്യക്തിയുടെ കാര്യങ്ങൾ കേൾക്കുകയും ചെയ്തെങ്കിൽ എത്ര നന്നായേനെ! സ്വന്തം ഉള്ളിലേക്ക് നോക്കുക! കാലഘട്ടത്തന്റെ ആവശ്യത്തെയും നോക്കുക. മുസ്ലിമീങ്ങളുടെ പൊതുവായ അവസ്ഥയെയും ശ്രദ്ധിക്കുക. വെറും ബാഹ്യമായ ഫത്വ കളിൽ ശക്തി ചെലുത്തിക്കൊണ്ട് ഇസ്ലാമിന് ദുഷ്പേരുണ്ടാക്കാൻ ശ്രമിക്കരുത്. വിശുദ്ധ ഖുർആനിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുവിൻ. ചുരുക്കത്തിൽ അഹ്മദികളായ നമ്മൾ എപ്പോഴും തങ്ങളെത്തന്നെ വിലയിരുത്തി നോക്കണം. നമ്മൾ എത്രമാത്രം ഖുർആനിന്റെ അധ്യാപനങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ഓർക്കുകയും ചെയ്യുന്നുണ്ടെന്ന്!

വിശുദ്ധഖുർആൻ യഥാർഥ വിജ്ഞാനങ്ങൾ മനസ്സിലാക്കിത്തരുന്നു എന്നതിനെ വിശദീകരിച്ചു കൊണ്ട് ആ മഹാത്മാവ്(അ)പറയുന്നു: ജനങ്ങൾ ഭയപ്പെടണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അതോടൊപ്പം ജനങ്ങൾക്കിടയിൽ വിജ്ഞാനത്തിന്റെ പ്രകാശം ഉണ്ടാകണമെന്നും അവനാഗ്രഹിക്കുന്നു. കേവല ഭയമല്ല മറിച്ച് വിജ്ഞാനങ്ങളുടെ പ്രകാശവുമുണ്ടാകണം. അതിലൂടെ അവൻ ആധ്യാത്മികതയുടെ കടമ്പകൾ താണ്ടണം. അതുണ്ടാകുന്നത് ആത്മീയത ഉണ്ടാകാൻ വേണ്ടിയാണ്. ചിന്താഗതികൾ വിശാലമാകണം. കാരണം യഥാർഥ ജ്ഞാനങ്ങളെ കുറിച്ച് അറിവ് ലഭ്യമാകുമ്പോൾ ഒരു ഭാഗത്ത് സത്യസന്ധമായ ഭയം ഉടലെടുക്കുന്നു. മറുഭാഗത്ത് ഈ വിജ്ഞാനങ്ങൾ മുഖേന ദൈവാരാധനയുമു ണ്ടാകുന്നു. ഒരു വിശ്വാസി വിശുദ്ധഖുർആനിനെ ഈ നിലയ്ക്ക് ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ, അതിനോടൊപ്പം ഭൗതികമായ വിജ്ഞാനങ്ങളെയും ഖുർആൻ അനുസരിച്ച് മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ദൈവഭയം മുഖേന ഉടലെടുക്കുന്ന ദിവ്യജ്ഞാനങ്ങൾ ലഭിക്കുന്നതാണ്. അദ്ദേഹം പറയുന്നു: എന്നാൽ, ചില ഹതഭാഗ്യവാന്മാർ ഈ ജ്ഞാനങ്ങളിൽ മാത്രം മുഴുകുകയും ദൈവിക വിധിയിൽനിന്ന് അകലുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ചുതന്നെ സംശയിക്കുന്നു. ചിലയാളുകൾ വിധി വിലക്കുകളെ അംഗീകരിക്കുകയും ഭൗതിക വിജ്ഞാനങ്ങളിൽനിന്ന് തികച്ചും വിമുഖരാകുകയും ചെയ്യുന്നു. അതല്ലെങ്കിൽ ഒരു ഭാഗത്ത് ഭൗതിക വിജ്ഞാനങ്ങളുടേയും ആധുനിക വിജ്ഞാനങ്ങളുടേയും പേരിൽ അല്ലാഹുവിനെ മറക്കുന്നു. അതല്ലെങ്കിൽ അല്ലാഹുവിലേക്ക് വരുന്നു വെന്നതിന്റെ പേരിൽ ഭൗതിക വിജ്ഞാനങ്ങൾ ഭയക്കുകയും അവയെ ഒഴിവാക്കുകയും അതെല്ലാം തെറ്റാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ രണ്ടു അധ്യാപനങ്ങൾ നൽകിയിട്ടുണ്ട് . അത് തികവാർന്ന രീതിയിൽ നൽകിയിട്ടുണ്ട്. വിശുദ്ധ ഖുർആൻ യഥാർഥ ജ്ഞാനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാൻ പറയുന്നതിന്റെ കാരണം മനുഷ്യന്റെ ഉള്ളിൽ യഥാർഥ ദൈവഭയം ഉടലെടുക്കുമെന്നതു കൊണ്ടാണ്. ദൈവജ്ഞാനങ്ങളെ കുറിച്ച് പുരോഗതി ആർജ്ജിക്കുന്തോറും അല്ലാഹുവിന്റെ മഹത്ത്വവും അവനോടുള്ള സ്നേഹവും ഉണ്ടാകുന്നതാണ്. മനുഷ്യനെ ദൈവവിധികൾക്ക് കീഴിൽ ജീവിക്കാനും അത് അധ്യാപനം നൽകുന്നു. അങ്ങനെ അല്ലാഹുവിന്റെ അസ്തിത്വത്തിൽ അർപ്പണത്തിന്റെയും പ്രതീക്ഷയുടെയും സ്വഭാവം ഉണ്ടാകുന്നതാണ്. ദൈവികമായ തൃപ്തിയിൽ തൃപ്തിപ്പെടുന്നതിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുമ്പോൾ ഒരു സത്യസന്ധമായ സമാധാനവും തൃപ്തിയും ലഭ്യമാകുന്നതാണ്. അത് മോക്ഷത്തിന്റെ ശരിയായ ലക്ഷ്യവും ഉദ്ദേശ്യവുമാകുന്നു. അതെല്ലാംകരഗതമാകുന്നതാണ്.(മൽഫൂദാത്ത് വാള്യം 3, പേജ് 223-224, 1984 പതിപ്പ്)

തുടർന്ന് അദ്ദേഹം പറഞ്ഞു: സത്യസന്ധമായ വിജ്ഞാനങ്ങളുടെ ഉറവിടവും വിശുദ്ധ ഖുർആനിലൂടെ അല്ലാഹു ഈ ഉമ്മത്തിന് നൽകിയിരിക്കുന്നു. വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട ഈ യാഥാർഥ്യത്തെയും ദിവ്യജ്ഞാനത്തെയും കരസ്ഥമാക്കുകയും യഥാർഥ ഭയഭക്തിയും ദൈവഭയവും ലഭ്യമാകുകയും ചെയ്യുമ്പോൾ

അവർക്ക് ബനീഇസ്റാഈലിലെ പ്രവാചക ന്മാർക്ക് തുല്യമായ വിജ്ഞാനങ്ങൾ ലഭ്യമാകുന്നു. ഒരാൾക്ക് ആയുധങ്ങൾ നൽകിയിട്ട് അയാൾ അതുപയോഗിക്കുന്നില്ലെങ്കിൽ അത യാളുടെ മാത്രം കുറ്റമാകുന്നു. ആയുധത്തിന്റെ ന്യൂനതയല്ല. ഇന്ന് ലോകത്തിന്റെ അവസ്ഥ ഇതു തന്നെയാണ്. മുസ്‌ലിമീങ്ങൾക്ക് വിശുദ്ധ ഖുർആൻ എന്ന അനുപമമായ അനുഗ്രഹം ലഭിച്ചിരിക്കുന്നു. അത് വഴികേടിൽനിന്ന് രക്ഷിക്കുന്ന മുത്താകുന്നു. എല്ലാ അന്ധകാരങ്ങളിൽനിന്നും അത് പുറത്തു കൊണ്ടുവരുന്നു. പക്ഷേ, അവർ അതിനെ ഒഴിവാക്കുകയും അതിന്റെ യഥാർഥ അധ്യാപനങ്ങളെ പരിഗണിക്കാതിരിക്കുകയും ചെയ്തപ്പോൾ അതിന്റെ പരിമിതിയിൽനിന്ന്, ഇസ്‌ലാമിൽനിന്ന് ബഹുദൂരം അകറ്റപ്പെട്ടു.(മൽഫൂദാത്ത് വാള്യം 3, പേജ് 349, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ് (അ)പറഞ്ഞതുപോലെ മുസ്‌ലിമീങ്ങൾ വിശുദ്ധ ഖുർആനിന്റെ മഹത്തായ അധ്യാപനങ്ങളിൽനിന്ന് അകന്ന് നാമമാത്ര മുസ്‌ലിമീങ്ങളായി തീർന്നിരിക്കുന്നു. സോഷ്യൽ മീഡിയയിൽ ജനങ്ങൾ ചെറിയ ചെറിയ പ്രോഗ്രാമുകളും ക്ലിപ്സുകളും വിവിധ സമയങ്ങളിൽ കാണിക്കാറുണ്ട്. അതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഇന്റർവ്യൂ ചെയ്യുമ്പോൾ ജനങ്ങൾക്ക് ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളും ചരിത്രവുംപോലും അറിയുകയില്ലെന്നാണ്. മൗലവി പറയുന്നത് അനുസരിച്ച് പ്രവാചകത്വത്തിന്റെ പേരിലും ഖുർആനിന്റെയും സ്വഹാബാക്കളുടെയും പേരിലും അഹ്മദിയ്യ ജമാഅത്തിനെതിരിൽ മുദ്രാവാക്യം മുഴക്കുകയും നഷ്ടങ്ങൾ വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ബംഗ്ലാദേശിൽനിന്ന് ഒരാൾ എനിക്കെഴുതുന്നു: ജാഥ വരുകയും ആക്രമണം നടത്തുകയും ചെയ്തപ്പോൾ ഒരു കുട്ടി കല്ലെടുത്തുകൊണ്ട് എറിയുകയായിരുന്നു. അവനോട് പറഞ്ഞു, ഞങ്ങൾ അഹ്മദികളാണ്. നിങ്ങളിതെന്താണ് ചെയ്യുന്നത്? ഇങ്ങനെ ഖുർആനിൽ എഴുതിയിട്ടുണ്ടോ? ഇതാണോ ഇസ്‌ലാമിന്റെ അധ്യാപനം. അത് എവിടെയാണുള്ളത്. ഞങ്ങളും കലിമ ചൊല്ലുന്നവരാണ്. ഉടൻ തന്നെ അവൻ കല്ലുകൾ താഴേക്കിട്ടു. അതായത് മൗലവിമാർ ആവേശമുണ്ടാക്കുകയും അതനുസരിച്ച് അവർ പ്രവർത്തിക്കുയും ചെയ്യുന്നു.

അല്ലാഹു ഈ ദ്രോഹികളുടെ ദ്രോഹത്തിൽ നിന്ന് നമ്മെ സംരക്ഷിക്കുമാറാകട്ടെ. ഈ റമളാനിലും അതിനുശേഷവും വിശുദ്ധ ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു നമ്മെ ഭൗതികതയുടെ മാലിന്യത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ.

(– പേജ് 13ൽ നിന്ന്)

അവരോടു സൗമ്യമായും നല്ല നിലയിലും പെരുമാറുവാൻ അത് കൽപ്പിക്കുന്നു. പരിശുദ്ധ ഖുർആൻ പറയുന്നു:വ ആശിറൂ ഹുന്ന ബിൽ മഅ്റൂഫി (4:20)നിങ്ങളവരോട് നല്ലനിലയിൽ വർത്തിക്കുവിൻ.

ഇത്തരം അധ്യാപനങ്ങളുള്ളത് കൊണ്ടുതന്നെയാണ് നമ്മുടെ പ്രിയപ്പെട്ട നബി ഹദ്റത്ത് മുഹമ്മദു മുസ്ത്വഫാ(സ)പറഞ്ഞത് ഖയ്റുക്കും ഖയ്റുക്കും ലി അഹ്‌ലിഹി വ അന ഖയ്റുക്കും ലി അഹ്‌ലീ(സുനൻ തിർമുദി, കിതാബുൽമനാഖിബു)

നിങ്ങളിലേറ്റവും ഉത്തമൻ തന്റെ കുടുംബത്തോടു നല്ല രീതിയിൽ പെരുമാറുന്നവനാണ്. കുടുംബത്തോടുള്ള സൽപെരുമാറ്റത്തിൽ ഞാൻ നിങ്ങളെക്കാൾ ഉത്തമനാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: സ്ത്രീകളുടെ അസാന്മാർഗിക പ്രവർത്തികൾ ഒഴികെയുള്ള മറ്റെല്ലാ കയ്പേറിയ സ്വഭാവങ്ങളും സഹിക്കേണ്ടതാണ്...... പുരുഷനായിക്കൊണ്ട് സ്ത്രീകളോട് മല്ലിടുന്നത് നമുക്ക് വളരെ നാണക്കേടായി തോന്നുന്നു. അല്ലാഹു തന്റെ അനുഗ്രഹം കൊണ്ട് നമ്മെ പുരുഷനാക്കിയതിനുള്ള നന്ദിയെന്നത് സ്ത്രീകളോട് സൗമ്യമായും നല്ല നിലയിലും പെരുമാറുക എന്നതാണ്.

ഒരിക്കൽ ഒരു സുഹൃത്തിനെ കുറിച്ച് അദ്ദേഹം തന്റെ ഭാര്യയോട് കാഠിന്യത്തോടെ പെരുമാറുകയും മോശമായി സംസാരിക്കുകയും ചെയ്യുന്നുവെന്ന് പരാതിപ്പെട്ടപ്പോൾ അവിടന്ന് വളരെ നീരസം പ്രകടിപ്പിച്ചു കൊണ്ടുപറഞ്ഞു: നമ്മുടെയാളുകൾ ഇങ്ങനെയാകരുത്... എന്റെ അവസ്ഥ ഒരിക്കൽ ഞാൻ എന്റെ ഭാര്യയോട് ശബ്ദമുയർത്തി സംസാരിച്ചിരുന്നു. അനാവശ്യമൊന്നും പറഞ്ഞിരുന്നില്ല. എന്നാൽ, പിന്നീട് ഞാൻ ഒരുപാട് നേരം ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കുകയും വളരെ വേദനയോടെ നഫ്ൽ നമസ്കരിക്കുകയും വല്ല ആപത്തും വരുമോ എന്ന് ഭയപ്പെട്ട് അല്പം സ്വദഖ നൽകുകയും ചെയ്തു. (മൽഫൂദാത്ത്, വാള്യം 1,പേജ്,307,1988 പതിപ്പ്)

സത്യവാന്മരായ യഥാർഥസ്നേഹിതന്മാർക്കിടയിലുള്ള സ്നേഹബന്ധമാണ് ഭാര്യാഭർത്താക്കന്മാർക്കിടയിലുണ്ടാവേണ്ടത്. പുരുഷന്റെ ധാർമികതയ്ക്കും ദൈവബന്ധത്തിനും പ്രഥമ സാക്ഷികൾ ഈ ഭാര്യമാർ തന്നെയാണ്. അവരോടുള്ള സമീപനം ശരിയല്ലെങ്കിൽ പിന്നെങ്ങനെയാണ് അല്ലാഹുവുമായി സന്ധിയാവുക. (മൽഫൂദാത്ത് വാള്യം 3, പേജ് 300, 2003 പതിപ്പ്)

നിക്കാഹ്, ത്വലാഖ്, ഖുൽഅ് എന്നിവയിൽ സ്ത്രീകൾക്കും അഭിപ്രായ സ്വാതന്ത്ര്യം ലഭിക്കുക എന്നത് അവരുടെ അവകാശമാകുന്നു പെൺകുട്ടിയുടെ വലിയ്യ് എന്ന നിലയിൽ മകൾക്ക് ഉചിതമായ ബന്ധം കണ്ടെത്തുക എന്നത് ഇസ്‌ലാമികാധ്യാപന പ്രകാരം രക്ഷകർത്താക്കളുടെ കടമയാണ്. എന്നാൽ, തീരുമാനമെടുക്കുന്ന കാര്യത്തിൽ പെൺകുട്ടിയുടെ സമ്മതവും നിർബന്ധമാണ്.

അതിക്രമിയും കഴിവുകെട്ടവനും പൊരുത്തപ്പെട്ട് ജീവിക്കാൻ കഴിയാത്തവനുമായ ഭർത്താവിൽ നിന്ന് ഖുല വാങ്ങാനും നിക്കാഹ് ഫസ്ഖ് ചെയ്യാനും ഇസ്‌ലാം സ്ത്രീക്ക് അനുമതി നൽകുന്നു. വിധവക്ക് പുനർവിവാഹത്തിനുള്ള അവകാശമുണ്ട്. അതിൽ തീരുമാനമെടുക്കാൻ വലിയേക്കാൾ അവകാശം അവൾക്കുണ്ട്. (ബുഖാരി കിതാബുന്നിക്കാഹ്)

മഹ്റിന്റെ അവകാശവും ഇസ്‌ലാം സ്ത്രീക്കാണ് നൽകിയത്. നബി(സ)തിരുമേനി 1400 വർഷം മുമ്പേ ഈ അവകാശം സ്ത്രീകൾക്ക് നല്കിയതാണ്. അവിടന്ന് പറഞ്ഞു: ഒരു സ്ത്രീയുമായി വിവാഹം കഴിക്കാൻ മഹർ നിശ്ചയിക്കുകയും എന്നാൽ, അത് കൊടുക്കാനുള്ള ഉദ്ദേശ്യമില്ലാതിരിക്കുകയും അവൾക്ക് കൊടുക്കാതിരിക്കുകയുമാണെങ്കിൽ അവൻ വ്യഭിചാരിയാകുന്നു. തിരിച്ച് കൊടുക്കേണ്ട എന്നു ദ്ദേശ്യത്തോടെ കടം വാങ്ങുന്നവനെ ഞാൻ കള്ളന്മാരിൽപ്പെടുത്തുന്നു.(മജ്മഉസ്സവാഇദ്, വാള്യം 4, പേജ് 131)

സ്ത്രീകളുടെ അവകാശം ഹനിക്കുന്നവർക്ക് മുന്നറിയിപ്പ്

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: അല്ലാഹു പറയുന്നു: അവകാശങ്ങൾ നിറവേറ്റാത്തവരേ!അക്രമപരമായി അവകാശം തട്ടിയെടുക്കുന്നവരേ! പ്രബലനും പ്രിയപ്പെട്ടവനുമായ ഒരു ദൈവം നിങ്ങളുടെ മേലുണ്ടെന്ന് നിങ്ങളോർത്തുകൊള്ളുക! അവന്റെ യുക്തിപൂർണമായ കൽപനകൾ പ്രകാരം നിങ്ങൾ പ്രവർത്തിക്കാതിരുന്നാൽ ശാന്തിയും സമാധാനവും ഇഷ്ടവും നിലനിൽക്കേണ്ട സമൂഹത്തിൽ പ്രശ്നം സൃഷ്ടിക്കുന്നവരായി നിങ്ങൾ മാറുകയാണ്. ഇത് സർവശക്തനായ അല്ലാഹുവിന് ഇഷ്ടമാവുകയില്ല. ആയതിനാൽ, പശ്ചാത്തപിക്കുവിൻ. ബുദ്ധി ഉപയോഗിക്കുവിൻ. ആ പ്രിയപ്പെട്ടവന്റെ കാരുണ്യവും ഇഷ്ടവും നിങ്ങളും കാണുമാറാവുന്നതിന് സ്വന്തം കടമകളിലേക്ക് ശ്രദ്ധിക്കുവിൻ. (ഖുത്ബ 16.11.2007)

(– പേജ് 20ൽ നിന്ന്)

പ്രവർത്തിക്കാൻ ഉപദേശിക്കുകയും ചെയ്തു. ആദ്യം നബി(സ)തിരുമേനിക്ക് വെളിപാടിറങ്ങിയപ്പോൾ ഹദ്റത്ത് ഖദീജ(റ)നബി(സ) തിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവത്തെ കുറിച്ച് നല്കിയ സാക്ഷ്യം അത് സൃഷ്ടികളോടുള്ള അവിടത്തെ സഹതാപത്തിന് ഉത്തമോദാഹരണമാണ്. നബി(സ)തിരുമേനിയെ സമാധാനപ്പെടുത്തിക്കൊണ്ട് അവർ പറഞ്ഞു:അല്ലാഹുവാണ! അവനൊരിക്കലും അങ്ങയെ അപമാനിക്കുകയില്ല. അങ്ങ് കുടുംബബന്ധം പുലർത്തുന്നു. പരാശ്രയരുടെ ഭാരം ചുമക്കുന്നു.അഗതികൾക്ക് സ്വയം അധ്വാനിച്ച് സഹായം ചെയ്തു കൊടുക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. വിപൽഘട്ടങ്ങളിൽ ശരിയായ സഹായം നല്കുന്നു.(സ്വഹീഹ് ബുഖാരി, കിതാബു ബദഉൽഖൽഖ് , ബാബു കയ്ഫ കാന ബദഉൽവഹി)

സ്വഹാബത്തിനോടുള്ള കാരുണ്യവും സ്നേഹവും:നബി(സ)തിരുമേനിക്ക് സ്വഹാബത്തിനോടുള്ള കാരുണ്യവും സ്നേഹവും അത്യത്ഭുതകരമായ ശോഭ പ്രകടമാക്കുന്നതാണ്. സൽപെരുമാറ്റവും സ്നേഹവും ഒരു കാര്യമെങ്കിൽ തന്റെ ആവശ്യങ്ങൾ അവഗണിച്ചുകൊണ്ട് തന്റെ ശിഷ്യന്മാരുടെ ആവശ്യങ്ങളും സൗഖ്യവും മുന്തിക്കുക എന്നത് തികച്ചും മറ്റൊരു കാര്യമാണ്. ഇതിന്റെ ഈമാൻ ദൃഢഗാഢമാകുന്ന ദൃശ്യം നബി(സ)തിരുമേനിയുടെ ജീവിതമാതൃകയിൽ കാണാൻ കഴിയുന്നു. വ യുഅ്ഥിറൂന അലാ അൻഫുസിഹിം വലൗ കാന ബിഹിം ഖസ്വാസ്വഃ(59:10)യുടെ(തങ്ങൾക്ക് ദാരിദ്ര്യമുണ്ടെങ്കിൽപ്പോലും അവർ തങ്ങളെക്കാൾ(അഭയാർഥികൾക്ക്)മുൻഗണന കൽപിക്കുന്നു) മിഅ്റാജ് അവിടത്തെ അനുഗൃഹീത അസ്തിത്വത്തിൽ കാണാൻ കഴിയുന്നു.

ഒരവസരത്തിൽ അല്ലാഹു സാക്ഷ്യം നല്കി:ഫ ബിമാ റഹ്മത്തിൻമ്മിനല്ലാഹി ലിൻത ലഹും വലൗ കുൻത ഫള്ളൻ ഗലീളൽ ഖൽബി ലൻഫള്ളൂ മിൻ ഹൗലിക്(3:160)അല്ലാഹുവിന്റെ മഹത്തായ കാരുണ്യംകൊണ്ടു തന്നെയാണ് നീ അവരോടു സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ അവർ നിന്റെ

ചുറ്റുംനിന്നുംചിതറിപ്പിരിഞ്ഞ് പൊയ്ക്കളയുമായിരുന്നു.

**കുടുംബക്കാരുടെ ശിക്ഷണത്തെ കുറിച്ചുള്ള ശ്രദ്ധ:**

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:*യാ അയ്യുഹല്ലദീന ആമനൂ ഖൂ അൻഫുസക്കും വ അഹ്‌ലീക്കും നാറൻ വ്വഖൂദുഹന്നാസു വൽ ഹിജാറത്തു(66:7)*

വിശ്വസിച്ചവരേ! നിങ്ങൾ നിങ്ങളേയും നിങ്ങളുടെ കുടുംബാംഗങ്ങളേയും ഒരു അഗ്നിയിൽ നിന്ന് കാത്തുരക്ഷിച്ചുകൊള്ളുക. അതിന്റെ ഇന്ധനം ചില മനുഷ്യരും കല്ലുകളുമാകുന്നു.

ഈ ഉത്തരവാദിത്വം നബി(സ)തിരുമേനി വളരെ ഭംഗിയായും സുന്ദരമായ രീതിയിലും നിറവേറ്റി. അനസ് ബിൻ മാലിക്(റ)നിവേദനം. നബി(സ)തിരുമേനി സ്വുബ്ഹി നമസ്കാരത്തിന് പോകുമ്പോൾ ഹദ്റത്ത് ഫാത്വിമയുടെ വാതിലിന്നരികിലൂടെ, നബിയുടെ കുടുംബക്കാരേ!നമസ്കാരത്തിന് സമയമായി എന്നു പറഞ്ഞുകൊണ്ട് 6 മാസംവരെ പോയിരുന്നു. പിന്നീട് ഈ ആയത്ത് ഓതും:ഇന്നമാ യുരീദുല്ലാഹു ലിയുദ്ഹിബ അൻക്കുർരിജ്സ അഹ്‌ലൽബയ്ത്തി വ യുത്വഹ്ഹിറുക്കും തത്ഹീറാ (33:34) (നബിയുടെ) വീട്ടുകാരേ! നിങ്ങളിൽനിന്ന് മാലിന്യം അകറ്റുകയും നിങ്ങളെ നല്ലവണ്ണം ശുദ്ധിയാക്കുകയും ചെയ്യണമെന്നു മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.

**അല്ലാഹുവിൽ ഭരമേൽപിക്കൽ:**

അല്ലാഹുവിനോടുള്ള സ്നേഹബന്ധത്തിന്റെ കഥ അസാധാരണമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ അസ്തിത്വത്തിലുള്ള പരിപൂർണമായ സമർപ്പണത്തിന്റെ ഉന്നതമായ ഉദാഹരണങ്ങളും ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)സ്ഥാപിച്ചു കാണിച്ചു. ഇതു സംബന്ധമായി അനേകം സംഭവങ്ങളുണ്ട്. അവയിൽനിന്ന് ഒരെണ്ണം സമർപിക്കുകയാണ്: ഇതുസംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ)നിവേദനം. ഹിജ്റത്ത് വേളയിൽ സുറാഖ കുതിരപ്പുറത്തേറി ഞങ്ങളെ പിന്തുടർന്നുകൊണ്ട് അരികിലെത്താറായപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ!നമ്മെ പിടിക്കാൻ പുറപ്പെട്ടവർ,തലയ്ക്കുമീതെ എത്തിയിരിക്കുന്നു. എനിക്ക് എന്റെ കാര്യത്തിലല്ല, അങ്ങയുടെ കാര്യത്തിലാണ് ചിന്ത!അവിടന്ന് പറഞ്ഞു: ലാതഹ്സൻ ഇന്നല്ലാഹ മഅനാ വിഷമിക്കേണ്ട. അല്ലാഹു നമ്മുടെ കൂടെയുണ്ട്. അതിനാൽ അതേ സമയത്തുത്തന്നെ സുറാഖയുടെ കുതിര മണ്ണിൽ പൂണ്ടുപോകുകയും അയാൾ നബിയോടു രക്ഷ ചോദിക്കുകയും ചെയ്തു. അപ്പോൾ നബി(സ)തിരുമേനി സുറാഖയ്ക്കനുകൂലമായി അതി മഹത്തായൊരു പ്രവചനം നടത്തി. അതായത് സുറാഖാ! കിസ്രായുടെ വളകൾ നിന്റെ കൈകളിൽ അണിയിക്കപ്പെടുമ്പോൾ നിന്റെ അവസ്ഥ എന്തായിരിക്കും? ഈ പ്രവചനം വളരെ മഹത്ത്വത്തോടുകൂടി പിന്നീട് പുലർന്നു.

പിന്നീട് അവിടത്തെ പ്രതാപം കാണുക. അവിടന്ന് ശത്രുവിൽനിന്ന് തികച്ചും ഒരു അടി ദൂരത്താണുണ്ടായിരുന്നത്. ശത്രു വാളുമായി നിൽക്കുകയാണ്. എന്നാൽ, അങ്ങയ്ക്ക് ഒരു വിധ ഭയവുമില്ല. എങ്ങനെയുള്ള ഈമാൻ! എങ്ങനെയുള്ള യഖീൻ! അല്ലാഹുവിന്റെമേൽ എത്തരത്തിലുള്ള ദൃഢഗാഢമായ വിശ്വാസം!(ജുമുഅ ഖുത്ബ 15-8 2003)

# മലക്കുകൾ: വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ

## ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)

ഒന്നാമത്തെ കാര്യം, മലക്കുകൾ സൃഷ്ടിയാണോ അല്ലേ എന്നുള്ളതാണ്. കാരണം, അവർക്കു നല്കപ്പെട്ടിരിക്കുന്ന സ്ഥാനം പരിഗണിക്കുമ്പോൾ മലക്കുകൾ സൃഷ്ടികളല്ലെന്ന ചിന്ത ഉടലെടുക്കാറുണ്ട്. ഇക്കാരണത്താലാണ് ക്രിസ്ത്യാനികൾ വഞ്ചിക്കപ്പെട്ടിരിക്കുന്നത്.പരിശുദ്ധാത്മാവു സൃഷ്ടിയല്ല, മറിച്ച് ദൈവത്തിന്റെതന്നെ അംശമാണെന്ന് അവർ ധരിച്ചു. അങ്ങനെ അതിനെയും അവർ ദൈവമാക്കി. ഇസ്‌ലാമാകട്ടെ, മലക്കുകൾ അസൃഷ്ടങ്ങളാണെന്നത് വ്യാജമണെന്ന് പറയുന്നു. അവർ സൃഷ്ടികളാണ്. മലക്കുകൾ സൃഷ്ടികളാണെന്നതിന് ഖുർആനിൽ തെളിവു ലഭിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

أم خلقنا الملائكة إناثا وهم شاهدون

മലക്കുകൾ സ്ത്രീകളാണെന്ന് പറയാൻ അവരെ സൃഷ്ടിച്ചപ്പോൾ അവിടെ ഇവർ ഉണ്ടായിരുന്നുവോ?(37:151)

അല്ലാഹു മലക്കുകളെ സൃഷ്ടിച്ചതാണെന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു. അവർ നശിക്കുമോ ഇല്ലേ എന്നത് വേറെ കാര്യം. മനുഷ്യാത്മാക്കളെപ്പോലെ മലക്കുകളും നശിപ്പിക്കപ്പെടുകയില്ല. ഒന്നുകിൽ എല്ലാം നശിക്കും അല്ലെങ്കിൽ ചിലതു നശിച്ച് ചിലത് അവശേഷിക്കും. വെളിപാട് ഉണ്ടാകുമ്പോൾ ആയിരക്കണക്കിന് മലക്കുകൾ വെളിപാടു വചനത്തിന്റെ ശബ്ദത്തോടൊപ്പം ഉണ്ടായിവരികയും അതോടൊപ്പംതന്നെ നശിക്കുകയും ചെയ്യുന്നുവെന്ന് യഹൂദികൾ വിശ്വസിക്കുന്നു. അതേസമയം, മലക്കുകളെ നശിക്കാത്ത അസ്തിത്വങ്ങളായാണ് സൗരാഷ്ട്രർ വിശ്വസിക്കുന്നത്.

രണ്ടാമതായി മലക്കുകളെ സംബന്ധിച്ച് ഓർത്തിരിക്കേണ്ട കാര്യം, മനുഷ്യനേത്രങ്ങൾക്ക് അവയെ അവയുടെ തനത് രൂപത്തിൽ ദൃശ്യമാകാത്തവിധം ആത്മീയ സൃഷ്ടികളാണവ എന്നതാണ്. ഇനി നേത്രങ്ങൾക്ക് ദൃശ്യമായാലും തനതു രൂപത്തിലല്ലാത്ത മറ്റേതെങ്കിലും രൂപത്തിലായിരിക്കും അവ ദൃശ്യമാവുക. ബാഹ്യനേത്രങ്ങൾകൊണ്ട് മലക്കുകളെ കാണാനാവില്ല. അതിന് ആത്മീയ നേത്രങ്ങളാണ് ആവശ്യം. ബാഹ്യനേത്രങ്ങൾക്കു ഗോചരീഭവിച്ചാൽത്തന്നെ മലക്കുകൾ അവയുടെ തനതു രൂപത്തിൽ കാണപ്പെടില്ല. അല്ലാഹു പറയുന്നു:

ولو جعلناه ملكا لجعلناه رجلا وللبسنا عليهم ما يلبسون

(6:10) മലക്ക് എന്തുകൊണ്ട് ഇറങ്ങുന്നില്ലെന്ന് ഇവർ ചോദിക്കുന്നു. ഇനി മലക്ക് വന്നാൽ തന്നെ മനുഷ്യരൂപത്തിലായിരിക്കും വരിക. അപ്പോഴേ അവർക്ക് കാണാൻ കഴിയൂ. മനുഷ്യരൂപത്തിൽ വന്നാൽ ഇത് മലക്കാണോ മനുഷ്യനാണോ എന്ന സംശയമുണ്ടാകും. ഇത് ദൈവവചനമല്ല, മനുഷ്യകൃതമാണെന്ന് ഇപ്പോൾ അവർ പ്രകടിപ്പിക്കുന്ന സംശയം പിന്നെയും നിലനിൽക്കുന്നതാണ്. ആയതിനാൽ, വല്ല പ്രയോജനവുമുണ്ടെങ്കിലേ മലക്കുകളെ നാം അയക്കാറുള്ളു. ജനങ്ങൾക്ക് ഭൗതിക നേത്രങ്ങൾ കൊണ്ട് മലക്കുകളെ ദർശിക്കാൻ കഴിയില്ല. ഇനി കാണാനായാൽത്തന്നെ അത് മനുഷ്യരൂപത്തിലേ കഴിയൂ. അപ്പോൾ അവർ അതിനെയും ആക്ഷേപിക്കുന്നതായിരിക്കും. അതുകൊണ്ടാണ് മലക്കുകളെ ഇറക്കാത്തത്.

അതിനാൽ, സൂക്ഷ്മമായ അസ്തിത്വമാണ് മലക്കുകളുടെത്. അവർ ഭൗതിക നേത്രങ്ങൾക്ക് അഗോചരമാണ്.

മൂന്നാമതായി അവരെക്കുറിച്ച് മനസ്സിലാക്കേണ്ടത്, സൃഷ്ടികളിൽ അവർ ആണോ പെണ്ണോ അല്ല എന്നതാണ്. ആദ്യം ഓതിയ ഈ ആയത്തിൽ നിന്ന് ഇക്കാര്യം ഗ്രഹിക്കാവുന്നതാണ്:

أم خلقنا الملائكة إناثا وهم شاهدون

(37:151) ഇവിടെ അവർ പുരുഷനാണെന്നല്ല അല്ലാഹു പറഞ്ഞിരിക്കുന്നത്. മറിച്ച്, മലക്കുകൾ സ്ത്രീകളാണെന്ന് ഇവർ പറയുന്നു, എന്താണെന്ന് ഇവർക്കെന്തറിയാം? അല്ലാഹു മലക്കുകളെ സൃഷ്ടിച്ചപ്പോൾ അവിടെ അവർ ഉണ്ടായിരുന്നോ? എന്നാണ് ചോദിച്ചിരിക്കുന്നത്. മലക്കുകൾ സ്ത്രീകളാണെന്നതിനെ അല്ലാഹു നിഷേധിച്ചെങ്കിലും അവർ പുരുഷന്മാരാണെന്ന് അല്ലാഹു പറഞ്ഞിട്ടില്ല. ആയതിനാൽ, അവയെ ആണെന്നോ പെണ്ണെന്നോ പറയുന്നത് ശരിയല്ല. അതൊക്കെ ബൗതിക പദാർഥങ്ങളിലാണ്. ആത്മീയ വസ്തുക്കളിൽ ആണും പെണ്ണുമില്ല. പുരുഷന്റെ ആത്മാവ് പു:ലിംഗമോ സ്ത്രീയുടെ ആത്മാവ് സ്ത്രീലിംഗമോ അല്ല. പു:ലിംഗം എന്നതും സ്ത്രീലിംഗം എന്നതും സ്ഥലകാലബന്ധിതമാണ്. അവരണ്ടിലും ഉള്ളത് ഒരേ സംഗതിയാണ്.

നാലാമതായി മലക്കുകളെ സംബന്ധിച്ച് മനസ്സിലാകുന്ന കാര്യം അവക്ക് മൂന്നു സ്ഥാനങ്ങളുണ്ടെന്നാണ്. അവയെല്ലാം ഒരേവിധത്തിലുള്ളവയല്ല. അല്ലാഹു പറയുന്നു:

الذين يحملون العرش ومن حوله يسبحون بحمد ربهم ويؤمنون به ويستغفرون للذين آمنوا ربنا وسعت كل شيء رحمة وعلما فاغفر للذين تابوا واتبعوا سبيلك وقهم عذاب الجحيم

(40:8) മൂന്നു തരം മലക്കുകളുണ്ടെന്നാണ് ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത്. രണ്ടുതരം മലക്കുകളെക്കുറിച്ച് ഖണ്ഡിതമായും മൂന്നാമത്തെ വിധത്തിലുള്ള മലക്കിനെക്കുറിച്ച് സൂചനയായും പ്രതിപാദിച്ചിരിക്കുന്നു. എന്തെന്നാൽ, ഒരു വിഭാഗം മലക്കുകൾ അർശിനെ വഹിക്കുന്നവരും മറ്റൊന്ന് അർശിന് ചുറ്റുമുള്ളവരുമാണ് എന്ന് ഇതിൽ പറഞ്ഞിരിക്കുന്നു. അതായത്, ഒരു വിഭാഗം മലക്കുകൾമുഖേന ദൈവിക കല്പനകൾ പുറപ്പെടുന്നു. മറ്റൊരു വിഭാഗം മലക്കുകൾ അവരുടെ സഹായികളും അവരുടെ കൽപനകളെ താഴെത്തലത്തിലേക്ക് എത്തിക്കുന്നവരുമാണ്. ഈ അർശിനു ചുറ്റുമുള്ള മലക്കുകൾക്കും താഴെയായി വേറൊരു വിഭാഗം മലക്കുകളും ഉണ്ടെന്നാണ് ഈ വിവരണത്തിൽനിന്നു മനസ്സിലാകുന്നത്. ഹദീഥിൽ ഇതിനുള്ള സാക്ഷ്യം കാണാം. എന്തെന്നാൽ, ചില മലക്കുകൾ വിവിധ വസ്തുക്കളിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് ഹദീഥുകളിൽ നിന്ന് വ്യക്തമാകുന്നത്. അവർ 'ഹമലതു അർശി' നെയും 'വ മൻ ഹൗലഹു' നെയും കൂടാതെയുള്ള മൂന്നാം വിഭാഗത്തിൽപ്പെട്ട മലക്കുകളാണ്. ഈ വിഷയത്തെക്കുറിച്ച് സൗരാഷ്ട്രരിൽനിന്ന് ഏതാണ്ട് ചില വിവരങ്ങൾ ലഭിക്കുന്നുണ്ട്. ലോകകാര്യങ്ങൾ നടപ്പാക്കുന്ന മലക്കുകൾ ഏഴാണെന്ന് അവർ പറയുന്നു. ഖിയാമത് നാളിൽ എട്ടു മലക്കുകൾ അല്ലാഹുവിന്റെ സിംഹാസനത്തെ വഹിക്കുന്നവരായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നു. സിംഹാസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്വർണ്ണവും വെള്ളിയും കൊണ്ടുള്ള സിംഹാസനമല്ല. മറിച്ച്, അല്ലാഹുവിന്റെ ദൈവികതയെ പ്രോജ്ജ്വലിപ്പിക്കുന്ന ഉന്നതഗുണങ്ങളാണ്. പരലോകത്ത് ആ എട്ടു മലക്കുകൾ മുഖേനയായിരിക്കും അതു വെളിപ്പെടുക. എന്നാൽ, ഈ ലോകത്ത്, ഞാൻ സ്ഥാപിച്ചു കാണിച്ചതുപോലെ, ഏഴു മലക്കുകൾ മുഖേനയാണ് വെളിപ്പെടുന്നത്.

ഒരു വിഭാഗം മലക്കുകൾ അല്ലാഹുവിന്റെ അർശിനെ വഹിക്കുന്നവരാണ്. രണ്ടാമത്തെ വിഭാഗം അതിനും താഴെയുള്ളവരാണെങ്കിലും അവർ അല്ലാഹുവിന്റെ സമീപസ്ഥരായ സഹായികളാണ്. അവർ പ്രധാനപ്പെട്ട പ്രവൃത്തികൾ ചെയ്യാൻ ചുമതലപ്പെട്ടവരല്ല; അവർ ഇവരുടെ സഹായികളാണ്. അതിനും താഴെതട്ടിലുള്ളവരാണ് മൂന്നാമത്തെ വിഭാഗം. അതായത്, മലക്കുകൾ മൂന്നു വിധത്തിലുണ്ട്.

1) ദൈവിക ഗുണങ്ങളെ വെളിപ്പെടുത്തുന്നവർ.
2) അവരുടെ സഹായികളും അല്ലാഹുവിന്റെ സമീപസ്ഥരുമായവർ.
3) പലവിധങ്ങളായ ചെറിയ കാര്യങ്ങൾ ചെയ്യാൻ നിശ്ചയിക്കപ്പെട്ടവർ. അവരുടെ എണ്ണം തിട്ടപ്പെടുത്താൻ സാധ്യമല്ല, കാരണം, അല്ലാഹു പറയുന്നു:

وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ

(74:32)അവരെ എണ്ണിതിട്ടപ്പെടുത്താൻ മനുഷ്യനാവില്ല. കാരണം, ഓരോ പ്രവൃത്തിക്കും പ്രത്യേകം മലക്കുണ്ടെന്നാണ് പ്രവാചകന്മാരുടെ വചനങ്ങളിൽനിന്ന് തെളിയുന്നത്.

അഞ്ചാമത്തെ കാര്യം, മലക്കുകൾ തിന്മ ചെയ്യാൻ കഴിയാത്ത സൃഷ്ടികളാണെന്നതാണ്. പ്രവാചകന്മാരെ, എന്തിനേറെ ദൈവത്തെപ്പോലുംനിഷേധിക്കുന്ന വിധത്തിലുള്ള പ്രകൃതമാണല്ലോ മനുഷ്യനുള്ളത്. അവൻ ദൈവത്തെ ചീത്ത പറയുന്നു. എന്നാൽ, തിന്മ ചെയ്യാനുള്ള കഴിവു തീരെയില്ലാത്ത സൃഷ്ടികളാണ് മലക്കുകളെന്ന് ഖുർആനിൽ നിന്നു മനസ്സിലാകുന്നു. മനുഷ്യനെ അപേക്ഷിച്ച് അവരുടെ കർമമണ്ഡലം പരിമിതമാണ്. മനുഷ്യൻ പരിധികൾ ലംഘിക്കും. എന്നാൽ, നിശ്ചിത പരിധിലംഘിക്കാൻ മലക്കുകൾക്കാവില്ല. അല്ലാഹു പറയുന്നു:

لَّا يَعْصُونَ اللَّهَ مَآ أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ

അല്ലാഹുവിന്റെ കല്പനകളെ മലക്കുകൾ ധിക്കരിക്കുകല്ല. അവരോടു കല്പിക്കപ്പെടുന്നതു മാത്രമാണ് അവർ ചെയ്യുന്നത്.(66:7)

ആറാമത്തെ കാര്യം, മലക്കുകൾ ദൈവകല്പനയെ ധിക്കരിക്കില്ലെന്നു മാത്രമല്ല, ദൈവകല്പനകളെ പൂർണമായി നിർവഹിക്കുന്നതരത്തിലുള്ള പ്രകൃതമാണ് അവരുടേത്. ഒരാളുടെ കല്പന ധിക്കരിക്കുക എന്നതും അതു പൂർണമായി നിർവഹിക്കാൻ കഴിയാതിരിക്കുക എന്നതും വെവ്വേറെ സംഗതികളാണ്. ഉദാഹരണമായി, ദുർബലനായ ഒരു വ്യക്തിയോട് ഒരു സാധനം എടുക്കാൻ പറയുമ്പോൾ തന്റെ ദൗർബല്യം കാരണം അയാൾക്ക് അതെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അയാൾ കല്പന ധിക്കരിച്ചു എന്നു പറയുകയില്ല. നേരെമറിച്ച്, അയാൾക്ക് എടുക്കാൻ കഴിവുണ്ടായിരിക്കെ എടുക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ അതു ധിക്കാരമാണ്. മലക്കുകളെ സംബന്ധിച്ച് അല്ലാഹു പറയുന്നത് അവരോടു കല്പിക്കപ്പെടുന്ന ജോലി ചെയ്യാൻ പൂർണമായും അവർ പ്രാപ്തരായിരിക്കും എന്നാണ്. അതായത്, അതു ചെയ്യാനുള്ള കഴിവ് എല്ലാവരിലുമുണ്ടായിരിക്കും. മനുഷ്യരെപ്പോലെ ചിലർക്കു കല്പന നിർവഹിക്കാനുള്ള കഴിവുണ്ടായിരിക്കുകയും ചിലർക്കു കഴിവില്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ അവർക്കില്ല. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്:

وَيَفْعَلُونَ مَا يُؤْمَرُونَ

അവർക്കു നല്കപ്പെടുന്ന കല്പനകൾ അവർ നിർവഹിക്കുന്നു.(16:51)

മനുഷ്യന്റെ അവസ്ഥ ഇതല്ല. ഒരു കാര്യം ചെയ്യാൻ ചിലപ്പോൾ അവൻ ആഗ്രഹിക്കുന്നു. പക്ഷേ, ചെയ്യാൻ സാധിക്കില്ല. ഉദാഹരണത്തിന്, നിന്നുകൊണ്ട് നമസ്കരിക്കാൻ അവൻ ആഗ്രഹിച്ചാലും രോഗിയാണെങ്കിൽ അവനതിനുകഴിയില്ല.

ഏഴാമത്തെ കാര്യം, ചുറ്റുമുള്ള കാര്യങ്ങളാൽ സ്വാധീനിക്കപ്പെടുകയില്ല എന്നതാണ്. മറ്റു സൃഷ്ടികൾ എത്രതന്നെ പ്രബലരാണെങ്കിലും അവർ മറ്റു പ്രഭാവങ്ങളെ സ്വാംശീകരിക്കുന്നു. ചില പ്രഭാവങ്ങളെ കൊള്ളുകയും ചിലതിനെ തള്ളുകയും ചെയ്യുന്നു എന്ന് പറയുന്നതാവും ശരി. ഉദാഹരണമായി പ്രവാചകന്മാർ നന്മയുടെ പ്രഭാവം സ്വീകരിക്കുന്നു. ഇനി അവർ യുദ്ധത്തിൽ പങ്കെടുക്കുന്നപക്ഷം മനുഷ്യരെന്ന നിലയിൽ അവരുടെമേലും അതിന്റെ സ്വാധീനമുണ്ടാകുന്നതാണ്. എങ്കിലും പ്രവാചകന്മാർ ദുഃസ്വാധീനങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടുന്നു. മലക്കുകളാകട്ടെ, എല്ലാ നിലയിലും സുരക്ഷിതരായിരിക്കും. അല്ലാഹു പറയുന്നു:

عَلَيْهَا مَلَٰٓئِكَةٌ غِلَاظٌ شِدَادٌ

(66:7)ഗിലാളുൻ ശിദാദുൻ എന്നത് മലക്കുകളുടെ ഗുണങ്ങളാണ്. മറ്റു വസ്തുക്കൾക്കൊന്നും അവരുടെമേൽ സ്വാധീനം ചെലുത്താൻ സാധിക്കില്ല. അവരോട് ഏതൊരു വസ്തുവിൽ സ്വാധീനം ചെലുത്താനാണോ പറയപ്പെടുന്നത് അതിൽ തീർച്ചയായും അവർ സ്വാധീനം ചെലുത്തുന്നു. ഈ കഴിവു മനുഷ്യനില്ല. ചില സംഗതികളിലാണ് മനുഷ്യന് കഴിവുള്ളത്. ചില സംഗതികളിൽ ഇല്ലതാനും. അതായത്, ചില ഗുണങ്ങളിൽ മനുഷ്യനും അങ്ങനെയാണെങ്കിലും എല്ലാ നിലയിലും അങ്ങനെയല്ല. അല്ലാഹു പറയുന്നു:

مُّحَمَّدٌ رَّسُولُ اللَّهِ ۚ وَالَّذِينَ مَعَهُۥٓ أَشِدَّآءُ عَلَى الْكُفَّارِ رُحَمَآءُ بَيْنَهُمْ

(48:30)വിശ്വാസികളും കാഠിന്യം കാണിക്കുന്നവരാണ്; പക്ഷേ അവിശ്വാസികളുടെമേൽ. അവർ പരസ്പരം സ്വാധീനം സ്വീകരിക്കുന്നവരാണ്.

വീണ്ടും പറയുന്നു:

يَٰٓأَيُّهَا النَّبِيُّ جَٰهِدِ الْكُفَّارَ وَالْمُنَٰفِقِينَ وَاغْلُظْ عَلَيْهِمْ

"അല്ലയോ നബിയേ അവിശ്വാസികളെയും മുനാഫിഖുകളെയും നേരിടുക. എന്നാൽ, അവരാൽ സ്വാധീനിക്കപ്പെടരുത്"(9:73).

അപ്പോൾ മറ്റുള്ളവരുടെമേൽ പ്രഭാവം ചെലുത്താനുള്ള ഗുണം വിശ്വാസികളിൽ നമുക്ക് കാണാം. എന്നാൽ, ചില കാര്യങ്ങളല്ലാതെ അവരെ സ്വാധീനിക്കാറില്ല. അതേസമയം സമ്പൂർണമായ നിലയിൽ സ്വാധീനിക്കപ്പെടാത്തവരാണ് മലക്കുകൾ.

എട്ടാമത്തെ കാര്യം, മനുഷ്യനെ സംബന്ധിച്ചിടത്തോളം അവരുടെ എണ്ണം അപരിമിതമാണെന്നുള്ളതാണ്. അല്ലാഹു പറയുന്നു:

وَمَا يَعْلَمُ جُنُودَ رَبِّكَ إِلَّا هُوَ

(74:32) മലക്കുകളുടെ എണ്ണം അല്ലാഹുവിനു മാത്രമാണ് അറിയുക. മറ്റാർക്കും അതറിയാൻ സാധ്യമല്ല.

ഒമ്പതാമത്തെ കാര്യം, അവരിൽ ഓഫീസറും കീഴുദ്യോഗസ്ഥരുമുണ്ടാകും എന്നതാണ്. ഒന്ന് വലുതും മറ്റേത് ചെറുതും ആയ നിലയിൽ അല്ല. തങ്ങളുടെതായ ധർമങ്ങളിലും സ്ഥാനത്തും സ്ഥിരപ്പെട്ടവരാണ്, എന്നല്ല, അവർ ഓഫീസറുടെയും കീഴുദ്യോഗസ്ഥരുടെയും സ്ഥാനം അലങ്കരിക്കുന്നു. ഒരിടത്ത് അല്ലാഹു പറയുന്നു:

قُلْ يَتَوَفّٰىكُمْ مَّلَكُ الْمَوْتِ الَّذِىْ وُكِّلَ بِكُمْ ثُمَّ اِلٰى رَبِّكُمْ تُرْجَعُوْنَ

അർഥം: "നീ പറയുക, നിങ്ങളുടെ ജീവൻ പിടിച്ചെടുക്കാൻ ഭരമേല്പിക്കപ്പെട്ട മരണത്തിന്റെ മലക്ക് നിങ്ങളുടെ ജീവനെ പിടിച്ചെടുക്കും. പിന്നീട് നിങ്ങൾ നിങ്ങളുടെ നാഥനിലേക്ക് മടക്കപ്പെടുന്നതാണ്."(32:12)
മറ്റൊരിടത്ത് പറയുന്നു:

وَلَوْ تَرٰٓى اِذِ الظّٰلِمُوْنَ فِىْ غَمَرٰتِ الْمَوْتِ وَالْمَلٰٓئِكَةُ بَاسِطُوْٓا اَيْدِيْهِمْ ۚ اَخْرِجُوْٓا اَنْفُسَكُمْ ۗ اَلْيَوْمَ تُجْزَوْنَ عَذَابَ الْهُوْنِ بِمَا كُنْتُمْ تَقُوْلُوْنَ عَلَى اللّٰهِ غَيْرَ الْحَقِّ وَكُنْتُمْ عَنْ اٰيٰتِهٖ تَسْتَكْبِرُوْنَ

അർഥം: "ആ അധർമകാരികൾ മരണവേദനകളിൽപ്പെട്ടിരിക്കുകയും മലക്കുകൾ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ട്, നിങ്ങളുടെ ജീവനെ പുറത്തുകൊണ്ടുവരൂ എന്നും നിങ്ങൾ അല്ലാഹുവിന്റെ പേരിൽ അസത്യം ആരോപിക്കുകയും അഹംഭാവം നടിച്ചുകൊണ്ട് അവന്റെ ദൃഷ്ടാന്തങ്ങളിൽനിന്ന് വിമുഖരാവുകയും ചെയ്ത കാരണത്താൽ ഇന്ന് അപമാനത്തിന്റെ ശിക്ഷ നിങ്ങൾക്ക് നല്കപ്പെടുന്നതാണെന്നും പറയുകയും ചെയ്യുന്ന സന്ദർഭം നീ കാണുന്നതായാൽ(അതു ഭയാനകമായ കാഴ്ച തന്നെയായിരിക്കും.!)"(6:94).

വീണ്ടും പറയുന്നു:

اِنَّ الَّذِيْنَ تَوَفّٰىهُمُ الْمَلٰٓئِكَةُ ظَالِمِىْٓ اَنْفُسِهِمْ قَالُوْا فِيْمَ كُنْتُمْ

തീർച്ചയായും സ്വന്തം ആത്മാക്കളോട് ദ്രോഹം ചെയ്തവരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവൻ പിടിച്ചെടുക്കുന്നുവോ ആ മലക്കുകൾ (അവരോടു) പറയും: നിങ്ങൾ ഏതു സ്ഥിതിയിലായിരുന്നു?(4:98)

ഇനി ഈ മൂന്നു വചനങ്ങളും ഒന്നു ചേർത്തുനോക്കുക. ആദ്യം സൂചിപ്പിച്ച ആയത്തിൽ പറഞ്ഞിരിക്കുന്നത് എല്ലാ മനുഷ്യരുടെയും ജീവനെടുക്കുന്ന ധർമം നിർവഹിക്കുന്നത് ഒരു മലക്ക് മാത്രമാണെന്നാണ്. എന്നാൽ മറ്റു രണ്ടു ആയത്തുകളിലും പറഞ്ഞിരിക്കുന്നത് ഒരുപാടു മലക്കുകൾ ജീവനെ പിടിക്കുന്നു എന്നാണ്. ഒരു മലക്കിനാണു ചുമതലയെങ്കിലും അതിനെ സഹായിക്കാനായി അനേകം മലക്കുകൾ അനുസരണത്തോടെ ധർമം നിർവഹിക്കുന്നവരുണ്ടെന്ന് ഇതിൽ നിന്നു മനസ്സിലാകുന്നു. മരണത്തിന്റെ വകുപ്പിൽ മേലുദ്യോഗസ്ഥനെന്നും കീഴുദ്യോഗസ്ഥനെന്നുമുള്ള സംവിധാനത്തെ പരിഗണിക്കുമ്പോൾ മലക്കുകൾ മുഖേന നടക്കുന്ന മറ്റു സർവകാര്യങ്ങളും ഇതുപോലെ ചില ഉയർന്ന മലക്കുകളുടെ ചുമതലയിലാണെന്നും പിന്നീട് അവരുടെ കീഴിലുള്ള എണ്ണമറ്റ മലക്കുകളാണ് ധർമം നിർവഹിക്കുന്നതെന്നുമുള്ള നിഗമനത്തിൽ എത്താൻ കഴിയും.

പത്താമത്തെ കാര്യം. മനുഷ്യന്റെ കഴിവുകളെ അപേക്ഷിച്ച് മലക്കുകളുടെ കഴിവുകൾ പരമിതങ്ങളാണ്. മലക്കുകൾ ഒരേ അവസ്ഥയിൽ ഉള്ളവരാണ്. എന്നാൽ മനുഷ്യന് ഒരുപാട് അഭിവൃദ്ധി പ്രാപിക്കാനാകും. അല്ലാഹു പറയുന്നു:

وَعَلَّمَ اٰدَمَ الْاَسْمَآءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى الْمَلٰٓئِكَةِ فَقَالَ اَنْۢبِئُوْنِىْ بِاَسْمَآءِ هٰٓؤُلَآءِ اِنْ كُنْتُمْ صٰدِقِيْنَ۔ قَالُوْا سُبْحٰنَكَ لَا عِلْمَ لَنَآ اِلَّا مَا عَلَّمْتَنَا ۗ اِنَّكَ اَنْتَ الْعَلِيْمُ الْحَكِيْمُ۔

അല്ലാഹു ആദമിന് എല്ലാ നാമങ്ങളും പഠിപ്പിക്കുകയും ആ പഠിപ്പിച്ച നാമങ്ങൾ മലക്കുകളുടെ മുൻപാകെ വെച്ചുകൊണ്ട് നിങ്ങൾ സത്യവാന്മാരെങ്കിൽ ഇവയുടെ നാമങ്ങൾ പറഞ്ഞുതരാൻ ആവശ്യപ്പെടുകയും ചെയ്തു. അവർ പറഞ്ഞു: "നീ പരിശുദ്ധനാണ്. നീ പഠിപ്പിച്ച അറിവല്ലാതെ ഞങ്ങൾക്ക് ഒരറിവുമില്ല. നീ എല്ലാം അറിയുന്നവനും യുക്തിജ്ഞനുമാകുന്നു.'' (2: 32,33)

ശേഷം അല്ലാഹു ആദമിനോട് നാമങ്ങൾ പറഞ്ഞുകൊടുക്കാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞുകൊടുത്തു.

ഇവിടെ സാന്ദർഭികമായി ഒരു ചോദ്യത്തിനു ഞാൻ മറുപടി പറയുകയാണ്. അല്ലാഹു എന്തുകൊണ്ട് പേരുകൾ സ്വയം പറഞ്ഞു കൊടുത്തില്ല? ആദമിനെക്കൊണ്ട് എന്തിനാണ് പറയിച്ചത്? ഇതിലടങ്ങിയിരിക്കുന്ന തത്ത്വം ഇതാണ്: അല്ലാഹു പറഞ്ഞുകൊടുത്താൽ അതിൽ എല്ലാ ഗുണങ്ങളും വരുമായിരുന്നു. നീ പറഞ്ഞുകൊടുക്ക് എന്നാണ് ആദമിനോട് പറയപ്പെട്ടത്. അതായത്, അവർ നിന്നിലേക്ക് നോക്കട്ടെ. ചുരുക്കത്തിൽ മലക്കുകളുടെ കഴിവുകൾ മനുഷ്യനേക്കാൾ പരിമിതമാണ്. എങ്കിലും അല്ലാഹുവിന്റെ കല്പനയ്ക്കും ഇച്ഛയ്ക്കും അനുസരിച്ചേ മലക്കുകൾ എന്തും ചെയ്യുകയുള്ളു. അവർക്ക് ഒരു വിധത്തിലുള്ള അനുസരണക്കേടും കാണിക്കാനാവില്ല.

പതിനൊന്നാമത്തെ കാര്യം, മലക്കുകളിലും ആഗ്രഹങ്ങളുണ്ട്. പക്ഷേ, വളരെ പരമിതമാണെന്നു മാത്രം. കുതിര കുറച്ചൊക്കെ അനങ്ങാനും എന്നാൽ, പരിധി വിട്ടു പോകാതിരിക്കാനുമായി നീളമുള്ള ഒരു കയറ് കുതിരയുടെ കഴുത്തിലിട്ട് ഒരു ആണികൊണ്ടു ബന്ധിക്കുന്നതിനോട് അതിനെ ഉപമിക്കാം. മലക്കുകളും ഒരു കേന്ദ്രത്തിനു ചുറ്റുമായിട്ടാണു ചലിച്ചു കൊണ്ടിരിക്കുന്നത്. ആ പരിധിക്കപ്പുറം പോകാനാവില്ല. ആ പരിധി ഇതാണ്:

لَّا يَعْصُوْنَ اللّٰهَ مَآ اَمَرَهُمْ وَيَفْعَلُوْنَ مَا يُؤْمَرُوْنَ

"അല്ലാഹു അവരോടു കല്പിക്കുന്ന ഒരു കല്പനയും അവർ ലംഘിക്കുകയില്ല. അവരോട് ആജ്ഞാപിക്കുന്നതെന്തും അവർ പ്രവർത്തിക്കുന്നു."(66:7)

ഈ പരിധിക്കപ്പുറം പോകാൻ കഴിയില്ല. ഭൂമിയെ സംബന്ധിച്ചും മലക്കുകൾ താത്പര്യപ്പെടാറുണ്ട്. ആദമിനെ സംബന്ധിച്ച് അവർ പറയുന്നു:

اَتَجْعَلُ فِيْهَا مَنْ يُّفْسِدُ فِيْهَا وَيَسْفِكُ الدِّمَآءَ

(2:31)ആദം ലോകത്ത് കുഴപ്പങ്ങളുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുമ്പോൾ അതിന് എന്ത് ഏർപ്പാടുചെയ്യുമെന്നു ഞങ്ങൾക്കു പറഞ്ഞു തരിക എന്ന് അവർ അല്ലാഹുവിനോടു ചോദിച്ചിരിക്കുന്നു. തിന്മയോളം എത്താതെ, നന്മയ്ക്കപ്പുറത്ത് കടക്കാതിരിക്കുമാറ് ഒരു പരിധിവരെ അവരിൽ ആഗ്രഹമുണ്ടെന്നാണ് ഇതു വിളിച്ചോതുന്നത്. എന്നിരുന്നാലും, അവർ ചോദിച്ചുവെന്നു മാത്രമേ ഈ ആയത്തിൽ നിന്നു മനസ്സിലാകുന്നുള്ളു. ചോദിക്കൂ എന്ന് ദൈവം വെളിപാടിറക്കിയതുകൊണ്ടു ചോദിച്ചതാകാം എന്ന് ഇവിടെ ആരെങ്കിലും പറഞ്ഞേക്കാം. ഒന്നാമതായി, അവർ അല്ലാഹു പറഞ്ഞതുകൊണ്ട് ചോദിച്ചുവെന്ന് പറയുന്നത് തന്നെ തെറ്റാണ്. എന്തെന്നാൽ, തുടർന്ന് അല്ലാഹു പറയുന്നത് '*ഇൻ കുൻതും സാദിഖീൻ*' എന്നാണ്. അതായത്, നിങ്ങൾ സത്യവാന്മാരാണെങ്കിൽ നാമങ്ങൾ പറഞ്ഞുതരുവിൻ. ദൈവകല്പനയാലല്ല അവർ ചോദിച്ചതെന്ന് ഇതിൽനിന്നു മനസ്സിലാക്കാം. മാത്രമല്ല, മലക്കുകളുടെ ആഗ്രഹങ്ങൾ വെളിപ്പെടുന്ന രീതിയിലുള്ള കാര്യങ്ങളും നാം ഹദീഥുകളിൽ വായിക്കുന്നുണ്ട്.

ഒരാൾ ഒരു ജ്ഞാനിയുടെ അടുക്കൽചെന്നു ചോദിച്ചു: 'ഞാൻ ഒരുപാടു പാപം ചെയ്തിട്ടുണ്ട്. എനിക്ക് തൗബ ചെയ്യാൻ സാധിക്കുമോ?' അദ്ദേഹം പറഞ്ഞു: 'നിന്റെ തൗബ സ്വീകരിക്കില്ല'. അയാൾ അദ്ദേഹത്തെ കൊന്നു. അങ്ങനെ തൗബ ചെയ്യാൻ വേണ്ടി വേറൊരാളുടെ അടുത്തേക്കു പോകാൻ പുറപ്പെട്ടു. എന്നാൽ, വഴിമദ്ധ്യേ അയാൾ മരണപ്പെടുകയുണ്ടായി. ഇയാൾ തൗബയുടെ വഴിയിൽ മരണപ്പെട്ടതിനാൽ തങ്ങൾ ഇയാളെ സ്വർഗത്തിലേക്കു കൊണ്ടുപോകുന്നതാണെന്ന് സ്വർഗത്തിന്റെ മലക്കുകൾ പറഞ്ഞു. എന്നാൽ, ഇയാൾ തൗബ ചെയ്യുന്നതിനുമുൻപ് മരണമടഞ്ഞതിനാൽ ഇയാളെ നരകത്തിലേക്കു കൊണ്ടുപോകുമെന്നായിരുന്നു നരകത്തിന്റെ മലക്കുകളുടെ വാദം. ഇതിൽനിന്ന് മലക്കുകൾക്ക് ഇച്ഛയുണ്ടെന്ന് തെളിയുന്നു. മാത്രമല്ല ഈ ആയത്തിൽനിന്നു നമുക്കതു മനസ്സിലാക്കാം: അല്ലാഹു പറയുന്നു:

مَا كَانَ لِىَ مِنْ عِلْمٍۢ بِالْمَلَاِ الْاَعْلٰٓى اِذْ يَخْتَصِمُوْنَ

"മലക്കുകൾ പരസ്പരം തർക്കിച്ചു കൊണ്ടിരിക്കുമ്പോൾ ആ തർക്കത്തിന്റെ അവസ്ഥയെന്താണെന്ന് എനിക്കെന്തറിയാം."(38:70)

അവർ പരസ്പരം തർക്കിക്കാറുണ്ടെന്നും ഇതിൽനിന്നു ഗ്രഹിക്കാം. അവരിൽ ആഗ്രഹമുണ്ട്; പക്ഷേ വളരെ പരമിതമാണത്.

മലക്കുകളെ സംബന്ധിച്ച് പന്ത്രണ്ടാമത്തെ കാര്യം അവർക്ക് അദൃശ്യകാര്യങ്ങളറിയില്ല എന്നതാണ്. കാരണം, അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَيَوْمَ يَحْشُرُهُمْ جَمِيْعًا ثُمَّ يَقُوْلُ لِلْمَلٰٓئِكَةِ اَهٰٓؤُلَآءِ اِيَّاكُمْ كَانُوْا

يَعۡبُدُوۡنَ۔

قَالُوۡا سُبۡحٰنَكَ اَنۡتَ وَلِيُّنَا مِنۡ دُوۡنِهِمۡ ۚ بَلۡ كَانُوۡا يَعۡبُدُوۡنَ الۡجِنَّ ۚ اَكۡثَرُهُمۡ بِهِمۡ مُّؤۡمِنُوۡنَ

അർഥം: “അവരെല്ലാവരെയും അവൻ ഒരുമിച്ചു കൂട്ടുന്ന നാളിനെ ഓർക്കുക. പിന്നെ അവൻ മലക്കുകളോടു പറയും: ഇവരാണോ നിന്നെ ആരാധിച്ചു കൊണ്ടിരുന്നത്? അവർ(മലക്കുകൾ) പറയും: ഞങ്ങൾ നിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. നീയാണ് അവർക്കെതിരിൽ ഞങ്ങളുടെ രക്ഷാധികാരി. പക്ഷേ, അവർ ജിന്നുകളെയാണ് ആരാധിച്ചുകൊണ്ടിരുന്നത്. അക്കൂട്ടരിൽ അധികമാളുകളും അവരിൽ(ജിന്നുകളിൽ വിശ്വസിക്കുന്നവരാണ്.”(34:41,42)

മലക്കുകൾ അദൃശ്യജ്ഞാനങ്ങളറിയില്ലെന്നാണ് ഈ ആയത്തിൽനിന്നു മനസ്സിലാകുന്നത്. എന്തെന്നാൽ, അദൃശ്യകാര്യങ്ങൾ അവർ അറിഞ്ഞിരുന്നെങ്കിൽ ആരാധനയെ സംബന്ധിച്ച അറിവില്ലായ്മ അവർ പ്രകടിപ്പിക്കുമായിരുന്നില്ല. അല്ലാഹു വെറുതേ ചോദിച്ചതാണെന്നു പറയാനാവില്ലല്ലോ. കാരണം, ചില ഘട്ടങ്ങളിൽ അകാരണമായ ചോദ്യം പോലും കളവായിത്തീരുന്നതാണ്. അല്ലാഹുവിന്റെ സത്തയാകട്ടെ, പരിശുദ്ധമാണ്. രണ്ടാമതായി, ചിലയാളുകൾ മലക്കുകളെ ആരാധിക്കാം എന്ന വിശ്വാസക്കാരായിരുന്നു എന്നാണ് മുൻ ഗ്രന്ഥങ്ങളിൽനിന്നു മനസ്സിലാകുന്നത്. ആയതിനാൽ, അജ്ഞതകാരണത്താൽ തങ്ങളെ ചില ആളുകൾ ആരാധിച്ചിരുന്നതിനെ ചില മലക്കുകൾ നിഷേധിക്കുമെന്നാണ് അറിയാൻ സാധിക്കുന്നത്. മലക്കുകൾ അദൃശ്യകാര്യങ്ങൾ അറിയുകയില്ലെന്നു വ്യക്തമായിതന്നെ ചില ഹദീസുകളിൽനിന്നു തെളിയുന്നുണ്ട്. നബി(സ) അരുൾ ചെയ്യുന്നു: “ഒരാൾ വിശ്വാസിയെന്നു പറയപ്പെടുന്നു, വിശ്വാസികളുടെ കർമം ചെയ്യുന്നു. അയാളുടെ കർമങ്ങൾ എഴുതുന്ന മലക്ക് അയാളുടെ കർമങ്ങളെ ദൈവസമക്ഷം സമർപ്പിക്കുന്നു. ഉദാഹരണമായി, അയാൾ നമസ്കരിക്കുന്ന ആളാണ്. ആ കർമം അവന്റെ സമക്ഷം സമർപ്പിക്കുമ്പോൾ ‘ഇതു കൊണ്ടുപോയി അയാളുടെ മുഖത്ത് വലിച്ചെറിയൂ, ഇയാളുടെ ഈ നമസ്കാരം എനിക്കുവേണ്ടിയായിരുന്നില്ല’ എന്ന് ആകാശത്തുനിന്നു വിളിച്ചു പറയുന്നതാണ്.’’ മലക്കുകൾ അദൃശ്യകാര്യങ്ങൾ അറിയില്ലെന്നാണ് ഇതിൽനിന്നു വ്യക്തമാകുന്നത്. അറിഞ്ഞിരുന്നെങ്കിൽ അസ്വീകാര്യമായ നമസ്കാരം അവർ എന്തിനു ദൈവസമക്ഷം കൊണ്ടുപോകണം?

പതിമൂന്നാമത്തെ കാര്യം, ഓരോ കാര്യത്തിനും വെവ്വേറെ മലക്കുകളാണ്. ഹ: ആയിശ(റ) നബി(സ) തിരിമേനിയോടു ചോദിച്ചതായി ഹദീസിൽ വന്നിരിക്കുന്നു: ‘അല്ലാഹുവിന്റെ റസൂലേ, ഉഹ്ദ് ദിവസം ഉണ്ടായ പ്രയാസത്തേക്കാൾ കഠിനതരമായത് അങ്ങേയ്ക്ക് ഉണ്ടായിട്ടുണ്ടോ?’ തിരുമേനി പറഞ്ഞു: ‘ഉണ്ട്, അഖ്ബാ ദിവസം. മക്കക്കാരുടെ നിഷേധം കാരണം ഞാൻ അബ്ദ്യെയാലീലിന്റെ[1] സമുദായത്തിലേക്കു

1.ഇദ്ദേഹത്തിന്റെ പൂർണനാമം അബ്ദ്‌യാലീൽ ബ്നു അംറ് ബ്നു ഉമൈർ എന്നാണ്. ത്വായിഫിലെ പ്രമാണിയായിരുന്ന ഇദ്ദേഹം ബനൂസഖീഫ് ഗോത്രക്കാരനായിരുന്നു. (സീറത്ത് ഇബ്നു ഹിശാം വാള്യം.2 പേ.60)

ശ്രദ്ധതിരിച്ചു. എന്നാൽ, അവരതിനെ ഗൗരവത്തിലെടുക്കാതെ എന്റെ സന്ദേശത്തെ നിരസിക്കുകയായിരുന്നു. അപ്പോൾ ഞാൻ അങ്ങേയറ്റം ദു:ഖിതനായികൊണ്ട് പ്രത്യേകമായ ഒരു സ്ഥലവും മനസ്സിലുറപ്പിക്കാതെ വെറുതെ എങ്ങോട്ടോ പുറപ്പെടാൻ ഒരുങ്ങി. വഴിയിൽ ഞാൻ ഒരു മേഘം കണ്ടു. അതിൽ ജിബ്രീലിനെ കാണാൻ സാധിച്ചു. ജിബ്രീൽ പറഞ്ഞു: ‘നിന്റെ സമൂഹം പറഞ്ഞതു കേൾക്കുകയും അവരുടെ നിഷേധം കാണുകയും ചെയ്ത അല്ലാഹു, താങ്കൾ എന്തു കല്പനയാണോ നല്കുന്നത് അതു ചെയ്യാൻ പർവതങ്ങളുടെ മലക്കിന് ആജ്ഞ നല്കിയിരിക്കുകയാണ്.’ അപ്പോൾ പർവതങ്ങളുടെ മലക്ക് എനിക്കു സലാം ചെയ്തു കൊണ്ട് പറഞ്ഞു: ‘അഖ്ഷബീൻ കുന്നിനെ(മക്കയ്ക്ക് ചുറ്റുമുള്ള രണ്ടു കുന്നുകൾ) അവരുടെ മേൽ കൊണ്ടിട്ട് നിരത്താൻ അങ്ങ് ആഗ്രഹിക്കുന്നുണ്ടോ?’അതായത് ഭൂകമ്പമുണ്ടാക്കി അവരെ നശിപ്പിക്കട്ടെ എന്ന്. ഞാൻ പറഞ്ഞു: വേണ്ട. അവരുടെ സന്തതികളിൽനിന്ന് ഏകദൈവത്തെ ആരാധിക്കുന്നവർ ജനിക്കുമെന്നാണെന്റെ പ്രതീക്ഷ.

(البداية والنهاية جلد ٣ص١٣٥ تا ص١٣٧ مطبوعه بيروت ١٩٦٦)

ഈ ഹദീസിൽനിന്നു മനസ്സിലാകുന്നത് ദൈവം നബി(സ)തിരുമേനിയെ സഹായിക്കാൻ പർവതത്തിന്റെ മലക്കിന് കല്പന നല്കിയിരിക്കുന്നുവെന്നകാര്യം ജിബ്‌രീൽ നബി(സ)യോടു പറഞ്ഞുവെന്നാണ്. താൻ സഹായത്തിനു വന്നതാണെന്നു പറഞ്ഞില്ല. പർവതത്തിന്റെ മലക്ക് വേറെയാണെന്നാണ് ഇതു വ്യക്തമാക്കുന്നത്. വ്യത്യസ്ത സംഗതികൾക്കു വേവ്വേറെ മലക്കുകളെയാണു നിശ്ചയിച്ചിരിക്കുന്നത്.

പതിനാലാമത്തെ കാര്യം, വിവിധ ദൈവിക ഗുണങ്ങളുടെ പ്രതീകങ്ങളാണ് മലക്കുകൾ. ചിലർ ഏതെങ്കിലുമൊരു ശക്തിയുടെ അല്ലെങ്കിൽ ഒന്നിൽകൂടുതൽ ശക്തിയുടെ പ്രതീകങ്ങളായിരിക്കും. അല്ലാഹു പറയുന്നു:

اَلۡحَمۡدُ لِلّٰهِ فَاطِرِ السَّمٰوٰتِ وَالۡاَرۡضِ جَاعِلِ الۡمَلٰٓـئِكَةِ رُسُلًا اُولِىۡۤ اَجۡنِحَةٍ مَّثۡنٰى وَثُلٰثَ وَرُبٰعَ ؕ يَزِيۡدُ فِى الۡخَلۡقِ مَا يَشَآءُ ؕ اِنَّ اللّٰهَ عَلٰى كُلِّ شَىۡءٍ قَدِيۡرٌ ۝٢

അർഥം: “സർവസ്തുതിയും ആകാശങ്ങളെയും ഭൂമിയെയും ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചവനും മലക്കുകളെ ദൂതന്മാരായി അയക്കുകയും ചെയ്തവനത്രേ. അവരിൽ ചിലർ രണ്ടും മൂന്നും നാലും ഗുണങ്ങളുടെ പ്രതീകങ്ങളാണ്. അല്ലാഹു അവരിൽ താനിഷ്ടപ്പെടുന്നത്ര വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു.”(35:2)

ഈ ആയത്തിൽനിന്നു മനസ്സിലാകുന്നത് വിവിധ മലക്കുകൾ വിവിധ ദൈവികഗുണങ്ങളുടെ പ്രതീകങ്ങളാണെന്നാണ്. ചിലതു കുറച്ചു ദൈവിക ഗുണങ്ങളുടെയും മറ്റു ചിലതു കൂടുതൽ ദൈവികഗുണങ്ങളുടെയും പ്രതീകങ്ങളായിരിക്കും. കാലാനുസൃതമായ കഴിവുകളോടുകൂടിയ മലക്കുകളെയാണ് അയക്കുക എന്നും ഇതിൽനിന്നു തെളിയുന്നുണ്ട്. ജനങ്ങളുടെ കഴിവും പ്രാപ്തിയുമനുസരിച്ച് അതേ കഴിവും പ്രാപ്തിയുമുള്ള മലക്കുകളെയാണ് അയക്കുക. ലോകം അതിന്റെ പൂർണതയിൽ എത്തിയപ്പോൾ അല്ലാഹു ജിബ്‌രീലിനെ പൂർണരൂപത്തിൽ അയച്ചു. ഇതു സംബന്ധമായി നബി(സ)പറഞ്ഞത്, പരിപൂർണ ഗ്രന്ഥം കൊണ്ടുവന്ന ജിബ്‌രീലിന് അറുന്നൂറു ചിറകുകളുണ്ടായിരുന്നുവെന്നാണ്.

(بخاری كتاب التفسير۔ سورة النجم باب قوله فاوحٰى الٰى عبده ما اوحٰى)

ഇതിൽനിന്നും ജിബ്‌രീൽ 600 ദൈവികഗുണങ്ങളുടെ പ്രതീകമാണെന്നു മനസ്സിലാക്കാം. അല്ലാഹുവിന് അത്രയൊന്നും ഗുണങ്ങളില്ലല്ലോ, പിന്നെ ങ്ങനെയാണു 600 ഗുണങ്ങളുടെ പ്രതീകമാവുക എന്ന ചോദ്യം ശരിയല്ല. എണ്ണമറ്റ ഗുണങ്ങളുണ്ട് അല്ലാഹുവിന്. 600 എന്നതു മനുഷ്യനുമായിമാത്രം ബന്ധപ്പെട്ടു കിടക്കുന്ന ഗുണങ്ങളാണ്. ഹദ്റത്ത് മസീഹ്മൗഊദ്(അ) ഗഹനമായ ഒരു സംഗതി എഴുതിയിട്ടുണ്ട്. ജിബ്‌രീലിനെക്കാൾ കൂടുതൽ ഖുർആനികജ്ഞാനം നബി(സ)തിരുമേനിക്ക് ഉണ്ടായിരുന്നു എന്നതാണത്. ഈ സംഗതി തീർത്തും ശരിയാണ്. കാരണമെന്തെന്നാൽ, നബി(സ) തിരുമേനിയുടെ മറ്റു ഗുണങ്ങളെ പിന്തുണയ്ക്കുന്ന വേറെയും മലക്കുകൾ ഉണ്ടായിരുന്നു. അപ്പോൾ മലക്കുകൾ വിവിധ ഗുണങ്ങളുടെ പ്രതീകങ്ങളാണെന്നു തെളിഞ്ഞു. ‘അജ്നിഹ’ എന്നതുകൊണ്ടർഥമാക്കുന്നതു ചിറകുകളല്ല, അവരിൽ കാണപ്പെടുന്ന ഗുണങ്ങളാണ്.

മലക്കുകളെപ്പറ്റി അവർ എങ്ങനെയുള്ള സൃഷ്ടികളാണെന്നു നമുക്കു നിഗമനം ചെയ്യാൻ സാധിക്കുന്ന സംഗതികളാണിവ.

ഈ വിവരണത്തിൽനിന്നും ചിലർക്ക് ‘‘മലക്ക്’’എന്ന പദത്തിനൊപ്പം അവരുടെ ചില ഗുണങ്ങളും അറിയാൻ സാധിച്ചിരിക്കുമല്ലോ.

വിവർത്തനം: ആരിഫ് മുഹമ്മദ്, കോഴക്കോട്


## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദർ മലയാളം ആഴ്ചപതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**‘ബയ്ത്തുൽ ഇസ്റ’ വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**


## ഇത്രമാത്രം നന്മ ചെയ്യുന്ന ഒരു ഗ്രന്ഥം അമ്മപെറ്റ ഒരു കുട്ടിക്കും സമർപ്പിക്കാൻ കഴിയില്ല



**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തിൽമസീഹ് മൂന്നാമൻ മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്) പറയുന്നു:**

ഈ ഗ്രന്ഥം നന്മകൾകൊണ്ട് നിറഞ്ഞു കിടക്കുന്നു. വിശുദ്ധ ഖുർആൻ നന്മ ചെയ്യാത്തതായ ലോകത്തിലെ ഏതു മനുഷ്യനാണുള്ളത്? മുസ്‌ലിമീങ്ങൾ വിശുദ്ധ ഖുർആനനുസരിച്ച് പൂർണമായും പ്രവർത്തിക്കുകയാണെങ്കിൽ ലോകത്തിലെ എല്ലാ മനുഷ്യരേയും അതിന്റെ നന്മയുടെ ചങ്ങലകളിൽ മുറുക്കിക്കെട്ടാൻ കഴിയുന്നതാണ്. നമ്മുടെ അലസതയാണ്. നന്മയുടെ വഴികൾ നിലവിലുണ്ട്. നന്മയുടെഉറവിടം നിലവിലുണ്ട്. നന്മയുടെ അധ്യാപനവും മാർഗനിർദേശവും നിലവിലുണ്ട്. മനുഷ്യപ്രകൃതിയിൽ നന്മയുടെ വഴിയിൽ നടക്കാനുള്ള ശക്തിയും കഴിവും നിലവിലുണ്ട്. നമ്മൾ അലസത കാണിക്കുന്നു. എത്ര മാത്രം അലസത കാണിക്കുന്നുവെന്നാൽ ലോകത്തെ അതിന്റെ നന്മകളിൽനിന്ന് മാറ്റിക്കളയുന്നു. അതിനാൽ വിശുദ്ധ ഖുർആന്റെ അധ്യാപനത്തിന്റെ ബന്ധത്തെ സംബന്ധിച്ചിടത്തോളം അത് മനുഷ്യകുലത്തിനുമേൽ എത്രത്തോളം നന്മ ചെയ്യുന്നുവെന്നാൽ, ലോകത്ത് ഇത്രമാത്രം നന്മ ചെയ്യുന്ന ഗ്രന്ഥം അമ്മപെറ്റ ഒരു കുട്ടിക്കും സമർപിക്കാൻ കഴിയില്ല.(ഖുത്ബാത്തെ നാസിർ, വാല്യം 2, പേജ് 555)

## ആത്മീയ ലോകത്തെ സൈന്റിഫിക് ഗ്രന്ഥം- അത്ഭുതകരമായ അറിവിന്റേയും ബുദ്ധിയുടേയും ഗ്രന്ഥം



**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തിൽമസീഹ് നാലാമൻ മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്)** പറയുന്നു:

വിശുദ്ധ ഖുർആൻ അത്ഭുതകരമായ അറിവിന്റേയും ബുദ്ധിയുടേയും എങ്ങനെയുള്ള ഗ്രന്ഥമാണെന്നാൽ അത് മാനുഷികമായ പ്രകൃതിയുടെ തെറ്റുകൾ തിരുത്തുന്നതിനോടൊപ്പം അതിൽനിന്നെടുത്തിട്ടുള്ള ഫലങ്ങളും ശരിയാക്കുന്നു. അതുകഴിഞ്ഞ് അതിന്റെ ശരിയായ വഴി കാട്ടുകയും ചെയ്യുന്നു. നന്മകൾ കരുത്തുള്ളതാണെന്നും തിന്മകൾ ദുർബലമാണെന്നും അല്ലാഹു പറയുന്നു. ഏതൊരു ശക്തികളിലാണോ നിങ്ങൾ തിന്മകൾ കാണുന്നത് വാസ്തവത്തിൽ അവയിലാദ്യം വിശേഷഗുണങ്ങളും നന്മകളും അപ്രത്യക്ഷമാകാൻ തുടങ്ങുന്നു........ആത്മീയലോകത്തെ ഈ സയന്റിഫിക് ഗ്രന്ഥം അത്ഭുതകരമായ നിലയിൽ സാങ്കേതിക പദങ്ങൾ ഉപയോഗിക്കുകയും മാനുഷികബുദ്ധിക്ക് എത്തിപ്പെടാൻ പറ്റാത്ത തരത്തിലുള്ള വിഷയങ്ങളിൽ വെളിച്ചം വീശുകയും ചെയ്യുന്നു. ഖുർആനിക വീക്ഷണത്തിന്റെ അറിവു ലഭിച്ചതിനുശേഷം നിങ്ങൾ ആലോചിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ ഖുർആനിക വിവരണങ്ങൾ അത്ഭുതകരമായ നിലയിൽ സത്യമായി കാണുന്നതായിരിക്കും. നന്മ ഒരു പോസിറ്റീവായ വശമാണെന്നും നന്മയുടെ അസാന്നിദ്ധ്യത്തിന്റെ പേരാണ് തിന്മയെന്നതുമാണ് അടിസ്ഥാനപരമായ കാര്യം. (ഖുത്ബാത്തെ ത്വാഹിർ വാല്യം 2, പേജ് 404)

## ഈ അധ്യാപനംതന്നെയാണ് ലോകത്തിന്റെ പരഷ്കരണത്തിന്,ലോകത്ത് നന്മ നടപ്പിൽ വരുത്തുന്നതിന് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന്,ലോകത്ത് ആരാധ്യരെ സൃഷ്ടിക്കുന്നതിന്,ലോകത്തിലെ എല്ലാ വിഭാഗങ്ങളുടെയും അവകാശങ്ങൾ സ്ഥാപിക്കുന്നതിന് ജാമ്യമായിട്ടുള്ളത്



സയ്യിദുനാ ഹദ്റത്ത് ഖലീഫത്തിൽമസീഹ് അഞ്ചാമൻ മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) പറയുന്നു:

നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. അതിനെക്കുറിച്ച് ഈ ഗ്രന്ഥം പരിശുദ്ധമാണെന്നും സാധ്യമുള്ള എല്ലാത്തരം പോരായ്മകളിൽനിന്നും പരിശുദ്ധമാണെന്നും പരിശുദ്ധമാണെന്ന് മാത്രമല്ല പ്രത്യുത എല്ലാത്തരത്തിലുള്ള മനോഹരവും സുന്ദരവുമായ അധ്യാപനം അതിലുണ്ടെന്നും അതിനെ നേരിടാൻ ആർക്കും സാധ്യമല്ലെന്നും അല്ലാഹു സാക്ഷ്യപ്പെടുത്തുന്നു. മുമ്പേയുള്ള ഏടുകളിലെ കുറവുകളെല്ലാം നികത്തിക്കൊണ്ട് സകല സവിശേഷ ഗുണങ്ങളും ഇതിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈയൊരു അധ്യാപനമാണ് എല്ലാത്തരം കുറവുകളിൽനിന്നും പരിശുദ്ധമായിട്ടുള്ളത്. എന്നല്ല ഈ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് എല്ലാ തിന്മകളിൽനിന്നും രക്ഷിക്കാൻ കഴിയും. രക്ഷിക്കാൻ കഴിയുമെന്ന് മാത്രമല്ല പ്രത്യുത ഈ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്തും ഈ അധ്യാപനം നടപ്പിൽവരുത്തിയുംകൊണ്ടുതന്നെയാണ് നമ്മുടേയും ദുൻയാവിന്റേയും പരിഷ്കരണം സാധ്യമാകുന്നത്. അതായത് നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയ ഈ അധ്യാപനം തന്നെയാണ് ലോകത്തിന്റെ പരിഷ്കരണത്തിന്, ലോകത്ത് നന്മ നടപ്പിൽ വരുത്തുന്നതിന്, ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന്, ലോകത്ത് ആരാധ്യരെ സൃഷ്ടിക്കുന്നതിന്, ലോകത്തിലെ എല്ലാ വിഭാഗങ്ങളുടേയും അവകാശങ്ങൾ സ്ഥാപിക്കുന്നതിന് ജാമ്യമായിട്ടുള്ളത്.(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 127)

**EDITOR**
**H.Shamsuddin**
Mobile: 919946021252
**Sub Editor**
**Mohammed Ismail**
Mobile:919446656123
Email: badarmalayalam@gmail.com

Registered with the registrar of the newspapers for India at No. RN 61/57
ہفت روزہ بدر قادیان
**Weekly BADAR Qadian**
**Qadian - 143516** Distt. Gurdaspur (Pb.) INDIA
**Vol. 72 Thursday 21 - 28 - December - 2023 Issue. 51 - 52**

**MANAGER**
**SHAIKH MUJAHID AHMAD**
Mobile : +91 99153 79255
e -mail:managerbadrqnd@gmail.com
**SUBSCRIPTION**
**ANNUAL:** Rs.850/-
By Air : 50 Pounds or
: 80 U.S $ or
: 60 Euro

## വിശുദ്ധ ഖുർആന്റെ 10 ഉദ്ദേശ്യങ്ങൾ

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗ ഊദ്(അ)ന്റെ ഉപദേശങ്ങൾ

വിശുദ്ധഖുർആനിന്റെ ഉദ്ദേശ്യങ്ങളിലൊന്ന് അല്ലാഹുവിന്റെ സ്തുത്യർഹമായ ഗുണങ്ങളെല്ലാം അത് വിവരിക്കുന്നുവെന്നതാണ്. അവന്റെ സത്തയ്ക്കുള്ള സമ്പൂർണമായ ശ്രേഷ്ഠത വ്യക്തമായി വിവരിക്കുന്നു. ഈ ആശയം അൽഹംദുലില്ലാഹിൽ(സകല സ്തുതിയും)സംഗ്രഹമായി വന്നിരിക്കുന്നു. കാരണം സർവസ്തുതിയും അല്ലാഹുവിനുവേണ്ടി സ്ഥാപിതമാണെന്നാണ് അതിന്റെ അർഥം. അവൻ സകലശ്രേഷ്ഠതകളുടേയും സമ്മേളനകേന്ദ്രവും സർവ ആരാധനയ്ക്കും അർഹനുമാണെന്നാണ്.

വിശുദ്ധ ഖുർആനിന്റെ **രണ്ടാമത്തെ ഉദ്ദേശ്യം** അത് അല്ലാഹു സമ്പൂർണനായ നിർമാതാവാണെന്നതും സകലലോകത്തിന്റേയും സ്രഷ്ടാവാണെന്നതും പ്രകടമാക്കുന്നു എന്നതാണ്. പ്രപഞ്ചത്തിന്റെ ആരംഭാവസ്ഥ വിവരിക്കുകയും ലോകത്തിന്റെ വലയത്തിനുള്ളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടുള്ളതിനെ സൃഷ്ടികളാക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യങ്ങൾ എതിർക്കുന്നവരുടെ കളവ് അത് സ്ഥാപിക്കുന്നു. ഈ ഉദ്ദേശ്യം റബ്ബുൽ ആലമീൻ എന്നതിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **മൂന്നാമത്തെ ഉദ്ദേശ്യം** അല്ലാഹുവിന്റെ കൃപാദാനം, അവകാശം തേടലൊന്നും കൂടാതെ സ്ഥാപിക്കുകയും അവന്റെ പൊതുവായ കാരുണ്യം വിവരിക്കുകയും ചെയ്യുക എന്നതാണ്. ഈ ഉദ്ദേശ്യം റഹ്മാൻ എന്ന പദത്തിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **നാലാമത്തെ ഉദ്ദേശ്യം** അധ്വാനവും പരിശ്രമവുംകൊണ്ട് ക്രമീകരിക്കപ്പെടുന്ന അല്ലാഹുവിന്റെ കൃപാദാനം സ്ഥാപിക്കുക എന്നതാണ്. ഈ ഉദ്ദേശ്യം റഹീം എന്ന പദത്തിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **അഞ്ചാമത്തെ ഉദ്ദേശ്യം** പരലോകത്തിന്റെ യാഥാർഥ്യം വിവരിക്കുകയെന്നതാണ്. ഈ ഉദ്ദേശ്യം മാലിക്കിയൗമിദ്ദീൻ എന്ന പദത്തിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **ആറാമത്തെ ഉദ്ദേശ്യം** ആത്മാർഥതയും ആരാധനയും അന്യദൈവങ്ങളിൽനിന്നുള്ള ആത്മസംസ്കരണവും ആത്മീയമായ രോഗങ്ങളുടെ ചികിത്സയും ദുഃസ്വഭാവങ്ങളിൽനിന്നുള്ള പരിഷ്കരണവും ആരാധനയിലുള്ള ഏകദൈവവിശ്വാസവും വിവരിക്കുക എന്നതാണ്. ഈ ഉദ്ദേശ്യംഇയ്യാക്ക നഅ്ബുദു എന്ന പദത്തിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **ഏഴാമത്തെ ഉദ്ദേശ്യം** എല്ലാ ഓരോ ജോലിയുടേയും കർത്താവായി അല്ലാഹുവിനെ നിശ്ചയിക്കുക എന്നതാണ്. എല്ലാ ദൈവകൃപയും കാരുണ്യവും സഹായവും അനുസരണത്തിൽ ഉറച്ചു നിൽക്കലും ധിക്കാരത്തിൽനിന്നുള്ള സുരക്ഷയും നന്മയ്ക്കു കാരണമാകുന്നതെല്ലാം കരസ്ഥമാക്കുകയും ദുൻയാവിന്റേയും ദീനിന്റേയും കഴിവ് അവനിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കുകയും ഈ എല്ലാകാര്യങ്ങളിലും അവനിൽനിന്ന് സഹായം തേടലുമാണ്. ഈ ഉദ്ദേശ്യം ഇയ്യാക്ക നസ്തയീൻ എന്ന പദത്തിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **എട്ടാമത്തെ ഉദ്ദേശ്യം** സ്വിറാത്വെ മുസ്തഖീമിന്റെ സൂക്ഷ്മമായ വശങ്ങൾ വിവരിക്കുക എന്നതാകുന്നു. പിന്നീട് അതിന്റെ തേട്ടത്തിന് ഊന്നിപ്പറയുക. അതായത് ദുആയോടും വിനയത്തോടും അതു തേടുക. ഈ ഉദ്ദേശ്യം ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം എന്നതിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **ഒമ്പതാമത്തെ ഉദ്ദേശ്യം** സത്യന്വേഷികളുടെ മനസ്സ് ഒറ്റക്കെട്ടായിരിക്കുന്നതിന് അല്ലാഹുവിന്റെ അനുഗ്രഹവും കൃപയുമുണ്ടായവരുടെ ഉൽകൃഷ്ടസ്വഭാവവും മാർഗവും വിവരിക്കുക എന്നതാണ്. ഈ ഉദ്ദേശ്യം സ്വിറാത്വല്ലദീന അൻഅംത അലയ്ഹിം എന്നതിൽ സംഗ്രഹമായി വന്നിരിക്കുന്നു.

വിശുദ്ധ ഖുർആനിന്റെ **പത്താമത്തെ ഉദ്ദേശ്യം** സത്യന്വേഷികൾ ഭയപ്പെടുന്നതിന് അല്ലാഹുവിന്റെ കോപമുണ്ടായവരുടെ സ്വഭാവവും രീതിയും വിവരിക്കുകയെന്നതാണ്. അല്ലെങ്കിൽ വഴിതെറ്റിപ്പോയി ബിദ്അത്ത് അഥവാ അനാചാരങ്ങളിൽ പതിച്ചവരെക്കുറിച്ച് വിവരിക്കുക. ഈ ഉദ്ദേശ്യം ഗയ്രിൽമഗ്ളൂബി അലയ്ഹിം വലള്ളാല്ലീൻ എന്നതിൽ സംഗ്രഹമായി വന്നിരിക്കുന്നു. ഇതാണ് വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിട്ടുള്ള പത്ത് ഉദ്ദേശ്യങ്ങൾ. അത് എല്ലാ സത്യസാക്ഷ്യങ്ങളുടേയും അടിസ്ഥാനപരമായ തത്ത്വമാണ്. ഈ എല്ലാ ഉദ്ദേശ്യങ്ങളും ഫാതിഹ എന്ന അധ്യായത്തിൽ സംഗ്രഹമായി വന്നിരിക്കുന്നു. (ബറാഹീനെ അഹ്മദിയ്യ, ഭാഗം 4, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 581, അടിക്കുറിപ്പ് നമ്പർ 11)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. IndiaEditor:Mansoor Ahmad